ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

തരൂർ ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന രേഖ
1996



തരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
Pin-678547

109-6

"ഒന്നാം പദ്ധതി ജനകീയ പദ്ധതി"

തരൂർ ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

1996

കേരളം
പാലക്കാട്

പാലക്കാട് ജില്ല

ആലത്തൂർ താലൂക്ക്

വികസന റിപ്പോർട്ടിന്റെ പിന്നിൽ

1 വി. സി. ചന്ദ്രൻ (D R P കൺവീനർ)
2 പി. രാമചന്ദ്രൻ DRP
3 സി. മോഹനൻ മാസ്റ്റർ (DRP)
4 എം. ദാമോദരൻ (DRP)
5 കെ. കെ. കൃഷ്ണൻ (DRP)
6 വി. ഗോപാലൻ മാസ്റ്റർ (DRP)
7 ടി. ബി. ഹംസ (DRP)
8 സി. എസ്. വിജയലക്ഷ്മി (DRP)
9 പി. വി. ശിവരാമകൃഷ്ണൻ HM., S M M H S
10 എം. കെ. ഇന്ദിരടീച്ചർ
11 ബി. ടി. ജാദവേദൻ നമ്പൂതിരി
12 ജയൻ സ്റ്റാറിറിറിക്സ്
13 വെങ്കിടേശ്വരൻ പി. കെ.
14 ഇ. മുഹമ്മദാലിമാസ്റ്റർ
15 ടി. കെ. രാമചന്ദ്രൻമാസ്റ്റർ
16 ഭീമൻഗുരുജി
17 മുണ്ടൂരു് പത്മനാഭൻനായർ
18 എ. വി. രാജഗോപാലൻ
19 അരവിന്ദാക്ഷൻ–പഞ്ചായത്ത് സെക്രട്ടറി
20 സഹദേവൻ എ.
21 ഇരുമ്പാലപ്പറമ്പ് കൃഷ്ണൻ
22 അച്ചുതൻകുട്ടി വില്ലേജ് ആഫീസർ തരൂർ I
23 കെ. രാജൻ പഴമ്പാലക്കോട് (APCOS)
24 സുധീർ എം.
25 സത്യജ്യോതി പി.

★ ഉള്ളടക്കം ★

*	ആമുഖം	
*	ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം	1--6
*	കൃഷി–ജലസേചനം	7—31
*	വിഭവസമാഹരണം	33—42
*	വിദ്യാഭ്യാസം	43—51
*	വ്യവസായം	52—58
*	ഭവനനിർമ്മാണം	59—61
*	സാമൂഹ്യക്ഷേമം	62—65
*	ഗതാഗതം	66—72
*	സംസ്കാരം	73—80
*	വനിതാക്ഷേമം	81—86
*	പട്ടികജാതി–പട്ടികവർഗ്ഗം	87—91
*	മാർക്കറ്റ് പൊതുവിതരണം	92—95
*	മൃഗസംരക്ഷണം–മത്സ്യബന്ധനം	96—105
*	ഊർജ്ജപ്രശ്നങ്ങൾ	106—112
*	സഹകരണം	113—123
*	കുടിവെള്ളവും പൊതുജനാരോഗ്യവും	124—132

ഭരണസമിതി അംഗങ്ങൾ

അനിത എസ്.
പ്രസിഡൻറ്

T.K. രാമകൃഷ്ണൻ
വൈ. പ്രസിഡൻറ്

Dr. രങ്കനാഥമേനോൻ
ചെയർമാൻ
സ്റ്റാൻറിംഗ് കമ്മിറ്റി



ശങ്കരൻകുട്ടി K. N.
വാർഡ് മെമ്പർ I

സരസ്വതി ടീച്ചർ
വാർഡ് മെമ്പർ II



പി. ചന്ദ്രൻ
വാർഡ് മെമ്പർ III

E. R. കമലം
വാർസ് മെമ്പർ VI

T. V. ജമീല
വാർഡ് മെമ്പർ VIII



R. N. വിജയകുമാർ
വാർഡ് മെമ്പർ IX



കെ. കബീർ
വാർഡ് മെമ്പർ X

പൊതു വിവരണം

1	പഞ്ചായത്തിന്റെ പേര്	—	തരൂർ ഗ്രാമ പഞ്ചായത്ത്
2	ഉൾപ്പെട്ടന്ന വില്ലേജുകൾ	—	തരൂർ 1, തരൂർ 2
3	ബ്ലോക്ക് പഞ്ചായത്ത്	—	ആലത്തൂർ
4	താലൂക്ക്	—	ആലത്തൂർ
5	അസംബ്ലി മണ്ഡലം	—	കഴൽമന്ദം-52
6	പാർലിമെൻറ് നിയോജകമണ്ഡലം	—	ഒറപ്പാലം
7	വിസ്തീർണ്ണം	—	3426.5 ഹെക്ടർ 34.27 ച. കി. മീ.
8	ജനസംഖ്യ	—	23106
	a) പുരുഷന്മാർ	—	11126
	b) സ്ത്രീകൾ	—	11980
9	ജനസാന്ദ്രത	—	674 . 23
10	അക്ഷരാഭ്യാസമുള്ളവർ	—	15456
11	ആകെ വാർഡുകൾ	—	10
12	നാലതിരുകൾ		
	വടക്ക്	—	പെരുങ്ങോട്ടുകുശ്ശി, കുത്തനൂർ, തിരുവിലാമല പഞ്ചായത്തുകൾ
	കിഴക്ക്	—	കാവശ്ശേരി. എരിമയൂർ, പഞ്ചായത്തുകൾ
	തെക്കു്	—	ഗായത്രിപുഴയും കാവശ്ശേരി പഞ്ചായത്തും
	പടിഞ്ഞാറ്	—	ഗായത്രിപുഴ
13	പ്രസിഡണ്ടിന്റെ പേര്	—	എസ്. അനിത
14	വൈസ്പ്രസിഡണ്ടിന്റെ പേര്	—	T. K. രാമകൃഷ്ണൻ
15	സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാന്റെപേരു്	—	Dr. രങ്കനാഥമേനോൻ

ഞങ്ങളുടെ ജനപ്രതിനിധികൾ

ബ്ലോക്ക് പഞ്ചായത്ത്	—	ശ്രീ. വി. ഗോപാലകൃഷ്ണൻ
ജില്ലാ പഞ്ചായത്ത്	—	ശ്രീ. കെ. അപ്പുണ്ണി
അസംബ്ലി	—	ശ്രീ. എം. നാരായണൻ
പാർലിമെൻറ്	—	ശ്രീ. എസ്. അജയകുമാർ

ആമുഖം

കേരളത്തിന്റെ ഒമ്പതാം പദ്ധതി ആസൂത്രണം പതിവിനു വിപരീതമായി ജനങ്ങളെ എല്ലാ അർത്ഥത്തിലും ഉൾപ്പെടുത്തിക്കൊണ്ട് നടത്താനും നടപ്പിലാക്കാനും നമ്മുടെ സർക്കാർ തീരുമാനിച്ചിരിക്കുകയാണല്ലോ. ലോകത്തിനു് ആകെ മാതൃകയായിത്തീരാൻ പോകുന്ന ഈ പ്രവർത്തനം ഇന്ത്യക്ക് പൊതുവേയും കേരളത്തിനു് പ്രത്യേകിച്ചും അഭിമാനിക്കത്തക്കതാണു്. ഇതിനകം ഇതുമായി ബന്ധപ്പെട്ടു് നടന്ന പ്രവർത്തനങ്ങളിൽ ഉണ്ടായ വർദ്ധിച്ച ജനപങ്കാളിത്തവും ജനതാൽപര്യവും ഈ പദ്ധതിയുടെ ജനകീയ സ്വഭാവവും പ്രതിബദ്ധതയും വിളിച്ചോതുന്നുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് രൂപ കൽപ്പന ചെയ്ത ഈ ജനകീയ പദ്ധതി ഇന്ത്യയുടെ നാലതിരുകൾക്കുമപ്പുറത്തും സംസാര വിഷയമാകുന്ന എന്നതും ഇതര ലോക രാഷ്ട്രങ്ങൾ സൂക്ഷ്മതയോടും ശ്രദ്ധയോടും വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നതും നമുക്കുൾപ്പുളകമുണ്ടാക്കുന്നുണ്ട്.

സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ബോർഡും ജനകീയാസൂത്രണ പ്രസ്ഥാനവും പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖയും നേതൃത്വവും നൽകുന്നു. താഴോട്ടുള്ള ഘടകങ്ങൾ, പ്രവർത്തനങ്ങൾ ആഴത്തിലും പഠിപ്പിലും നടക്കുന്നുണ്ടോ എന്നറിയുവാനും ഉറപ്പുവരുത്താനും സദാ ജാഗ്രതയോടെ വർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 8 ജില്ലാതല പരിശീലകരും 40 പ്രാദേശികതല പരിശീലകരും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഒന്നാംഘട്ട പ്രാദേശികതല പരിശീലനം 19-9-96നു് നടന്നു. പങ്കാളിത്തം 70 പേരായിരുന്നു. 7 ഉദ്യോഗസ്ഥർ ഇതിൽ ഉൾപ്പെട്ടു.

21-9-96 മുതൽ 6-10-96 വരെയുള്ള ഒഴിവുദിവസങ്ങളിലായി 10 ഗ്രാമസഭകളും നടന്നു. മൊത്തം ഗ്രാമസഭകളിൽ 171 സ്ത്രീകളും 1052പുരുഷൻമാരും 13 ഉദ്യോഗസ്ഥരും അടക്കം ആകെ 1236 പേർ പങ്കാളികളായി. ഗ്രാമസഭകളിലെ പങ്കാളിത്തവും ഉയർന്നുവന്ന ചർച്ചകളും ജനതാൽപര്യം പ്രകടമാക്കുന്നതായിരുന്നു.

രണ്ടാംഘട്ട പ്രാദേശികതല പരിശീലനം 3-11-96നു് നടന്നു. പങ്കാളിത്തം ഉദ്യോഗസ്ഥരടക്കം 64 പേർ ആയിരുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തിയ "പ്രകൃതി പഠന പര്യടനം" നമ്മുടെ പഞ്ചായത്തിൽ നടന്നു. വികസന സെമിനാറിന്റെ നടത്തിപ്പിനു് സ്വാഗതസംഘം രൂപീകരിച്ചു് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പ്രാരംഭത്തിൽ അൽപ്പം ആശങ്കയുണ്ടായിരുന്നുവെങ്കിലും പ്രവർത്തനവുമായി മുന്നോട്ടുപോയപ്പോൾ എല്ലാവരുടേയും സഹകരണവും കൂട്ടായ്മയും ലഭ്യമായിട്ടുണ്ട്. ഇതു് ആത്മവിശ്വാസം പകരുന്നു.

നമ്മുടെ വികസനരേഖ നിങ്ങളുടെ കൈകളിലെത്തുന്നതിനു് നിരവധി പേരുടെ സേവനവും സഹകരണവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പരിമിതികളും പോരായ്മകളും സ്വാഭാവികം മാത്രമാണു്. എങ്കിലും നിങ്ങളുടെ വിലയിരുത്തലിനും വിലയേറിയ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനും വേണ്ടി സവിനയം സമർപ്പിക്കുന്നു.

തരൂർ
5-12-96

സ്നേഹത്തോടെ
പ്രസിഡണ്ട്

ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം

2

ഏതു പ്രദേശത്തിനും അതിന്റേതായ സാമൂഹ്യ സാംസ്കാരിക ചരിത്രത്തനിമ കാണും. തരൂരംശത്തിനും അതിന്റേതായ ചരിത്രപശ്ചാത്തലം കാണുമല്ലോ. 'ഇന്നിന്റെ' രൂപഘടനയിൽ അവക്കുള്ള പങ്ക് വളരെ വിലപ്പെട്ടതാണുതാനും. കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോയ ഈ സാംസ്കാരിക ചരിത്രത്തനിമയെ വിലയിരുത്തി സമ്പന്നമായ 'നാളെ'യെ പടുത്തുയർത്തുവാൻ സാദ്ധ്യമായ പ്രചോദനം ഉൾക്കൊള്ളുവാനായെങ്കിൽ എന്ന പ്രത്യാശയോടെ ദേശം അംശമായും, അംശം പഞ്ചായത്തായും പഞ്ചായത്ത് പിന്നീട് ഗ്രാമപഞ്ചായത്തായും മാറിയ ചരിത്ര പശ്ചാത്തലം പരിശോധിക്കാം.

കേരളത്തിന്റെ ചരിത്ര ഗതിവിഗതികളെ സ്വാധീനിച്ച 'നെടുംപുറയൂർ' എന്ന 'തരുവൈ', മധുരയിൽനിന്നും പത്താം നൂറ്റാണ്ടോടെ വന്നവരാണ് 'തരുവൈ' എന്ന നെടുംപുറയൂർ നാട്ടുടയവർ. ഇവർ പെരുമാക്കൻമാരുടെ സേനാധിപന്മാരായിരുന്നുവെന്നും പിന്നീട് പാലക്കാട് ചുരത്തിന്റെ ഇടയിലുള്ള ഭൂവിഭാഗം കയ്യടക്കി അതിന്റെ അധിപരായി വാണു എന്നുമാണ് ചരിത്രം. മേൽ പ്രസ്താവിച്ച 'തരുവൈ' ഇന്നത്തെ 'തരൂർ' ആയി മാറിയെന്നുമാണ് ചരിത്രത്തിന്റെ രേഖപ്പെടുത്തൽ.

1930കളിൽ തരൂർ സന്ദർശിക്കുവാനിടയായ മഹാകവി വള്ളത്തോൾ നാരായണ മേനോൻ തരൂരിനെ തരുക്കളുടെ ഊരായും തരുന്നവരുടെ ഊരായും വ്യാഖ്യാനിച്ചത് തരൂർ എന്ന നാമകരണത്തിന് യുക്തി പകർന്നിട്ടുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്തിന്റെ ഘട്ടങ്ങളിൽ അന്നത്തെ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ല. ഈ മലബാർ ജില്ലയിലെ ഒരു ഭാഗമായിരുന്ന ഇന്നത്തെ പാലക്കാട് ജില്ല. ഭരണസൗകര്യത്തിനുവേണ്ടി താലൂക്കുകളെ ഫർക്കകളായും അവയെ അംശങ്ങളായും വിഭജിച്ചു. അംശമായിരുന്ന ഏറ്റവും ചെറിയ ഭരണമേഖല. രണ്ടോ അതിൽ കൂടുതലോ ആയ ചെറിയ ദേശങ്ങളെ കൂട്ടിയിണക്കിയതാണ് അംശം. ഒരു അധികാരിയുടെ ഭരണത്തിൻ കീഴിൽ അവ ഭരിക്കപ്പെട്ടു. അങ്ങിനെയാണ് അത്തിപ്പൊറ്റ, തരൂർ ദേശങ്ങളും ചേർന്ന് 'തരൂർ' അംശമായി മാറിയത്. അംശത്തിന്റെ ഭരണച്ചുമതല അധികാരിയിൽ നിക്ഷിപ്തമായിരുന്നു. അധികാരിയുടെ കീഴിൽ 'മേനവ'നും രണ്ടു കോൽക്കാരും നിയമിക്കപ്പെട്ടിരുന്നു. സവർണ്ണർക്കിടയിലെ സമ്പന്നകുടുംബങ്ങളിലെ പ്രതാപികളും, ജനങ്ങളിൽ സ്വാധീനം അടിച്ചേൽപ്പിക്കുവാൻ പ്രാപ്തരായവരെയുമാണ് കലക്ടർ അംശം അധികാരിയായി തിരഞ്ഞെടുക്കുക. അധികാരം സ്ഥാപിച്ചു കിട്ടിയ കുടുംബങ്ങളിൽ ആ സ്ഥാനം കുടുംബപാരമ്പര്യമായി തുടർന്നു വരിയയും ചെയ്തു. 'തിരുവായ്ക്കെതിർവായ്' ഉണ്ടാവരുതെന്ന തത്വം നിർബന്ധബുദ്ധ്യാപാലിക്കപ്പെട്ടിരുന്നു. അന്നു് കൈക്കൂലിയെന്നൊന്നു് ഇല്ലായിരുന്നു. എന്നാൽ അധികാരികൾക്ക് 'തിരുമുൽകാഴ്ച' എന്ന സമ്പ്രദായം നിലനിന്നിരുന്നു. എല്ലാ അധികാരികളും അങ്ങിനെയായിരുന്നുവെന്നു് അർത്ഥമില്ല.

തരൂരംശത്തിന്റെ നാലതിരുകൾ:-

കിഴക്കും തെക്കും തോണിപ്പാടവും, ഗ്രായത്രിപുഴയും, പടിഞ്ഞാറു് അയൽ ദേശമായ പഴമ്പാലക്കോട്ടും, വടക്ക് ചൂലനൂർ, തോലനൂർ ദേശവുമാണ്. അന്നത്തെ കണക്കനുസരിച്ചു് സുമാർ മുപ്പതിനായിരം ചതുരശ്ര ഏക്കറെയാണ് തരൂരംശത്തിന്റെ വിസ്തീർണ്ണം. മഴയെമാത്രം ആശ്രയിച്ചു് ചെയ്തുവന്നിരുന്ന നെൽകൃഷിയാണ് അംശത്തിന്റെ സമ്പത്ത്.

ബ്രിട്ടീഷുകാർക്കു് മുൻപു് പാലക്കാടു് രാജവംശത്തിന്റെ ആസ്ഥാനം കൂടിയായിരുന്ന തരൂർദേശം. കാലക്രമേണ രാജവംശം മാലിഖാൻ പറയുന്ന ജന്മികുടുംബമായി മാറി. ചുരുക്കം ചില ജന്മികളുണ്ടായിരുന്ന അക്കാലത്തു് ഭൂരിഭാഗമകളായ 'കവളപ്പാറയും' 'പൂമുള്ളിമനയും' ആയിരുന്ന വലിയ ജന്മി കുടുംബങ്ങളും. തരൂരംശത്തിലെ ഏറിയഭാഗം കർഷകരും ഇവരുടെ പാട്ടക്കുടിയാൻമാരായിരുന്നു. പാട്ടം അളക്കുന്ന മാസങ്ങളിൽ കർഷകർക്കു് ഭീതിയുടെ നാളുകളായിരുന്നു. നിശ്ചിത പാട്ടം ജന്മിക്കു് അളക്കുവാൻ കഴിയാതെ പാട്ടബാക്കിയുടെ പേരിൽ കുടിയാൻമാരിൽനിന്നും ഭൂമി ഒഴിപ്പിക്കൽ നടപടി സർവ്വസാധാരണമായിരുന്നു. സ്വന്തം കുടികിടപ്പുപോലും ഇതുമൂലം നഷ്ടപ്പെട്ട പാട്ടക്കുടിയാൻമാർ നിരവധിയാണ്. ഇത്തരം ദുരിതങ്ങളും പേറിയായിരുന്ന കർഷകരുടെ ആശ്രിതരായിരുന്ന കർഷകത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും. ആ പാവങ്ങളുടെ ദുരിത ജീവിതം ദയനീയമായിരുന്നു. 'പാട്ടപ്പുറ'യെ ഭയന്നിരുന്ന പാട്ടക്കുടിയാൻമാരും 'വല്ല്യ ഇടങ്ങഴി'യെ ഭയന്നിരുന്ന കർഷകതൊഴിലാളികളും അനുഭവിച്ചിരുന്ന കണ്ണുനീർ തോർന്നു കാണാത്ത കദനകഥ ഇന്നത്തെ പുത്തൻ തലമുറക്കു് മുത്തി പറഞ്ഞകഥയാണ്.

ഒരു ഭാഗത്തു് ജൻമിത്തവും നാടുവാഴിത്തവും, ഇതിന്റെ പീഡനങ്ങളും മർദ്ദനങ്ങളുമേറ്റു വാങ്ങുന്ന കർഷകനും, കർഷകതൊഴിലാളികളും മറുഭാഗത്തു് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും മുഭാഗത്തും അണിനിരന്നത് ഒരു വർഗ്ഗ സമരത്തിന്റെ തുടക്കമായിരുന്നു. ഇതേ കാലഘട്ടത്തിൽതന്നെ അയിത്തം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങളും തരൂരംശത്തിൽ ശക്തമായി നിലനിന്നിരുന്നു.

അധഃസ്ഥിത വർഗ്ഗത്തിന്റെ ഉയിർത്തെണീപ്പിനായി സംഘടിത കർഷകപ്രസ്ഥാനം വളർന്നുവന്നത് ഇക്കാലത്താണ്. സർവ്വശ്രീ. തങ്കപ്പൻ ചെട്ടിയാർ, ടി. പി. ഗോവിന്ദമേനോൻ, എബ്രഹാം മാസ്റ്റർ, തോണിപ്പാടം ചാമി, കെ. എൻ.ശങ്കരൻമാസ്റ്റർ കുട്ടികൃഷ്ണൻമാസ്റ്റർ, കെ. ആർ, വേലായുധൻ എന്നിവർ തരൂരംശത്തിലെ കർഷക മുന്നേറ്റത്തിന് പടയണികൂട്ടി.

പാലക്കാട് ജില്ലയിലാകെ കർഷകത്തൊഴിലാളികളുടേയും പീഡിത വർഗ്ഗത്തിന്റെയും കണ്ണിലുണ്ണിയായ സ: ആർ. കൃഷ്ണന്റെ സന്ദർശനവും നിർദ്ദേശങ്ങളും കർഷകപ്രസ്ഥാനം തരൂരിൽ വളർന്നുവരുന്നതിന് വളയെധികം സഹായകമായിട്ടുണ്ട്. 1952 ലെ ജൻമിത്വത്തിനെതിരെയുള്ള സമരം രേൽപറഞ്ഞവരുടെ നേതൃത്വത്തിൻ തരൂർ പ്രദേശത്തും അലയടിച്ചിരുന്നു. ഭൂമി ഒഴിപ്പിക്കലിനെതിരെയുള്ള സമരം, മര്യാദപാട്ടം നിശ്ചയിക്കുന്നതിനുള്ള സമരം, പാട്ടപ്പുറ, വലിയിടങ്ങഴി തുടങ്ങിയവ മാറ്റി അളവിലെ കൃത്രിമം ഒഴിവാക്കാനുള്ള സമരം എന്നിവയിലും തരൂരിന്റെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങളും നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഈ പ്രദേശത്തുകാരല്ലെങ്കിലും മേൽപറഞ്ഞ സമരങ്ങളിൽ നേതൃത്വം നൽകിയിരുന്നത് സർവ്വശ്രീ. ആർ. കൃഷ്ണനും, ടി. ദാമുവും ആയിരുന്നു.

ശ്രീ നാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും നേതൃത്വത്തിൽ അരങ്ങേറിയ സാമൂഹ്യ നവോത്ഥാന മുന്നേറ്റം, ക്ഷേത്രപ്രവേശന വിളംബരം, കർഷക പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെയും ആവീർഭാവം തുടങ്ങിയ മേൽപറഞ്ഞ സമരപോരാട്ടങ്ങളെ ശക്തിപ്പെടുത്തുവാൻ സഹായിച്ചു.

സമരചരിത്രം പറയുമ്പോഴും ആദ്യമായി ഓർമ്മ വരിക കേരളത്തിന്റെ കാരണവർ എന്നറിയപ്പെടുന്ന ശ്രീ. കെ. പി. കേശവമേനോനെയാണ്. പാലക്കാട്ട് രാജവംശത്തിലെ ഭീമനച്ഛന്റെയും തരൂർ കിഴക്കേകെളം മീനാക്ഷിനേത്യാരമ്മയുടെയും മകനായി ജനിച്ച അദ്ദേഹം ഇംഗ്ലണ്ടിൽ പോയി പഠിച്ച് ബാരിസ്റ്ററായി. തുടർന്ന് സ്വാതന്ത്ര്യ സമര സേനാനിയാവുകയും മാതൃഭൂമി ദിനപത്രത്തിന്റെ ജനയിതാവായി വർഷങ്ങളോളം സേവനമനുഷ്ഠിക്കുകയുംചെയ്തു. സംശുദ്ധ വ്യക്തിത്തത്തിന് ഉടമയായ മൺമറഞ്ഞ മഹാനായ ശ്രീ. കേശവമേനോൻ ഇന്നും ഭാരതത്തിന്റെ പ്രത്യേകിച്ചും ജൻമനാടായ തരൂരിന്റെ ജനഹൃദയങ്ങളിൽ ഒരു പ്രവാചകന്റെ വിശുദ്ധിയോടെ ജീവിക്കുന്നു. ഈ മഹാനുഭാവന്റെ ഓർമ്മക്കായി തരൂരിന്റെ ഹൃദയഭാഗത്ത് ഒരു ഓഡിറ്റോറിയം പണിതീർത്തത് അദ്ദേഹം ജീവിച്ചിരിക്കെത്തന്നെയെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ദേശീയ പ്രസ്ഥാനത്തിനു് ഇത്രയേറെ സംഭാവനകൾ ചെയ്ത മറ്റൊരു പഞ്ചായത്തും പാലക്കാട് ജില്ലയിലുണ്ടെന്നു് തോന്നുന്നില്ല. ഇന്ത്യൻ നേഷണൽ ആർമിയിൽ അംഗമായിരുന്ന ശ്രീ. കെ. പി. കേശവമേനോൻ കഠിനമായ ഇന്ത്യാ സമരത്തിൽ പങ്കെടുത്തു് 43 ഫിബ്രുവരി 16നു് അലിപ്പൂർ ജയിലിൽ വെച്ചു് വീരചരമം പ്രാപിച്ച ശ്രീ ടി. പി, കോമ്പുക്കുട്ടിമേനോൻ തുടങ്ങി ഒട്ടനവധി സ്വാതന്ത്ര്യസമര സേനാനികൾക്കും തരൂർ ജന്മം നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കോൺഗ്രസ് എന്ന മഹാപ്രസ്ഥാനം തരൂരിൽ ശക്തമായിരുന്നു. ശ്രീ. ഭീമൻ ഗുരുജിയുടേയും മറ്റും നേതൃത്തിൽ തരൂരംശത്തിൽ ദേശീയ പ്രസ്ഥാനം പടർന്നുപിടിച്ചു. 1946 ൽ ശ്രീ. T. K. ഉണ്ണാലച്ചൻ മാസ്റ്റർ അമരക്കാരനായിക്കൊണ്ട് കോമ്പുക്കുട്ടിമേനോന്റെ സ്മരണാർത്ഥം ആരംഭിച്ച ശ്രീ കോമ്പുക്കുട്ടിമേനോൻ സ്മാരക ഗ്രന്ഥാലയം തരൂരിലെ

കലാ സാംസ്കാരിക കേന്ദ്രമായി ഇന്നും നിലകൊള്ളുന്നു. തരൂരിന്റെ സാംസ്ക്കാരിക മുന്നേറ്റങ്ങളിൽ ഈ ഗ്രന്ഥാലയത്തിന്റെ പങ്ക് നിസ്തുലമാണ്.

ശ്രീ. ടി. കെ. ഉണ്ണാലച്ചൻമാസ്റ്ററുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് 1948ൽ ഗാന്ധി പ്രതിമ തരൂരിൽ സ്ഥാപിച്ചത്. അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഈ ഗാന്ധിപ്രതിമ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട രണ്ടാമത്തെ ഗാന്ധിപ്രതിമയാണെന്ന റിയുന്നു. ഈ പ്രതിമ രാഷ്ട്രപിതാവിനോടുള്ള തരൂരിന്റെ ആദരവും ദേശീയ പ്രസ്ഥാനത്തിനോടുള്ള തരൂരിന്റെ ശക്തിയും വിളിച്ചറിയിക്കുന്നു.

ക്ഷേത്രങ്ങളിലെ 'സവർണ്ണവൽക്കരണ'ത്തിനെതിരെ അന്ന് പടനയിച്ച ശ്രീ കെ. പി. കേശവമേനോൻ ജ്വലിക്കുന്ന അഗ്നിനാളമായിരുന്നു. തരൂരിലെ വെൺമേടകളിലെ പൂമുഖത്തിരുന്ന് അധികാരത്തിന്റെ സർവ്വദുഷ്ടതയും പാവങ്ങളിൽ അടിച്ചേൽപ്പിച്ച നാട്ടുപ്രമാണിമാരെ ഒട്ടും വകവെക്കാതെ അവരുടെ ക്ഷേത്രമായ പൂതക്കോട് ഭഗവതി ക്ഷേത്രത്തിലേക്ക് അവർണ്ണരുടെ കൈകോർത്ത്പിടിച്ച് മാർച്ചുചെയ്തുകൊണ്ട് സംഘടിതമായി ദർശനം നടത്തിയത് ശ്രീ കോതണ്ടനോപ്പെടെയുള്ള ഒരു സംഘം ആളുകളുടെ നേതൃത്വത്തിലാണ്.

ആലത്തൂരിൽ വക്കീലായിരുന്ന ശ്രീ. T. P. കേശവമേനോൻ, മദിരാശിയിലെ വിദ്യാഭ്യാസ മേഖലയിൽ പ്രമുഖ പ്രൊഫസറായിരുന്ന ശ്രീ. ചാത്തു അച്ചൻ തുടങ്ങി നാട്ടിന്നും നാട്ടുകാർക്കും കഷ്ടപ്പെടുന്നവർക്കും വേണ്ടി ജീവിതം നയിച്ചവരുടെ ഒരു പരമ്പരതന്നെ തരൂർ അംശത്തെ ധന്യമാക്കിയിട്ടുണ്ട്.

1956–57ലാണ് തരൂരംശത്തിനെയും, വാവുള്ള്യാപുരം ദേശത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന, ഗായത്രി പുഴക്ക് കുറുകെയുള്ള പാലം പണിതീർത്തത്. ആ കാലഘട്ടത്തിലാണ് ആചാര്യ വിനോഭോവെ ഭൂദാനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് തരൂരിലെത്തുന്നത്. അദ്ദേഹത്തിനു് അകമ്പടിയായി വന്ന വാഹനങ്ങളായിരുന്നു ഈ പാലത്തിലൂടെ ആദ്യമായി സഞ്ചരിച്ചത്.

കേരളപ്പിറവിക്കുശേഷം കർഷകസമരങ്ങളുടെ ഒരു ഘട്ടം അവസാനിച്ചുവെന്നു് പറയാം. തുടർന്നുണ്ടായ 'കൃഷി ഭൂമി കർഷകന്' എന്ന ഡിമാൻറു വെച്ച സമരത്തിലും സമര ഭൂപരിഷ്കരണത്തിനുവേണ്ടിയുള്ള സമരത്തിലും തരൂരിലെ ബഹുജന പങ്കാളിത്തം എടുത്തു പറയേണ്ടതാണ്. 1967ൽ വന്ന ഗവൺമെൻറ് സമഗ്ര ഭൂപരിഷ്ക്കരണ ബില്ല് പാസാക്കിയെങ്കിലും ഇതിന്റെ പ്രയോജനം ജനങ്ങളിലേക്കെത്തിക്കുവാൻ മിച്ച ഭൂമി കൈയ്യേറാം പോലുള്ള ശക്തമായ സമരം വേണ്ടതായും വന്നിട്ടുണ്ട്. തുടർന്ന് 1–1–70നു് നിയമം ഇന്നത്തെ രൂപത്തിൽ നടപ്പാക്കുവാനുള്ള വഴിയൊരുക്കി. മിച്ച ഭൂമിക്കുവേണ്ടിയുള്ള സമരം വളരെ ശക്തമായി നടന്ന ഒരു പഞ്ചായത്താണ് നമ്മുടേത് കുലികുടുതൽ, ജോലി സ്ഥിരത എന്നിവക്ക് വേണ്ടി പഞ്ചായത്തിലുടനീളം സമരം സംഘടിപ്പിച്ചു. ഇതിൽ എടുത്തുപറയേണ്ടത് 1972ലെ മണ്ണഴിക്കളം സമരമാണ്. 128 ദിവസങ്ങളോളം നീണ്ടുനിന്ന ഈ പോരാട്ടം തരൂരിലെ കർഷകരുടെ സഹനത്തിന്റെയും കൂട്ടായ്മയുടേയും മൂർത്തീഭാവമായിരുന്നു.

ഭരണമാറ്റം

തരൂരംശം അയൽ അംശങ്ങളായ പഴമ്പാലക്കോടംശം, വാവുള്ള്യാപുരം അംശം എന്നിവ പഞ്ചായത്തുകളായി പിന്നീട് രൂപപ്പെട്ടു. ഇവക്ക് ഓരോപ്രസിഡണ്ടുമാരെയും തിരഞ്ഞെടുത്തു. പഴമ്പാലക്കോട് പഞ്ചായത്തു പ്രസിഡണ്ടായി വയ്യാട്ട് കൃഷ്ണൻനായരേയും തരൂർ പഞ്ചായത്ത് പ്രസിഡണ്ടായി ദാമോദരൻ എന്ന കുട്ടമേനോനേയും വാവുള്ള്യാപുരം പഞ്ചായത്തുപ്രസിഡൻറായി കെ.വി. മീരാൻസാഹിബ് കുരിക്കളേയും തിരഞ്ഞെടുത്തു. പിന്നീട് 1961ലെ പഞ്ചായത്ത് ആക്ട് പ്രകാരം ചേർപ്പറഞ്ഞ മൂന്ന് പഞ്ചായത്തുകളെയും ചേർത്തി 'തരൂർ' എന്ന ഒറ്റപഞ്ചായത്താക്കി മാറ്റി. തരൂരിൻെറ ആദ്യത്തെ പഞ്ചായത്തു പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീ. K.C. കുഞ്ചപ്പനായിരുന്നു. കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കാതിരുന്നതിനാൽ ഭരണസമിതി പതിനേഴ വർഷത്തോളം നിലനിന്നു. 1978ലാണ് പിന്നീട് തിരഞ്ഞെടുപ്പ നടന്നത് അന്നു മീരാൻസാഹിബ് കുരിക്കൾ പ്രസിഡണ്ടായി. പിന്നീട് 88ലെ തിരഞ്ഞെടുപ്പിൽ ശ്രീ. കെ. മാധവൻമാസ്റ്റർ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു

ഈ ഏകീകൃത തരൂർ പഞ്ചായത്തിനെ പിന്നീട് തരൂർ I, തരൂർ II വില്ലേജുകളാക്കി തരംതിരിച്ചു. വെവ്വേറെ വില്ലേജാഫീസുകളും നിലവിൽ വന്നു. റവന്യൂ പരിവിനുള്ള അധികാരത്തോടെ രണ്ട് വില്ലേജാഫീസുകളിലും വില്ലേജാഫീസറേയും വില്ലേജ് അസിസ്റ്റൻറിനേയും വില്ലേജ്മാൻമാരെയും നിയമിച്ചു, അവരിൽ നിക്ഷിപ്തമായിരിക്കുന്ന പല അധികാരങ്ങളും നിലവിലുള്ള പഞ്ചായത്തിനു കൈമാറിക്കൊടുക്കുവാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് രാജ് നിലവിൽ വന്നതിനുശേഷം തരൂർ പഞ്ചായത്ത് തിരഞ്ഞെടുത്ത പ്രഥമ വനിതാ പ്രസിഡണ്ടാണ് ശ്രീമതി. എസ്. അതിത.

1913ൽ സ്ഥാപിച്ച തരൂരിലെ ഹയർ എലിമെൻററി സ്കൂളും 1917ൽ സ്ഥാപിച്ച അത്തിപ്പൊറയിലെ എലമെൻററി സ്കൂളുമാണ് ഇന്നാട്ടുകാർക്ക് ഏക ആശ്രയമായിരുന്ന വിദ്യാലയങ്ങളും. ഇവ രണ്ടും മാനേജ്മെൻറിനു കീഴിൽ ആയിരുന്നു. തരൂരിലെ സ്കൂൾ നടത്തിയിരുന്നത് ശ്രീ. ചാത്തുമേനോനും അത്തിപ്പൊറയിലെ സ്കൂൾ നടത്തിയിരുന്നത് കുറുപ്പത്ത് കൃഷ്ണമേനോനുമായിരുന്നു. 1935ൽ T.K. ഉണ്ണാലച്ചൻ മാസ്റ്റർ അരിയൂർശ്ശേരിയിലെ അവർണ്ണർക്കിടയിൽ ഒരു എലിമെൻററി സ്കൂൾ ആരംഭിച്ചു. അക്കാലങ്ങളിൽ ഏറെപ്പേരും എട്ടാംക്ലാസ്സിനുശേഷം പഠനംനിർത്തിയിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവായിരുന്നു കാരണം. മൈലുകളും താണ്ടി ആലത്തൂരോ തിരുവിലാമലയിലൊ പോയി പഠിച്ചവർ വളരെ ചുരുക്കമായിരുന്നു.

1957ലെ 'ഭൂപരിഷ്ക്കരണം' നിയമമായതോടെ ജന്മിത്വം അവസാനിപ്പിക്കപ്പെട്ടു. കുടിയൊഴിപ്പിക്കലും കൃഷി ഒഴിപ്പിക്കലും നിർത്തലാക്കപ്പെട്ടു. കൂടാതെ 1970ലെ കാർഷിക ബന്ധബില്ലിനു അംഗീകാരം സിദ്ധിച്ചതോടെ കാർഷിക സാമൂഹ്യവ്യവസ്ഥിതിയിൽ കാര്യമായ മാറ്റം പ്രകടമായി. കാർഷിക സംസ്ഥാനമായ കേരളത്തിൻെറ സമൂല സാമൂഹ്യ മാറ്റത്തിനു മേൽപറഞ്ഞ ഭൂപരിഷ്ക്കാരങ്ങളും കാരണമായി എന്നത് നമ്മുടെ അനുഭവവും ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയുമാണ്.

-പട്ടിക-

	സംഭവങ്ങൾ	കാലം	പങ്കുവഹിച്ചവർ
*	പാലക്കാട്ട രാജവംശം മാലി ഖാൻ പറയുന്ന ജന്മി കുടുംബമായി മാറി	1792	ടിപ്പുവും കോൺവാലീസും പ്രഭുവും തമ്മിൽ ഒപ്പിട്ട ശ്രീരംഗ പട്ടണം കരാർ
*	തരൂർ ഹയർ എലിമെൻററി സ്കൂൾ ആരംഭം	1913	ശ്രീ. തരൂർ ചാത്തുമേനോൻ
*	അത്തിപ്പൊറ എലിമെൻററി സ്കൂൾ ആരംഭം	1917	ശ്രീ. കുറ്റപ്പത്ത് കൃഷ്ണമേനോൻ
*	അയിത്താചരണത്തിനെതിരെ ഉണ്ടായ നടപടി	1924	ക്ഷേത്രപ്രവേശനം.
*	ശ്രീ. കോമ്പുക്കുട്ടിമേനോന്റെ ജീവത്യാഗം	1943	കപിറ് ഇന്ത്യാ സമരം —അലിപ്പൂർ ജയിൽ—
*	കോമ്പുക്കുട്ടിമേനോൻ സ്മാരക വായനശാല സ്ഥാപിച്ചു.	1946	ശ്രീ. ടി. കെ. ഉണ്ണാലച്ചന്റെ നേതൃത്വം
*	ഗാന്ധിജിയുടെ പ്രതിമ സ്ഥാപിക്കൽ	1948	ശ്രീ. ടി. കെ. ഉണ്ണാലച്ചന്റെ നേതൃത്വം
*	വള്ളിയാംകുന്ന് സമരം	1952	സർവ്വശ്രീ. ശങ്കരൻമാസ്റ്റർ, തങ്കപ്പൻ ചെട്ട്യാർ, അബ്രഹാംമാസ്റ്റർ, മുതൽപേർ
*	ഗായത്രിപ്പുഴ പാലം ഉൽഘാടനം (അത്തിപ്പൊറ)	1956	ശ്രീ. മന്ദത്ത് ഗോവിന്ദൻകുട്ടിമേനോൻ
*	ഭൂദാന പ്രസ്ഥാനം.	1956	ശ്രീ. വിനോദഭാവെയുടെ തരൂർ സന്ദർശനം.
*	ആദ്യത്തെ ബസ് സർവ്വീസ്	1957	PCT ബസ് തരൂർ—മംഗലംഡാം
*	തരൂർ പഞ്ചായത്തിന്റെ ആവിർഭാവം	1961	പഞ്ചായത്ത് ആക്ട്
*	മണ്ണഴി കർഷക തൊഴിലാളി സമരം	1972	സർവ്വശ്രീ കുട്ടികൃഷ്ണൻ മാസ്റ്റർ, ശങ്കരൻമാസ്റ്റർ, ടി. പി. ഉണ്ണിമണി കെ. എം. അബ്ദുൾസാഹിബ്

3

കൃഷി — ജലസേചനം

മകരത്തിൽ അടച്ച് കുഭത്തിൽ തുറക്കുന്ന ഉച്ചാരൽ ദിവസങ്ങളെ കുടിയാൻമാർക്ക് ഭയമായിരുന്നു. (കുടിയായ്മ നിർണ്ണയിക്കുന്ന ദിവസങ്ങൾ.)

ദുരിതമനുഭവിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളും ആശ്വാസം കണ്ടെത്തിയ ചില ഉത്സവങ്ങളായിരുന്നു. കർക്കിട മാസത്തിലെ നിറയും ചെറു പുത്തരിയും ആഘോഷിച്ചാണ് തുടക്കം. കന്നിമാസത്തിലെ ആയില്യം മകം പൂട്ടു കന്നുകളുടെ ഉത്സവമായിരുന്നു. കാലി സമ്പത്ത് അക്കാലത്ത് ഗണനീയ സമ്പത്തായിരുന്നല്ലോ.

കർഷക–കർഷകത്തൊഴിലാളി സൗഹൃതം ഊട്ടിഉറപ്പിച്ചിരുന്ന ഉത്സവമായിരുന്നു കന്നിമാസത്തിലെ ചേറൊടുക്കം. നടീൽ തീരുന്ന മുറയ്ക്കും എല്ലാ തൊഴിലാളികൾക്കും ചോറും ചാറും കൊടുക്കുന്ന ദിവസമായിരുന്നു. അല്ലാത്ത തൊഴിൽ ചോറില്ല എന്നാണ് വിവക്ഷ.

വൃശ്ചിക മാസത്തിലെ കതിർവേല പട്ടികജാതിക്കാർ നടത്തുന്ന ഉത്സവമായിരുന്നു. നല്ല കാലാവസ്ഥയും അതു വഴി നല്ല വിളവും അനുഗ്രഹിച്ചു തന്ന ദേവിയെ പ്രീതിപ്പെടുത്താനാണ് ഈ ഉത്സവം എന്നാണ് ഐതീഹ്യം.

മകരച്ചൊവ്വ കാർഷികാഭിവൃദ്ധിയ്ക്കായി ആഘോഷിക്കുന്ന ചടങ്ങാണ് മകര കൊയ്ത്ത് കഴിഞ്ഞ് കളം ഉറക്കം മൂന്നു ദിവസങ്ങൾ!

കാർഷിക മേഖലയിലെ ഒഴിവുദിവസങ്ങളായിരുന്നു മേൽ പറഞ്ഞവ.

ജന്മിത്തം കയ്യടക്കി വാണിരുന്ന കാർഷിക മേഖലയും സാമൂഹ്യ വ്യവസ്ഥിതികളും പുത്തൻ തലമുറയ്ക്ക് ഏതാണ്ടന്യമാണെന്ന് പറയാം. ബഹുഭൂരിപക്ഷം ജനതയും ഇന്ന് കാർഷിക മേഖലയെ ഈ പശ്ചാത്തലത്തിലാണ് പുതിയ സാഹചര്യത്തിൽ പരിശോധിക്കുന്നത്.

ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ, പഞ്ചായത്തിലെ മുഴുവൻ ഭൂമിയുടേയും അധിപന്മാർ പൂവുള്ളിമന, കവളപ്പാറ, തരൂർ രാജകുടുംബം എന്നീ ജന്മി കുടുംബങ്ങളായിരുന്നു. ജന്മിയ്ക്ക് മിച്ചവാരം കൊടുത്ത് ഭൂമിയിൽ ഉടമസ്ഥാവകാശം നേടിയ ഏതാനും കാണാരി കുടുംബങ്ങളുണ്ടായിരുന്നു.

ഭൂമിയിൽ അന്നുണ്ടായിരുന്ന ഉടമസ്ഥത താഴെ കാണുന്ന രേഖാചിത്രത്തിൽ നിന്ന് വ്യക്തമാകും.



അന്ന് ജന്മിയ്ക്കു വെറുംപാട്ടകുടിയാന്മാരേയും, കാണാരിയ്ക്ക് കുടിയാന്മാരേയും ഏത് സമയത്തും ഭൂമിയിൽനിന്ന് ഒഴിപ്പിക്കാൻ അധികാരമുണ്ടായിരുന്നു. ഭൂമിയിൽ സ്ഥിരാവകാശം ജന്മികഴിച്ചാൽ കാണാരിക്ക് മാത്രമായിരുന്നു.

ഈ സ്ഥിതി മാറുന്നതിന് കേരളജനത നടത്തിയപോരാട്ടം ഒരു പരിധിവരെ വിജയത്തിലെത്തുകയും കാർഷിക പരിഷ്ക്കരണ നിയമങ്ങൾ നിലവിൽ വരുകയും ചെയ്തു. കേരളത്തിലുടനീളം നടന്ന തൊഴിലാളി കർഷക പ്രക്ഷോഭത്തിന്റെ അലയൊലികൾ ഇവിടേയും ഉണ്ടായിരുത്തു.

ജന്മിത്വം ശക്തമായി നിലനിന്നിരുന്ന പഴയകാലത്ത് ജന്മിയുടേയും കാണാരിയുടേയും ഇഷ്ടാനുസരണം കൃഷിക്കാരെ ഒഴിപ്പിക്കാനും കൈവശം മാറാനുമുള്ള അധികാരവകാശം ജന്മിക്കുണ്ടായിരുന്നു. പാട്ടസമ്പ്രദായത്തിൽ ഭൂമിയെടുത്ത് കൃഷി ചെയ്തിരുന്ന കൃഷിക്കാരന്റെ വരുമാനം വളരെ തുച്ഛമായിരുന്നു. ഉത്പാദനത്തിന്റെ മുക്കാൽ ഭാഗവും കർഷകന് ലഭിച്ചിരുന്നില്ല. വയ്ക്കോലിൽനിന്ന് കിട്ടുന്ന നെല്ല് മാത്രമായിരുന്നു മിക്കപ്പോഴും അവരുടെ വരുമാനം. ഈ രീതി നിലനിന്നിരുന്നതിനാൽ ദാരിദ്ര്യം അനുഭവിച്ചിരുന്നു.

1957–ൽ കേരളത്തിൽ നിലവിൽ വന്ന ഒന്നാമത്തെ കേരള നിയമസഭ പാസ്സാക്കിയ കാർഷിക ബന്ധനിയമം മൂലമാണ് ഭൂമിയിൽ കർഷകനും കുടികിടപ്പുകാരനും ഒരു പരിധിവരെ കൈവശാവകാശം സ്ഥാപിച്ചു കിട്ടിയത്. ഇതിന്റെ ഫലമായി കാർഷികോൽപാദന മേഖലയിൽ പുരോഗതിക്ക് നാന്ദികുറിക്കുകയും ചെയ്തു. കാർഷിക മേഖലയിലുണ്ടായ ഗുണഫലത്താൽ അനുഭവിച്ചറിഞ്ഞ ജനത തുടർച്ചയായി നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി 1967–ൽ നിലവിൽ വന്നസർക്കാർ സമഗ്ര ഭൂപരിഷ്ക്കരണ നിയമത്തിന് രൂപം നൽകിയെങ്കിലും 1970 ന് ശേഷം

മാത്രമേ ഈ നിയമം നപ്പിലായുള്ളു. ഇതോടുകൂടി ഭൂവികേന്ദ്രീകരണം നടപ്പിലാവുകയും ഈ മേഖലയയാകെ ഒരു പുത്തൻ ഉണർവിന് വിധേയമാവുകയും അത് വമ്പിച്ച സാമൂഹിക മാറ്റത്തിന് കളമൊരുക്കാകയും ചെയ്തു.

പഴയകാല കൃഷിസമ്പ്രദായങ്ങൾ:-

മുൻകാലങ്ങളിൽ മൂപ്പുകൂടിയ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. വിളകളായി നെല്ലിനു പുറമേ ചാമ, കോറ, പയറു വർഗ്ഗങ്ങളായ ഉഴുന്ന്, ചെറുപയർ, പയർ, മുതിരയും പച്ചക്കറികളായി കുമ്പളം, മത്തൻ, പടവലം, കയ്പ്പ, വെള്ളരിയും കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, കാവത്ത്, ചെറുകിഴങ്ങ് എന്നിവയും കൃഷി ചെയ്തിരുന്നു. വീട്ടുവളപ്പുകളിൽ നാമമാത്രമായി തെങ്ങ്, വാഴ, മാവ്, പ്ലാവ്, പുളി തുടങ്ങിയവയും ഉണ്ടായിരുന്നു.

ഇന്നത്തെ കൃഷിഭൂമിയുടെ ഏതാണ്ട് പകുതി സ്ഥലത്തു മാത്രമേ അന്ന് കൃഷിചെയ്യാൻ സാധിച്ചിരുന്നുള്ളു. ഭൂരിഭാഗം നിലങ്ങളിൽ ഒരുപൂകൽ കൃഷിയും ചുരുക്കം സ്ഥലങ്ങളിൽ ഇരുപൂകൽ കൃഷിയും ഉണ്ടായിരുന്നു. മഴയെ മാത്രം ആശ്രയിച്ചായിരുന്നു അന്ന് കൃഷി ചെയ്തിരുന്നത്. ഉയർന്ന സ്ഥലങ്ങളിലെ തലക്കെട്ടുകളും, ചിറകളും, കുളങ്ങളും, തോടുകളും ആയിരുന്നു ജലസേചന മാർഗ്ഗങ്ങം. കഠിനമായി വാരിച്ചയും നേരിട്ടിരുന്നു. കൃഷിയുണക്കവും പതിവായിരുന്നു.

കന്നുപൂട്ടി നിലമൊരുക്കിയാണ് കൃഷി ചെയ്തിരുന്നത്. കരി (കലപ്പ) ചവിട്ടി, മരമുട്ടി. ഞവുഞ്ഞി തുടങ്ങിയവയായിരുന്നു കാർഷികോപകരണങ്ങം പച്ചില, ചാണകം, ചാരം തുടങ്ങിയ ജൈവവളങ്ങം മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. ഇന്നുമായി താരതമ്യപ്പെടുത്തുമ്പോം ഉത്പ്പാദനക്ഷമത പൊതുവെ കുറവായിരുന്നു.

മലമ്പുഴ പദ്ധതി നടപ്പിലായത് കാർഷിക രംഗത്ത് കുതിച്ചുചാട്ടത്തിന് ഇടയാക്കിയ ഒരു സംഭവമാണ്. ഇതോടുകൂടി ഒരുപൂകൽ നിലങ്ങളിൽ ഭൂരിഭാഗവും ഇരുപൂകൽ ആക്കുന്നതിനും പുതിയ സ്ഥലങ്ങളിലേയ്ക്കു കൂടി നെൽകൃഷി വ്യാപിപ്പിക്കാനും കഴിഞ്ഞു. പദ്ധതിയുടെ ആരംഭകാലത്ത് ജലദൗർലഭ്യം കുറവായിരുന്നു. ഉത്പാദന ക്ഷമത വർദ്ധിക്കുന്നതിന് സഹായകമായി ഈ പദ്ധതി. നെൽകൃഷി വ്യാപനം മൂലം ചാമ. കോറ കൃഷികം അപ്രത്യക്ഷമായി.

1960കളിലെ കുടിയേറ്റം പ്രദേശത്തെ ഭൂവിതരണത്തിലും വിളക്രമത്തിലും ഉത്പാദന ക്ഷമതയിലും മാറ്റം വരുത്തിയ മറ്റൊരു സംഭവമാണ്. പറമ്പുകളിൽ മരച്ചീനിയും തെങ്ങും റബ്ബറും കൃഷി ചെയ്യാനാരംഭിച്ചു. ഭാഗികമായി നെൽകൃഷിയിടങ്ങളിൽ നാണ്യവിളകളും കൃഷി ചെയ്യാൻ തുടങ്ങി.

ഭൂപരിഷ്ക്കരണം നടപ്പിലായതോടുകൂടി കൃഷിഭൂമികം തുണ്ടുകളായി മാറി. കൈവശക്കാരുടെ എണ്ണവും കൂടി. അതുകൊണ്ടു തന്നെ സ്വന്തം ഭൂമിയിൽ അധ്വാനിക്കാനുള്ള താത്പര്യം കൂടുകയും ഉത്പാദനത്തിൽ വർദ്ധനവിന് കാരണമാവുകയും ചെയ്തു. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളുടെ വരവും (തൈനാൻത്രി I R 8, I R 12 ജയ, മസൂരി, പി. ടി. ഡി. ത്രിവേണി, ജ്യോതി

തുടങ്ങിയവ) രാസവളങ്ങളുടെ രംഗപ്രവേശവും ഷുതിയ കാർഷിക മുറകളും യന്ത്രോപകരണങ്ങളുടെ ഉപയോഗവും ഉത്പാദനക്ഷമതയിൽ വൻ വർദ്ധനവ് ഉണ്ടാക്കിയിരുന്നു. എങ്കിലും വർദ്ധനവിൽ നിന്ന് വർദ്ധനവിലേക്ക് എന്ന മാറ്റം നടക്കാതെ കാർഷിക മേഖലയാകെ മുരടിപ്പിനെ നേരിടുകയാണ്. ഇത് മാറ്റിയെടുക്കാൻ ഒട്ടേറെ പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും അവയും ലക്ഷ്യം കാണുന്നില്ല. മാത്രവുമല്ല ഒരുപാട് പ്രശ്നങ്ങളും ഈ രംഗം നേരിടുന്നു. കാർഷിക പുരോഗതിക്കാവശ്യമായ കൂട്ടായ ചിന്തയും പ്രവർത്തനവും നടത്തിക്കൊണ്ടു മാത്രമേ നാടിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കാനാവൂ. ഇതിനു മുന്നോടിയായി ഈ രംഗത്തെ ഇന്നത്തെ സ്ഥിതിയിലേക്ക് ഒരു എത്തിനോട്ടം നടത്താം.

ഇന്നത്തെ നില

ഭൂവിനിയോഗം

ഭൂവിനിയോഗത്തിൽ കുറേകൂടി മാറ്റങ്ങൾ വന്നതിന്റെ ഫലമായി കൃഷിക്കാരന്റെ കയ്യിലുള്ള ഭൂവിസ്തൃതി കുറഞ്ഞു. തുണ്ടുതുണ്ടായ ഭൂമിയും കൃഷിക്കാരുടെ വർദ്ധനവും തൊഴിലാളികളുടെ വികേന്ദ്രീകരണവും കാർഷികരംഗത്തെ വിവിധ തലങ്ങളിലുള്ള ഐക്യത്തെ തകർത്ത ഘടകങ്ങളാണ്. ഈ ഘടകങ്ങൾ ഉത്പാദനക്ഷമതയെ ബാധിച്ച കാര്യങ്ങളുമാണ്. ഒരു പൂവൽ നിലങ്ങളായ പൊറ്റകൾ പലതും പുരയിടങ്ങളായി മാറി.

വാർഡ് 1 കുന്നുംപുറം വാണിയത്തറ ഭാഗങ്ങളിലെ പൊറ്റകൾ

വാർഡ് 2 ഈഴവത്തറ തെലുങ്കത്തറ ഭാഗങ്ങൾ

വാർഡ് 3 കുട്ടംകോട് ആലിങ്കൽ പറമ്പ് ഭാഗങ്ങൾ

വാർഡ് 4 കുറുപ്പത്തുകാട്, കരടിക്കുന്ന് തോട്ടുംപുറം, ആലുംപെട്ടി, പനമ്പിള്ളി ഒടുങ്ങോട് ഭാഗങ്ങൾ

വാർഡ് 5 കുളക്കാട്, കോഴിക്കാട്, പടിഞ്ഞാത്തറ തെക്കുമുറി, തരൂർ സെന്റർ, മന്ദങ്കോട് ഭാഗങ്ങൾ

വാർഡ് 6 വടക്കുമുറി, [illegible], ചിറക്കോട്, നെച്ചൂർ, പെരപ്പെട്ടി, താങ്ങലുംപാറ ഭാഗങ്ങൾ

വാർഡ് 7 കാവുങ്കൽ, പാടത്ത്, കിഴക്കേത്തറ, പുളിയംപൊറ്റ, കാരമല, പെരുമ്പറോഡ് ഭാഗങ്ങൾ

വാർഡ് 8 വാവുള്ള്യാപുരം, പൂടക്കര, അമ്പാട്ടപ്പറമ്പ്, കോഴിപ്പാലം, നെല്ലിപ്പാടം ഭാഗങ്ങൾ

വാർഡ് 9 കറുകപ്പറമ്പ്, ചെറുത്തൊടി, ചാപ്ര തേക്കുംതൊടി ഭാഗങ്ങൾ

വാർഡ് 10 ചേലംപെരിയാരം, അയ്യപ്പൻകാട് ഭാഗങ്ങൾ

ഇങ്ങനെ പഞ്ചായത്തിന്റെ മിക്ക സ്ഥലങ്ങളിലേയും പൊറോകാം പുരയിടങ്ങളായി മാറിയത് ഭൂവിനിയോഗത്തിൽ വന്ന മാറ്റവും ഉത്പാദനത്തെ ബാധിച്ച ഒരു ഘടകവുമാണ്.

പട്ടിക 3 (1)

നമ്പർ	വിനിയോഗം	വിസ്തൃതി ഏക്കറിൽ	ശതമാനം
1	പുരയിടം	2976	32.78
2	നിലം	2897	31.91
3	തരിശ് പുറമ്പോക്ക്	ഇല്ല	
4	റോഡ്	244	2.50
5	തോട്	74	0.70
6	കുളം	ഇല്ല	
7	പുഴ	106	1.01
8	റെയിൽവെ	ഇല്ല	
9	റവന്യൂ	0.10	
10	വനം	2350	25.50
11	കനാൽ	310	3.30
12	വഴി	222	2.30
	ആകെ	9079.10	100%

അവലംബം — വില്ലേജ് രേഖകാം

ഇന്നത്തെ വിളകൾ

പഞ്ചായത്തിലെ മുഖ്യകൃഷി ഇപ്പോഴും നെല്ലു തന്നെയാണ്, കൂടാതെ റബ്ബർ വാഴ, മരച്ചീനി, തെങ്ങ്, പയർവർഗ്ഗങ്ങാം, പച്ചക്കറികാം, കശുവണ്ടി കവുങ്ങ് ഇഞ്ചി, മഞ്ഞാം തുടങ്ങിയവയും കിഴങ്ങുവർഗ്ഗമായ ചേനയും കൃഷിചെയ്യുന്നുണ്ട്

(പട്ടിക 3–2 കാണുക)

വിളവിസ്തീർണ്ണം

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	
നെല്ല്	1353	(മൂന്നാംവിള)
,,	10	
പയർ	95	
പച്ചക്കറികാം	25	
തെങ്ങ്	147	
വാഴ	225	

മരച്ചീനി	180
കശുമാവ്	20
റബ്ബർ	360
കവുങ്ങ്	18
ഇഞ്ചി	10

ഉത്പ്പാദന ക്ഷമത

പഞ്ചായത്തിൽ നെല്ലിന്റെ ഉത്പാദനക്ഷമത പതിനെട്ട മേനിയാണ്. സംസ്ഥാന ജില്ല ഉത്പ്പാദന ക്ഷമതയേക്കാളും കൂടുതലാണെങ്കിലും കഴിഞ്ഞ രണ്ട മൂന്ന വർഷമായി ഉത്പ്പാദന ക്ഷമത വർദ്ധിക്കാത്തത് നാം ആലോചിക്കേണ്ടിയിരിക്കുന്നു. നാളികേരത്തിന്റെ ഉൽപ്പാദന ക്ഷമത ജില്ലയേക്കാളും കൂടുതലും സംസ്ഥാനത്തേക്കാളും കുറവുമാണ്. ഇതിന്റെ ഉത്പ്പാദന വർദ്ധനവും അനിവാര്യമാണ്. റബ്ബർ ജില്ലയേക്കാളും കൂടുതലും സംസ്ഥാനത്തിനും ഒപ്പവുമാണ്. ഇഞ്ചിയുടെ ഉത്പ്പാദനക്ഷമത സംസ്ഥാന ജില്ലാ ക്ഷമതയേക്കാളും കൂടുതലാണ്. മരച്ചീനി സംസ്ഥാന ഉത്പ്പാദന ക്ഷമതയേക്കാളും കൂടുതലും ജില്ലയേക്കാളും കുറവുമാണ്. മരച്ചീനി ഉത്പാദനക്ഷമത വർദ്ധിക്കേണ്ടിയിരിക്കുന്നു.

(ഉത്പാദനക്ഷമത — ഹെക്ടറിൽ)

പട്ടിക നോക്കുക

വർഷം	ഇനം	സംസ്ഥാനം	ജില്ല	പഞ്ചായത്ത്
93—94	നെല്ല്	2193 Kg	2265 Kg	3300 Kg
,,	തെങ്ങ്	5890 എണ്ണം	4187 എണ്ണം	5000 എണ്ണം
,,	മരച്ചീനി	19866 Kg	22482 Kg	22000 Kg
,,	റബ്ബർ	934 Kg	724 Kg	934 Kg
,,	ഇഞ്ചി	3354 Kg	2820 Kg	3500 Kg
,,	പച്ചക്കറി	—	—	6000 Kg
,,	പയർ	—	—	1200 Kg
,,	വാഴ	—	—	5000 Kg
,,	കശുവണ്ടി	—	—	820 Kg

ഉത്പാദനക്ഷമതയെ ബാധിക്കുന്ന ഘടകങ്ങൾ

1 കൃഷിഭൂമി തുണ്ടുകളായി മാറിയത്
2 പുതിയതരം വിത്തുകളും രാസവളവും യഥാസമയം ലഭിക്കാത്തത്. ജൈവവള ഉപയോഗക്കുറവ്
3 രോഗ കീടബാധ
4 ജലദൗർലഭ്യം

ജലസേചന സൗകര്യങ്ങൾ

ജലസേചന സൗകര്യങ്ങളിൽ മുഖ്യമായതു് മലമ്പുഴ പദ്ധതിയാണു്. കൂടാതെ താഴെ പട്ടികകളിൽ കാണിച്ച കുളങ്ങളും തോടുകളും കിണറുകളും ജലസേചനത്തിനു് ഉപയോഗിക്കുന്നുണ്ടു്.

വാർഡു്	കുളം	കിണർ	തോടു്	ബണ്ടു്
1	3	4	1	—
2	2	4	1	—
3	3	2	2	—
4	4	5	1	—
5	5	7	—	1
6	6	4	1	—
7	3	7	1	—
8	8	10	1	—
9	5	5	1	—
10	2	1	2	—

പ്രധാനമായും അഞ്ചു തോടുകളാണു് വിവിധ വാർഡുകളിലൂടെ ഒഴുകുന്നതു്. വാർഡു് 10–ൽ നിന്നു് ആരംഭിച്ചു് തോണിക്കടവിൽ ചെന്നുചേരുന്ന തോടുമാത്രമേ ഇപ്പോഴും ജലലഭ്യതയുള്ളു.

വിവിധ വാർഡുകളിലായി ഏകദേശം 30–ഓളം തലക്കെട്ടുകളും ഉണ്ടായിരുന്നു. പദ്ധതിയുടെ വരവോടുകൂടി തലക്കെട്ടുകളും ഭൂരിഭാഗവും അറ്റകുറ്റപണികളും നടത്താതെയും ശ്രദ്ധിക്കപ്പെടാതെയും നാമാവശേഷമായി. വിളക്രമത്തിൽവന്ന മാറ്റം ചിറ എന്ന സമ്പ്രദായത്തെ തീരെ ഇല്ലാതാക്കിയിരിക്കുന്നു. ആദ്യകാലത്തെ ജലസേചനത്തിനുപയോഗിച്ചിരുന്ന കുറെ കുളങ്ങളും തൂർന്നു് ഉപയോഗശൂന്യമായിരിക്കുന്നു. പദ്ധതി കാലത്തു് 61 പമ്പു സെറ്റുകളും ഇവിടെ ഉപയോഗിക്കുന്നുണ്ടു്. ജലസേചനത്തിന്റെ ഒരു നല്ല ഭാഗം പമ്പുസെറ്റുകളും മുഖേനയാണു് നിർവഹിക്കുന്നതു്. മറ്റൊരു പ്രധാന ജലസ്രോതസ്സാണു് ഗായത്രിപുഴ. ഈ പുഴ പഞ്ചായത്തിലെ ആറു് വാർഡുകളെ സ്പർശിച്ചുകൊണ്ടു് ഒഴുകുന്നു.

പൊതുവെ വർഷപാതം ഇവിടെ സംസ്ഥാന ശരാശരിയേക്കാളും വളരെ താഴെയാണു്. മാത്രമല്ല, മഴവെള്ളം സംഭരിച്ചു് കൃഷിക്കു് ഉപയുക്തമാക്കാൻ പറ്റുന്ന തടയണകളോ ബണ്ടുകളോ പഞ്ചായത്തിൽ വളരെ കുറവാണു്. ഇതു് നെൽകൃഷിയെ മൊത്തത്തിലും മറ്റു വിളകളെ ഭാഗികമായും ബാധിക്കുന്നുണ്ടു്.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

കാർഷിക ഉല്പന്നങ്ങളും വിറ്റഴിക്കുന്നതു് കൃഷിക്കാർ നേരിടുന്ന മുഖ്യ പ്രശ്നമാണു്. മിക്ക കാർഷിക ഉൽപ്പന്നങ്ങളും ഇടത്തട്ടുകാർ മുഖേനയാണു് വിൽക്കുന്നതു്.

ചെറിയതോതിൽ കൃഷിക്കാർ നേരിട്ട വിൽക്കുന്നുമുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം കൃഷിക്കാരന് കിട്ടേണ്ട പണത്തിന്റെ ഒരു ഭാഗത്തെ അപഹരിക്കുന്നുണ്ട്. നെല്ലിന്റെ വിലയിൽ ഏതാണ്ട് 15% ഓളം ഇവരുടെ പോക്കറ്റുകളിൽ എത്തുന്നു എന്നതാണ് സത്യം. ഇതുതന്നെയാണ് മരച്ചീനി, വാഴ തുടങ്ങിയ ഉല്പന്നങ്ങളുടെ സ്ഥിതിയും പച്ചക്കറികൾ ഉത്പാദിപ്പിച്ചാലും മാർക്കറ്റിൽ ഉള്ള വിലയുടെ പകുതി മാത്രമേ കൃഷിക്കാരന് ലഭിക്കുന്നുള്ളൂ. ഈ രംഗത്തുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള ബദൽ സംവിധാനങ്ങൾ യാതൊന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

കൈവശ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ നാമമാത്ര കർഷകർ കൂടുതലാണ്. (ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ. ഇത് വികേന്ദ്രീകരണത്തെ സൂചിപ്പിക്കുന്നു. വൻകിട കർഷകർ വിരലിൽ എണ്ണാവുന്നവർ മാത്രമേയുള്ളൂ. ചെറുകിട കർഷകർ രണ്ടിനും മധ്യേയാണ്. സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. 25% കൃഷിക്കാർ മാത്രമേ സ്വയം പണിയെടുക്കുന്നുള്ളൂ. കാർഷിക വൃത്തിയോട് കാണിക്കുന്ന മാന്യതക്കുറവ് കൃഷിക്കാരേയും പ്രത്യേകിച്ച് അവരുടെ മക്കളിലും ഇതിനോട് ആഭിമുഖ്യം കുറച്ചിട്ടുണ്ട്. പലരും മറ്റു മേഖലകൾ തേടിപോകുന്നു. തൊഴിലാളികളിൽ 60% ഉം കർഷക തൊഴിലാളികളാണ്. കൈവശഭൂമി വിസ്തീർണ്ണം—പട്ടിക നോക്കുക.

വാർഡ് നമ്പർ	നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1–2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
I	135	22	—
II	38	4	—
III	132	10	—
IV	218	25	—
V	102	6	—
VI	123	22	—
VII	161	10	—
VIII	91	20	—
IX	128	49	1
X	123	54	1
ആകെ	1251	222	2

കൂലി സേവന വ്യവസ്ഥകൾ

പഞ്ചായത്തതിർത്തിയിലെ കൂലി സേവന വ്യവസ്ഥകൾ താഴെ പട്ടികയിൽ കാണുന്ന രൂപത്തിൽലാണ്.

തൊഴിൽ രൂപം	കൂലി		
	ആൺ	പെൺ	
ഉഴവ്	70	—	
കിള	80	—	
നടീൽ	—	30	
കളപറി	—	30	
കൊയ്ത്ത് (മെതി)	ആറിന്ഒന്ന്		പതമ്പു സമ്പ്രദായം
തേങ്ങയിടൽ	തെങ്ങ്ഒന്നിന് 3മുതൽ5രൂപ വരെ		
റബ്ബർ വെട്ടൽ	45		300 മരം ഉൾക്കൊള്ളുന്ന ഒരു ബ്ലോക്ക്
കീടനാശിനി തളിക്കൽ	50		

കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് നടത്തുന്ന ജോലിയുടെ വേതന ഘടന പരിഷ്ക്കരിക്കേണ്ടതാണ്. സ്ത്രീകളോട് വിവേചനവുമുണ്ട് പതമ്പു സമ്പ്രദായം മേൽ സൂചിപ്പിച്ച നിരക്കിനേക്കാൾ കുറഞ്ഞ തോതിലാണ് സേവന വ്യവസ്ഥകൾ കാണുന്നത്.

വള ഉപഭോഗം (മെട്രിക്ടൺ)

സ്ഥാപനത്തിന്റെ പേര്	1993–94			1994–95			1995–96		
	രാസ വളം	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസ വളം	കീടനാശിനി ദ്രവം	കീടനാശിനി ഖരം	രാസ വളം	കീടനാശിനി ദ്രവം	കീടനാശിനി ഖരം
	MT	L	KG	MT	L	KG			
പഴമ്പാലക്കോട് സേവന സഹകരണ ബാങ്ക്	328	110	276	272	77.9	652	446·9	182.7	468
സ്വകാര്യ വ്യക്തി നടത്തുന്ന ഏജൻസി കൾ വിതരണം ചെയ്തത്	189	250	20	200.5	340	40	204	542	50
ആകെ	517	360	296	472.5	417.9	692	650·9	724.7	518

രാസവളത്തിന്റെയും കീടനാശിനികളുടേയും ഉപഭോഗം കൂടി വരുന്നതായി കാണുന്നു. ജൈവ വള ഉപഭോഗം വളരെ കുറവാണ്. പക്ഷെ സമീപകാലത്ത് ജൈവ വള പ്രയോഗത്തിലേക്ക് തിരിച്ചു പോക്ക് നേരിയ തോതിൽ കാണുന്നുണ്ട്. ഇതൊരു നല്ല പ്രവണതയും പ്രോൽസാഹിപ്പിക്കേണ്ടതുമാണ്.

കാർഷികോപകരണങ്ങൾ

കാർഷികോപകരണങ്ങളുടെ അപര്യാപ്തത പ്രകടമാണ്. പ്രത്യേകിച്ച് നൂതനോപകരണങ്ങൾ കുറവാണ്. ചെറുകിട നാമമാത്ര കർഷകർക്ക് ട്രില്ലർ വാങ്ങാനും മറ്റും സഹായം കൊടുക്കേണ്ടതാണ്. മതിയായ ഉപകരണങ്ങൾ ഇല്ലാത്തത് പല പ്രയാസങ്ങളും ഉണ്ടാക്കുന്നുണ്ട്. ഉൽപാദന ക്ഷമതയെ ബാധിക്കുന്നുമുണ്ട്.

പട്ടിക കാണുക

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	മരുന്നുതളി ഉപകരണങ്ങൾ റോക്കർ സ്പെയർ	നാപ് സ്റ്റാക്ക് സ്പെയർ
I	1	—	5	4	5
II	—	—	4	2	3
III	—	—	12	2	5
IV	3	—	15	2	6
V	—	—	5	—	2
VI	2	—	7	2	10
VII	1	—	8	—	5
VIII	3	—	12	—	12
IX	2	—	15	—	6
X	2	—	10	—	5

നടീൽ വസ്തുക്കളുടെ വിതരണം (കൃഷിഭവൻ മുഖേന)

	93–94	94–95	95–65
തെങ്ങ്	557എ	1750 എ	500 എ
കുരുമുളക്	500	1500	——
മാവ്	105	122	50
വാഴ	——	1000	——
കൈതച്ചക്ക	——	——	100
മാതളം	4	15	——
നെല്ലി	4	738	——
ഞാവൽ	22	50	——
ചെറുനാരങ്ങ	——	——	50
പേരക്ക	——	40	——

നടപ്പ് പദ്ധതികളുടെ അവലോകനം

1 സമഗ്ര വികസന പദ്ധതി 1991-92ൽ ആരംഭിച്ചിട്ടുള്ള പദ്ധതി ഇതുവരേയും ഇവിടെ നടപ്പിലായിട്ടില്ല.

2 മിനികിറ്റ് പദ്ധതി:– നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം, വിവിധ ഇനം, നെൽവിത്തുകൾ 400 Kg പദ്ധതികാലത്ത് വിതരണം നടത്തിയിട്ടുണ്ട്.

ഇനങ്ങൾ:— ഐശ്വര്യ, ആതിര, എന്നിവ അത്യുൽപ്പാദനശേഷിയുള്ള വ്യാപക മാക്കുകയാണ് ലക്ഷ്യം. ഈ പദ്ധതി ചെറിയ തോതിലാണെങ്കിലും നടത്തിയിട്ടുണ്ട്. സാദ്ധ്യതകൾ ഏറെയുണ്ട്.

3 ഗ്രൂപ്പ് ഫാമിങ്ങ്:— മുഖേന ഭക്ഷ്യ വിളവുകളുടെ വിത്തുൽപ്പാദന പരിപാടി ഈ പദ്ധതിയുടെ ഭാഗമായി തനതുവർഷം അഞ്ച് ഹെക്ടർസ്ഥലം റജിസ്റ്റർ ചെയ്തിട്ടുണ്ട്. 1½ ലക്ഷം രൂപ പദ്ധതിക്ക് കൊടുത്തിട്ടുണ്ട്.

4 നെൽകൃഷി വികസനം, പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതി ഗ്രൂപ്പ ഫാമിങ്ങ് സമിതികൾ മുഖേന ബണ്ട് കെട്ടുന്നതിന്ന് 85% സർക്കാരിൽ നിന്നും 15% ഗുണ ഭോക്തക്കളും ചേർന്ന് നടപ്പാക്കേണ്ട ഈ പദ്ധതി ഒരെണ്ണം നമ്മുടെ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. 3,74000 രൂപ സർക്കാർ ചിലവഴിച്ചിട്ടുണ്ട്. കാവുകൽ തോട്ടകര പാടശേഖര സമിതി മുഖാന്തരം നടപ്പിലാക്കി.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്ന് 2,00,000 രൂപ ലിഫ്ട് ഇറിഗേഷൻ പദ്ധതിക്കായി മാറ്റിവെക്കുകയും സ്റ്റീം പ്രൊപ്പോസൽ സ്വീകരിച്ച് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി പമ്പ് സെറ്റുകൾ (61 എണ്ണം) പദ്ധതി കാലത്ത് നൽകിയിട്ടുണ്ട്. ഏറെ സാദ്ധ്യതകളുള്ള ഈ പദ്ധതി തുടരേണ്ടതാണ്.

5 ഗ്രൂപ്പ് ഫാമിങ്ങ്:— നെല്ല് വിത്ത്, വളം, കീട, കളനാശിനികൾ ട്രാക്കർ ട്രില്ലർ, കറ്റപ്പമ്പ് എന്നിവ അഗ്രോ ക്ലീനിക്കുകൾ വഴിയെത്തിക്കുക എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർഡ് ഒന്നിന്, ഒന്ന് എന്ന കണക്കിൽ 10 അഗ്രോ ക്ലീനിക്കുകൾ ഉണ്ട്. 15 ദിവസത്തിലൊരിക്കൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ പ്രത്യേക കേന്ദ്രം നിശ്ചയിച്ച് കൃഷിക്കാരെ കാണുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത പരിഹാര നിർദ്ദേശങ്ങൾ കൃഷിക്കാർക്ക് നൽകുകയും ചെയ്യുക എന്നത്. ഇതിന്റെ ഒരു ഭാഗമാണ്. പക്ഷെ ജീവനക്കാരുടെ കുറവും, കൃഷിക്കാരുടെ താല്പര്യ കുറവും മൂലം ഈ പ്രവർത്തനം, ചില വ്യക്തികളിലേക്ക് മാത്രം ഒതുങ്ങി പ്പോകുകയാണ് ഇപ്പോഴും.

വിത്ത് വിതരണം:— സുമാർ 8000Kg നെൽവിത്ത് പദ്ധതി കാലത്ത് വിതരണം നടത്തിയിട്ടുണ്ട്. ജയ, പവിഴം, മസൂരി, മട്ട ശ്രീവേണി, ആതിര, കാഞ്ചന, കൈരളി, ജ്യോതി തുടങ്ങിയവ വിതരണം നടത്തിയിട്ടുണ്ട്.

സബ്സിഡികൾ:— രാസവള, കീടനാശിനി കുളനാശിനി സബ്സിഡികൾ നൽകിയിട്ടുണ്ട്.

ട്രാക്ടറുകൾ:— സമിതി മുഖേന ട്രാക്ടറുകൾ 4 എണ്ണം നൽകിയിട്ടുണ്ട്. കുരുത്തിക്കോട് പാടശേഖര സമിതി, നൊച്ചൂർ പാടശേഖര സമിതി, മന്ദംക്കോട് പള്ളയിൽ

സമിതി, തോട്ടകാട് സമിതി എന്നിവയാണ്. രണ്ടെണ്ണം 10,000 രൂപയും, രണ്ടെണ്ണം 80,000 രൂപയും സബ്സിഡിയിലാണ് ലഭ്യമായിട്ടുള്ളത്. മിതമായ നിരക്കിൽ പാടശേഖരം ഒരുക്കുന്നതിനു് ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി.

6 കറവി പമ്പുകൾ:— 42 കറവി പമ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. റോക്കർ സ്പ്രെയർ ഒരെണ്ണം കൊടുത്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർണ്ണമാക്കുന്നതിന് പാടശേഖര സമിതികളുടെ ജനറൽ ബോഡിയോഗം തനതു വർഷത്തിൽ ലഭ്യമായ എല്ലാ വിവരങ്ങളും പരിശോധിക്കേണ്ടതാണ്. വളരെ കൂടുതൽ സാദ്ധ്യതയുള്ള പദ്ധതിയാണിത്.

7 ഉല്പാദന ബോണസ്:— നെല്ല്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു് കർഷകനു് നേരിട്ട് ഹെക്ടർ ഒന്നിൽ 250രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഈ പദ്ധതി ഇവിടെ നടപ്പിലുണ്ട്. ഈ പദ്ധതിയുടെ ഗുണം മുഴുവൻ കർഷകർക്കും ലഭിക്കുന്നതിനു് ഏറെ പ്രയാസങ്ങളുണ്ട്. 1995–1996–ൽ ഒന്നാം വിളക്ക്, 1,98,220 രൂപ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ 3,38,250 രൂപ വിതരണത്തിനു സാദ്ധ്യതയുണ്ട്. വിസ്തൃതി തിട്ടപ്പെടുത്തി ആവശ്യമായ രേഖകൾ ഹാജരാക്കൽ, സമിതികളുടെ ശുപാർശ. കാര്യക്ഷമത തുടങ്ങി പല പ്രശ്നങ്ങളും തടസ്സമായിട്ടുണ്ട്.

8 സമഗ്ര നാളികേര വികസന പദ്ധതി:— തെങ്ങ് കൃഷിക്ക് കിണർ കുഴിക്കാൻ 2500 രൂപ സബ്സിസി ലോൺ ലിങ്ക്ടായി ബാങ്കിലേക്ക് കൊടുക്കുന്ന പദ്ധതി ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം 18 കിണർ കൊടുത്തിട്ടുണ്ട്. പമ്പ് സെറ്റുകൾ 5 എണ്ണം നൽകിയിട്ടുണ്ട്. 95–96–ൽ 50% ലോണായും 50% ഓൺ ഫണ്ടായും നൽകിയിട്ടുണ്ട് 95–96–ൽ 30,000 രൂപ ഉപയുക്തമാക്കാൻ സാധിച്ചിട്ടില്ല. ലോൺ ലിങ്ക്ടായി സബ്സിഡി കൊടുക്കൽ പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നു. ഉപഭോക്താക്കളുടെ താല്പര്യ കുറവും പ്രശ്നമാണ്.

ഗ്രൂപ്പു ഇറിഗേഷൻ പദ്ധതി:— നടപ്പാക്കിയിട്ടില്ല.

ടിപ്പു ഇറിഗേഷൻ:— പദ്ധതി നാമമാത്രമായി നടപ്പിലായിട്ടുണ്ട്. ഹെക്ടറിനു് 10,000 രൂപ നൽകുന്നു. പദ്ധതിക്ക് ആരും താല്പര്യമെടുക്കുന്നില്ല. സാദ്ധ്യതയുള്ളതാണ്.

തെങ്ങുകയറുയന്ത്രം:— നടപ്പിലായിട്ടില്ല.

മരുന്നു് തളിക്കാനുള്ള റോക്കർ സ്പ്രെയർ ഒരെണ്ണം നൽകിയിട്ടുണ്ട്. പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലായിട്ടുള്ളൂ.

തെങ്ങ്:— ടി X ഡി. തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും പദ്ധതി കാലത്ത് 459 തൈകൾ വിതരണം ചെയ്തിട്ടുണ്ട് ഇതിനുപുറമേ ഡി. X ടി. തൈകൾ 50 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. ഇതിനു പുറമെ മറ്റിനം തൈകളും വിതരണം ചെയ്തിട്ടുണ്ട്.

9 പച്ചക്കറി വികസന പദ്ധതി:— വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിതരണം ചെയ്ത പാക്കറ്റുകൾ, തക്കാളി 255 കോവറ് കയ്പക്ക 2 പ ചുരക്ക, 51, ബീൻസ്, 7 ചീര 189 വഴുതിന 79 പടവലങ്ങ 08, വെള്ളരി 53, കുമ്പളങ്ങ, 23 പയർ 71 മുളക് 150 പാ എന്നീ ക്രമത്തിലാണ് വിതരണം നടത്തിയിട്ടുള്ളത്.

വിത്ത് ഉല്പാദന, വിതരണ പദ്ധതി:— പദ്ധതി അപൂർണ്ണമാണ് 10 സെൻറ് സ്ഥലത്തിനു് വിത്തും കീടനാശിനിയും സൗജന്യമായി കൊടുക്കണം. പാക്കറ്റിന് 25 രൂപ പ്രകാരം 5 പാക്കറ്റുകൾ 95-ൽ കൊടുത്തിട്ടുണ്ട്.

10 കിഴങ്ങ് വിള വികസന പദ്ധതി:— ഈ പദ്ധതി ഭാഗികമായി മാത്രം നടപ്പിലാക്കിയതാണ്. വിതരണം:— മരച്ചീനി 92-93ൽ 150 താണ്ട് ചേന 30Kg കാച്ചിൽ, 30 കിലോ ചേമ്പ് 20 കി. കശുമാവ് കൃഷി വ്യാപനം:— കശുമാവ് തോട്ട വികസനം സംയോജിത കശുമാവ് വികസന പദ്ധതി. ഇവയെല്ലാം ഈ പ്രദേശത്ത് അപൂർണ്ണമാണ്.

11 പച്ചക്കറി വികസനം. വിദ്യാലയങ്ങളിലൂടെ വീട്ടുവളപ്പിൽ അടുക്കളത്തോട്ട പദ്ധതി. 95-96-ൽ വന്നിട്ടുണ്ട്. വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിലുള്ള ഒരു ഹൈസ്കൂളിലും രണ്ട് യു. പി. സ്കൂളിലും പദ്ധതി കാലത്ത് പച്ചക്കറി വിത്തുകൾ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

വർഷം	സ്കൂളുകളുടെ പേര്		പാക്കറ്റ്
92—93	S M M H S	പഴമ്പാലക്കോട്	375
	A U P S	തരൂർ	50
	A M A U P S	നൊച്ചൂർ	75
94—95	S M M H S	പഴമ്പാലക്കോട്	500
	A U P S	തരൂർ	100
	A M A U P S	നൊച്ചൂർ	100
95—96	S M M H S	പഴമ്പാലക്കോട്	250
	A U P S	തരൂർ	125
	A M A U P S	നൊച്ചൂർ	125
		ആകെ	2200

ഈ പദ്ധതിയുടെ ഭാഗമായി സമ്മാനങ്ങൾ വരെ കൊടുക്കുന്നുണ്ട്. മോണിറ്ററിംഗ് ബുദ്ധിമുട്ടുണ്ട്.

12 ഫലവർഗ്ഗ വികസന പദ്ധതി

പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത തൈകളെ സംബന്ധിച്ചുള്ള വിവരണം.

94—95 1st

മാവ്	—	105 തൈ (12 രൂപ സബ്സിഡി)
മാതളം	—	4 തൈ (5 രൂപ 50% സബ്സിഡി)
നെല്ലി	—	4 തൈ 1 രൂപ 50% സബ്സിഡി
ഞാവൽ	—	122 തൈ (സൗജന്യം)

94—95

മാവ്	—	122 1st 1 രൂപ
പ്ലാവ്	—	16
ചേര്	—	40
നേന്ത്രവാഴ	—	1000
ഞാവൽ	—	50
നെല്ലി	—	738 (ഒരാൾക്ക് 10 എണ്ണം മാത്രം
മാതളം	—	15

95—96

പൈനാപ്പിൽ	—	100
ചെറുനാരങ്ങ	—	50
മാവ്	—	50

ഏറെ സാധ്യതയുള്ളതാണ് ഈ പദ്ധതി സീസൺ സമയത്ത് കിട്ടുന്നില്ല എന്ന പരാതിയുണ്ട്. ആവശ്യമായത്ര തൈകളം കിട്ടുന്നില്ല.

18 വിള ഇൻഷ്വറൻസ്

ഈ പദ്ധതിയുടെ ഭാഗമായി തെങ്ങ്, വാഴ, കവുങ്ങ്, പച്ചക്കറികൾ, കശു മാവ്, ഇഞ്ചി തുടങ്ങിയ കൃഷിക്ക് നാമമാത്രമായി മാത്രമേ ഇൻഷ്വർ ചെയ്തിട്ടുള്ളു. വളരെ കുറഞ്ഞ പ്രദേശം മാത്രമെ പരിധിയിൽ വന്നിട്ടുള്ളു, നെല്ലിന് വിള ഇൻഷ്വറൻസ് ഉണ്ടെങ്കിലും ആരും ഇൻഷ്വർ ചെയ്തിട്ടില്ല, പ്രീമിയം തുക അടയ്ക്കേണ്ടതുകൊണ്ട് പദ്ധതിയിൽ ഉൾപ്പെടൻ കൃഷിക്കാർ താത്പര്യം കാണിക്കുന്നില്ല. കൃഷി, പാടശേഖരങ്ങളിൽ മൊത്തം നശിച്ചാലെ ഇൻഷ്വറൻസ് സാദ്ധ്യത ഉള്ളൂ എന്ന നിലപാട് തിരുത്തപ്പെടെണ്ടതാണ്. കൃഷിനാശത്തിനനുസരിച്ചതോതിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരണം.

14 കുരുമുളക് കൃഷി

പദ്ധതിയുടെ ഭാഗമായി 2000 കുരുമുളക് തടകം കൊടുത്തിട്ടുണ്ട്. ഇത് വിജയപ്രദമായിട്ടില്ല.

15 ഊർജിത പയർ വികസനം

പദ്ധതി അപൂർണ്ണമാണ്. 200 kg ഉഴുന്നു വിത്തും, 25kg റൈസോബിയം കൾച്ചർ എന്നിവ വിതരണം നടത്തിയിട്ടുണ്ട്.

16 കൃഷിത്തോട്ടങ്ങൾ യന്ത്രവൽക്കരിക്കൽ നടപ്പാക്കിയിട്ടില്ല.

17 ബയോഗ്യാസ് പദ്ധതി

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 10 എണ്ണം നൽകിയിട്ടുണ്ട്. 6 എണ്ണം ഹരിജനങ്ങൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. ഹരിജനങ്ങൾക്ക് 7900 രൂപ വീതം ആണ് ഇതിന് കിട്ടുന്നത്.

18 കൃഷിയിൽ പൊതുജന പങ്കാളിത്തം

ഇതിന്റെ മുഖ്യ ഉദ്ദേശം കർഷകരെ ബോധവൽക്കരിക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുകയാണ്. ഇത് പഞ്ചായത്ത് തലത്തിൽ മാത്രമാണ് നടപ്പാക്കുന്നത്. പങ്കാളിത്തക്കുറവ് ഒരു പ്രശ്നമാണ്. ഈ പദ്ധതിക്ക് 900 രൂപ പ്രോൽസാഹന സമ്മാനമായി കൊടുക്കുന്നുണ്ട്.

19 യുവാക്കളെ കൃഷിയുമായി ബന്ധിപ്പിക്കുക

ഈ പദ്ധതിയുടെ ഭാഗമായി 99 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരാൾക്ക് 1000 രൂപ കെട്ടിവയ്ക്കേണ്ടതുണ്ട്. 14 പട്ടിക ജാതി യുവാക്കൾക്ക് ഉള്ള പദ്ധതി വിഹിതം സൗജന്യമായി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ചേരാനുള്ള കാലാവധി കഴിഞ്ഞു.

20 മണ്ണു പരിശോധന

വർഷത്തിൽ 300 സാമ്പിൾ പരിശോധിക്കുക എന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് പക്ഷേ ഉദ്ദേശിക്കുന്ന രീതിയിൽ നടക്കുന്നില്ല എന്ന ആക്ഷേപമുണ്ട്.

21 നൂതനോപകരണങ്ങൾ ലഭ്യമാക്കൽ

പദ്ധതിയുടെ ഭാഗമായി വിളക്കുകെണി ഒരെണ്ണം കിട്ടിയിട്ടുണ്ട്, കീടബാധ മുൻകൂട്ടി കണ്ടെത്തി പരിഹാരം കാണാനുള്ള ഈ ഉപകരണം, പാടശേഖരത്തിൽ ഒന്ന് എന്ന ക്രമത്തിലെങ്കിലും സ്ഥാപിക്കേണ്ടതാണ്.

22 കാർഷിക സംരംഭങ്ങൾ

പഞ്ചായത്തിൽ 18 പാടശേഖര സമിതികളും പ്രവർത്തിക്കുന്നുണ്ട്. കേര വികസന സമിതിയുടെ പ്രവർത്തനം ഇപ്പോൾ തീരെ ഇല്ല. 25% കൃഷിക്കാർ സമിതി കളുമായി ബന്ധപ്പെടാതെ നിൽക്കുന്നവരാണ്. മതിയായ ഗവ: പരിഗണന ഇക്കാര്യ ത്തിൽ വേണം.

കൃഷി ഭവൻ

അരിയശേരിയിലാണ് കൃഷി ഭവൻ ആഫീസ് ഉള്ളത്. ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് തോണിപ്പാടത്ത് കരികുളങ്ങരയിലുണ്ട്, ഈ രണ്ട് കെട്ടിടങ്ങളുടെയും ഇന്നത്തെ നില പരിതാപകരമാണ്. അടിസ്ഥാന സൗകര്യ ങ്ങൾ പലതും ഇല്ല. ആഫീസ്സിലേക്ക് ജംങ്ഷനിൽ നിന്നും ഒരു മൺ റോഡ് ഉണ്ടെ കിലും ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ

കൃഷി ആഫീസർ	—	1	(അഡീഷണൽ ചാർജ്ജ്)
അസിസ്റ്റൻറ്	—	2	(1 താൽക്കാലികം)
ആകെ		3	

അസിസ്റ്റൻറിന്റെ ഒരു തസ്തിക ഒഴിവാണ്.

നാം നേരിടുന്ന കാർഷിക പ്രശ്നങ്ങൾ

1 ജലസേചനത്തിന്റെ അപര്യാപ്തത
2 ഉല്പന്നങ്ങൾക്ക് ന്യായവില കിട്ടാത്തത്
3 കാർഷികോല്പാദന ചെലവിന്റെ വർദ്ധനവ്
4 കൃഷിഭൂമിയുടെ അളവു കുറയൽ
5 പദ്ധതികളുടെ അപൂർണ്ണത
6 അശാസ്ത്രീയമായ കൃഷിരീതി
7 ധാന്യവിളയിൽനിന്ന് നാണ്യവിളയിലേക്കുള്ള മാറ്റം
8 കീടബാധ
9 യഥാസമയങ്ങളിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടാത്തത്
10 ജൈവവളത്തിന്റെ ലഭ്യതക്കുറവ്
11 ആധുനോപകരണങ്ങളുടെ കുറവ്
12 കൃഷിക്കനുയോജ്യമായ സ്ഥലം തരിശിടുന്ന പ്രവണത
13 നീർക്കെട്ട്
14 ഉല്പാദന ക്ഷമതയുടെ മുരടിപ്പ്
15 വായ്പാ സൗകര്യത്തിന്റെ അപാകതകൾ
16 കൃഷിവേൻറയും കാർഷിക സംരംഭങ്ങളുടേയും പ്രവർത്തനക്കുറവ്

17 കാർഷികാവശ്യത്തിനുവേണ്ട വൈദ്യുതി, മണ്ണെണ്ണ, ഡീസൽ എന്നിവയുടെ ലഭ്യതക്കുറവ്

18 വെള്ളത്തിന്റെ കുത്തൊഴുക്ക്

19 പാടശേഖരങ്ങളിലേക്ക് പൊതുവഴി ഇല്ലാത്തത്

ഇനി നമുക്ക് വിശദാംശങ്ങളിലേക്ക് കടക്കാം.

1 മലമ്പുഴ പദ്ധതിയുടെ വാലറ്റ പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ അശാസ്ത്രീയമായ ജലവിതരണംമൂലം ആവശ്യത്തിനു വെള്ളം കിട്ടാത്ത പ്രദേശങ്ങളും ഒരുപാടുണ്ട്. പടിഞ്ഞാറുമുറി, കരുത്തിക്കോട്, ഊട്ടുപുര, തോട്ടംപള്ള, അഴവക്കോട് അത്തിപ്പറ്റ, തെക്കുമുറി, കോഴിക്കാട്, പടിഞ്ഞാറെത്തറ, കിഴക്കേത്തറ, കോഴിപ്പാലം, കൊർണംകോട്, കരിങ്കുളങ്ങര, കൊളറോഡ്, കുറുപറമ്പ് മൂച്ചിത്തറ, കൊറ്റിയോട്, മാട്ടമല ഇങ്ങനെ നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും പ്രദേശങ്ങളും കൃഷിക്കാവശ്യമായ വെള്ളം വേണ്ടത്ര കിട്ടുന്നില്ല.

മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന ഇടങ്ങളുമുണ്ട്. നെച്ചൂർ, കുട്ടൻകോട് മാട്ടമല പ്രദേശങ്ങളും കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

പരമ്പരാഗത ജലസ്രോതസ്സുകളുടെ നഷ്ടം തൂർന്നു കിടക്കുന്ന കുളങ്ങളും, വറ്റുന്ന തോടുകളും, ഗായത്രിപ്പുഴയിലെ പദ്ധതികളുടെ കുറവ് എന്നിവയും ജലസേചന പ്രശ്നങ്ങളാണ്.

2 ഇടത്തട്ടുകാരുടെ ചൂഷണവും മാർക്കറ്റിംഗ് സൊസൈറ്റികളുടെ അഭാവവും സംസ്കരണ ഉപാധികളുടെ കുറവും ഉല്പാദനച്ചെലവിന്റെ വർദ്ധനവുമാണ് പ്രധാന പ്രശ്നങ്ങളും.

3 വളം കീടനാശിനികളുടെ വില വർദ്ധനവ് കൂലിയുടെ വർദ്ധനവ് എന്നിവയാണ് ഈ ഇനത്തിലെ പ്രശ്നങ്ങളും.

4 കൃഷിയിടങ്ങളും കുടിയിരിപ്പായി മാറുന്നതും കുടിയിരിപ്പുകളിൽ വേണ്ടത്ര വിളകളും ഇടാത്തതും മണ്ണൊലിപ്പും കൃഷിയുടെ അളവു കുറയ്ക്കുന്ന പ്രധാന ഘടകങ്ങളാണ്. കുടിയിരിപ്പുകളിൽ പച്ചക്കറികൃഷി കുറഞ്ഞിട്ടുമുണ്ട്.

5 പഞ്ചായത്തിൽ മുപ്പതോളം പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെങ്കിലും നാമമാത്രമായ പദ്ധതികളും മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു ഫണ്ടിന്റെ കുറവ് യഥാസമയം കിട്ടാത്തത്, നിയമപരമായ നൂലാമാലകളും, കൃഷിഭവന്റെ പ്രവർത്തനക്കുറവ്, കൃഷിക്കാരുടെ അജ്ഞത മുതലായവയാണ് പദ്ധതി അപൂർണ്ണതക്കുള്ള കാരണങ്ങളും

6 അശാസ്ത്രീയമായ രാസവള പ്രയോഗവും കീടനാശിനി പ്രയോഗവും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്തുകയും ഉത്പാദനക്കുറവിനു കാരണമാവുകയും ചെയ്യുന്നു. മണ്ണു പരിശോധന നടത്തി മണ്ണിന്റെ ഘടന മനസ്സിലാക്കാതെയാണ് കൃഷി ഇറക്കുന്നത്.

7 ധാന്യ വിളകൾ ലാഭകരമല്ലാത്തതിനാലും, ജല ദൗർലഭ്യവും നാണ്യ വിളകൾ വ്യാപകമാക്കാൻ ഇടയാക്കിയിട്ടുണ്ട്. നെൽകൃഷിക്കനുയോജ്യമായ പൊറകളിൽ തെങ്ങും മരച്ചീനിയും പറമ്പുകളിൽ റബ്ബറും ഇരുപൂൽ നിലങ്ങളിൽ തെങ്ങും കടന്നു കയറി. നമ്മുടെ സമ്പദ് ഘടനയുമായി പൊരുത്തപ്പെടുന്നതല്ല ഈ മാറ്റങ്ങൾ.

8 പഞ്ചായത്തിലെ മിക്ക സ്ഥലത്തും മുഞ്ഞ, ഓലചുരുട്ടി, തണ്ടുതുരപ്പൻ, ഓലപ്പുഴു, ചാഴി എന്നീ രോഗ ബാധകളും കീടങ്ങളുടേയും ജന്തുക്കളുടേയും ശല്യവും മൂലം കൃഷി നശിക്കുന്നുണ്ട്.

9 കർഷകത്തൊഴിലാളികൾ കൂടുതൽ വേതനം ലഭിക്കുന്നതും അദ്ധ്വാനം കുറഞ്ഞതും മാന്യത കൂടിയതെന്ന് ധരിക്കപ്പെടുന്നതുമായ മറ്റു തൊഴിൽ മേഖലകളിലേക്ക് മാറിയതുകൊണ്ട് തൊഴിലാളികളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. ഭൂമി കേന്ദ്രീകരണത്തിന്റെ ഫലമായി തൊഴിലാളികളും വികേന്ദ്രീകരിക്കപ്പെടുകയും വേണ്ടത്ര ജോലി ലഭിക്കാതെ വരികയും ചെയ്തു. ഇതാണീ പ്രശ്നത്തിന്റെ ആണിക്കല്ല്.

10 കന്നുകാലികളുടെ എണ്ണത്തിൽ വന്ന കുറവും ഭൂമി സർക്കാരിന്റെ അധീനതയിലായതും രാസ വളത്തിന്റെ അമിതമായ തള്ളിക്കയറ്റവും ഉള്ള സ്ഥലങ്ങളിൽ തന്നെ പച്ചിലച്ചെടി വളർത്താൻ കർഷകന് താല്പര്യം കുറഞ്ഞതുമാണ് ഈ സ്ഥിതി വിശേഷത്തിനു കാരണം.

11 നൂതന കാർഷിക ഉപകരണങ്ങളെ സംബന്ധിച്ച് കൃഷിക്കാർക്കുള്ള അജ്ഞത, സാമ്പത്തിക പരാധീനത ചെറുകിട കർഷകന് ഉപയോഗിക്കാവുന്ന തരം കാർഷിക ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവയാണ് ഈ ഇനത്തിലെ കാരണങ്ങൾ.

12 ഒന്നാം വിള കഴിഞ്ഞാൽ രണ്ടാം വിള ഇറക്കാൻ കഴിയാത്ത സ്ഥലങ്ങളാണ് തരിശിടുന്നതായി കാണുന്നത്.

13 ആലിംപെട്ടി, ഒട്ടംങ്ങോട്, മൂരിപ്പാറ, നെല്ലുകുത്താംകുളം കുരുത്തിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ മഴക്കാലങ്ങളിൽ നീർക്കെട്ടു മൂലം കൃഷി ഇറക്കുന്നതിനു ബുദ്ധിമുട്ട് അനുഭവപ്പെടുകയും ഇറക്കിയ കൃഷി നശിക്കുകയും ചെയ്യുന്നുണ്ട്.

14 അമിതമായ തോതിൽ രാസവള പ്രയോഗം നടത്തുന്നുണ്ടെങ്കിലും ഉല്പാദന ക്ഷമത വർദ്ധിക്കുന്നതായി കാണുന്നില്ല. നെൽകൃഷി സംബന്ധിച്ച് 17 മുതൽ 18 വരെ മേനി കറെ വർഷങ്ങളായി നമ്മുടെ പഞ്ചായത്തിൽ തുടരുന്നു. ഈ മുരടിപ്പ് ഒരു മുഖ്യ പ്രശ്നമാണ്.

15 കൃഷിക്കാർക്ക് കാർഷികാവശ്യത്തിനു കൊടുക്കുന്ന വായ്പകളുടെ ഇന്നത്തെ നിയമപരമായ നൂലാമാലകളും, വായ്പകളും കൃഷിക്കുതന്നെ ഉപയോഗിക്കാത്ത പ്രവണതയും കണ്ടു വരുന്നു. കാർഷിക വായ്പകളുള്ള പലിശ കൂടുതൽ ധന

കാര്യ സ്ഥാപനങ്ങളും കർഷകരോട് കാണുന്ന അവഗണന പഞ്ചായത്തു തല ത്തിൽ കൃഷിക്കാർക്കു മാത്രം പ്രവർത്തിക്കുന്ന ബാങ്ക് ഇല്ലാത്തത് തുടങ്ങിയവയും പ്രശ്നങ്ങളാണ്.

16 നമ്മുടെ പഞ്ചായത്തിനെ അടക്കം ബാധിക്കുന്ന അൻപതോളം പദ്ധതികളും കേന്ദ്ര സംസ്ഥാന സർക്കാരുകളും നടപ്പാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഏകദേശം മുപ്പതു പദ്ധതികളും മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. അതിൽ തന്നെ പേരും നാമമാത്രമായ പദ്ധതികളും മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഡിപ്പാർട്ട മെൻറുദ്യോഗസ്ഥന്മാരുടെ കുറവ്, കൃഷിഭവൻ മുഖേന കൃഷിക്കാരന് കാലകാല ങ്ങളിൽ കിട്ടേണ്ടത് യഥാസമയം കിട്ടാത്തത് ആവശ്യമായ ഉപദേശ നിർദ്ദേശ ങ്ങളും കൊടുക്കാൻ ആളില്ലാത്തത് തുടങ്ങിയ പ്രശ്നങ്ങളും ഉണ്ട്.

പതിനെട്ട് പാടശേഖര സമിതികളും ഉണ്ടെങ്കിലും മിക്ക സമിതികളുടേയും പ്രവർത്തനം തൃപ്തികരമല്ല. കർഷകർക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നുമില്ല. ഒരു പറ്റം കൃഷിക്കാരിൽ ഒതുങ്ങുന്നു ഇതിന്റെ പ്രയോജനം. നാളികേര വികസന സമിതി നിർജ്ജീവമാണ്.

17 കാർഷിക ആവശ്യത്തിനുവേണ്ടിയുള്ള വൈദ്യുതി, ഡീസൽ, മണ്ണെണ്ണ എന്നിവ ലഭിക്കാൻ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു. പലപ്പോഴും ഡീസലും മണ്ണെണ്ണയും അമിത വില കൊടുത്ത് വാങ്ങേണ്ടി വരുന്നു.

18 തോട്ടങ്കൽ, കാവുങ്കൽ പാടശേഖരത്തിലൂടെ ഒഴുകുന്ന നെല്ലിപ്പാടം തോട് ചിറ ക്കോട് പൂളച്ചോട്ടിൽ കനാലിലേക്കുള്ള കുത്തിയൊഴുക്ക് അരിക്കിൻചിറ പാടം ഒടുങ്ങോട് മൂരിപ്പാറ തോട് തുടങ്ങിയ സ്ഥലങ്ങളിൽ വർഷക്കാലത്ത് ജലം കുത്തി ഒഴുകി കൃഷിനാശം സംഭവിക്കുന്നുണ്ട്.

20 മിക്ക പാടശേഖരങ്ങളിലും ട്രാക്ടർ ഇറക്കാനും മറ്റും പൊതു വഴികളും ഇല്ലാത്തത് മറ്റൊരു പ്രശ്നമാണ് വേണ്ടത്ര കൂട്ടായ്മ ഇല്ലാത്ത സ്ഥലങ്ങളിൽ കൃഷിയിറ ക്കാനും മറ്റു പ്രശ്നങ്ങളും നേരിടുന്നു.

ഇത്തരത്തിൽ നമ്മളും നേരിടുന്ന കാർഷിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും ആലോചിക്കാം.

നിർദ്ദേശങ്ങളും സാധ്യതകളും

a മലമ്പുഴ പദ്ധതിയുടെ വാലറ്റ പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ജലവിത രണം സുഗമമാക്കാൻ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം എടുത്തുകളയണം അങ്ങനെ ചെയ്താൽ 1-ാം പ്രശ്നത്തിൽ പരാമർശിച്ച സ്ഥലങ്ങളിലെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

b മലമ്പുഴ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളിൽ ഇറക്കുന്ന കൃഷി ക്രമീകരിക്കണം.

c കനാൽ ഫീൽഡ് ബോത്തികളിലെ (ചെറുകനാൽ) കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ജല വിതരണം സാധ്യമാക്കുക കാഡാ പദ്ധതി എല്ലാ പാടശേഖരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക. ഇപ്പോഴ നടപ്പിലാക്കിയ കാഡാ പദ്ധതിയുടെ പോരായ്മകളം പരിഹരിക്കുക.

d തോടുകളുടെ സംരക്ഷണവും താൽക്കാലിക, സ്ഥിരം ബണ്ടുകളുടെ നിർമ്മാണവും.

e നിലവിലുള്ള വലിയ കുളങ്ങളെ ആഴം കൂട്ടുകയും തൂർന്ന കുളങ്ങളെ പുനരുദ്ധരിക്കുകയും ചെയ്യുക.

f ഗായത്രി പുഴയിൽ പുഞ്ചൻ പദ്ധതികളം നടപ്പിലാക്കുക.

സാദ്ധ്യതകൾ

a) കാഡ നിർമ്മിച്ച കനാലുകളം തൂർന്ന് പ്രശ്നമുണ്ടാവുന്നു. ഇത് പരിഹരിക്കാൻ പദ്ധതി പുനരാരംഭിക്കണം.

b) നമ്മുടെ പഞ്ചായത്തിൽ അഞ്ച് തോടുകളിലും താല്ക്കാലിക ബണ്ടുകളം നിർമ്മിക്കാം

സ്ഥിരം ബണ്ടുകളുടെ നിർമ്മാണം

1 തോട്ടംപള്ള പദ്ധതി:— ഈ പദ്ധതി നടപ്പിലാക്കിയാൽ ഏതാണ്ട് 200 ഹെക്ടർ കൃഷിഭൂമിയെങ്കിലും വരൾച്ച ഒഴിവാക്കാനും മൂന്നാംവിളയായി പയർ, എള്ള് തുടങ്ങിയവ കൃഷിചെയ്യാനും കഴിയും. മാത്രമല്ല ഗതാഗതസൗകര്യമില്ലാത്തഉൾപ്രദേശത്തേയ്ക്കുള്ള ഒരു ക്രോസ്വേ ആയും ഇതിനെ പ്രയോജനപ്പെടുത്താം.

2 കരുത്തിക്കോട് ആലിങ്കൽ കുളത്തിനു സമീപമുള്ള തോട് രണ്ടുവശവും കെട്ടി വെള്ളം സംഭരിച്ചാൽ കരുത്തിക്കോട് പാടശേഖരത്തിലെ ജലക്ഷാമം പരിഹരിക്കാനും കറുപ്പത്ത്പാടത്തെ നീർക്കെട്ട് ഒഴിവാക്കാനും കഴിയും.

3 ആലുംപെട്ടി മൂരിപ്പാറ തോട് രണ്ടുവശവും വീതികൂട്ടി കെട്ടിയാൽ ആ പ്രദേശത്തെ കൃഷിനാശം ഒഴിവാക്കാൻ കഴിയും.

4 അത്തിപ്പൊറ്റ മാങ്ങോട്ടുകാവിനു സമീപമുള്ള തോട്ടിൽ നിലവിലുള്ള ബണ്ടിൽ കൂടുതൽ വെള്ളം സംഭരിക്കുൻ തോടിന് ഇരുവശവും കെട്ടി സംരക്ഷിക്കണം.

5 അരിക്കിൻചിറ പാടശേഖരത്തിലെ കൊളമ്പ് പ്രദേശത്തുനിന്ന് ഒഴുകി വരുന്ന തോടിന്റെ ഇരുവശവുംകെട്ടി സംരക്ഷിക്കണം.

6 മാട്ടുമല പ്രദേശത്തുനിന്ന് ആരംഭിച്ച് 9, 10 വാർഡുകളിലൂടെ ഒഴുകി വരുന്ന തോട്ടിൽ വാർഡ് 9 ലെ പരപ്പിൽ ഒരു സ്ഥിരം ബണ്ട് നിർമ്മിക്കുക. കറുകപറമ്പ് പ്രദേശത്തുള്ള സുമാർ 50ഹെക്ടർ പ്രദേശത്തേക്ക് ഇത് പ്രയോജനപ്പെടും.

7 ചാല്യംപുള്ളി തോട്ടിൽ ഞണ്ടുമടയിൽ സമീപം ബണ്ട് നിർമ്മിക്കുക.

കുളങ്ങൾ ആഴംകൂട്ടലും പുനരുദ്ധരിക്കലും

ധാരാളം കുളങ്ങളുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഈകുളങ്ങൾ ആഴം കൂട്ടിയാൽ കൂടുതൽ ജലം സംഭരിക്കാൻ കഴിയും.

വാർഡ് 1–ലെ വറാത്ത കുളങ്ങൾ
വാർഡ് 3–ലെ അറത്തിക്കുളം

അമ്പലക്കുളം, വേങ്ങരക്കുളം, തേക്കത്തുകുളം, നെല്ലുകുത്താംകുളം, ഒട്ടങ്ങോടുകുളം, മാങ്ങോട്ടുകാവുകുളം, കിഴക്കേ പൊറവീട്കുളം, കരിംകുളം, പെരിയത്തുകുളം, കണക്കരാംകുളം, തോട്ടപ്പാംകുളം, രാരോരിക്കുളം, മേലേക്കുളം, പടിഞ്ഞാറുമുറികുളം, ചേന്നംകുളം, ആപ്പുകുളം, പറയൻകുളം, ചീനികുളം, നടുമലകുളം, കിഴക്കേത്തറകുളം, ചെറക്കോട്ടുകുളം, പത്തുക്കുളം, മലയൻകുളം തുടങ്ങിയ കുളങ്ങളാണ് ആഴം കൂട്ടേണ്ടത്.

പ്രദേശങ്ങളിലെ തൂർന്നുപോയ കുളങ്ങളെ പുനരുദ്ധരിക്കണം.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ (ഗായത്രിപുഴ)

1 പാണ്ടിക്കടവിനു താഴെ കുരുത്തിക്കോട് ഭാഗത്ത് മിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
2 വാവുള്ള്യാപുരം പൂഴ്ത്തൽപള്ളിക്കു സമീപം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. (ഗവണ്മെൻറിന്റെ പരിഗണനയിൽ കൂടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പദ്ധതി നിർദ്ദേശം പോയിട്ടുണ്ട്)
3 തരൂർ തുടയണ കുറേക്കൂടി കാര്യക്ഷമമാക്കുക.

കനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

1 ചിതലി പാമ്പാടി കനാലിൽ പൂളയ്ക്കപറമ്പില ലിഫ്റ്റ് ഇറിഗേഷൻപദ്ധതി നടപ്പിലാക്കുക. ഈ പദ്ധതി നടപ്പിലാക്കിയാൽ 380 ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാം. മൂന്ന് പഞ്ചായത്തിന് പ്രയോജനപ്പെടുന്നതാണ് ഈ പദ്ധതി.

2 മലമ്പുഴ കനാലിൽ കുട്ടങ്കോട് ഭാഗത്ത് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

ചെക്ക് ഡാമുകൾ

കുരുപ്പിന്റെ കുണ്ട്, തച്ചനാംകോട്ട് ചോല എന്നീ സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുക.

II 1 മാർക്കറിങ്ങ് സൊസൈറ്റികൾ സ്ഥാപിക്കുക.

2 പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കുക.

3 ഈ പഞ്ചായത്തിലെ കാർഷിക ഉൽപ്പന്നങ്ങളായ നെല്ല്, കപ്പ, ഇഞ്ചി, നാളികേരം മുതലായവ ചൂരുങ്ങിയ ചിലവിൽ ഉണക്കാനും സംഭരിക്കാനും ഉള്ള സംസ്കരണ ശാലകൾ നിർമ്മിക്കുക.

4 വയ്ക്കോൽ, പുളിങ്കുരു, മരച്ചീനി എന്നിവ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കാനുള്ള ചെറുകിട ഫാക്ടറി സ്ഥാപിക്കുക.

5 ഉൽപ്പന്നങ്ങൾക്ക് സർക്കാർ ന്യായമായ താങ്ങുവില നിശ്ചയിക്കുക.

III 1 രാസവളങ്ങളുടേയും കീടനാശിനികളുടേയും വിതരണം കാര്യക്ഷമമാക്കുകയും അവയുടെ വില കുറയ്ക്കുകയും ചെയ്യുക.

2 എല്ലാവിധ കാർഷിക സബ്സിഡികളും കൃഷിക്കാരന് ഭവിസ്തൃതിക്കനുസൃതമായി നേരിട്ട് ലഭ്യമാക്കുക.

3 രാസവള വിപണനം ലക്ഷ്യമാക്കി കൃഷിക്കാരുടെ സഹകരണ സംഘം സ്ഥാപിക്കുക.

4 ഇപ്പോഴും നിലവിലുള്ള സഹകരണ സ്ഥാപനങ്ങളും വഴിയുള്ള വളം കീടനാശിനി വില്പന പ്രോത്സാഹിപ്പിക്കണം, മാത്രമല്ല വിവിധ സ്ഥലങ്ങളിൽ ഡിപ്പോ തുറക്കുകയും ചില്ലറ വിൽപന്നുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. സർവ്വീസ് ബാങ്കുകളും നേരിട്ട് ചില്ലറ വില്പന നടത്തണം. ചില്ലറ വില്പന സർക്കാർ നിശ്ചയിച്ച വില നിരക്കിൽ തന്നെ ആയിരിക്കണം.

IV 1 കൃഷിയിടങ്ങളെ കൂടിയിരിപ്പാക്കുന്നതിനെ നിരുത്സാഹപ്പെടുത്തണം. നിലവിലുള്ള നിയമം കർശനമാക്കണം.

2 കൂടിയിരിപ്പുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

V 1 പദ്ധതികൾ പൂർത്തീകരിക്കുന്നതിനു് യഥാസമയം ഫണ്ടുകൾ അനുവദിക്കുക.

2 അഗ്രോ ക്ലീനിക്കുകൾ വഴി ഓരോ പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ നേരിട്ടും രേഖാമൂലവും ക്ലീനിക്കുകളിൽ നോട്ടീസും പോസ്റ്ററും സ്ഥാപിച്ചും അറിയിക്കുക.

3 പദ്ധതി വിഹിതം മൊത്തമായി നൽകുക.

4 കൃഷി ഭവൻ പ്രവർത്തനം ഊർജ്ജിതമാക്കുക.

5 സബ്സിഡികൾ കിട്ടാനുള്ള കാലതാമസവും നിയമ പരമായ നൂലാമാലകളും ഒഴിവാക്കുക.

6 പദ്ധതി ജനകീയ മാക്കാൻ ജന പ്രതിനിധികളെ മുമ്പിൽ നിർത്തി പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

VI 1 കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുക.
2 വാർഡു തലത്തിൽ സെമിനാറുകളും ജനകീയമായി സംഘടിപ്പിക്കുക.
3 വിദഗ്ധ കൃഷിക്കാരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് മറ്റുള്ള കൃഷിക്കാരെ പരിശീലിപ്പിക്കുക.
4 മണ്ണ് പരിശോധന ഇന്നത്തെ രീതി മാറ്റി സാമ്പിളുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിന്റെ പ്രയോജനം എല്ലാ പ്രദേശത്തേക്കും ഉറപ്പു വരുത്തുക.

VII 1 നെൽകൃഷി ആദായകരമാക്കാൻ വിവിധ പദ്ധതികളും നടപ്പിലാക്കുക.
2 നെൽകൃഷി വികസന ബോർഡ് സ്ഥാപിക്കുക.

VIII 1 വിളകളുടെ കൊയ്ത്തു പോലെയുള്ള നൂതനോപകരണങ്ങളും എല്ലാ പാടശേഖരങ്ങളിലും സ്ഥാപിച്ച് കീടബാധ മുൻകൂട്ടി അറിയാനും കൃഷി നാശം ഒഴിവാക്കാനും ഉള്ള സംവിധാനം ഉണ്ടാക്കുക.
2 കീടനാശിനികളും അവ പ്രയോഗിക്കാനുള്ള ഉപകരണങ്ങളും കൃഷിക്കാരന് സൗജന്യമായി നൽകുക.
3 കീടബാധയെ ചെറുക്കാൻ ജൈവീകരീതി നടപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

IX 1 ഇതരമേഖലകളിലെ തൊഴിലാളികളുമായി ബന്ധപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.
2 ചെറുകിട കർഷകർക്കും കർഷക തൊഴിലാളികൾക്കും ഉപയോഗിക്കാവുന്ന നൂതന യന്ത്രങ്ങളും സാർവത്രികമാക്കുക. അവ കൈകാര്യം ചെയ്യുവാൻ പരിശീലനവും നൽകുക
3 ഇപ്പോഴത്തെ നിലവിലുള്ള കർഷകത്തൊഴിലാളി ക്ഷേമനിധിയുടേയും പെൻഷനേറ്റയും സംഖ്യ കൂട്ടുകയും പരിഷ്കരിക്കുകയും ചെയ്യുക.

X 1 കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക
2 എല്ലാ വീടുകളിലും ചുരുങ്ങിയത് ഒരു കമ്പോസ്റ്റ് കുഴി എങ്കിലും നിർമ്മിക്കുക
3 കമ്പോസ്റ്റ്വളം ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ആൾക്ക് സമ്മാനം ഏർപ്പെടുത്തുക.
4 സീമക്കൊന്ന, ഡെയ്ച തുടങ്ങിയ പച്ചിലവളച്ചെടികളും വീട്ടുവളപ്പിലും പുറമ്പോക്കുകളിലും വ്യാപിപ്പിക്കുക.
5 വിള ഇടവേളകളിൽ വളച്ചെടികളും ഇറക്കുക.
6 നിലവിലുള്ള ഫോറസ്റ്റ് സ്ഥലങ്ങളിൽനിന്ന് തൊകിലാൽ വെട്ടാൻ സൗകര്യം ഉണ്ടാക്കുക.

XI ട്രാക്ടർ, പവർ ടില്ലർ, മെതിയന്ത്രം, വിന്നോവർ മൈക്രോ പവർ സ്പ്രെയർ, കൊപ്രാ ഡ്രയർ തുടങ്ങിയ ഉപകരണങ്ങളും സബ്സിഡിയോടുകൂടി ആവശ്യമുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കുക.

XII ഒന്നാം വിള കഴിഞ്ഞാൽ രണ്ടാംവിള നെൽകൃഷി ഇറക്കാത്ത സ്ഥലങ്ങളിൽ മറുവിളകളും ഇറക്കുക.

XIII നീർക്കെട്ടുള്ള പ്രദേശങ്ങളിൽ ജലനിഗ്രമന ചാലുകൾ നിർമ്മിച്ച് വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനം ഉണ്ടാക്കുക.

XIV 1 ജൈവ വളപ്രയോഗം കൂട്ടുക

2 അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുക

3 നൂതന ഉപകരണങ്ങൾ ഉപയോഗിക്കുക

4 മണ്ണ് പരിശോധിച്ച് ആവശ്യമുള്ള പോഷകഘടകമുള്ള വളം പ്രയോഗിക്കുക.

XV 1 പഞ്ചായത്ത് തലത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് മുൻഗണനയോടുകൂടി വായ്പ അനുവദിക്കുക.

2 ധനകാര്യ സ്ഥാപനങ്ങൾ കൃഷിക്കാരോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക.

XVI 1 ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ശക്തിപ്പെടുത്തുക

2 കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സമിതികളേയും ജനകീയ വൽക്കരിക്കുക.

3 ഗ്രാമസഭകളിൽ പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം വിലയിരുത്തുകയും ലക്ഷ്യങ്ങളിലെത്താൻ കൂട്ടായി ആലോചിക്കയും ചെയ്യുക.

4 മോണിറ്ററിംഗ് നടത്താൻ കൃഷിക്കാരുടെ സ്ഥാഡുകൾക്ക് രൂപം നൽകുക.

5 ആവശ്യത്തിന് ഉദ്യോഗസ്ഥരെ കൃഷിഭവനുകളിൽ നിയമിക്കുക.

XVII 1 കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, എന്നിവ സൗജന്യ നിരക്കിൽ വിതരണംചെയ്യുക.

2 തോട്ടുകളുടെ വീതി കൂട്ടി കര കെട്ടി സംരക്ഷിക്കുക.

XVIII ഫാം റോഡുകൾ നിർമ്മിക്കുക.

വിള സാന്ദ്രത വർദ്ധിപ്പിക്കാനുള്ള നിർദ്ദേശ സാധ്യതകൾ

1 മിക്ക പാടശേഖരങ്ങളിലും മൂന്നാം വിളയായി പച്ചക്കറി കൃഷിയാരംഭിക്കുക. നെല്ലിപ്പാടം, അരിക്കിൻചിറ പാടശേഖരം പുഴയോരമുള്ള കൃഷിസ്ഥലങ്ങൾ തുടങ്ങിയ പ്രദേശങ്ങൾ സാധ്യത കൂടുതലാണ്.

2 തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ചേമ്പ്, ചേന കാവിത്ത് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും പച്ചക്കറികളും, ഔഷധ കൃഷിയും പൂ കൃഷിയും വ്യാപിപ്പിക്കുക.

3 റബ്ബർത്തോട്ടങ്ങളോട് അനുബന്ധിച്ച് സീസണിൽ തേനുൽപാദിപ്പിക്കാനുള്ള പദ്ധതി ആരംഭിക്കുക.

4 വീട്ടു വളപ്പിലെ പ്രായം കൂടിയ നാണ്യ വിളകളെ മുറിച്ചു മാറി അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ വച്ചുപിടിപ്പിക്കുക.

5 നേരത്തേ സൂചിപ്പിച്ച ജലസേചന പദ്ധതികൾ വിള സാന്ദ്രത വളരെ അധികം വർദ്ധിക്കും.

പഴവർഗ്ഗകൃഷി

വാഴ ഒഴിച്ച് മറ്റൊരു പഴ വർഗ്ഗവും ഇവിടെ തോട്ടം അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. മാവ്, കൈതച്ചക്ക, നാരകം തുടങ്ങിയ തോട്ടങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഉണ്ട്.

കാർഷിക മേഖലയിൽ ഉടൻ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1 തോടുകളിൽ ഇരുവശവും കൈത വച്ചു പിടിപ്പിക്കുക.

2 ജൈവവളം ലക്ഷ്യമാക്കി വനവത്ക്കരണ പരിപാടി ആരംഭിക്കുക.

3 ചെറിയ കുളങ്ങൾ നന്നാക്കുക.

4 ഫാം റോഡുകൾ നിർമ്മിക്കുക.

5 തോടുകളിലും പുഴയിലും താൽക്കാലിക തടയണകൾ നിർമ്മിക്കുക.

6 വാർഡു തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

7 സമഗ്ര വിഭവ ഭൂപട നിർമ്മാണ പ്രവർത്തനം ആരംഭിക്കുക.

8 വാർഡുതോറും കാർഷിക ക്ലബ്ബുകൾ നിർമ്മിക്കുക.

പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും ചിന്തയും പ്രവർത്തനവും കൊണ്ടുമാത്രമെ ഇവ ലക്ഷ്യത്തിലെത്തുകയുള്ളൂ. കാർഷിക മേഖലയിലെ വികസനമാണ് യഥാർത്ഥ വികസനം. വരാനിരിക്കുന്ന നാളുകളിൽ നമുക്കൊരുമിച്ചു നീങ്ങാം.

തരൂർ പഞ്ചായത്ത് - ട്രാൻസെക്ട് റൂട്ട്



ട്രാൻസെക്ട് വാക്ക് അംഗങ്ങൾ

1 ശ്രീമതി. എസ്. അനിത (പ്രസിഡണ്ട്)
2 ശ്രീ. പി. രാമചന്ദ്രൻ
3 ശ്രീ. വി. സി. ചന്ദ്രൻ
4 ശ്രീ. എം. ദാമോദരൻ
5 ശ്രീ. കെ. കെ. കൃഷ്ണൻ
6 ശ്രീ. സി. മോഹനൻമാസ്റ്റർ
7 ശ്രീ. ഇ. മുഹമ്മദാലി മാസ്റ്റർ
8 ശ്രീ. വി. ഗോപാലൻമാസ്റ്റർ
9 ശ്രീ. പി. വി. മാത്യു
10 ശ്രീമതി. പി. സത്യജ്യോതി
11 ശ്രീമതി. സി. എസ്. വിജയലക്ഷ്മി
12 ശ്രീമതി. വി. കൃഷ്ണകുമാരി
13 ശ്രീ. ഷൺമുഖൻ, കൃഷിഭവൻ, തരൂർ
14 ശ്രീ. അബ്ദുഖാദർ VA, തരൂർ II
15 ശ്രീ. അച്യുതൻകുട്ടി, VO, തരൂർ I

പരിസ്ഥിതി പ്രശ്നങ്ങൾ	സസ്യാവരണം	മൺതരം	ഭൂപ്രകൃതി	
തോട്ടുവീതിക്കുറവ്	നെല്ല്, തെങ്ങ് മരങ്ങൾ നെല്ല് മരങ്ങൾ മരച്ചീനി	ഏക്കൽമണ്ണ് പശിമരാശിമണ്ണ് ചരൽ കലർന്ന മണ്ണ്	പുഴയിലേക്ക് ഇറക്കം സമതലം ചെറിയ കയറ്റവും ചരിഞ്ഞ ഇറക്കവും	പൂവത്തിങ്കൽ കുരുത്തിക്കോട് കുറുപ്പത്ത്കാട്
തോട്, കനാൽ എന്നിവ പൊട്ടൽ കുത്തൊഴുക്ക് വെള്ളം കെട്ടി നിൽക്കൽ	നെല്ല്, തെങ്ങ് മരച്ചീനി	പശിമരാശി മണ്ണ് ചെമ്മണ്ണ് മണൽ കലർന്ന പശിമരാശിമണ്ണ്	കിഴക്കുംപടിഞ്ഞാറും സമതലങ്ങളും നടുവിൽ ഉയർന്നതിട്ട്	ആലുംപെട്ടി ഒട്ടുങ്ങോട്ടുപാടി
മണ്ണൊലിപ്പ്	മരങ്ങൾ മരച്ചീനി, തെങ്ങ് നെല്ല്, കുറ്റിക്കാട്	ചരൽ കലർന്ന ചെമ്മണ്ണും ഉരുളൻ കല്ലുകളും പശിമരാശിമണ്ണും	ചെറിയചരിവുകളും കയറ്റങ്ങളുമുള്ള കുന്നിൻപ്രദേശം	ചമ്മിണിക്കുന്ന്
തോട്പൊട്ടൽ കൃഷിനാശം	നെല്ല്	പശിമരാശിമണ്ണ്	സമതലം	പെരുമ്പറോഡ്
	മരങ്ങൾ മരച്ചീനി തെങ്ങ്	പാറയും ചെമ്മണ്ണും മണൽ കലർന്ന മണ്ണും	ചെറിയചരിവുകളും കയറ്റങ്ങളും ഉള്ള കുന്നിൻപ്രദേശം	നെല്ലിപ്പാടം അരിക്കിൻചിറ
	നെല്ല്	പശിമരാശിമണ്ണ്	സമതലം	തേനോട്പാടം
വരംച്ചു	മരങ്ങൾ, വള്ളിക്കുടിൽ, കുറ്റിക്കാട്ടുകൾ	പാറയും ചെമ്മണ്ണും ചരൽ കലർന്ന മണ്ണും	ചരിവുകളും കയറ്റങ്ങളും നിറഞ്ഞ കുന്നിൻപ്രദേശം	ഊമക്കുന്ന്
	നെല്ല്	പശിമരാശിമണ്ണ്	സമതലം	കൊളറോഡ്
വന നശീകരണം മൂലം വരംച്ചുയും മണ്ണൊലിപ്പും	പുൽമേട്ടും കുറ്റിക്കാട്ടുകളും അവിടവിടെ മരങ്ങളും	പാറയും ചരൽകലർന്ന ചെമ്മണ്ണും	ചരിവുകളും കയറ്റങ്ങളും കുന്നിൻമണ്ടകളും ചോലകളും നിറഞ്ഞ കുന്നിൻപ്രദേശങ്ങൾ	മലമുകൾ
	നെല്ല്	പശിമരാശിമണ്ണ്	താഴ്വര	
വരംച്ചു	പുൽമേട്ടും കുറ്റിക്കാട്ടും	ചെമ്മണ്ണ്	കുന്നിൻചരിവ്	

വിഭവസമാഹരണം

4

ഗ്രാമത്തിന്റെ വികസനം ഉറപ്പു വരുത്താൻ ആവശ്യമായ ഘടകങ്ങളിൽ മൂല്യം വിഭവമാണ്. ശാസ്ത്രീയമായ പ്ലാനിങ്ങിന്റെ അടിസ്ഥാനത്തിൽ വിഭവം വിനിയോഗിക്കുമ്പോഴാണ് വികസനം ഉറപ്പു വരുന്നത്. അഥവാ സമഗ്ര വികസനത്തിനാവശ്യമായ വിഭവം വേണ്ടുവോളമില്ലാത്തപ്പോഴും ശാസ്ത്രീയമായ ഒരു ആസൂത്രണം ആവശ്യമായി വരുന്നു. വിഭവം എന്നതുകൊണ്ട്, മനുഷ്യ വിഭവം, പ്രകൃതി വിഭവം, പണം എന്നിവയൊക്കെ അതർത്ഥമാക്കുന്നുണ്ട്. മേൽ പറഞ്ഞ അർത്ഥത്തിൽ വിഭവത്തിന്റെ സമാഹരണവും വിതരണം നടത്തേണ്ടി വരുമ്പോഴും ലഭ്യതയും ലഭ്യ സാദ്ധ്യതയും ഓരോ തലത്തിലും പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ, ഏത് പ്രദേശത്തുമുള്ളതുപോലെ മനുഷ്യ വിഭവം ഒട്ടും കുറവല്ല നമ്മുടെ പഞ്ചായത്തിൽ. പ്രകൃതി വിഭവത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ശരാശരി പഞ്ചായത്ത് ആണ്. കാർഷിക മേഖലയിലെയും അനുബന്ധ മേഖലയിലേയും ഇതര റിപ്പോർട്ടുകളും കാണിക്കുന്നത് പ്രകൃതി വിഭവങ്ങളും സംബന്ധിച്ച കൃത്യമായ സ്ഥിതി വരവും രേഖകളും ഇനിയും നാം ഉണ്ടാക്കിയെടുക്കേണ്ടതായിട്ടുണ്ട് എന്നാണ്. പ്രകൃതി വിഭവങ്ങളേയും മനുഷ്യ വിഭവത്തേയും പരമാവധി ഉപയോഗപ്പെടുത്താൻ സാമ്പത്തികവും ഉണ്ടായെ പറ്റൂ.

നമ്മുടെ ഗ്രാമ പഞ്ചായത്ത് ധന സ്ഥിതിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമല്ല എന്നാണ് കണക്കുകളും കാണിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷത്തെ വരവ് പരിശോധിക്കുകയാണ് ആദ്യം ചെയ്യുന്നത്.

വർഷം	തനത് വരവ്	വളർച്ചാ ശതമാനം	5 വർഷത്തെ ശരാശരി വളർച്ചാ ശതമാനം
1991–92	334313/–		
1992–93	245894/–	26.4	
1993–94	645532/–	93.1	
1994–95	493935/–	47.7	30.6
1995–96	464077/–	38.8	

തനത് വരവിൽ കാണിച്ചിരിക്കുന്നത് നികുതിയിനത്തിലുള്ള വരവാണ് ശരാശരി വളർച്ച 30.6% ആണ്. നികുതി സാധ്യതയുമായി ബന്ധപ്പെടുത്തി ഇത് പരിശോധിക്കാൻ ശ്രമിക്കുന്നുണ്ട്. ആ പട്ടിക പിന്നാലെ കാണാം.

അടുത്തതായി വരവിനങ്ങളിലെ ഇനം തിരിച്ചുള്ള വിലയിരുത്തൽ നടത്തുന്നു.

ബിൽഡിംഗ് ടാക്സ് കഴിഞ്ഞ 5 വർഷത്തേത്—പട്ടിക കാണുക

പട്ടിക 2

വർഷം	പിരിച്ചെടുത്ത ടാക്സ് സംഖ്യ	നികുതി ചുമത്തിയ കെട്ടിടങ്ങളുടെ മൊത്തം എണ്ണം	ടാക്സ് വളർച്ചാ ശതമാനം	ഒരു കെട്ടിടത്തിന് ശരാശരി ടാക്സ് രൂ.	ശരാശരി വളർച്ചാ ശതമാനം
1991—92	75382/–	3500	NIL	21/53	
92—93	47760/–	3558	–37	13/42	38.2
93—94	97547/–	4393	29.4	22/20	ശരാശരി ടാക്സ്
94—95	182329/–	4423	141.8	4/–22	രൂപ. പൈസ. 24 94
95—96	118279/–	4469	56.9	26/46	

നികുതി ചുമത്തിയിട്ടുള്ള മൊത്തം കെട്ടിടങ്ങളുടെ എണ്ണവും ഒരു കെട്ടിടത്തിന് ശരാശരി ചുമത്തപ്പെട്ട നികുതിയുടെ സംഖ്യയും പരിശോധിച്ചാൽ തീർച്ചയായും മനസിലാകുന്ന ഒരു കാര്യം ഈ രംഗത്ത് സമാഹരിച്ചു കിട്ടേണ്ട വരവിന്റെ പകുതിപോലും വന്നിട്ടില്ല എന്നാണ്. കെട്ടിടത്തിന്റെ നികുതി അസ്സെസ്മെന്റ് കൃത്യക്ഷമമാക്കണമെന്നതിലേക്ക് ഇത് വിരൽചൂണ്ടുന്നു.

നിലവിൽ ടാക്സ് അസ്സെസ് ചെയ്യുന്നതിന്റെ വ്യവസ്ഥ പരിശോധിക്കുന്നത് നന്നായിരിക്കും.

കെട്ടിട നിർമ്മാണ മൊത്തം ചിലവിന്റെ 6%ത്തിൽനിന്ന് 10% കുറച്ച് ബാക്കിയുടെ 6% ആണ് ടാക്സായി കണക്കാക്കുക.

ഉദാ:– കെട്ടിടനിർമ്മാണ ചെലവ് Rs 15000/–

അതിന്റെ 6% $15000 \times \frac{6}{100} = 900/-$

10% കുറച്ചാൽ $900 - \left(900 \times \frac{10}{100}\right) = 810/-$

810/–ന്റെ 6% = 48 രൂപ 60 പൈസ.

ഉദാഹരണമായി എടുത്തത് ദുർബല വിഭാഗത്തിന് വീട്ടുഗ്രാന്റായി കൊടുത്തു വരുന്ന സംഖ്യയാണ്. 1500/– രൂപയ്ക്ക് വീട് നിർമ്മിക്കാൻ കഴിയില്ലെന്നും സർക്കാർതന്നെ പറയുന്നുണ്ട്. അതിൽ ഗൃഹനാഥന്റെ വകമുടക്കും, കുടുംബാംഗങ്ങളുടെ തൊഴിൽ മുടക്കും കൂടിചേർത്ത് വീട് പൂർത്തീകരിക്കണം അനുശാസിക്കുന്നുണ്ട്. വീടില്ലാത്തവർക്ക് വീട് വെക്കാൻ പ്രോത്സഹനമായി നൽകുന്നതാണീ ഗ്രാന്റ് എന്നും വിവക്ഷിക്കുന്നു.

ദുർബ്ബല വിഭാഗത്തിന്റെ വീടിന് മുടക്കിയ മുടക്കുമുതൽപോലും നമ്മുടെ പഞ്ചായത്തിലെ പല വീടുകൾക്കും മുടക്കിയിട്ടില്ലെന്നാണോ നിലവിലുള്ള 3766ന് അസ്സെസ്സ്മെന്റിൽ നിന്ന് മനസിലാക്കേണ്ടത്. അഥവാ ശരാശരി ആ റേറിൽ വരവ് ഉണ്ടായിരുന്നെങ്കിൽ നമുക്ക് ലഭ്യമായിരിക്കാൻ സാധ്യതയുള്ള കണക്ക് നോക്കാം.

പട്ടിക തിരിച്ച്

വർഷം	മൊത്തം നികുതി ചുമത്തിനിട്ടിഷ്ട ശരാശരി യകെട്ടിടങ്ങളുടെ എണ്ണം	ടാക്സ്	തുക
1991–92	3500		93–94 മുതൽ പുതിയ അസ്സസ്സ്മെന്റ് ഇയർ തുടങ്ങുന്നതുകൊണ്ടുള്ള മൂന്നുവഷത്തിന്റെ ശരാശരി എന്നും 4428@48.60 215200/–
1992–93	3558		
1993–94	4393		
1994–95	4423	@ 48.60 രൂപ	
1995–93	4469		

വിഭവ സമാഹരണ രംഗത്ത്, കെട്ടിട നികുതി ഒരു മേഖലയാണ് എന്ന് ചുരുക്കം അടുത്തതായി പ്രൊഫഷൻ ടാക്സ് വരവ് കഴിഞ്ഞ് അഞ്ച് വർഷത്തേത് വിലയിരുത്തുന്നു.

പട്ടിക കാണുക

വർഷം	മൊത്തം നികുതി നായകരുടെ എണ്ണം	പിരിച്ചെടുത്ത തുക	വളർച്ചാ ശതമാനം	ശരാശരി ശതമാനം
91–92	1015	54693–/		
92–93	1004	43750–/	–21	
93–94	1042	58678–/	7–2	12.6.
94–95	1051	88525–/	61–8	
95–96	1027	62970–/	15–1	

ശരാശരി ആളോഹരി പ്രൊഫഷൻ ടാക്സ് ഉം, പ്രൊഫഷൻ ടാക്സ് അടക്കുന്ന ആളുകളുടെ സംഖ്യയും പരിശോധിച്ചാൽ മുമ്പ് പറഞ്ഞതുപോലെ ഈ മേഖല യേയും വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല എന്നത് വ്യക്തമാകും. സർക്കാർ അർദ്ധസർക്കാർ മേഖല മാത്രമാണ് ശരിയാംവണ്ണം അസ്സെസ്സ് മെൻറിന്റെ കീഴിൽ വന്നിട്ടുള്ളത് എന്നും കൃഷിക്കാർ, കച്ചവടക്കാർ, തുടങ്ങിയവർ മാനദണ്ഡത്തിൽ എത്തിയിട്ടില്ല എന്നും കാണാം ഉപയോഗപ്പെടുത്താവുന്ന ഏതു മേഖലയാണിത്.

ഗ്രാൻറ് വരവായ VTE, VRM, അൺടൈഡ് ഫണ്ട്കളുടെ വിലയിരുത്തലും നടത്തുന്നു.

പട്ടിക 5 ഫണ്ടിന്റെ % എന്നത് മൊത്തം വരവിന്റെ എത്ര % എന്ന് കാണിക്കുന്നു.

കൊല്ലം	അൺടൈഡ് തുക	%	ശരാശരി ശതമാനം	വി.ടി.സി. തുക	%	ശരാശരി ശതമാനം	V.R.M. തുക	%	ശരാശരി ശതമാനം
91—92	204000/-	13		4032	2.5		16411/-	1	
92—93	217000/-	14.7		97053	6.4		——		
93—94	——	—	16—36	227000	14.9	8.92	——		3.36
94—95	314000/-	19.1		—			5000/-	.3	
95—96	340500/-	17.4		235748	11.9		17300/-	8.8	

വിനോദനികുതി, അധിക വിനോദനികുതി എന്നിവയുടെ കഴിഞ്ഞ 5 വർഷത്തെ വരവ്

പട്ടിക 6

വർഷം	വിനോദനികുതി പിരിച്ചെടുത്ത സംഖ്യ	ശരാശരി വളർച്ച %	വളർച്ച %	അഡീഷണൽ വിനോദ നികുതി പിരിച്ചെടുത്ത സംഖ്യ	ശരാശരി വളർച്ച %	വളർച്ച %
91—92	9353/-		—	5699/-		
92—93	10030/-		7.2	6076/-		6.96
93—94	10959/-		17.2	6647/-		16.6
94—95	10175/-		8.8	6176/-		8.36
95—96	9100/-		2.8	5584/-		2.02

പഞ്ചായത്തിലെ ഏക വിനോദ നികുതി വരവ് ഏക സിനിമാ തിയേറ്ററിൽ നിന്ന മാത്രമാണ്. മറ്റു തരത്തിലുള്ള വിനോദ സൗകര്യങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്തിലെ ലൈസൻസ് ഫീസ് സംബന്ധിച്ച പട്ടികയാണ് അടുത്ത് പ്രദർശിപ്പിക്കുന്നത്.

പട്ടിക 7

വർഷം	സംഖ്യ	വളർച്ച %	ശരാശരി %
91—92	6448/-		
92—93	3243/-	—48	
93—94	3845/-	—40	—37%
94—95	4522/-	—30	
95—96	5429/-	—16	

ലൈസൻസ് ഫീസ് വഷ്ാവഷ്ം മൈനസ് വളച്ച്ാനിരക്കാണകാണിക്കുന്നത് വർഷാവർഷം ആരംഭിക്കുന്ന പുതിയ സ്ഥാപനങ്ങൾക്ക് യഥാവിധി ലൈസൻസ് ചുമത്തി നികുതി പിരിക്കുകയും നിലവിൽ നികുതി ചുമത്തപ്പെട്ടവയിൽനിന്ന് കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യുന്ന സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. ഈ മേഖല വിഭവ സമാഹരണത്തിനു ശക്തിയായി ഉപയോഗിക്കാവുന്ന രംഗമാണ്. ലൈസൻസ് ഹോൾഡർമാരുടെ എണ്ണം കൂട്ടിയും ലൈസൻസ് ഫീസ് ശാസ്ത്രീയമായി അസ്സസ്സ് ചെയ്ത് ഇത് സാധിക്കാവുന്നതാണ്.

വസ്തു കൈമാറ്റ നികുതി സംബന്ധിച്ച പട്ടികയാണ് അടുത്തതായി പ്രദർശിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഇതിന്റെ സമാഹരണവുമായി ഇപ്പോൾ പ്രത്യേകിച്ചും വലിയ പങ്ക് ഒന്നുമില്ലെങ്കിലും, ഈ രംഗത്തുനിന്നും അധിക വിഭവം സമാഹരിക്കാനും അതു വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാനും കഴിയും. കഴിഞ്ഞ അഞ്ച് വർഷത്തെ പട്ടിക കാണുക.

പട്ടിക 8

വർഷം	ലഭിച്ച സംഖ്യ	വളർച്ച %	ശരാശരി വളർച്ച %
1991—92	104018/-		(— 0.72%)
92—93	69078/-	— 33.6	
93—94	122082/-	+ 14.8	
94—95	65875/-	— 26.7	
95—96	147596/-	+ 41.9	

പഞ്ചായത്തിന്റെ മൊത്തം വരവ് കഴിഞ്ഞ അഞ്ച് വർഷത്തേത് പട്ടികയായി കൊടുക്കുന്നു.

പട്ടിക 9

വർഷം	തനത് വരവ്	ഗ്രാന്റ്	ജെ. ആ. വൈ	ആകെ
91–92	334313/–	310308/–	919574/–	1564195/–
92–93	245894/–	431798/–	828779/–	1506471/–
93–94	645530/–	314675/–	563067/–	1523272/–
94–95	493935/–	419569/–	726881/–	1640355/–
95–96	464887/–	663186/–	828132/–	1956205/–

വരവിനങ്ങളും ശതമാനക്കണക്കിലും — കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി % കണക്കിലും കാണുക.

പട്ടിക 10

വർഷം	JRY %	ശരാശരി %	ഗ്രാന്റ് %	ശരാശരി %	തനത് %	ശരാശരി %
91–92	58.7		19.8		21.42	
92–93	55		28.6		2.4	
93–94	37	47.47%	20.6	25.7%	42.4	27.7%
94–95	44.3		25.67		30.03	
95–96	42.3		33.9		23.3	

J R Y വരവ് ചെലവ് — പട്ടിക — 5 വർഷത്തേക്ക്

പട്ടിക 11

വർഷം	വരവ്	ചെലവ്	നീക്കിയിരുപ്പ്
91-92	919574/-	908451/-	11123/-
92-93	828779/-	795413/-	33663/-
93-94	563067/-	382323/-	180323/-
94-95	726881/-	419049/-	307832/-
95-96	828132/-	473758/-	354374/-

ചെലവിനങ്ങൾ

പ്രധാന ചെലവിനം എസ്റ്റാബ്ലിഷ്മെൻറ് പട്ടിക 1

വർഷം	ചെലവായ സംഖ്യ	ശതമാനം	ശരാശരി ശതമാനം 5 വർഷത്തെ
1991-92	202917/-	66.8	
92-93	228605/-	93.	
93-94	281694/-	43.6	65.05%
94-95	286627/-	68.	
95-96	268658/-	53.8	

പൊതുമരാമത്ത് ചിലവ് പട്ടിക 2

വർഷം	ചെവാക്കിയ തുക	ശരാശരി (കഴിഞ്ഞ 5 വർഷം ചെലവ്
91-92	336486/-	
92-93	198329/-	
93-94	75293/-	294282-2 രൂപ
94-95	308935/-	
95-96	552368/-	

ചിലവിനങ്ങളായ വിദ്യാഭ്യാസം, സ്ട്രീറ്റ്ലൈറ്റ്, ലൈഡനേജ്, എന്നിവയുടെ പട്ടികയും കാണുക.

	വിദ്യാഭ്യാസം		സ്ട്രീറ്റ്ലൈറ്റ്		ലൈഡനേജ്		പലവക	
	സംഖ്യ	ശരാശരി	സംഖ്യ	ശരാശരി	സംഖ്യ	ശരാശരി	സംഖ്യ	ശരാശരി
91—92								
92—93								
93—94	20,343/-		57913/4-		400ാ7/-		159553/-	
94—95								
95—96								
ആകെ	101715/—		289567/—		200187/—		797769/—	

കഴിഞ്ഞ 5 വർഷത്തെ വരവ് ചെലവ് പട്ടിക കാണുക.

വർഷം	വരവ്	ചെലവ്	നീക്കിയിരുപ്പ്	അധികം ചെലവ്
91–92	1564195/-	1596864/-		32669/-
92–93	1566471/-	1473600/-	32871/-	
93–94	1523271/-	1057873/-	465399/-	
94–95	1640355/-	1265897/-	374458/-	
95–96	1956207/-	1528975/-	427410/-	

പഞ്ചായത്തിന് കടബാദ്ധ്യതയില്ല കടമെടുത്ത് പദ്ധതികളൊന്നും നടപ്പാക്കിയിട്ടുമില്ല.

കുളക്കാട് ഗായത്രി പുഴ റോഡ്, പാറയ്ക്കൽ പറമ്പ് ഗായത്രി പുഴ റോഡ് എന്നിവ പണിതതുവഴി പുഴയിൽനിന്ന് മണൽ എടുക്കാനുള്ള സാദ്ധ്യത വർദ്ധിച്ചു. അതുവഴി മണൽ ലേല സംഖ്യ വർദ്ധിച്ച അളവിൽ കൂടിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

പഞ്ചായത്തിൽ നിന്ന് 109-ൽ താഴെ ആളുകൾ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ വരുമാനം കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും 500000/- രൂപ പ്രതിമാസം ഗൾഫ് മണി ഇവിടെ എത്തിച്ചേരുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇങ്ങനെ എത്തുന്ന സംഖ്യയുടെ സിംഹഭാഗവും, അവർ ഗൾഫിലേക്ക് പോകാൻ വാങ്ങിയ കടം വീട്ടാനും ഭൂരിഭാഗവും വീടുകൾ നിർമ്മിക്കാനുമാണ് ഇറക്കുന്നത്. അൽപ സ്വൽപം പേർ ഭൂമി വാങ്ങാനും ഇറക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് നിവാസികളല്ലാത്ത ഗൾഫ് മലയാളികൾ തുടങ്ങിയ 'മിൽക്കോ ഫാം' എന്ന ഒരു സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ട്. ആട്, മാട്, കോഴി വളർത്തുകയും വിപണനം നടത്തുകയും ചെയ്യുന്ന പ്രസ്തുത ഫാം സാമാന്യം നല്ല നിലയിൽ നടക്കുന്നുണ്ട്. 8 പാർട്ണർമാർ നടത്തുന്ന ഈ സ്ഥാപനത്തിന്റെ ആസ്ഥി 30, [illegible] ലക്ഷത്തോളമാണെന്നറിയുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ തനത് വരവ് ആഫീസിന്റെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിനേ കഴിയുന്നുള്ളൂ എന്ന് സൂക്ഷ്മമായി പഠിച്ചാൽ മനസ്സിലാകും. വികസന പ്രവർത്തനങ്ങൾക്ക് ഇതര ഗ്രാൻറുകൾക്ക് കാത്തിരിക്കേണ്ടി വരുന്നു.

ഗ്രാൻറില്ലെങ്കിൽ വികസന പ്രവർത്തനങ്ങൾ ഒന്നുമില്ല എന്ന് സാരം.

പരിഹാര നിർദ്ദേശങ്ങൾ

1 കെട്ടിട നികുതി ശാസ്ത്രീയമായി അസ്സെസ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കുക.

2 ജീവനക്കാരിൽ നിന്ന് പിരിച്ചെടുക്കുന്ന തൊഴിൽ തരത്തിന് മാത്രമെ മാനദണ്ഡം ബാധകമാക്കിയിട്ടുള്ളൂ എന്ന് കാണാം. അത്രതന്നെ വരുമാനമുള്ള, അഥവാ അതിലധികം വരുമാനമുള്ള ബിസിനസ്സുകാർ, കർഷകർ, തുടങ്ങിയവർ നാമമാത്രമായ നികുതിയായേ അടയ്ക്കുന്നുള്ളൂ. പലരും നികുതി ദായകരുടെ പട്ടികയിൽ വന്നിട്ടുമില്ല.

3 ലൈസൻസ് ഫിസ് അസ്സെസ് ശാസ്ത്രീയമാക്കുകയും പിരിച്ചെടുക്കാൻ നടപടികളുമുണ്ടാവണം.

4 പഞ്ചായത്തിന് ലഭിക്കേണ്ട VTC, സ്റ്റാമ്പ് ഡ്യൂട്ടി, എന്നിവയുടെ കണക്ക് ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി അവകാശപ്പെട്ടത് ചോദിച്ചു വാങ്ങുക. വസ്തു കൈമാറ്റ രംഗത്ത് വമ്പിച്ച നികുതി ചോർച്ച നടക്കുന്നതായി എല്ലാവർക്കുമറിയാം. പ്രമാണത്തിൽ വില കുറച്ച് കാണിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ ശക്തവും ശാസ്ത്രീയവുമായ ബോധവൽക്കരണം ആവശ്യമാണ്.

5 എല്ലാ പുതുതായ നീക്കങ്ങൾക്കും എതിർപ്പുണ്ടാകുക പ്രാരംഭത്തിൽ സ്വഭാവികം മാത്രമാണ് അതുകൊണ്ട് സർവ്വ കക്ഷി സമിതിയിൽ കൂടി മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കാൻ വേണ്ട പ്രചാരണവും യോജ്യ സാഹചര്യവും സൃഷ്ടിക്കുക.

6 ഗൾഫ് മലയാളികളുടെ വിവരം ശേഖരിച്ച് സൂക്ഷിക്കുകയും അവരെ ഉൽപ്പാദന മേഖലയിൽ കഴിവതും മുതലിറക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

7 നാഷണ ലൈസ്സ് ബാങ്കിന്റെ സർവ്വീസ് മെച്ചപ്പെടുത്താൻ സൂചന നൽകുക.

8 കള്ള് ഷാപ്പ് ലേലത്തുകയുടെ വിഹിതം പഞ്ചായത്തിൽ ലഭ്യമാക്കാൻ സർക്കാരിനോട് അപേക്ഷിക്കുക.

9 നിലവിലുള്ള കെട്ടിടങ്ങളേയും പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടേയും പ്ലാനും എസ്റ്റിമേറും പഞ്ചായത്തിൽ ശേഖരിച്ചു വെക്കാൻ സംവിധാന മുണ്ടാക്കുക.

വിദ്യാഭ്യാസം

5

എല്ലാ തുറയിലുംപെട്ടവർ ഇന്ന് വളരെയധികം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് വിദ്യാഭ്യാസം. ഇത്ര ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടിവന്ന സാഹചര്യത്തെ ഗൗരവമായി കാണുന്നു, നിലവിലുള്ള പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇന്നലകളിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നും നാളെകൾ എന്തായിരിക്കണമെന്നു നിഗമനത്തിലെത്താനും കഴിയണമെന്ന ഉദ്ദേശത്തോടെ തുടങ്ങുന്നു.

1950 തുകളിൽ നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാത്തിനേ സൗകര്യമുണ്ടായിരുന്നുള്ളൂ. ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. 1913ൽ സ്ഥാപിച്ച തരൂർ എലിമെൻററി സ്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെസ്കൂൾ. 1917ൽ സ്ഥാപിച്ച അത്തിപ്പൊറ LP സ്കൂളാണ് രണ്ടാമത്തേത്. 50തുകളിൽ 500ൽ താഴെ കുട്ടികളെ നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളിലുംകൂടി എത്തിയിരുന്നുള്ളൂ. 35ൽ താഴെ അദ്ധ്യപകരും.

1957-ലെ വിദ്യാഭ്യാസ ബില്ലും തുടർന്നുള്ള ഭൂപരിഷ്ക്കരണ ബില്ലും സമൂഹത്തിലുണ്ടാക്കിയ മാറ്റം വളരെയധികം പ്രതിഫലിച്ചത് ഈ രംഗത്തു് ആണെന്നു് വിലയിരുത്തേണ്ടിവരും. വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ, അഥവാ ഭരണഘടന വിഭാവനം

ചെയ്യുന്ന, എല്ലാ കുട്ടികൾക്കും സൗജന്യ പ്രാഥമിക വിദ്യാഭ്യാസം എന്ന ആശയം നടപ്പാക്കാൻ കേരളം പോലെ ശ്രമിച്ച മറൊരു സംസ്ഥാനം ഇന്ത്യയിലില്ല. അവസാനമായി സമ്പൂർണ്ണ സാക്ഷരതാ പരിപാടി കേരളത്തിന് തൊട്ടുകിടയായി നിൽക്കുന്നു.

എന്താണ് നമ്മുടെ പഞ്ചായത്തിലെ സ്ഥിതി നമുക്ക് പരിശോധിക്കാം.

വിദ്യാർത്ഥികളുടെ കണക്ക് കാണുക

പട്ടിക 1

LP തലം			UP തലം			ഹൈസ്കൂൾ തലം			ആകെ വിദ്യാർത്ഥികൾ
ആൺ	പെൺ	പെൺ%	ആൺ	പെൺ	പെൺ%	ആൺ	പെൺ	പെൺ%	
113	1031	48%	611	653	52%	535	514	49%	4457
2144			1264			1049			

മൊത്തം വിദ്യാർത്ഥികളുടെ പട്ടിക ശതമാനകണക്കിൽ കാണുക 2

LP തലം	UP തലം	ഹൈസ്കൂൾ തലം	ആകെ
48.1%	28 4%	23.5%	100%
2144 കുട്ടികൾ	1264 കുട്ടികൾ	1049 കുട്ടികൾ	4457

നമ്മുടെ ലോവർ പ്രൈമറി തലത്തിലെത്തുന്ന കുട്ടികളിൽ വലിയ ഒരു ഭാഗം അവിടെ വെച്ചുതന്നെ പഠിത്തം നിർത്തുകയോ UP തലത്തിലേക്ക് കടക്കാതിരിക്കുകയോ ചെയ്യുന്നു. ഹൈസ്കൂൾ തലത്തിലേക്ക് വരുമ്പോൾ വീണ്ടും കുറയുന്നു.

അദ്ധ്യാപകരുടെ പട്ടിക കാണുക

പട്ടിക 3

	സ്ഥാപനത്തിന്റെ പേര്	അദ്ധ്യാപകർ M	F	ആകെ
1	S M M H S പഴമ്പാലക്കോട്	22	44	66
2	A U P S തരൂർ	5	16	21
3	A M A U P S നെച്ചൂർ	5	9	14
4	G L P S വാവുള്ള്യാപുരം	2	5	7
5	G M L P S തോണിപ്പാടം	2	8	10
6	B J B S അരിയാശ്ശേരി	4	2	6
7	A L P S പഴമ്പാലക്കോട്	2	13	15
8	K M M L P S അത്തിപ്പൊറ	2	10	12
	ആകെ	44	107	151

പട്ടിക 4

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

LP തലം	UP തലം	HS തലം
31.5	30.8	24.9

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യതയും **പട്ടിക 5**

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
ക്രമനമ്പർ	സ്കൂളിന്റെ പേര്	എയ്ഡഡ്/അൺഎയ്ഡഡ്/സർക്കാർ/നോൺ റെക്കഗ്നൈസ്ഡ്	ലൈബ്രറി	ലബോറട്ടറി	കമ്പ്യൂട്ടർ	ടേപ്പ് റിക്കാർഡർ	സിനിമാപ്രൊജക്ടർ	ബ്ലാക്ക്ബോർഡ്	മാതൃസംഘം	PTA	ക്ലാസ് PTA	കായികാധ്യാപകർ	ചിത്രകലാധ്യാപകർ	സംഗീതാധ്യാപകർ	പ്രവൃത്തി പരിചയാധ്യാപകർ	ടെലിവിഷൻ
1	SMM ഹൈസ്കൂൾ പഴമ്പാലക്കോട്	എയ്ഡഡ്	✓	✓	✓	—	✓	✓	✓	✓	—	✓	✓	✓	✓	—
2	AUP സ്കൂൾ, തരൂർ	,,	✓	✓	—	—	—	✓	✓	✓	—	—	—	—	—	—
3	AMAUP സ്കൂൾ നെച്ചൂർ	,,	✓	✓	—	—	—	✓	✓	✓	—	—	—	—	—	—
4	KMMLP സ്കൂൾ അത്തിപ്പൊറ	,,	—	—	—	✓	—	✓	✓	✓	—	—	—	—	—	—
5	BJBS അരിയാശ്ശേരി	,,	—	—	—	—	—	✓	✓	✓	—	—	—	—	—	—
6	ALP സ്കൂൾ പഴമ്പാലക്കോട്	,,	—	—	—	—	—	✓	✓	✓	—	—	—	—	—	—
7	GMLP സ്കൂൾ തോണിപ്പാടം	ഗവൺമെൻറ്	—	—	—	—	—	✓	✓	✓	—	—	—	—	—	—
8	GLP സ്കൂൾ വാവുള്ള്യാപുരം	,,	—	—	—	—	—	✓	✓	✓	—	—	—	—	—	—
9	NSS ഇംഗ്ലീഷ് മീഡിയം LP സ്കൂൾ പഴമ്പാലക്കോട്	നോൺ റക്കഗ് നൈസ്ഡ്	—	—	—	—	—	✓	✓	✓	—	—	—	—	—	—

മുൻ പട്ടികകളിലൂടെ കണ്ണോടിച്ചാൽ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ലോവർ പ്രൈമറി തലം മറ്റു രണ്ട മേഖലകളെ അപേക്ഷിച്ച് അവഗണിക്കുന്ന എന്ന് കാണാം. നമ്മുടെ എൽ. പി. സ്കൂളുകളിലെ ഭൗതിക സാഹചര്യം നാം കൊട്ടിഘോഷിക്കുന്നതു പോലെ ഉയർന്നിട്ടില്ല എന്നതും വ്യക്തമായിക്കാണാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഉത്സവ പറമ്പിലേക്ക് കുട്ടികളെത്തുന്ന ഉത്സാഹത്തോടെ നമ്മുടെ എൽ. പി. സ്കൂളുകളിലേക്കെത്താൻ മാത്രം രസം അവിടെയെന്തുണ്ട് ? എൽ. പി. തലം വിരസമാണെന്ന് ഇതിനർത്ഥമാക്കിക്കൂടാ. രസപ്രദമല്ല എന്ന് ചുരുക്കം.

നമ്മുടെ പഞ്ചായത്തിലെ ഏത് എൽ. പി. സ്കൂളുകളിലും കല,കായിക, സംഗീത അധ്യാപകർ ഇല്ലെന്ന് കാണാം. റേഡിയോ, ലൈബ്രറി, അതുപോലെ മറ്റുപല ഭൗതിക സാഹചര്യങ്ങളും അവർക്കുപോലും അന്യമാണ്. നല്ല ഫർണീച്ചർപോലും— കുറഞ്ഞ മനസ്കരും ആ തലത്തിൽതന്നെ വെച്ച് സ്കൂളുകളോട് വിട പറയുകയാണിപ്പോൾ അത്ഭുതപ്പെടാനില്ല—

പരിഗണനയും ഭൗതിക സാഹചര്യങ്ങളും ഏറ്റവും വർദ്ധിച്ച അളവിൽ എൽ.പി. യിലും പിന്നിട് യു.പി.യിലും ഹൈസ്കൂളിലും എന്ന ശാസ്ത്രീയത നാം നേരെ തിരിച്ചാണ് നടപ്പാക്കിയത്. വിദ്യാർത്ഥി അനുപാതവും ഭൗതിക സാഹചര്യങ്ങളുടെ പട്ടികയും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നതും.

—പരത്തി പറയാനാണ്, അഥവാ കാണാനാണ് ശ്രമിച്ചത്. അതു് ആഴത്തിലും കാണണം—എത്തണം — അതാണ് വർത്തമാന കേരളത്തിന്റെ, നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രശ്നം — അളവിൽ കൂടി — വളരെ നല്ലതു്— ഇനി ഗുണത്തിലും കൂട്ടണം—

ഭൗതിക സാഹചര്യങ്ങളുടെ മറ്റൊരു പട്ടിക

പട്ടിക 6

ക്രമ നമ്പർ	സ്കൂളിന്റെ പേരു്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപുര ഉണ്ടോ— എത്ര?	കുടിവെള്ളം സ്കൂൾ അങ്കണത്തിൽ ഉണ്ടോ	വൈദ്യുതി ഉണ്ടോ
1	SMMHS പാമ്പാലക്കോട്	1793	66	3	ഉണ്ട്	ഉണ്ട്
2	AUPS തരൂർ	595	21	2	ഇല്ല	ഇല്ല
3	AMAUPS നെച്ചൂർ	347	14	2	ഇല്ല	ഇല്ല
4	ALPS പഴമ്പാലക്കോട്	524	15	1	ഉണ്ട്	ഇല്ല
5	BJBS അരിയാശ്ശേരി	179	6	1	ഇല്ല	ഇല്ല
6	KMMLPS അത്തിപ്പൊറ	378	12	1	ഉണ്ട്	ഉണ്ട്
7	GMLPS തോണിപ്പാടം	366	10	1	ഇല്ല	ഇല്ല
8	GLPS വാവുള്ള്യാപുരം	178	7	1	ഉണ്ട്	ഇല്ല

കഴിഞ്ഞ അഞ്ച് വർഷത്തെ SSLC വിജയശതമാനം പട്ടിക — 7

91–92	92–93	93–94	94–95	95–96
25	22	24	23	32

സ്കൂളിന്റെ പേര് SMM ഹൈസ്കൂൾ പഴമ്പാലക്കോട്.

കഴിഞ്ഞ അഞ്ചു വർഷത്തെ SSLC വിജയ ശതമാനം കാണിക്കുന്നത് പഞ്ചായത്തിലെ കുറഞ്ഞ വിജയ ശതമാനമാണ്.ഒരു പക്ഷെ പ്രൈമറി തലത്തിലെ വിജയ ശതമാനം ഇതുപോലെ അവലോകനം ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ അർഹിക്കുന്ന ചില പരിഗണന നിലവാരത്തകർച്ചയെ നേരിടുന്ന വിഭാഗത്തിന് കിട്ടുമായിരുന്നു എന്നു തോന്നുന്നു.

നമ്മുടെ പഞ്ചായത്തിലെ 12.2%വിദ്യാർത്ഥികളും ഗവ. സ്ക്കൂളുകളിലും ബാക്കി എയ്ഡഡ് സ്ക്കൂളുകളിലുമാണ് പഠിക്കുന്നത്. 544 വിദ്യാർത്ഥികൾക്ക് 16അദ്ധ്യാപകർ മാത്രം. ആ മേഖലയിൽ വിദ്യാർത്ഥി അനുപാതം 34 ആണ്. ആകെ അദ്ധ്യാപകരിൽ ഗവ. അദ്ധ്യാപകർ 9.8%വും.

പറഞ്ഞു വന്നത് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ മാതൃകയാവണം എന്നാണ്. അതിനുശേഷം സ്വകാര്യ മേഖലയെ പുഷ്ടിപ്പെടുത്താൻ നടപടികളും വേണം.

നമ്മുടെ പഞ്ചായത്തിലെ പട്ടിക ജാതി വിദ്യാർത്ഥികളുടെ കണക്ക് പട്ടിക തിരിച്ചു കാണുന്നതും പരിശോധിക്കുന്നതും നന്നായിരിക്കും.

I മുതൽ 10 വരെ ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം

പട്ടിക 8

സ്റ്റാൻഡേർഡ്/ബാർ		ആൺ	പെൺ	ആകെ
I	സ്റ്റാൻഡേർഡ്	32	30	62
II	,,	51	41	92
III	,,	37	34	71
IV	,,	40	46	86
V	,,	36	30	66
VI	,,	26	31	57
VII	,,	31	23	54
VIII	,,	33	22	55
IX	,,	19	35	54
X	,,	13	10	23
	ആകെ	318	302	620

13.9% വിദ്യാർത്ഥികളും പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണെന്ന് കാണാം. ജനസംഖ്യ ആനുപാതവുമായി തട്ടിച്ചുനോക്കുമ്പോഴും ഇനിയും വിദ്യാർത്ഥികളും സ്കൂളുകളിൽ എത്തേണ്ടതായിട്ടുണ്ട് എന്നാണ് അനുമാനം. തരൂർ പഞ്ചായത്തിലെ ജന സംഖ്യയുടെ 21% പട്ടിക ജാതിക്കാരാണ്.

നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ വയസ്സു തിരിച്ച പട്ടിക പരിശോധിക്കാം. അടുത്ത അഞ്ചുവർഷം വിദ്യാലയങ്ങളിലെത്തേണ്ട വരാണല്ലോ ഇവർ. 0–5 വരെ വയസ്സുകാർ

പട്ടിക 9

വാർഡ്	0—1	1—2	2—3	3—5	ആകെ
I	35	55	59	70	219
II	31	34	35	37	137
III	32	76	173	96	377
IV	21	55	64	160	300
V	12	29	17	43	101
VI	27	30	30	39	126
VII	26	32	26	83	167
VIII	18	55	44	40	157
IX	108	120	150	205	583
X	77	127	45	154	403
ആകെ	387	613	643	927	2570

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പട്ടിക 10

Sl. No	സ്ഥാപനങ്ങളുടെ സ്വഭാവം	ആകെ എണ്ണം	സർക്കാർ വക	റെക്കഗ്നൈസ്ഡ്/ നോൺറെക്കഗ്നൈസ്ഡ്	എയിഡഡ്
1	LP സ്കൂൾ	6	2	1	3
2	UP സ്കൂൾ	2	ഇല്ല	ഇല്ല	2
3	ഹൈസ്കൂൾ	1	ഇല്ല	ഇല്ല	1
4	കോളേജ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	സാങ്കേതിക വിദ്യാഭ്യാസം	3	ഇല്ല	3	ഇല്ല
6	പാരലൽ/ ട്യൂട്ടോറിയൽ	3	ഇല്ല	3	ഇല്ല
7	പ്രൊഫഷണൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	നേഴ്സറി	3	1	2	ഇല്ല
	ആകെ	18	3	9	6

1954–55 അധ്യയന വർഷത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി 8–ാം ക്ലാസ് ആരംഭിക്കുന്നത്. പഴമ്പാലക്കോട് ഹൈസ്കൂളിൽ 57–58–ൽ ആദ്യത്തെ SSLC ബാച്ച് പരീക്ഷയെഴുതി. 60–ൽ താഴെ വിദ്യാർത്ഥികൾ. ഇന്ന് ഇതിന്റെ 4 ഇരട്ടിയിൽ അധികം കുട്ടികൾ പരീക്ഷയ്ക്ക് ഇരിക്കുന്നുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിലെ മാർക്ക് റജിസ്റ്ററിലൂടെ കണ്ണോടിച്ചാൽ 20–25% വിദ്യാർത്ഥികളേ പഠനത്തിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുള്ളൂ എന്ന് കാണാൻ കഴിയും. അതായത് 60% മാർക്ക് നേടിയവർ ഏതാണ്ടിത്രതന്നെ (20 to 25%) വിദ്യാർത്ഥികൾ വളരെ താഴ്ന്ന തട്ടിലാണ് നിൽക്കുന്നത് എന്നു കാണാം. ഭൂരിഭാഗം വിദ്യാർത്ഥികളും 35 to 40% മാർക്ക് വാങ്ങിക്കുന്ന ഏവറേജ് വിഭാഗത്തിൽപെട്ടവരാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ IX, X വാർഡുകളിൽ വേണ്ടത്ര വിദ്യാഭ്യാസ സൗകര്യങ്ങളില്ല.

2 വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടതാക്കാൻ കഴിഞ്ഞിട്ടില്ല.

3 പ്രീ-പ്രൈമറി വിദ്യാഭ്യാസം എന്ന ആശയം പഞ്ചായത്തിൽ എല്ലായിടത്തും നടപ്പാക്കിയിട്ടില്ല.

4 PTA കൾ ശക്തമാണെന്നു പറയാൻ കഴിയില്ല.

5 ക്ലാസ്മുറികൾ വേർതിരിക്കാൻ ഹാളിൽ ഇടച്ചുമരുകളില്ല. ഭൗതിക സാഹചര്യങ്ങളിൽ കുറവുണ്ട്.

പ്രശ്ന പരിഹാരങ്ങൾ

1 സ്കൂൾ PTA കൾ ശക്തിപ്പെടുത്തണം

2 നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പ്രൈമറിതലം വരെ പഠനോപകരണങ്ങൾ സൗജന്യമായി കൊടുക്കണം.

3 ലംപ്സംഗ്രാന്റ് പണമായി നൽകുന്നതിനുപകരം സാധനങ്ങളായി നൽകണം

4 അർഹതയുള്ളവരെമാത്രം പ്രമോട്ട് ചെയ്യുന്ന രീതി നടപ്പിലാക്കണം.

5 പ്രാഥമിക സൗകര്യമുൾപ്പെടെ ഭൗതികസാഹചര്യങ്ങൾ ഉറപ്പുവരുത്തണം.

6 LP സ്കൂളുകളുടെ സമീപം ഡെ കെയർ സെൻറർ തുറക്കണം.

7 ക്ലാസ് റൂം സപ്പറേഷൻ ഉറപ്പുവരുത്തണം.

8 രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുകയും പൊതു വിദ്യാഭ്യാസ രംഗം സജീവമാക്കി നിലനിർത്തുകയും വേണം.

9 തൊഴിലധിഷ്ഠിത സിലബസ് നടപ്പിൽ വരുത്തണം.

വ്യ വ സാ യം

6

തരൂർ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ്. പശ്ചാത്തല സാഹചര്യങ്ങളുടെ കുറവും, പൊതുവെ കൂടിൽ, ചെറുകിട വ്യവസായങ്ങൾക്ക് പിടിച്ചു നിൽക്കാനാവാത്ത അവസ്ഥയും കാരണം ഉള്ളവതന്നെ ചിലതു് പൂട്ടുകയോ, മറ്റു ചിലതു് പൂട്ടലിന്റെ വക്കത്തോ ആണ്. അത്യന്താധുനീക മായ പല പശ്ചാത്തല സൗകര്യങ്ങളും പരസ്യമുൾപ്പെടെയുള്ള മേഖലകളിൽ വ്യവസാ യികം പ്രയോഗിക്കുമ്പോൾ പിൻതള്ളിപ്പോകുന്നത് ഗ്രാമങ്ങളിലെ കൂടിൽ, ചെറുകിട വ്യവസായികളാണ്. വൻകിട, ഇത്തരം വ്യവസായികളോടു് മാർക്കറ്റിൽ കിടപിടി ക്കാൻ അവർക്കാവില്ലല്ലോ.

പരമ്പരാഗത വ്യവസായങ്ങൾ

കളിമണ്ണ് വ്യവസായം, ഈറ്റകൊണ്ടും മുളകൊണ്ടുമുള്ള ഉല്പന്ന നിർമ്മാണം, മരാശാരിയും കരുവാനും ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, നെയ്ത്ത്, കള്ള് വ്യവസായം തുടങ്ങിയവ കുലത്തൊഴിലായി ചെയ്തു വരുന്ന പരമ്പരാഗത വ്യവസായ ങ്ങളാണ്. ആയിരത്തിൽ അധികം കുടുംബങ്ങൾ ഇതുമായി തങ്ങളുടെ കുടുംബം നടത്തുന്നുണ്ട്.

കളിമണ്ണ്കൊണ്ടുള്ള വ്യവസായത്തിൽ ഇഷ്ടിക നിർമ്മാണവും, നെയ്ത്തും ഏതാണ്ട് കേന്ദ്രീകൃത സ്വഭാവത്തിലാണെങ്കിലും ബാക്കിയുള്ളവ തങ്ങളുടെ കുടിലുകളിൽ

ഒതുങ്ങുന്ന വ്യവസായങ്ങളും തന്നെ. നെയ്ത്ത് രംഗത്ത് ഒരു സഹകരണസംഘവും മറേറ രംഗത്ത് ഏതാനും സ്വകാര്യ വ്യക്തികളും സാമ്പത്തിക നേതൃത്വം നൽകുന്നുണ്ട്.

കൃഷി കുഴിച്ചാൽ കഴിഞ്ഞ ദശകങ്ങളിൽ ജീവിത ഉപാധിയായി സ്വീകരിച്ചിരുന്നതു് പരമ്പരാഗത കുടിൽ വ്യവസായങ്ങളാണ്. എന്നാൽ പുതിയ സാഹചര്യത്തിൽ പലതും ലാഭമില്ലാതായി. ചിലവ കുലത്തൊഴിലായതിനാൽ പുത്തൻ തലമുറയ്ക്ക് ആ രംഗത്തു് നിൽക്കാൻ താല്പര്യമില്ലാതെ മാറ് മേഖലകളും തേടിപ്പോയി. പുതിയ മേഖലകളിലേക്കുള്ള മാറ്റം ലാഭനേഷ്ടങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ അല്ല, സാമൂഹ്യപദവിയുമായി ബന്ധപ്പെട്ട ഒരു ശതമാനം കൂടി ഇതിന്റെ പിന്നിലുണ്ട്.

കളിമണ്ണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് കളിമണ്ണ് കിട്ടാനില്ലാത്ത അവസ്ഥയും, പാടം കുഴിച്ച് മണ്ണെടുക്കുമ്പോഴുണ്ടാവുന്ന പരിസ്ഥിതി പ്രശ്നങ്ങളും വിഘാദമായി നിൽക്കുന്നുണ്ട്. ഇഷ്ടിക നിർമ്മാണം നമ്മുടെ പാടങ്ങളെ വല്ലാതെ താറുമാറാക്കിയിട്ടുണ്ട്. നീരൊഴുക്കിന്റെ ഗതിയിൽ വരുത്തിയ മാറ്റം അയൽകൃഷിക്കാരെയും കാര്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയി 20 ഓളം ചൂള വ്യവസായികളും ഉണ്ട്. സീസണിൽ 2000 ത്തോളം തൊഴിലാളികളും ഈ മേഖലയിൽ പണിയിന്നുണ്ട്.

അത്തിപ്പൊറ്റയിൽ പുഴയുടെ ഗതിമാറ്റത്തക്കവിധം മണ്ണെടുത്തു് പോയതു് ജനങ്ങളുടെ ആക്ഷേപത്തിനു് ഇടവരുത്തിയിട്ടുണ്ട്. വാർഡ് 7 ന്റെ ഗ്രാമസഭയിൽ ഈ പ്രശ്നം ഉയർന്നു വന്നിട്ടുണ്ട്. അറവേനലിൽ കുടി വെള്ളത്തിനു് പോലും ബുദ്ധിമുട്ടുന്ന സമയത്ത് പുഴയിൽനിന്നു രാത്രി മുഴുവൻ വെള്ളം പമ്പ് ചെയ്യുന്നതും അക്ഷേപമുയർത്തിയിട്ടുണ്ട്.

കാർഷികരംഗത്ത് വ്യവസായങ്ങൾ

റൈസ്മില്ലുകളാണ് ഈ രംഗത്ത് പ്രധാനം. പ്രധാന വിളയായ നെല്ല് മുക്കാൽ ഭാഗം കർഷകരും പച്ചനെല്ലു തന്നെ അളന്നു വിൽക്കുന്നു. ഇവ ശേഖരിച്ച് അരിയാക്കി മാറ്റുന്ന 12 ഓളം മില്ലുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അവിൽ ഉണ്ടാക്കുന്ന മില്ലുകളും ഉണ്ട്. രണ്ട് വില്ലേജ് ഓഫീൽ മില്ലുകളും ഒന്ന് പഴമ്പാലക്കോട് മറൊന്ന് അത്തിപ്പൊറ്റയിലും പ്രവർത്തിക്കുന്നു. കാലിത്തീറ്റ നിർമ്മാണ യൂണിറ്റും, ജൈവവള നിർമ്മാണ യൂണിറ്റും എല്ലുപൊടി ഉണ്ടാക്കുന്ന ബോൺ മീൽ ഇന്ത്യാറ്റയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ധാരാളം മരച്ചീനി ഇവിടെ വിളയുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും ഒന്നുംതന്നെയില്ല എന്നു പറയാം.

വനിതാ വ്യവസായങ്ങൾ

ഗ്ലാസ്റ്റിക്ക് നാര്കൊണ്ടു കുട്ട, കസേര എന്നിവ മടയുന്ന യൂണിറ്റ്, പ്രിൻറിംങ്ങ് പ്രസ് (പഞ്ചായത്തിലെ ഏക പ്രസ്സ്), ഖാദി യൂണിറ്റ് എന്നിവ പഴമ്പാലക്കോട് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ നാമമാത്ര വ്യവസായങ്ങളെ വനിതാ വ്യവസായങ്ങളായി നില നിൽക്കുന്നുള്ളൂ.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും തൊഴിലാളി ലഭ്യതയും

കുടിൽ വ്യവസായങ്ങൾക്കാവശ്യമായ മുള, കളിമണ്ണ് പോലുള്ള അസംസ്കൃത വസ്തുക്കൾ കിട്ടാൻ ഇന്ന പ്രയാസം നേരിടുന്നുണ്ട്. അസംഘടിതമായി നിലകൊള്ളുന്ന വയാണ് നമ്മുടെ പല കുടിൽ വ്യവസായങ്ങളും എന്നതുകൊണ്ട് അസംസ്കൃത വസ്തുക്കളുടെ ശേഖരണവും വ്യക്തിപരമായി നടത്തുന്ന അവസ്ഥ ഉണ്ട്. ഇതുമാറ്റി സംഘടിതമായ രീതിയിൽ ആയാൽ ഇന്നത്തെ സ്ഥിതി മാറ്റികൊണ്ടുവരാൻ കഴിയും.

പനഞ്ചക്കര പോലുള്ള കുടിൽ വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ കള്ള് സുലഭമായി കിട്ടുന്ന പഞ്ചായത്താണ്. കാർഷികരംഗത്ത് നല്ല സാധ്യതയുള്ള റൈസ് മില്ല് വ്യവസായത്തിന് നെല്ല് ശേഖരിക്കാൻ കഴിയും. നാളികേരം, ഇഞ്ചി, വാഴക്കല മരച്ചീനി, ചക്കരകിഴങ്ങ്, എന്നിവയും ഉപയോഗപ്പെടുത്തി വ്യവസായം തുടങ്ങാൻ സാദ്ധ്യതയുണ്ട്. പാല് നല്ല അളവിൽ ലഭ്യമാകാൻ സാധ്യതയുള്ള പഞ്ചായത്താണ്.

സെറി കൾച്ചർ രംഗത്ത് ഉല്പാദകർ ഉണ്ടായിരുന്നുവെങ്കിലും ബന്ധപ്പെട്ട വ്യവസായങ്ങൾ ഇല്ലാത്തതിനാലും മാർക്കറ്റ് പുറത്ത് മോശമായതിനാലും പലരും നിർത്തി വെച്ചിരിക്കുകയാണ് ഇപ്പോൾ. അതും ഉപയോഗപ്പെടുത്താവുന്ന മേഖലയാണ്.

കാർഷിക മേഖലയിൽനിന്ന് പൊതുവെ തിരിഞ്ഞിരിക്കുന്ന തൊഴിലാളികൾ വ്യാവസായിക രംഗത്ത് നിൽക്കാൻ ആഗ്രഹിക്കുന്നവരാണ്. സ്ത്രീ തൊഴിലാളികളും പിന്നോക്ക, പട്ടികജാതി വിഭാഗങ്ങളിലുംപെട്ടവർക്ക് ഈ മേഖല ആശ്വാസമേകും. തൊഴിലാളി ലഭ്യസാധ്യത തരക്കേടില്ല എന്നുപറയാം.

കൂലിനിരക്ക്

വ്യവസായം നിലനിർത്തുന്നതിനുവേണ്ട സാഹചര്യങ്ങൾക്ക് അനുസരിച്ച് തൊഴിലാളികളുടെ പ്രതിബദ്ധത കിട്ടും എന്നാണ് അനുഭവം. കൂലിനിരക്ക് വനിത ക്ഷേമം എന്ന ഗ്രൂപ്പിൽ പ്രസിദ്ധീകരിച്ചത് കാണുക.

വ്യവസായം തുടങ്ങാൻ സന്നദ്ധതയുള്ളവർ

നമ്മുടെ പഞ്ചായത്തിന്റെ പൊതുസ്ഥിതി അനുസരിച്ച്, വൈദ്യുതി ലഭ്യത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത തുടങ്ങിയവ പരിഗണിച്ച് വലിയ വ്യവസായങ്ങൾ തുടങ്ങാൻ മാത്രം ധൈര്യം കാണിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. വ്യവസായ ആഫീസുകളുടെ സഹായവും സമ്മർദ്ദവും അനുകൂല സാഹചര്യവും ഒരുക്കിയാൽ ഈ മേഖലയിലേക്ക് കടന്നുവരാൻ ആളുകൾ ഉണ്ടാവും എന്നതന്നെയാണ് കരുതുന്നത്.

പഞ്ചായത്ത് തലത്തിൽ വ്യവസായം തുടങ്ങാനുള്ള മനസ്സുള്ളവർക്ക് ആത്മധൈര്യം പകർന്ന കൊടുക്കാൻ ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങൾ നല്ല രീതിയിൽ നടന്നു പോകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

വൈദ്യുതി കിട്ടായ്മ

മിക്ക വ്യവസായങ്ങൾക്കും വൈദ്യുതി ആവശ്യമാണ്. വൈദ്യുതി ഒഴിച്ചുകൂടാനാവാത്ത വ്യവസായങ്ങളും ധാരാളമുണ്ട്. വൈദ്യുതിയുമായി താഴെ പറയുന്ന കാര്യങ്ങൾ വ്യവസായികൾ പൊതുവെ ഉന്നയിക്കുന്നുണ്ട്.

1 വോൾട്ടേജ് ക്ഷാമം
2 മുന്നറിയിപ്പില്ലാത്ത പവ്വർകട്ട്
3 പവർകട്ട്
4 ലോഡ് ഷെഡിംങ്ങ്
5 മോശമായ മൈൻറനൻസ്
6 തൃപ്തികരമല്ലാത്ത സർവ്വീസിങ്ങ്

മേൽപറഞ്ഞവയിലെ 3-ഉം 4-ഉം ഇന്നത്തെ കേരളത്തിൻെറ അവസ്ഥയിൽ ഒഴിവാക്കാൻ കഴിയാത്തതാണെന്ന് അറിയുന്നു. 1-ഉം,2-ഉം,5-ഉം,6-ഉം പരിഹരിക്കാൻ നടപടി സ്വീകരിച്ച് പരിഹരിച്ചാൽ 50%-ൽ അധികം വ്യവസായങ്ങളും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

വ്യവസായ യൂണിറ്റുകൾക്കുള്ള സാധ്യത എത്രത്തോളം

മുളകൊണ്ടു കൊട്ട, വട്ടി, പനമ്പ്, പലതരം പായകൾ, ചവിട്ടികൾ, ടെക്സ്റ്റയിൽ ഡൈയൂണിറ്റ്, മാങ്ങപോലുള്ള നാട്ടിൽ ലഭ്യമായ പഴങ്ങളിൽനിന്നും ജെല്ലി, കാലിത്തീറ്റ, കോഴിത്തീറ്റ, കളിമണ്ണ്, മൺപാത്രം, അലങ്കാര പൂച്ചട്ടികൾ, ഇഷ്ടികകളും വിവിധതരം ടൈൽസ്, പൈപ്പുകൾ, അച്ചാറ്, പപ്പടം, റെഡിമെയ്ഡ്, റൈസ്മില്ല്, അവിൽ-പൊരി സംസ്കരണം തുടങ്ങി പലതും നമ്മുടെ പഞ്ചായത്തിൻെറ സാഹചര്യമനുസരിച്ച് തുടങ്ങാൻ കഴിയേണ്ടവയാണ്.

വനിതാ വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമോ?

വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന സ്ത്രീകൾ തുലോം കുറവാണ് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ പല യൂണിറ്റുകളും നല്ല നിലയിൽ നടത്താൻ കഴിയും. മേൽപറഞ്ഞവയിലെ പല യൂണിറ്റുകളും (ഉദാ: റെഡിമെയ്ഡ്, അച്ചാറ്, പപ്പടം, cte..) ദീർഘവീക്ഷണത്തോടെ പ്ലാൻ ചെയ്ത് അവരെക്കൊണ്ട് തുടങ്ങിച്ചാൽ നടത്താൻ സാധിക്കും.

സഹകരണ മേഖല

സഹകരണ മേഖലയുടെ അനന്ത സാധ്യതകൾ നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത വീട്ടമ്മമാരേയും, യുവതീ യുവാക്കളേയും, പട്ടികജാതി വിഭാഗക്കാരേയും മറ്റ് പിന്നോക്ക വിഭാഗക്കാരേയുമൊക്കെ സംഘടിപ്പിച്ച് ഉപയോഗപ്പെടുത്താൻ കഴിയും. വാചകങ്ങൾക്കതീതമായി നിശ്ചയ ദാർഢ്യമുള്ള ഭാവനയും പ്ലാനും, ഉണ്ടെങ്കിൽ സഹകരണരംഗം അത്ഭുതാവഹമായ പുരോഗതിയുണ്ടാക്കാൻ പറ്റിയ മേഖയാണ്. കൂട്ടായ്മയും

കർമ്മശേഷിയും വിത്തവും വിദ്യയും വൈവിദ്ധ്യതയും ഒത്തുചേരുന്ന സഹകരണരംഗം അവശ ദുർബ്ബല വിഭാഗങ്ങളുടെ പുരോഗതിക്കായി ഒരു കാലത്തു് അവർക്കന്യമായിരുന്ന വ്യാവസായിക മേഖലയിൽ പരീക്ഷിച്ചാൽ ഫലം സംശയമില്ല, വൻവിജയമാകും.

ഉയർന്ന ടേഡ് യൂണിയൻ പ്രസ്ഥാനങ്ങളും നമ്മുടെ നാട്ടിലുണ്ടു്, ഉയർന്ന അവകാശബോധവും കടമകളും അർപ്പണ മനോഭാവവും ആത്മാർത്ഥതയും തൊഴിൽ രംഗത്തു് മുറുകെ പിടിക്കേണ്ടവയാണു്. ഇതൊന്നും ഇപ്പോഴും ഇല്ലെന്ന ധ്വനി–മൂല്യ ശോഷണം വന്നിട്ടുണ്ടോ എന്ന ആത്മപരിശോധനയ്ക്കായി ഓർമ്മിപ്പിക്കുന്നു എന്നു് മാത്രം. വ്യവസായങ്ങളും നില നിൽക്കാൻ ഇന്നത്തെ സാഹചര്യത്തിൽ അവ ലാഭത്തിൽ പ്രവർത്തിക്കണം. ലാഭം മേൽ പറഞ്ഞവയുമായി ബന്ധപ്പെട്ടതാണു്താനും.

വൈവിദ്ധ്യമായ നമ്മുടെ സാമൂഹചര്യം അന്തർലീനമാണു്, അതറിയാനും മുതലാക്കാനും നമുക്കു് കഴിയണമെന്ന പ്രത്യാശയോടെ...

വ്യവസായ മേഖലയിലെ സാദ്ധ്യതകൾ.

I നെല്ലു് സംസ്ക്കരിച്ചു് അരി, അവിൽ, പൊരി എന്നിവയുണ്ടാക്കുന്ന വ്യവസായം, 300 പേർക്കു്, തൊഴിൽ കൊടുക്കാൻ കഴിയും. അതിൽ 150സ്ത്രീകൾക്കും തൊഴിൽ കൊടുപ്പാൻ കഴിയും.

നിലവിൽ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ലു് കയറ്റി അയക്കുകയും ആവശ്യമായ അരി പഞ്ചായത്തിലേക്കു് ഇറക്കുമതി ചെയ്യുകയുമാണു് ചെയ്യുന്നതു്.

II മരച്ചീനി, മധുരക്കിഴങ്ങു് സംസ്ക്കരണ യൂണിറ്റു് സുമാർ 50 പേർക്കു് തൊഴിൽ സ്ത്രീകളും ദുർബ്ബല വിഭാഗവും 30 ബാക്കി — 20.
മാവു്, സേമിയ, വറവുകടല തുടങ്ങിയ ഭക്ഷ്യ ഉല്പന്നങ്ങളും.

III പുളി സംസ്ക്കരണം.

പുളി എസൈൻസു്, മേത്തരം പുളിപാക്കറ്റുകളും, കന്നുകാലിതീറ്റയായ പുളിയരിപ്പൊടി, മേത്തരം പുളിയരിപശ. സുമാർ 200 പേർക്കു് തൊഴിൽ.
സ്ത്രീ: ദുർബ്ബല വിഭാഗം 100 ബാക്കി — 100.

IV മാങ്ങ, ചക്ക സംസ്ക്കരണം.

ജാം, ചക്ക വരട്ടിയതു്, ചക്കച്ചുള വറുത്തതു് മൊത്തം 200 പേർക്കു് തൊഴിൽ വനിത ദുർബല വിഭാഗം 150 പേർ.

V വൈക്കോൽ, തവിട്, മരച്ചീനി സംസ്ക്കരിച്ച് കാലിത്തീറ്റയുണ്ടാക്കൽ.

വൈക്കോൽ 20 m m നീളത്തിൽ മുറിച്ച് തവിട്ടും, മരച്ചീനിപ്പൊടിയും കലർത്തി ആവശ്യമായ ധാതു ലവണങ്ങളും ചേർത്ത് കാലിത്തീറ്റ നിർമ്മാണം. 50 പേർക്ക് തൊഴിൽ. വനിത / SC 40 പേർ ബാക്കി 10.

സഹകരണ മേഖല

1 കൊട്ട, വട്ടി, പരമ്പ്, പായ നെയ്ത്ത്, പഞ്ചായത്ത് തലത്തിൽ 30 കുടുംബങ്ങൾ. പഞ്ചായത്ത് തലത്തിൽ സഹകരണ സംഘം, 30 പട്ടികജാതി കുടുംബാംഗങ്ങൾക്ക് തൊഴിൽ.

2 മൺപാത്രം, പൂച്ചട്ടികൾ, മൺതൊട്ടികൾ, ചെങ്കല്ല് ഫ്ളോറിംങ്ങ് ടൈയ്ൽ, മൺപൈപ്പ് വ്യവസായം. സഹകരണ സംഘം പരമ്പരാഗത കളിമൺ വ്യവസായ കുടുംബങ്ങൾക്കും 300 മറ്റു മേഖലക്കാർക്കും, 1000വനിതകൾക്കും ദുർബല വിഭാഗക്കാർക്കും ബാക്കി 500 പേർ,

3 നെയ്ത്ത് നിലവിൽ സഹകരണ സംഘം ഉണ്ട്. പ്രവർത്തനവും ഗ്രേഡും മെച്ചപ്പെടുത്തണം. 400 കുടുംബങ്ങൾക്ക് തൊഴിൽ നൽകാം. ചുരുങ്ങിയത് 600 സ്ത്രീകൾക്കെങ്കിലും ജോലി കിട്ടും.

പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ — പട്ടിക

	പേര്	റജിസ്ട്രേഷൻ	സ്വഭാവം/ഉല്പന്നം
1	ഫിനാ ഇൻഡസ്ട്രീസ് –മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്–തരൂർ	SSI	സേഫ്ടിപിൻ & നീഡിൽ
2	സോവറിൻ പെയ്ൻറ് ഇൻഡസ്ട്രീസ്	,, SSI	പെയ്ൻറ്, വാർണിഷ്
3	ജി. കെ. സ്ക്രൂസ്	,, SSI	സ്ക്രൂസ്
4	മലബാർ ഫെർട്ടിലൈസേഴ്സ്	,, SSI	ജൈവവളം
5	ബോൺ മീൽ ഇന്ത്യാന–പഴമ്പാലക്കോട്	SSI	എല്ലുപൊടി
6	കൃഷ്ണാ പേപ്പർ വർക്സ്–പഴമ്പാലക്കോട്	(വനിത)	പ്രസ്സ് (പ്രിൻറിങ്ങ്)
7	ഷൺമുഖാ സോമിൽ–പഴമ്പാലക്കോട്	SSI	ഈർച്ച (wood)
8	മൊഹമ്മദലി വുഡ് ഇൻഡസ്ട്രീസ്–പഴമ്പാലക്കോട്	SSI	ഈർച്ചമിൽ
9	രജനി മാച്ച് ഫാക്ടറി–പഴമ്പാലക്കോട്	SSI	തീപ്പെട്ടി
10	മണികണ്ഠാ ഓയിൽമിൽ–പഴമ്പാലക്കോട്	SSI	കൊപ്ര ആട്ടൽ
11	അംബികാ പീസ് & ഫ്ളോർമില്ല് പഴമ്പാലക്കോട്	SSI	കാലിത്തീറ്റ
12	പൊന്നുചാമി ഇൻഡസ്ട്രീസ്–പഴമ്പാലക്കോട്	SSI	എഞ്ചിനീയറിങ്ങ്
13	സ്മിത എഞ്ചിനീയറിങ്ങ് വർക്സ്–പഴമ്പാലക്കോട്	SSI	വെൽഡിംഗ്
14	ലക്ഷ്മി എൻറർപ്രൈസസ് പഴമ്പാലക്കോട്	(വനിത)	പ്ലാസ്റ്റിക്വർക്സ്
15	ഖാദി - പഴമ്പാലക്കോട്		നൂൽ (ഖാദി)
16	ഭാനുമതി ഫ്ളവർമിൽ–മരുതക്കോട്	SSI	ഫ്ളവർമിൽ
17	ശ്രുതി ഇലാസ്റ്റിക്–അത്തിപ്പൊറ	SSI	ഇലാസ്റ്റിക്
18	റോയൽ ഇൻഡസ്ട്രീസ്–അത്തിപ്പൊറ	SSI	കോർക്ക്
19	ജയശ്രീ മാച്ച് വർക്സ്–അത്തിപ്പൊറ	SSI	തീപ്പെട്ടി (ഭാഗികം)
20	ജയന്തിവാസൽ റൈസ്മിൽ/ഫ്ളവർമിൽ/ഓയിൽമിൽ	SSI	VO. അവിൽ, അരി, എണ്ണ (കൊപ്ര ആട്ടൽ)
21	പഴമ്പാലക്കോട് വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി (സഹകരണസംഘം)		പരമ്പരാഗത തറിനെയ്ത്ത്
22	മിൽക്കോഫാം–കിഴക്കുമുറി–പഴമ്പാലക്കോട്		കോഴി, ആട്, മാട്

— റൈസ്മില്ലുകൾ	14 എണ്ണം		
— പാൽ സംഘങ്ങൾ	4 എണ്ണം		
— ഫർണിച്ചർ	4 എണ്ണം	ആകെ —	22
	22		22
			44 എണ്ണം

7

ഭവനനിർമ്മാണം

തലചായ്ക്കാനൊരിടം ഏതൊരു പൗരനേറെയും പ്രാഥമികമായ ആവശ്യമാണ്. എന്നാൽ നാളിതുവരെയും ഭവനനിർമ്മാണ രംഗത്ത് ക്രിയാത്മകമായി നടപ്പിലാക്കിയ ആസൂത്രണ പദ്ധതികൾക്കൊന്നുംതന്നെ തരൂർ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഭാഗികമായെ പരിഹരിക്കാനായിട്ടുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇവിടുത്തെ ഭവനനിർമ്മാണ രംഗത്തുണ്ടായ വളർച്ചാ നിരക്ക് പരിശോധിക്കുമ്പോൾ 1992–93ൽ 7.64% തുടർന്നുള്ള വർഷങ്ങളിൽ യഥാക്രമം 0.85%, 0.96%, 1.24% എന്നിങ്ങനെ പിന്നോക്കാവസ്ഥയാണ് കാണിക്കുന്നത്. മൊത്തം 1991–96 കാലയളവിൽ ശരാശരി 2.67% മാത്രം വളർച്ചാ നിരക്കാണ് കാണിക്കുന്നത്.

പട്ടിക 1

വർഷം	1991–92	92–93	93–94	94–95	95–96	ആകെ	ശരാശരി വളർച്ച നിരക്ക്
മൊത്തം കെട്ടിടങ്ങളുടെ എണ്ണം	5423	5871	5921	5978	6053	6053	
വളർച്ചാ നിരക്ക്	—	7.64	0.85	0.96	1.24	—	2.67

2000–ാം മാണ്ടിലെത്തിയ കേരളത്തിലെ ഇതര പഞ്ചായത്തുകളുടെ ക്രമാനുഗതമായ ഈ രംഗത്തെ വികസനം താരതമ്യം ചെയ്യുമ്പോൾ, തരൂർ പഞ്ചായത്ത് പിന്നോക്കാവസ്ഥയിലാണ്. താങ്ങാനാവാത്ത ആവർത്തന ചിലവുകളും, ദുർല്ലഭമായിക്കൊണ്ടിരിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും കാരണം, അൽപ്പ വരുമാനക്കാർക്ക് ഓലവീടുകൾ സംരക്ഷിക്കുവാൻപോലും നന്നേ ക്ലേശിക്കേണ്ടിയിരിക്കുന്നു. 26.13% ഓലവീടുകൾ ഇന്നും നിലനിർത്തുന്ന 10–ാം വാർഡ് ഈ പിന്നോക്കാവസ്ഥയെ ഉയർത്തിക്കൊണ്ടിക്കുന്ന ഇക്കാര്യത്തിൽ മറ്റു വാർഡുകളിലേയും സ്ഥിതി വിഭിന്നമല്ല. 6–ാം വാർഡിൽ 16.34%, 8–ാം വാർഡിൽ 15.07%, 9–ാം വാർഡിൽ 14.07% എന്നിങ്ങനെ പഞ്ചായത്തിലെ ഭൂരിപക്ഷ വാർഡുകളിലും ഓലവീടുകളുടെ എണ്ണം ഒട്ടും കുറവല്ല. മൊത്തം 6053 വീടുകളിൽ 13.68% ഓല വീടുകളാണെന്നത് ഭവന നിർമ്മാണ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്.

പഞ്ചായത്തിൽ പത്തുവാർഡുകളിലായി ആകെ 4887ഓടുവീടുകളാണുള്ളത്. അതായത് 80.74% ഓലവീടുകളുടെ ദയനീയ സ്ഥിതിയിലെത്തിയിട്ടില്ലെങ്കിൽത്തന്നെ, ഇതിൽ 30% വീടുകളും ജീർണ്ണാവസ്ഥയിലെത്തിയവയാണ്. പുനർ നിർമ്മാണം അത്യാവശ്യമായിത്തീർന്ന ഇത്തരം വീടുകളും ഏതു നിമിഷവും അപകടം വിളിച്ചുവരുത്തുമെന്നതിൽ സംശയമില്ല.

കൂട്ടു കുടുംബ വ്യവസ്ഥിതി അവസാനിച്ചുകൊണ്ടിരിയ്ക്കുന്ന സാഹചര്യത്തിൽ, ഓരോ വർഷവും ഭവനരഹിതരുടെ സംഖ്യ ഏറെ വർദ്ധിച്ചു വരികയാണ്. 1991 സെൻസസ് സൂചിപ്പിയ്ക്കുന്നത് 4233 വീടുകളിൽ 4290 കുടുംബങ്ങളും താമസിച്ചു വരുന്നതായിട്ടാണ്. 1996-ൽ ഈ അനുപാതം ഏറെ വർദ്ധിച്ചിരിക്കുമല്ലോ. എന്നാൽ സർക്കാരിന്റെ വിവിധ പരിപാടികളിലായി ആകെ 331 വീടുകളും മാത്രമേ ഇതുവരെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഇവയിൽ 311 വീടുകളും പട്ടികജാതിയിൽപ്പെട്ടവർക്കുമാത്രം അനുവദിക്കപ്പെട്ടതാണ്. മൊത്തം ജനസംഖ്യയിൽ 85% പട്ടികജാതിക്കാരല്ലാത്തവരാണെന്നിരിക്കെ, അവർക്ക് കിട്ടിയ 20 വീടുകളും എത്രയോ അപര്യാപ്തമെന്നു കാണുന്നു.

പഞ്ചായത്തിലെ കെട്ടിടങ്ങൾ—വാർഡുതലത്തിൽ—ഇനം തിരിച്ച്.

പാർപ്പിടവും സാമൂഹ്യ ക്ഷേമവും
പട്ടിക 2

വാർഡ്	ഓട്	ടെറസ്	ഓല	ഓട്%	ടെറസ്%	ഓല%	ആകെ
1	572	80	88	77.30	10.81	11.89	740
2	558	64	60	81.81	9.38	8.91	682
3	520	20	87	82.93	3.19	13.88	627
4	562	17	85	84.64	2,56	12.80	664
5	405	70	52	76.85	13.28	9.87	527
6	501	21	102	80.29	3.37	16.34	624
7	418	26	48	84.96	5.28	9.76	492
8	483	13	88	82.70	2.23	15.07	584
9	495	24	85	81.95	3.98	14·07	604
10	373	3	133	73.28	0.59	26.13	509
	4887	338	828	80.74	5.58	13.68	6053

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർ പാർപ്പിട നിർമ്മാണം സ്വയം ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയാത്തവരാണ്. കാർഷിക മേഖലയെ ആശ്രയിച്ചുമാത്രം ദൈനംദിന ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന ഇവർക്ക്, വീടുനിർമ്മാണത്തിന് പണം സ്വരൂപിക്കുകയെന്നത് വെറുമൊരു പാഴ്സ്വപ്നം മാത്രമായി അവശേഷിയ്ക്കുന്നു. അവർക്ക് വേണ്ട സാമ്പത്തിക സൗകര്യങ്ങളും ചെത്തു കൊടുക്കുന്നതിനോ, സാങ്കേതിക സഹായങ്ങളും എത്തിയ്ക്കുന്നതിനോ ഉതകുന്ന ഒരു സ്ഥാപനവും ഇല്ലെന്നതാണ് പ്രധാന പ്രശ്നം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തികഞ്ഞ അവഗണനയാണ് അനുഭവപ്പെടുന്നത്. നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലവർദ്ധനവിൽനിന്നും ആശ്വാസം നല്കുന്ന സംവിധാനങ്ങളൊന്നും തന്നെയില്ല. ഭൂമിയുടെ വിലവർദ്ധന മറെറാരു പ്രധാന പ്രശ്നമാണ്.

പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ

അധികാരം ജനങ്ങളിലേയ്ക്ക് കൈമാറുന്ന, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രതീക്ഷാ നിർഭരമായ ഈ സാഹചര്യത്തിന് വാഗ്ദാനങ്ങളും, പ്രായോഗിക ക്ഷമമാക്കിത്തീർക്കുവാനുള്ള ബാധ്യത കൂടിയുണ്ടെന്നിരിക്കെ, ഭവന രഹിതരായ ഈ പഞ്ചായത്തിലെ നൂറുകണക്കിനാളുകൾക്ക് അവരുടെ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുമെന്നുതന്നെ പ്രതീക്ഷയുണ്ട്. അതിന് വഴിയൊരുക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കൂടി അവതരിപ്പിക്കട്ടെ.

1 ഭവന വായ്പകൾ കൂടുതൽ ലളിതവും ആകർഷകവുമാക്കാവുന്ന നയം, ധനകാര്യ സ്ഥാപനങ്ങൾ നടപ്പിൽ വരുത്തുക

2 ഭവന നിർമ്മാണ സൊസൈറെറി പഞ്ചായത്തു തലത്തിൽ പ്രവർത്തനമാരംഭിക്കുക.

3 നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ലാഭേച്ഛകളായ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും വീടുനിർമ്മാണ സാമഗ്രികൾക്കു മാത്രമായി പഞ്ചായത്തുതലത്തിൽ ഒരു മാർക്കറിംഗ് സൊസൈറെറി രൂപീകരിക്കുക.

4 കുറഞ്ഞ വിലക്ക് സ്ഥലം കിട്ടുന്ന പ്രദേശത്ത് പഞ്ചായത്തിന്റെ സഹായത്തോടെ ഹൗസിംഗ് കോളനികൾ സ്ഥാപിക്കുക. റോഡ്, വൈദ്യുതി, ജലവിതരണം എന്നിവ ഉറപ്പു വരുത്തുക.

5 സൗകര്യപ്രദമായ ചിലവ് ചെറിയ വീടുകളുടെ നിർമ്മാണത്തിന് സഹായവും, ബോധവൽക്കരണവും നടപ്പിലാക്കുക.

6 വിദഗ്ദ്ധ തൊഴിലാളിളെ പ്രദേശമായി സഹകരിപ്പിക്കുക.

7 പുതിയ വീടുകൾ അനുവദിക്കുന്നതോടൊപ്പം ആനുപാതികമായി, പഴയ വീടുകൾക്ക് പുനർ നിർമ്മാണത്തിന് സഹായം നൽകുക.

8 സർക്കാർ ഏജൻസികളുടെ പ്രവർത്തനം ശാസ്ത്രീയമാക്കണം.

സാമൂഹ്യക്ഷേമം

സമൂഹത്തിന്റെ ബഹുമുഖമായ ക്ഷേമം ഉറപ്പുവരുത്തുകയാണ് ഏതൊരു ആസൂത്രിത വികസന പ്രസ്ഥാനത്തിന്റേയും ആത്യന്തികമായ ലക്ഷ്യം. ക്ഷേമ പദ്ധതികളുടെ തുല്യവും നീതിപൂർവ്വകവുമായ വിതരണക്രമത്തിലൂടെ മാത്രമേ ഈ ലക്ഷ്യം നേടിയെടുക്കാനാവൂ.

സ്ഥിതി വിവരക്കണക്കുകൾ

തരൂർ പഞ്ചായത്തിൽ 11997 പുരുഷന്മാരും 12660 സ്ത്രീകളുമടക്കം മൊത്തം ജനസംഖ്യ 24657 ആണ്. ഇതിൽ 3856 പേർ പട്ടിക ജാതിക്കാരാണ്. പട്ടിക വർഗ്ഗത്തിൽ പെട്ടവർ ആരും തന്നെയില്ല. 5 വയസ്സിനു താഴെയുള്ള കുട്ടികൾ 2570 ആണ്. ശരാശരി ഓരോ വർഷവും 300 ജനനങ്ങൾ നടക്കുന്നു. ഏറ്റവും കൂടുതൽ ജനസംഖ്യ 9–ാം വാർഡിലാണ്. (4254) ഏറ്റവും കുറവ് 5-ാം വാർഡിൽ (934). പട്ടിക ജാതിക്കാർ ഏറ്റവും കൂടുതൽ 7–ാം വാർഡിൽ (1179) കുറവ്. 5–ാം വാർഡിൽ (78).

ആകെ അംഗനവാടികൾ	10
IRDP സർവ്വെപ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ	1325
ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ	313
സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	327
ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ	187
സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ഇല്ല.
കൈത്തൊഴിലുകാരുടെ എണ്ണം	1992
ഇതിൽ സഹായം ലഭിച്ചവരുടെ എണ്ണം	104
ഇതിൽ സഹായത്തിനു അർഹതയുള്ളവരുടെ എണ്ണം	1888
വിവിധ പദ്ധതികളിലായി പൂർത്തികരിച്ച കക്കൂസുകളുടെ എണ്ണം	45

തൊഴിൽ സംരംഭങ്ങൾ

1	ബീഡി	20 എണ്ണം	(1984–85–ൽ ആരംഭിച്ചു)
2	അരിക്കച്ചവടം	39	(1988–89)
3	നെയ്ത്ത്	15	(1988-89)

തൊഴിൽ പരിശീലനം നേടിയവർ

1	പ്രിൻറിംഗ്	2
2	ഇലക്ട്രിക്കൽ	2
3	റേഡിയോ-ടി വി	2
4	പൊളിടെക്നിക്	3
5	ലെതർ വർക്ക്	1
6	ഓട്ടോ ഡ്രൈവിംഗ്	2

നിർമ്മാണം പൂർത്തിയാക്കിയ സാമൂഹ്യ ആസ്തികൾ.

1	സ്കൂൾ കെട്ടിടങ്ങൾ	—	8
2	അങ്കണവാടി കെട്ടിടങ്ങൾ	—	6
3	പാലം	—	1
4	കൾവർട്ട്	—	39
5	കുളം	—	1
6	കിണറുകൾ	—	13
7	ടാറിംഗ് (റോഡ്)	—	20.100 km
8	പമ്പുസെറ്റുകൾ	—	15
9	മറ്റു നിർമ്മാണപ്രവർത്തനങ്ങൾ	—	ഇല്ല

സഹായ പദ്ധതികൾ

	സഹായത്തിന്റെ പേര്	ലഭിക്കുന്നവരുടെ എണ്ണം
1	കർഷകതൊഴിലാളി പെൻഷൻ	1110
2	വികലാംഗ പെൻഷൻ	212
3	വാർദ്ധക്യകാല പെൻഷൻ	147
4	വിധവാ പെൻഷൻ	190
5	കുഷ്ഠരോഗികൾക്കുള്ള പെൻഷൻ	94
6	ക്ഷയരോഗികൾക്കുള്ള പെൻഷൻ	4
7	അവശ കലാകാര പെൻഷൻ	2
8	കാൻസർരോഗികൾക്കുള്ള പെൻഷൻ	1
9	തൊഴിലില്ലായ്മാ വേതനം	522

മഹിളാ സമാജങ്ങൾ

മഹിളാസമാജങ്ങൾ (രജിസ്റ്റർചെയ്തത്)	10
,, രജി: ചെയ്യാത്തത്)	1
സ്വന്തമായി കെട്ടിടമുള്ളവ	ഇല്ല
സ്വന്തമായി സ്ഥലം ഉള്ളവ	ഇല്ല
ബാലവാടികൾ	10 + 1
ആകെ കുട്ടികൾ	957

മേൽകാണിച്ച സ്ഥിതി വിവരക്കണക്കുകളിൽനിന്നും പഞ്ചായത്തിന്റെ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഇതുപര്യന്തമുള്ള ഒരു രേഖാചിത്രം കിട്ടുന്നുണ്ട്. സർക്കാരിന്റെ സഹായ പദ്ധതികൾ, അർഹരായവരിൽ തന്നെ വളരെ ചെറിയൊരു ന്യൂനപക്ഷത്തിനു മാത്രമെ ലഭിച്ചിട്ടുള്ളൂ. ഇത്തരം സഹായ പദ്ധതികളുടെ ഗുണഭോക്താക്കളായ കുടുംബങ്ങളിൽ ഒന്നുംതന്നെ അതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

സാമൂഹ്യ ക്ഷേമ പരിപാടികളുടെ ഗതിവേഗം കൂട്ടുന്നതിനു് കൂടുതൽ ബോധവൽക്കരണം അനിവാര്യമാണു്. പരമ്പരാഗത തൊഴിൽ സങ്കേതങ്ങളെ പുനരുജ്ജീവിപ്പിക്കുകയും, അതോടൊപ്പം ആധുനിക സാങ്കേതിക വിദ്യാഭ്യാസത്തിനു് പ്രോത്സാഹനം നൽകുകയും വേണം സഹായ പദ്ധതികളും യഥാസമയം അർഹരായവരിൽ എത്തിക്കുന്നതിനു് ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥരെ സഹകരിപ്പിക്കണം.

കുട്ടികളുടെ അംഗ സംഖ്യ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള അങ്കണവാടികൾ അപര്യാപ്തമാണു്. വാർഡുകളുടെ ജന സാന്ദ്രതയും പിന്നോക്കാവസ്ഥയും പരിഗണിച്ചു് ആവശ്യാനുസരണം പുതിയവ പ്രവർത്തനം ആരംഭിക്കണം. കുട്ടികൾക്കു് നൽകുന്ന ഭക്ഷണത്തിൽ പോഷക മൂല്യം വർദ്ധിപ്പിക്കേണ്ടതാണു്. ആവശ്യാനുസരണം കളിക്കോപ്പുകളും ലഭ്യമാക്കേണ്ടതാണു്. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണം.

എല്ലാവിധ പെൻഷനുകളും അർഹരായവർക്കു് കാലതാമസം കൂടാതെ അനുവദിച്ചുകൊടുക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു് നിർദ്ദേശം നൽകണം. അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിനുള്ള സമയപരിധി കർശനമാക്കണം.

പഞ്ചായത്തു തലത്തിൽ അശരണരായ വൃദ്ധ ജനങ്ങൾക്കുമായി ഒരു വൃദ്ധ സദനം ആരംഭിക്കേണ്ടതാണു്. അതുപോലെ സുസജ്ജമായ ഒരു പൊതു ശ്മശാനവും പഞ്ചായത്തു തലത്തിൽ അനുവദിക്കണം.

പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളും വളരെ മന്ദഗതിയിലാണു്. അതുപോലെ പുതിയ തൊഴിൽ സംരഭങ്ങളും ഒന്നും കഴിഞ്ഞ എതാനും വർഷങ്ങളായി തുടങ്ങിയിട്ടില്ല.

വാർഡു് IXലും നെയ്ത്തു് മേഖലയിലും ഓരോ അംഗൻവാടി വീതം വേണം. 50-ൽ താഴെ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ പഞ്ചായത്തിലുണ്ടു് അവരെ പുനരധിവസിപ്പിക്കുൻ ഏർപ്പാടുണ്ടാകണം.

സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ലക്ഷ്യം ഗുണഭോക്തൃക്കളുടെ സാമ്പത്തിക ലാഭം മാത്രമായി കാണുന്ന പ്രവണത അവസാനിപ്പാൻ സമൂഹത്തിന്റെ ഉന്നമനത്തിനു് ഉതകുന്ന രീതിയിൽ ചിട്ടപ്പെടുത്താൻ ആവശ്യമായ ബോധവൽക്കരണം നടത്തി ജനങ്ങളെ സജ്ജമാക്കുന്നതു് ക്ഷേമ പ്രവർത്തനങ്ങളുടെ മാറ്റുകൂട്ടാൻ ഉതകുന്നതാണു്.

ഇത്രയും വസ്തുനിഷ്ഠമായ കണ്ടെത്തലുകളിലൂടെ, തരൂർ പഞ്ചായത്തിലെ സാമൂഹ്യ ക്ഷേമ പരിപാടികൾക്കു്, ഊർജ്ജം പകർന്നുകൊടുത്തു്, വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ കീഴടക്കുവാനുള്ള കർമ്മ പരിപാടികൾക്കു് ഇനിയും കാലവിളംബം ഉണ്ടാക്കിക്കൂടാ.

8 ഗതാഗതം

സമയത്തേയും ദൂരത്തേയും കീഴടക്കുന്ന അഥവാ കീഴടക്കാൻ പാടുപെട്ടുകൊണ്ടിരിക്കുന്ന ഒരു ലോക സമൂഹം നമ്മുടെ അനുഭവമാണ്. ഗതാഗത രംഗത്തു ആനുകാലികമായി ഉണ്ടായ കുതിപ്പുകൾ നമുക്കറിവുള്ളതാണ്. ഗതാഗത സൗകര്യങ്ങൾ പരിഷ്കൃത സമൂഹത്തിൽ അനിവാര്യവുമാണ്. ഒരിക്കലും മതിവരാത്ത അഥവാ സാമൂഹ്യ പുരോഗതിയുമായി ഗതാഗത പുരോഗതിയും ഗതാഗത പുരോഗതിയുമായി സാമൂഹ്യ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.

റോഡ് മാർഗ്ഗമുള്ള ഗതാഗത സൗകര്യം മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. നമ്മുടെ പഞ്ചായത്തിൽ നിന്നും തൃശ്ശൂർ ജില്ലക്ക് കടക്കുന്ന കോടത്തൂർ കടവിലും നമ്മുടെ അയൽ പഞ്ചായത്തായ കാവശ്ശേരി പഞ്ചായത്തിലേക്കു കടക്കുന്ന കുട്ടിലമുക്ക് കടവിലും കടത്ത് തോണികളും നിലവിലുണ്ട്. പഞ്ചായത്തിലൂടെ രണ്ട് PWD റോഡുകളും കടന്നു പോകുന്നുണ്ട്. കഴനി ചുങ്കം പഴമ്പാലക്കോട് കുട്ടുപാത റോഡും അത്തിപ്പൊറ തോലനൂർ റോഡും. ഇതു കൂടാതെ അത്തിപ്പൊറ പാലം തോട്ടുകാട് റോഡിലും പഴമ്പാലക്കോട് മങ്കരക്കോട് മണ്ണുത്തു പറമ്പ് റോഡിലും ബസ്സ് ഗതാഗതമുണ്ട്.

പഞ്ചായത്തിൽ പഴമ്പാലക്കോട്ടും, അത്തിപ്പൊറയിലും ടാക്സി, ആട്ടോ റിക്ഷാ സ്റ്റാൻറുകളും അത്തിപ്പൊറ പാലത്തിനടുത്തു ആട്ടോ റിക്ഷാ സ്റ്റാൻറും ഉണ്ട്. പഞ്ചായത്തിൽ അത്തിപ്പൊറയിലും പഴമ്പാലക്കോട്ടും, സൈക്കിളും വാടകയ്ക്കു കൊടുക്കുന്ന സ്ഥലങ്ങളുണ്ട്.

പഞ്ചായത്തിൽ ഗതാഗത രംഗത്തു മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന കുതിരവണ്ടി, കാളവണ്ടി (സവാരി) എന്നിവ നിലവിൽ ഇല്ലെന്നു തന്നെ പറയാം. സമീപ കാലത്തായി ഇരുചക്ര വാഹനങ്ങളുടെയും മുച്ചക്ര വാഹനങ്ങളുടേയും ഉപയോഗം വർദ്ധിച്ചു വന്നിട്ടുണ്ട്.

അഞ്ചു മുതൽ പതിനഞ്ചുവരെ നാഴികകൾ കാൽ നടയായി സഞ്ചരിച്ച കാലം നടന്നെത്തിയിരുന്ന കഥ ഇന്നു അവിശ്വസനീയമായി തോന്നും.

പഞ്ചായത്തിലെ ചരക്കു കുത്തുമായി ബന്ധപ്പെട്ടു കുറഞ്ഞയളവിൽ ലോറികളും ടേമ്പോകളും സാമാന്യമായി ആട്ടോറിക്ഷകളും, കാളവണ്ടി, ട്രാക്ടർ തുടങ്ങിയവയും ഉപയോഗിച്ചു വരുന്നു. ഒരു KSRTC ബസു് നമ്മുടെ പഞ്ചായത്തിലൂടെ ഓടുന്നുണ്ടു്. 10 കിലോമീറ്റർ നീളത്തിൽ ദിവസം രണ്ടു ട്രിപ്പു് മാത്രം നമ്മുടെ പഞ്ചായത്തിൽ പ്രത്യക്ഷപ്പെടുന്ന ഇതു് സമീപ കാലത്തു് മാത്രം വന്ന ഒരു സൗകര്യമാണു്. നിരവധി പ്രൈവറ്റു് ബസ്സുകളാണു്. പഞ്ചായത്തിന്റെ ഗതാഗത രംഗത്തു് മോശമല്ലാത്ത സർവ്വീസു് നടത്തുന്നതു്.

പ്രവൃത്തി ദിവസങ്ങളിൽ നല്ലയാത്രാ ക്ലേശം അനുഭവിക്കേണ്ടി വരുന്നുണ്ടു്. താലൂക്കാസ്ഥാനമായ ആലത്തൂരിലേക്കും, ജില്ലാ ആസ്ഥാനമായ പാലക്കാട്ടേയ്ക്കും നിരവധി യാത്രക്കാർ ദിവസേന യാത്ര ചെയ്യുന്നുണ്ടു്. സ്ത്രീ വിദ്യാർത്ഥികൾ ചെറുതല്ലാത്ത യാത്രാക്ലേശം അനുഭവിക്കുന്ന വിഭാഗമാണു്. നമ്മുടെ ജില്ലാ ആസ്ഥാനത്തേക്കും, കോഴിക്കോട്ടേയ്ക്കും നേരിട്ടു പഞ്ചായത്തതിർത്തിയിലൂടെ സർവ്വീസു് നടത്തുന്ന ബസ്സുകൾ ഉണ്ടു്.

പഞ്ചായത്തിലെ ടാർ റോഡുകൾ പട്ടിക I

No	റോഡു്	ഉടമ സ്ഥത	ദൂരം (കി.മീ)	വീതി (മീറ്റർ)	ബസ്സു്/മറ്റുയാത്രാ സൗകര്യം (കി. മീ)
1	നെച്ചൂർ–തരൂർ പള്ളം	പഞ്ചായത്തു്	5km	8 മീറ്റർ	ഉണ്ടു്
2	അത്തിപ്പൊറ്റ–തോട്ടുകാടു്	പഞ്ചായത്തു്	4½km	8മീറ്റർ	ഉണ്ടു്
3	അമ്പാട്ടുപറമ്പു്–അരികിൻചിറ	പഞ്ചായത്തു്	1km	8 മീറ്റർ	ഉണ്ടു്
4	പഴമ്പാലക്കോടു്–കഴനിമുക്കു്	PWD	6km	8മീറ്റർ	ഉണ്ടു്
5	അത്തിപ്പൊറ്റ–തോലന്നൂർ	PWD	4½km	8മീറ്റർ	ഉണ്ടു്
6	അത്തിപ്പൊറ്റ–മാങ്ങോട്ടുകാവു്	പഞ്ചായത്തു്	600km	8മീറ്റർ	ഉണ്ടു്

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ പട്ടിക II

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം (കി. മീ.) നീളം	വീതി	ബാക്കി മീ.
1		1	കുത്തിക്കോട് – ഗായത്രി റോഡ്	540 മീ.	8 മീ.	800 മീ.
2		2	പഴമ്പാലക്കോട് – ചേരികല്ല്	1 Km.	8 മീ.	325 മീ.
3		5	തരൂർ – കുളക്കാട്	600 മീ.	6 മീ.	300 മീ.
4		5	തരൂർ – കോഴിക്കാട് ഗായത്രി റോഡ്	400 മീ.	6 M.	
5		5	അത്തിപ്പൊറ ഗ്രാമം റോഡ്	200 മീ.	6 M.	
6		7	അത്തിപ്പൊറ - കമ്മാന്തറ	380 മീ.	6 M.	
7		9	കണ്ടകാട് – പത്തനാപുരം	800 M.	8 M.	
8		9	തോട്ടകാട് – കൊളക്കാട് റോഡ് കനാൽ റോഡ്	300 M.	6 M.	
		10	കുളം സ്റ്റോപ്പ് റോഡ്	300 M.		8 M.
			തോട്ടകാട് – മരുതംതടം	300 M.		8 മീ.
			അമ്പാട്ടുപറമ്പ് – അരിക്കൻചിറ	1 Km.		8 M.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ III

No.	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട നീളം	വീതി
1	1	കുരുത്തിക്കോട് – ഗായത്രി റോഡ്	1350 മീ.	8 മീ.
2	2	പഴമ്പാലക്കോട് – ചേരിക്കല്ല്	325 മീ.	8 മീ.
3	5	തരൂർ – കുളക്കാട്	300 മീ.	6 മീ.
4	1	പഴമ്പാലക്കോട് – കുന്നംപുറം	1 കി. മീ.	5 മീ.
5	1	പഴമ്പാലക്കോട് – സൊസൈറ്റി	1 കി. മീ.	6 മീ.
6	2	പഴമ്പാലക്കോട് ഹൈസ്കൂൾകിഴക്കുമുറി	1 കി. മീ.	6 മീ.
7	3	മരുതക്കോട് തച്ചംക്കോട് കുട്ടൻക്കോട്	2 K. M.	6 മീ.
8	4–6	വടക്കുമുറി – ആലുംപ്പെട്ടി	1 കി. മീ.	6 മീ.
9	4	അരിയശ്ശേരി – കൂട്ടിലമുക്ക്	2½ കി. മീ.	5 മീ.
10	4	അരിയശ്ശേരി – കുറുപ്പത്തുകാട്	1 കി. മീ.	5 മീ.
11	4	നെച്ചോട് – കുറുപ്പത്തുകാട്	800 കി. മീ.	5 മീ.
12	4	നെല്ലുകുത്താംകുളം – ഒടുങ്ങോട്	1 കി. മീ.	6 മീ.
13	5	തരൂർ – ഇടത്തിൽ താ	300 കി. മീ.	5 മീ.
14	5	തരൂർ – കമ്മാന്താ	300 കി. മീ.	5 മീ.
15	5	അത്തിപ്പൊറ്റ – പടിഞ്ഞാറെ തറ	1000 കി. മീ.	6 മീ.
16	6	നെച്ചൂർ – പേഴംക്കോട്	2 കി. മീ.	8 മീ.
17	6	ചിറക്കോട് – ശ്മശാനം	500 മീ.	6 മീ.
18	6	നൊച്ചൂർ – കൊന്നകാട്	1½ കി. മീ.	6 മീ.
19	8	വാവുള്ള്യാപുരം – കമ്മാന്താ	800 മീ.	6 മീ.
20	8	അരിക്കിൻചിറ – നെല്ലിപ്പാടം	800 മീ.	8 മീ.
21	9	കുണ്ടുകാട് – ചാപ്ര ശ്മശാനം	800 മീ.	6 മീ.
22	9	അമ്പലക്കാട് – ഗായത്രി പുഴ	500 മീ.	5 മീ.
23	9	അമ്പലക്കാട് – കൊളറോഡ്	1 കി. മീ.	6 മീ.
21	10	ചെട്ട്യാർകുളമ്പ് – മാട്ടുമല	800 മീ.	8 മീ.
30	10	ചെട്ട്യാർകുളമ്പ് – തോലൻ പുഴ വഴി പത്തനാപുരം	1 K. M.	8 മീ.
31	9	കുണ്ടുകാട് രാമത്തക്കളം റോഡ്	300 മീ.	6 മീ.

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ പട്ടിക IV

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	നിലവിലുള്ള വീതി
1	1	പഴമ്പാലക്കോട്–വാണിയത്തറ റോഡ്	100 മീ.	6 മീ.
2	1	മണ്ണഴി–കോളനി റോഡ്	100 മീ.	5 മീ.
3	1	പഴമ്പാലക്കോട്–പമ്പ് ഹൗസ് (കളിക്കടവ്)	1 കി.മീ.	5 മീ.
4	2	ഊട്ടുപുരപ്പടി–കോളനിറോഡ്	800 മീ.	6 മീ.
5	1	പഴമ്പാലക്കോട്–കോടത്തൂർ	1 കി.മീ.	8 മീ.
6	3	മണ്ണിയത്ത്–മൊയ്താംപറമ്പ്	1 കി.മീ.	6 മീ,
7	3	പഴമ്പാലക്കോട്–ശ്മശാനംറോഡ്	1 കി.മീ.	5 മീ.
8	4	തോട്ടുമുക്ക്–തയൽകാട്	½ കി.മീ.	5 മീ.
9	5	കോഴിക്കാട്–കാപ്പിക്കുന്ന്	250 മീ.	5 മീ.
10	5	ഗായത്രി–പാട്ടർ റോഡ്	500 മീ.	5 മീ.
11	5	തരൂർ–ഗ്രാമംറോഡ്	200 മീ.	5 മീ.
12	5	തരൂർ–ശ്മശാനം റോഡ്	500 മീ.	5 മീ.
13	6	ചിറക്കോട്–അഴകക്കോട്, കട്ടക്കോട്	2 കി.മീ.	6 മീ.
14	6	നൊച്ചൂർ–ചുവട്ടപാടം	500 മീ.	5 മീ.
15	6	പെരപ്പട്ടി–കോളനിറോഡ്	300 മീ.	5 മീ.
16	6	കടവത്തുകളമ്പ്–താങ്ങലുംപറമ്പ്	60 മീ.	5 മീ.
17	7	മണ്ണാൻ കോളനി–കാവുങ്കൽറോഡ്	1½ കി.മീ.	6 മീ.
18	7	ചമ്മിണി നെല്ലിപ്പാടം	1 കി.മീ.	6 മീ.
19	7	മാങ്ങോട്ടുകാവ് കാരമല–നെല്ലിപ്പാടം	1½ കി. മീ	6 മീ.
20	8	അരിക്കിൻചിറ–കോഴിപ്പുലംറോഡ്	400 മീ.	6 മീ.
21	9	കണ്ടുകാട്–മദ്രസ്സറോഡ്	500 മീ.	5 മീ.
22	9	അമ്പലക്കാട്–ചെറുതൊടി–ചാപ്രറോഡ്	600 മീ.	——
23	1	പാറയ്ക്കൽപറമ്പ്–വട്ടക്കല്ലിങ്കൽറോഡ്	500 മീ	4 മീ.
24	5	അത്തിപ്പൊറ മുല്ലയ്ക്കൽറോഡ്	1.800 മീ.	6 മീ.
25	7	അത്തിപ്പൊറ മില്ല് റോഡ്	300 മീ.	4 മീ.
26	9	അമ്പാട്ട്പറമ്പ്–അരിക്കിൻചിറ–വഴി കോഴിപ്പാലം	600 മീ.	6 മീ.
27	10	അയ്യപ്പൻകാട് ചേലംപെരിയാർ	700 മീ.	8 മീ.
28	10	കളക്കച്ചിറ–ആലിങ്കൽപറമ്പ്	500 മീ.	8 മീ.
29	10	കൊന്നശ്ശേരി–കുട്ടപ്പുര	800 മീ.	6 മീ.
30	10	ഞെണ്ടുമട റോഡ്	600 മീ.	6 മീ.
31	9	മരുതക്കോട്–തോട്ടുമുറിറോഡ്	600 മീ.	6 മീ.

നിലവിലുള്ള ബസ് വെയിറ്റിംഗ് ഷെഡ് പട്ടിക VI

നമ്പർ	പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ് സ്ഥിതിചെയ്യുന്ന സ്ഥലം	വാർഡ്
1	അത്തിപ്പൊറ്റ	V
2	തരൂർ	V
3	പള്ളിമുക്ക് തരൂർ	IV
4	തോട്ടിൻ പള്ള	I

നിർദ്ദേശങ്ങൾ

1 പട്ടിക II, III, IV, V.

2 പാറയ്ക്കൽ പറമ്പ് കടമ്പടി റോഡ് കുരുത്തിക്കോട്ട് ഗായത്രിപുഴ കടവിൽ പാലം 60 മീറ്റർ നീളം.

3 പഴമ്പാലക്കോട് കോടത്തൂർ റോഡ് നിർമ്മിച്ച് പാലം പണിത് തൃശ്ശൂർ ജില്ലയെ ബന്ധിപ്പിക്കണം.

പട്ടിക V ആവശ്യം വേണ്ട വെയിറ്റിംഗ് ഷെഡുകൾ

ക്രമ നമ്പർ	നിർദ്ദേശിക്കുന്ന സ്ഥലം	വാർഡ്
1	പഴമ്പാലക്കോട് ആശുപത്രിക്ക് മുൻവശം	II
2	പഴമ്പാലക്കോട് SMMHS മുൻവശം	I
3	നെല്ലുകുത്താൻ കുളം	IV
4	അത്തിപ്പൊറ്റ പാലം	VII
5	പുഴക്കൽ പള്ളിമുക്ക്	VIII
6	ചിറക്കോട്	VI
7	നെച്ചൂർ	VI
8	കരികുളംങ്ങര	VIII
9	അമ്പാട്ട് പറമ്പ്	VIII
10	അമ്പലക്കാട്	IX
11	കുണ്ടുകാട്	IX
12	തോട്ടുകാട്	X
13	മഞ്ചത്ത്പറമ്പ്	III
14	കോഴിക്കാട്	V
15	ചാലുംപുള്ളി	X

നിർദേശങ്ങൾ

1 പാലക്കാട് ആലത്തൂർ അത്തിപ്പൊറ പഴമ്പാലക്കോട് വഴി തിരുവിലാമല യിലേക്ക് KSRTC ബസ്സ് അനുവദിക്കുക. (ബന്ദ്, ഹർത്താൽ, സ്വകാര്യബസ്സ് പണിമുടക്ക് ദിവസങ്ങളിൽ അത്യാവശ്യം ഉപകാരമാകും)

2 അത്തിപ്പൊറ-മാങ്ങോട്ടുകാവ് ഗുരുവായൂർ ബസ്സ് KSRTC വഴി കുന്നംകുളം അനുവദിക്കുക.

3 ആലത്തൂർ-താമരശ്ശേരി (വഴി പെരിന്തൽമണ്ണ മഞ്ചേരി അഴീക്കോട് മുക്കം) KSRTC ബസ്സ് അനുവദിക്കുക.

സാദ്ധ്യതകൾ

1 പട്ടിക III, IV ൽ പറയുന്ന ജോലികളിൽ മനുഷ്യ വിഭവം പ്രയോജനപ്പെടുത്താൻ കഴിയും.

2 ജനകീയാവശ്യമായ പട്ടിക IV-ലെ റോഡുകൾക്ക് വളരെയധികം പേർ സ്ഥലം സൗജന്യമായി തരണം.



9

സംസ്കാരം

നമ്മുടെ പഞ്ചായത്തിന് ഒരു ഉയർന്ന സാംസ്കാരിക പൈതൃകം ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ തെളിവുകളേറെയുണ്ട്. പഴയ കാലത്തിലെ മൂന്ന് പ്രധാന ജന്മി കുടുംബങ്ങളായിരുന്ന പൂമുള്ളിമനയും കവളപ്പാറയും ഇടങ്ങളും.

വിവിധ സാമൂഹ്യാവശ്യങ്ങൾ നിറവേറുന്നതിന് വിവിധ തൊഴിലുകൾ ചെയ്തിരുന്ന വിവിധജാതി വിഭാഗങ്ങളെ ആവശ്യാനുസരണം കുടിയിരുത്താൻ അവർ ശ്രമിച്ചിരുന്നതായി കാണാം. മുപ്പതിനുമേൽ വരുന്ന ജാതിവിഭാഗങ്ങൾ ഉണ്ടായിരുന്നു. അവക്ക് സമൂഹത്തോട് നിർദ്ദിഷ്ട കടമകളും അവകാശങ്ങളും ഉണ്ടായിരുന്നു.

പഞ്ചായത്തിലെ പ്രധാന മൂന്ന് ഉത്സവങ്ങളായ അത്തിപ്പൊറ, മാങ്ങോട്ടുകാവ് വേല തരൂർ കുമ്പ ഭഗവതി ക്ഷേത്രത്തിലെ വേല, പഴമ്പാലക്കോട് വിഷുവേല എന്നിവയുടെ നടത്തിപ്പ് പരിശോധിച്ചാൽ മേൽപറഞ്ഞ കടമ അവകാശ ക്രമങ്ങൾ ബോധ്യപ്പെടും.

മതവിഭാഗങ്ങളും ജാതിവിഭാഗങ്ങളും പരസ്പരം സഹിഷ്ണുതയോടെ പാർത്തിരുന്നതായി കാണാം. ഓരോരുത്തർക്കും തനത് കലകളും ആചാരാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു.

കലാസാംസ്കാരിക രംഗങ്ങളിൽ എടുത്തു പറയത്തക്ക മഹത്വ്യക്തികളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും നമ്മുടെ പ്രദേശത്തിനുമുണ്ട്. അറിയപ്പെടുന്ന എഴുത്തുകാരനും, പത്രപ്രവർത്തകനും, സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന കെ. പി. കേശവമേനോൻ, വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ച ശ്രീ. ടി. കെ ഉണ്ണാലച്ചൻ മാസ്റ്റർ എന്നീ മൺമറഞ്ഞവരും പ്രശസ്ത ഗാന്ധിയനും വിദ്യാഭ്യാസ പ്രവർത്തകനുമായ ശ്രീ ഭീമൻ ഗുരുജിയും, മലയാള ഭാഷക്ക് ഒട്ടേറെ സംഭാവനകളും നൽകിക്കൊണ്ടിരിക്കുന്ന പ്രതിഭ പ്രൊഫസർ എ. വി. ശങ്കരവാര്യരും, ഗ്രന്ഥശാല പ്രസ്ഥാനരംഗത്ത് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. ടി. കെ. രാമചന്ദ്രൻമാസ്റ്ററും, വാദ്യകലാവിദ്വാൻ ശ്രീ. അപ്പുമാരാരും ദൂരദർശനിൽ കലാകാരിയും ന്യൂസ് റീഡറുമായ ശ്രീമതി ഗീതാഞ്ജലി അയ്യരും നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്. നാടൻ കലാരംഗത്ത് എണ്ണമറ്റ കലാകാരന്മാർ നമുക്കുണ്ട്. വാദ്യകലകളും, സംഗീതകലകളും തുള്ളകലകളും നമ്മുടെ ഗ്രാമങ്ങളിൽ ഇന്നും അഭ്യസിപ്പിച്ചുവരുന്നുണ്ട്.

സാംസ്കാരിക പൈതൃകം ഒറ്റനോട്ടത്തിൽ



ആരാധനാലയങ്ങളുടെ പട്ടിക I

വാർഡ്	ഹിന്ദു ആരാധനാലയങ്ങൾ	മുസ്ലീം ആരാധനാലയങ്ങൾ	ക്രിസ്ത്യൻ ആരാധനാലയങ്ങൾ
I	സുബ്രഹ്മണ്യസ്വാമിക്ഷേത്രം വാണിയത്തറ മാരിയമ്മൻ കോവിൽ അയ്യപ്പസേവാ സംഘം കോതേലമുത്തൻ കോവിൽ	തരൂർ പള്ളി	റോമൻ കത്തോലിക്ക പള്ളി ടി. പി. എം. പ്രാർത്ഥനാലയം
II	മാരിയമ്മൻ കോവിൽ (തെലുങ്കത്തറ) മാരിയമ്മൻ കോവിൽ–3 (മുതലിയാർതറ) കൃഷ്ണൻ കോവിൽ മാങ്ങോട്ട ഭഗവതിക്ഷേത്രം (P–Code)	പഴമ്പാലക്കോട് പള്ളി	ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച്
III	കാഞ്ഞളൂർ ഭഗവതിക്ഷേത്രം അന്തിമഹാകാളൻക്ഷേത്രം		
IV	കവറകോളനി അമ്പലം മുരുകൻ ക്ഷേത്രം		
V	തരൂർ കുമ്പഭഗവതിക്ഷേത്രം ചീർമ്പക്കാവ് അത്തിപ്പൊറ	കോഴിക്കോട് പള്ളി	
VI		നെച്ചൂർ പള്ളി	
VII	മാങ്ങോട്ട ഭഗവതിക്ഷേത്രം മൂക്കൻ ചാത്തൻ	അത്തിപ്പൊറപള്ളി	
VIII	രാരോലി ശിവക്ഷേത്രം	പുതുക്കള്ളി പള്ളി പന്നിക്കോട് പള്ളി	
IX	കവലിയൂർക്കാവ്	കുകപറമ്പ് പള്ളി ആനകുത്താംപാറപള്ളി	
X		മാട്ടുമലപള്ളി	

മതവിഭാഗങ്ങൾ

പട്ടിക II

ക്രമ നമ്പർ	ജാതികം	ഹിന്ദു	മുസ്ലീം		ക്രിസ്ത്യൻ		
		കലകം	വിഭാഗങ്ങളും കലകം		വിഭാഗങ്ങളും കലകം		
1	നമ്പൂതിരി	ക്ഷേത്രകല	മൂപ്പൻ	ദഫ്മുട്ട്			
2	എടത്തിലച്ഛൻ	ക്ഷേത്രകല	റാവുത്തർ	പരിചമുട്ട്			
3	നമ്പ്യാർ	ക്ഷേത്രകല	മാപ്പിള	കോൽക്കളി			
4	നമ്പീശൻ	ക്ഷേത്രകല	മരയ്ക്കാർ	ഒപ്പന			
5	വാര്യർ	ക്ഷേത്രകല	കുരുക്കൾ	മാപ്പിളപ്പാട്ട്			
6	ബ്രാഹ്മണർ(തമിഴ്)	സംഗീതം,വാദ്യം,നൃത്തം	സാഹിബ്				
7	നായർ	മലമകളി,തിരുവാതിര,കുമ്മാട്ടി					
8	ഈഴവൻ	മംഗളവാദ്യം					
9	തണ്ടാൻ	പരിചമുട്ട്,കോൽക്കളി					
10	മന്നാടിയാർ	മലമക്കളി					
11	വിളക്കത്തറ						
12	വെള്ളത്തേടൻ						
13	തട്ടാൻ						
14	കുരുവാൻ						
15	മൂശാരി						
16	ആശാരി						
17	മണ്ണാൻ	പൂതൻതിറ,തോറ്റൻപാട്ട്					
18	കളരികുറുപ്പ്	കളരി അഭ്യാസം					
19	വാണിയൻ	ഉടക്കുകൊട്ട്					
20	തെലുങ്കുചെട്ട്യാർ	കുമ്പക്കളി					
21	നായ്ക്കൻ						
22	വൈദ്യർ						
23	കണിയൻ						
24	കണക്കൻ	ചവിട്ടുനാടകം,ചെറുമകളി					
25	ചെറുമൻ	,, ,,					
26	പണ്ടാരൻ	പാട്ട്,കാവടിയാട്ടം					
27	നായാടി	നാവോർപാടൽ					
28	കുമ്പാരൻ						
29	പാണൻ	പൊറാട്ടുനാടകം,പാട്ട്,ചെണ്ട					
30	മലയൻ	മലയപൊറാട്ട്					
31	വടുകൻ						
32	ചക്കിലിയൻ						
33	പുള്ളുവൻ	നാവോർപാടൽ					
34	കവറ						
35	മുതലിയാർ						
36	എഴുത്തശ്ശൻ						
37							
38							
39							
40							

ഭാഷ തമിഴ്, തെലുങ്ക്, ലിപിയില്ലാത്ത സംസാര ഭാഷ എന്നിവ ഉപയോഗിക്കുന്ന ന്യൂനപക്ഷങ്ങളുണ്ട്. പൊതു ഭാഷ മലയാളമാണ്. പഞ്ചായത്തിൽ സാംസ്കാരിക നിലയമില്ല. അത്തിപ്പൊറ്റയിലെ ശ്രീ മാങ്ങോട്ടുകാവ് കല്യാണ മണ്ഡപം, തിരൂരിലെ ശ്രീ. K. P. കേശവ മേനോൻ ആഡിറ്റോറിയം, തിരൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേജ്, തിരൂർ KKM സ്മാരക ബാല ഗ്രന്ഥാലയം ഓപ്പൺ എയർ ആഡിറ്റോറിയം അത്തിപ്പൊറ്റ വായനശാല ഓപ്പൺ എയർ ആഡിറ്റോറിയം എന്നിവ നമ്മുടെ പഞ്ചായത്തിലെ പൊതു സാംസ്കാരിക വേദികളാണ്.

പഞ്ചായത്തിൽ പൊതു റേഡിയോകൂം ഇല്ല മൂന്ന് (3) ടി. വി. കേന്ദ്രങ്ങൾ പൊതുവായുണ്ട്.

സാംസ്കാരിക രംഗത്തെ സ്ഥാപനങ്ങളും സംഘടനകളും

പട്ടിക III

സന്നദ്ധ സംഘടനകൾ വാർഡ്	സ്ഥലം	ക്ലബ്ബുകൾ	മഹിളാ സംഘടനകൾ
1 I	പഴമ്പാലക്കോട്	പ്രിയദർശിനി മഹിളാ സമാജം	
2 I	പാറയ്ക്കൻപറമ്പ്	സംഗീതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
3 II	പഴമ്പാലക്കോട്	നവയുഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
4 II	പഴമ്പാലക്കോട്	ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
5 II	തോട്ടംപള്ള	ദീപം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
6 III	മണ്യത്തുപറമ്പ്	ഉദയം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
7 III	കുട്ടൻകോട്	പ്രതിഭാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
8 III	കുട്ടൻകോട്		മഹിളാ സമാജം
9 IV	മരുതക്കോട്	ധന്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
10 V	തിരൂർ	പബ്ലിക് വെൽഫയർ അസോസിയേഷൻ	
11 V	തിരൂർ	വിവേകാനന്ദ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
12 VI	ചിറക്കോട്	യുവജന കലാസമിതി	
13 VII	അത്തിപ്പൊറ	നാഷണൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
14 VII	അത്തിപ്പൊറ	റൈസിങ്ങ് ക്ലബ്ബ്	
15 VIII	കരിംകുളങ്ങര	കലോദയം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
16 IX	അമ്പലക്കാട്	രാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	
17 IX	തോണിപ്പാടം	തോണിപ്പാടം സ്പോർട്ട്സ് ക്ലബ്ബ്	
18 IX	അമ്പലക്കാട്	റോട്ടറി ക്ലബ്ബ് അമ്പലക്കാട്	

നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ വായന ശാലകളും സാംസ്കാരിക കലാ രംഗത്ത് ഒട്ടും കുറവുതല്ലാത്ത പങ്ക് നിർവ്വഹിച്ചിട്ടുണ്ട്, നിർവ്വഹിക്കുന്നുമുണ്ട് സാംസ്കാരിക രംഗത്ത് ശക്തമായ ആശയ പ്രചാരണം നടത്താൻ നമ്മുടെ ക്ലബ്ബുകളും ഗ്രന്ഥ ശാലകളും വർഷാവർഷം തടത്തുന്ന കലാപരിപാടികളും സഹായിക്കുന്നുണ്ട്. സമൂഹത്തിലെ ആശാസ്യമല്ലാത്ത പ്രവണതകളെ ശക്തിയായി വിമർശിക്കാൻ മേൽപറഞ്ഞ വേദികളും കഴിഞ്ഞ കാലങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട്. കേരള സർക്കാർ രൂപ കല്പന ചെയ്ത നടപ്പിലാകുന്ന കേരളകലോത്സവം നല്ലനിലയിൽ നടത്താറുണ്ട്.

ഗ്രന്ഥശാലകൾ പട്ടിക IV

വാർഡ്	ക്രമനമ്പർ	ഗ്രന്ഥാലയത്തിന്റെ പേര്	ഗ്രേഡ്
II	1	ഗ്രാമീണ വായനശാല	
V	2	K K M സ്മാരക വായനശാല	
VII	3	അത്തിപ്പൊറ വായനശാല	

ഉൽസവങ്ങൾ

പഴയകാല പൈതൃകം ഉൾക്കൊണ്ടുകൊണ്ടും കാലത്തിന്റെ അടിയൊഴുക്കിൽ വന്നിട്ടുള്ള മാറ്റത്തിനു വിധേയമായും ചില നീക്കുപോക്കുകളോടുകൂടി പഞ്ചായത്തിന്റെ ആകെ ഉൽസവങ്ങൾ ആയി മാറുന്ന വേലകളും ഇന്നും നടന്നുവരുന്നുണ്ട്.

പഴമ്പാലക്കോട്ടിൽ മേടമാസത്തിൽ നടന്നുവരുന്ന വിഷുവേല, തരൂരിൽ മീന മാസത്തിലെ തിരുവാതിര നാളിൽ നടന്നുവരുന്ന വേല, അത്തിപ്പൊറയിൽ മേട മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച നടത്തുന്ന മാങ്ങോട്ടുകാവ് വേല, തോണിപ്പാടം അമ്പലക്കാട്ടിൽ മേടം മൂന്നാം തിയ്യതി നടത്തിവരുന്ന വിഷുവേല എന്നിവയും, പഞ്ചായത്തിലുടനീളം നടത്തുന്ന അയ്യപ്പൻ പാട്ടുകളും വാവുള്ള്യാപുരം പുഴക്കൽ പള്ളി നേർച്ചയും, പഴമ്പാലക്കോട് കത്തോലിക്കാ പള്ളിയിലെ പള്ളിപ്പെരുന്നാളും നാം ആഘോഷിക്കാറുണ്ട്.

പഴയകാല സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും, നാടൻ കലകളെ നിലനിർത്തുന്നതിനും ജാതീയവും മതപരവുമായ വേർതിരിവുകളെ ഒഴിവാക്കുന്നതിനും പരസ്പര സ്നേഹം ഊട്ടിയുറപ്പിക്കുന്നതിനും ഈ ഉൽസവങ്ങൾ പ്രയോജനപ്പെടുന്നു.

വായന ശാലകൾ

പഞ്ചായത്തിലുള്ള മൂന്നു വായന ശാലകളും അതോടനുബന്ധിച്ചുള്ള ഗ്രന്ഥാലയങ്ങളും സാംസ്കാരിക രംഗം പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് തരൂർ ഗ്രന്ഥ ശാലയാണ്. സെമിനാറുകൾ സംഘടിപ്പിക്കുക ബോധവൽക്കരണം നടത്തുക, ചർച്ചകൾ സംഘടിപ്പിക്കുക കാവ്യാസ്വാദന ക്ലാസുകൾ സംഘടിപ്പിക്കുക കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ച് പ്രഭാഷണം സംഘടിപ്പിക്കുക തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത് തീർത്തും ശ്ലാഘനീയമാണ്. ഇത്തരം പ്രവർത്തനം സംഘടിപ്പിക്കാൻ മറ്റു വായന ശാലകളും ശ്രമിക്കുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന അത്തിപ്പൊറ്റ വായന ശാലയുടെ പ്രവർത്തനം അടുത്ത കാലത്തായി മന്ദീഭവിച്ചിട്ടുണ്ട്. സാംസ്കാരിക കേന്ദ്രമായ കുട്ടങ്കോട് ജനശിക്ഷണ നിലയവും ഒട്ടേറെ പ്രവർത്തനങ്ങൾ ഈ രംഗത്ത് സംഘടിപ്പിക്കാറുണ്ട്. സാക്ഷരത പത്രമാസികകളുടെ വായന കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കൽ, ദേശീയ സമ്പാദ്യ പദ്ധതികൾ പ്രോൽസാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തന മാന്ദ്യം നേരിടുന്നുണ്ട്.

പഴമ്പാലക്കോട് വായന ശാലയിൽ 5400 പുസ്തകങ്ങളും 8 ആനുകാലിക പ്രസിദ്ധീകരണങ്ങളും തരൂർ വായന ശാലയിൽ 18867 പുസ്തകങ്ങളും പതിനഞ്ച് ആനുകാലിക പ്രസീദ്ധീകരണങ്ങളും, അത്തിപ്പൊറ്റ വായന ശാലയിൽ 8000 പുസ്തകങ്ങളും 13 ആനുകാലിക പ്രസിദ്ധീകരണങ്ങളും വരുത്തുന്നുണ്ട്.

വായനാ ശീലം സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാരിൽ ആണ് കണ്ടു വരുന്നത്. വായിക്കപ്പെടുന്നവയിൽ കൂടുതലും നോവലുകളും, വിജ്ഞാന സമ്പാദനത്തിനുതകുന്ന പുസ്തകങ്ങളും പുരാണങ്ങളുമാണ്.

കവിതയും ചെറു കഥയും നാടകവും യാത്രാ വിവരണവും ആത്മ കഥകളും ചരിത്രവും വളരെ കുറവെ വായിക്കപ്പെടുന്നുള്ളൂ. വായന ശാലകളിൽ ഗുണനിലവാരമുള്ള പുസ്തകങ്ങളാണ് കൂടുതലും. ഇത് നില നിർത്താൻ ശ്രദ്ധിക്കണം.

ആധുനിക മാധ്യമങ്ങളുടെ കടന്നു കയറ്റം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും മുതിർന്നവരുടെ വായനാ ശീലത്തെ ഒരു ചെറിയ തോതിൽ മാത്രമെ ബാധിച്ചിട്ടുള്ളൂ. എന്നാൽ ഇത് കുട്ടികളെ സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, എക്സ്പ്രസ്സ്, കേരള കൗമുദി, ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് തുടങ്ങിയ മലയാള ഇംഗ്ലീഷ് ദിനപത്രങ്ങൾ പ്രചാരത്തിലുണ്ട്. മലയാള മനോരമ, മംഗളം, മാതൃഭൂമി, ദേശാഭിമാനി, കലാ കൗമുദി, ഇന്ത്യാ ടുഡെ, ചിന്ത, ചിത്രഭൂമി, നാന, കേരളശബ്ദം വാരികളും പ്രചാരത്തിലുണ്ട്. എങ്കിലും എറ്റവും കൂടുതൽ പ്രചാരത്തിലുള്ളത് മനോരമയും മംഗളവുമാണ്.

പതിനെട്ടോളംക്ലബ്ബുകളും വനിതാ സംഘടനകളും ഇവിടെയുണ്ടെങ്കിലും മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവയുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ട്. അല്പസ്വല്പം കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നു ഇവയുടെ പ്രവർത്തനം.

ടെലിവിഷന്റെ വരവ് എല്ലാ വിഭാഗം ജനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഇത് ചെറിയ തോതിൽ വിജ്ഞാന സമ്പാദനത്തിന് ഉതകുന്നുണ്ടെങ്കിലും കേവലം വിനോദത്തിനും സമയം കളയാനുമുള്ള ഉപാധികളിയി മാറിയിരിക്കുന്നു. വായനാശീലം കുറയുന്നു. കുട്ടികളുടെ പഠന താല്പര്യം കുറയുന്നു. മുതിർന്നവരുടെ ജോലിസമയത്തെ കവർന്നെടുക്കുന്നു, സർവ്വോപരി നിഷ്ക്രിയത്വത്തിനും സാംസ്ക്കാരിക അപചയത്തിനും ഇത് വഴി തെളിക്കുന്നുണ്ട്. ഈ മാദ്ധ്യമം ഏതാണ്ട് നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് 8% ത്തോളം വീടുകളിൽ ടെലിവിഷൻ ഉണ്ട്. പഞ്ചായത്തിൽ കേബിൾ ടി. വിയും. കടന്നു വന്നിട്ടുണ്ട്. ടെലിവിഷന്റെ എണ്ണം പരിമിതമാണെങ്കിലും അതു് ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. പഴമ്പാലക്കോട്ടുള്ള ഒരു സിനിമാ ശാലയേ നമ്മുടെ പഞ്ചായത്തിലുള്ളൂ.

കായിക രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഈ രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. നമ്മുടെ പഞ്ചായത്തിൽ പൊതു കളിസ്ഥലം ഇല്ലെങ്കിലും, പഴമ്പാലക്കോട് ഹൈസ്കൂൾ ഗ്രൗണ്ടും തരൂർ യു. പി. സ്കൂൾ ഗ്രൗണ്ടും മാങ്ങോട്ടുകാവ് മൈതാനിയും കേന്ദ്രീകരിച്ചാണ് കായിക മത്സരങ്ങൾ ഏറെയും സംഘടിപ്പിക്കാറുള്ളത്. കരാട്ടെ പരിശീലനം ചില പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. പഴമ്പാലക്കോട് നിലവിലുള്ള ക്ലബ്ബുകളുടെയും നാട്ടുകാരുടേയും പരിശ്രമത്താൽ ഓരോ വർഷവും ഫുട്ബോൾ മൽസരവും, ഷട്ടിൽ ബാറ്റ്മിന്റൺ മൽസരവും സംഘടിപ്പിക്കാറുണ്ട്. വോളിബോൾ മൽസരം പാറയ്ക്കൽ പറമ്പ് സംഗീത ക്ലബ്ബും ക്രിക്കറ്റ് അത്തിപ്പൊറ്റ NACയും നടത്താറുണ്ട്.

പഞ്ചായത്ത് സംഘടിപ്പിക്കുന്ന കലാകായിക മൽസരങ്ങൾ വർഷംതോറും ഉണ്ടാവാറുണ്ട്. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളും വ്യക്തികളും ഇതിനെ ഉപയോഗപ്പെടുത്താറുണ്ട്. മാത്രമല്ല ഈ രംഗത്തെ ഉത്തേജിപ്പിക്കാൻ ഇതുകൊണ്ടു കഴിഞ്ഞിട്ടുണ്ട്.

വായനശാലകളിലൊന്നായ അത്തിപ്പൊറ്റ വായനശാല കെട്ടിടനിർമ്മാണത്തിന് നടപ്പു പദ്ധതിയിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1 നിലവിലുള്ള വായനശാലകളുടെ പോരായ്മകൾ.

2 വേണ്ടത്ര വായനശാലകൾ ഇല്ലാത്തത്.

3 കലാകായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.

4 കലാസമിതികളുടെ പ്രവർത്തനക്കുറവ്.

5 തനതു കലകളുടെ നാശം.

നിർദ്ദേശങ്ങൾ

1 a നിലവിലുള്ള വായനശാലകളുടെ പ്രവർത്തന മേൽനോട്ടത്തിന് മുഴുവൻ സമയ ലൈബ്രേറിയനെ നിയോഗിക്കുക.

b പ്രദേശങ്ങളുടെ അഭിരുചിക്കനുസരിച്ച് ഗുണനിലവാരമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ വിദഗ്ദ സമിതിയെ നിയോഗിക്കുക.

c ഗ്രാൻറുകൾ വർദ്ധിപ്പിക്കുക. (ഇതുവരെയുണ്ടായിരുന്ന ഗ്രാൻറ് തുക ഈ വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് അപര്യാപ്തമാണ്.)

d ഗ്രന്ഥശാലകൾക്കാവശ്യമായ ഫർണീച്ചർ വേണ്ടത്ര നൽകുക.

2 വായനശാലകൾ ഇല്ലാത്ത പ്രദേശങ്ങളിൽ വായനശാലകൾ

വാർഡ് നമ്പർ	വായനശാല സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
10, 9	തോണിപ്പാടം
8	കരിങ്കുളങ്ങര
6	നെച്ചൂർ
3	കുട്ടങ്കോട്
4	നെല്ലുകുത്താങ്കുളം

3 പൊതുകളിസ്ഥലങ്ങൾ സ്ഥാപിക്കുക.

i പഴമ്പാലക്കോട്
ii അത്തിപ്പൊറ്റ } മിനി സ്റ്റേഡിയങ്ങൾ
iii തോണിപ്പാടം

കൂടാതെ വാർഡടിസ്ഥാനത്തിൽ ചെറു കളിസ്ഥലങ്ങളും ഉണ്ടാക്കണം.

4 കലാസമിതിയുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഒരു സ്റ്റാൻറിംഗ് കമ്മിറ്റി രൂപീകരിക്കുക.

നന്നായി പ്രവർത്തിക്കുന്ന കലാസമിതികൾക്ക് പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.

കലയെ സംബന്ധിച്ച് യുവാക്കളിൽ അവബോധം വളർത്തുക.

5 തനത് കലകൾക്ക് മാത്രമായി വർഷത്തിൽ ഒരു തവണ മത്സരങ്ങൾ നടത്തുക.

തനതുകലകളിൽ യുവാക്കൾക്ക് പരിശീലനം കൊടുക്കുക.

മാധ്യമങ്ങളിൽകൂടി ഇവയെ പ്രോത്സാഹിപ്പിക്കുക.

10 വനിതാക്ഷേമം

സ്ത്രീയുടെ ഉത്ക്കർഷത സമൂഹത്തിന്റെ ഉത്ക്കർഷമായിതീരുന്നു എന്ന സാമൂഹ്യാവബോധം ഇന്ന് കരുത്താർജ്ജിച്ചു വരുകയാണ്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ സാമ്പത്തിക മുന്നോക്കാവസ്ഥ ആദ്യം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. സ്ത്രീ പുരുഷ സമത്വത്തിന്റെ ആരോഗ്യകരമായ ഐക്യദാർഢ്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന തിരിച്ചറിവിൽനിന്ന് പുതിയ പ്രവർത്തന മേഖലകളിലുള്ള കൂട്ടായ്മ ഉറപ്പുവരുത്താൻ സ്ത്രീകൾ സ്വയം മുന്നോട്ടുവരേണ്ടതായിട്ടുണ്ട്.

യാഥാസ്ഥിതികമായ മതസാഹചര്യങ്ങളും, വിശ്വാസ പ്രമാണങ്ങളും സാമ്പത്തീക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും ശാരീരിക സവിശേഷതകളും അവരെ മേൽ പറഞ്ഞ കാര്യത്തിൽ നിന്ന് താൽക്കാലികമായെങ്കിലും നിരുത്സാഹപ്പെടുത്തുന്നുണ്ട്. അതിജീവിക്കാനുള്ള ശക്തി സ്ത്രീ ആർജ്ജിക്കുമ്പോഴെ അവരെ കേന്ദ്രീകരിച്ചു തുടങ്ങുന്ന എല്ലാ വികസന പ്രവർത്തനങ്ങളും വിജയകരമായി സാക്ഷാത്കരിക്കുകയുള്ളു.

മനസ്സുകൊണ്ടും അതുപോലുള്ള സംഹിതകളും നമ്മുടെ മുൻഗാമികളിൽ വേരുറച്ചു തുടങ്ങിയ സമൂഹത്തിൽ ഇന്നുറഞ്ഞുനിൽക്കുന്ന ചുറുമതിലുകൾ പൊളിച്ചുമാറ്റാൻ മറ്റാരും വരില്ല. നാം തന്നെ മുൻകൈ എടുത്ത് ശാസ്ത്രീയമായ സാമൂഹ്യതാല്പര്യം കരുപ്പിടിപ്പിക്കേണ്ടതായിട്ടുണ്ട്. വനിതാക്ഷേമം സാമൂഹ്യക്ഷേമമായി തിരിച്ചറിയുന്ന ഒരു സാംസ്കാരിക തനിമ നാം സ്വയം വാർത്തെടുക്കുന്നു എന്ന് ലോകചരിത്രം രേഖപ്പെടുത്തട്ടെ. സമൂഹത്തിന്റെ അന്തസ്സിനും യശസ്സിനും അതാണഭികാമ്യം.

ഉയർന്ന സാംസ്കാരിക പൈതൃകം നമുക്കുണ്ടെന്ന പ്രചാരണത്തിനും വർത്തമാന സാഹചര്യ മുക്തിക്കുംകൂടി അഭികാമ്യമായിരിക്കും അത്.

നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരേക്കാളും കൂടുതൽ സ്ത്രീകളാണ്. ഇത് സംസ്ഥാന ശരാശരിയേക്കാളും കൂടുലലും ജില്ലാ ശരാശരിക്ക് താഴെയുമാണ്.

പട്ടിക 1

പഞ്ചായത്ത് ശരാശരി	1000 : 1057
താലൂക്ക് ശരാശരി	1000 : 1063
ജില്ലാ ,,	1000 : 1066
സംസ്ഥാനം ,,	1000 : 1036

പഞ്ചായത്തിലെ സ്ത്രീകളും കൂടുതലും തൊഴിൽ ചെയ്യുന്നത് കാർഷിക മേഖലയിലാണെന്ന് കാണാം. വീട്ടുമായി ബന്ധപ്പെട്ടന്ന, നേരം പുലർന്നാൽ തുടങ്ങി ഉറങ്ങാൻ പോകുന്നതുവരെയുള്ള നിരവധി ജോലികളും ചെയ്തുതീർക്കേണ്ടതും സ്ത്രീകളുതന്നെ, ഒരിക്കലും കൂലി കണക്കാക്കപ്പെട്ടിട്ടില്ലാത്ത അഥവാ കണക്കാക്കാൻ പറ്റാത്ത ഗൃഹഭരണവും നിയന്ത്രണവും എല്ലാ രംഗത്തുള്ള തൊഴിലാളി സ്ത്രീകളും ചെയ്തേ പറ്റൂ എന്ന അവസ്ഥ നിലവിലുണ്ട്. ഒരു സാമൂഹ്യാചാരം കണക്കെ.

തൊഴിൽ മേഖല തിരിച്ച് പട്ടിക കാണുക പട്ടിക 2

	തൊഴിൽമേഖല	ആകെ തൊഴിലാളികളും		
		പു	സ്ത്രീ	ആകെ
1	കർഷകൻ/കർഷക	859	42	901
2	കർഷകതൊഴിലാളി	800	3200	4000
3	മൃഗസംരക്ഷണം	90	210	300
4	ചെറുകിടവ്യവസായം	296	908	1204
5	കെട്ടിട നിർമ്മാണം	177	295	472
6	ഗതാഗതം, വാത്താവിനിമയം	118	2	120
7	വ്യാപാരം	200	260	460
8	മറ്റുള്ളവ (സർക്കാർ ഉദ്യോഗമുൾപ്പെടെ)	124	100	224
9	ചെങ്കല്ല്	113	465	578
10	ബീഡി	148	176	324
11	ടൈലറിങ്ങ്	22	24	46
12	ഖാദി	—	16	16
13	നെയ്ത്ത്	180	248	428
	ആകെ	3127	5946	9073

പൊതുവെ സ്ത്രീകളെക്കൊണ്ട് ജോലി ചെയ്യിക്കുക എന്നത് സമൂഹത്തിൽ ഇന്ന് താൽപര്യമുള്ള കാര്യമായിട്ടാണ് അനുഭവപ്പെടുന്നത്. ഇത് പ്രധാനമായും കുറഞ്ഞ കൂലിയേയും, അവർ ചെയ്തു തീർക്കുന്ന വർദ്ധിച്ച ജോലി അളവിനേയും ലാക്കാക്കിയാണ്.

കൂലി നിരക്കിന്റെ പട്ടിക പരിശോധിച്ചാൽ ഇത് ബോധ്യമാകും

പട്ടിക— 3

	തൊഴിൽ മേഖല	കൂലിനിരക്ക് സ്ത്രീ	പുരുഷൻ
1	കാർഷികം	30 — 35 രൂപ	60 — 75 രൂപ
2	നിർമ്മാണ രംഗം	35 — 45 രൂപ	100 — 110 രൂപ
3	ചെങ്കല്ല്നിർമ്മാണം	35 — 50 രൂപ	75 — 100 രൂപ
4	ബീഡി	30 — 35 രൂപ	35 — 40 രൂപ
5	തീപ്പെട്ടി	15 — 20 രൂപ	35 — 50 രൂപ
6	നെയ്ത്ത്	30 — 35 രൂപ	55 — 60 രൂപ
7	ടൈലറിങ്ങ്	30 — 40 രൂപ	80 — 100 രൂപ
8	പരമ്പരാഗതം	30 — 35 രൂപ	40 — 60 രൂപ
9	അന്യവീട്ടുജോലി	5 — 15 രൂപ	20 — 25 രൂപ

കെട്ടിട നിർമ്മാണ രംഗത്തും തീപ്പെട്ടി വ്യവസായ രംഗത്തും അന്യ വീടുകളിൽ അടുക്കള ജോലിയുംപ്പെടെ ചെയ്യുന്നവരുടെ രംഗത്തുമൊക്കെ വളരെ കുറഞ്ഞ കൂലിക്കാണ് സ്ത്രീകൾ ജോലി ചെയ്യുന്നത് എന്ന് കാണാൻ കഴിയും. തുല്യ ജോലിക്ക് തുല്യ വേതനം എന്നത് ഇന്നും മരീചികയായി തുടരുന്നു.

നമ്മുടെ പഞ്ചായത്തിലെ പെൺകുട്ടികളും പഠന രംഗത്ത് പട്ടിക കാണുക

പട്ടിക 4

	പെൺകുട്ടികളും	ആൺകുട്ടികളും	ശതമാനക്കണക്കിൽ പെൺ	ആൺ
എല്ലാ സ്കൂളുകളിലും കൂടി	2143	2210	49.23	50.77

പഞ്ചായത്തിൽ സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷന്റേതിനേക്കാളും താഴെയാണ്. പട്ടിക ജാതിക്കാരിൽ സ്ത്രീകളിൽ അത് മറ്റു വിഭാഗക്കാരിലും താഴെയാണ്. രോഗം ഇതര ശതമാനവും സ്ത്രീ കളിലാണ് കൂടുതൽ ഏതാണ്ട് 56. 5% സ്ത്രീകളും ചികിൽസയ്ക്കായി എത്തുന്നവരിൽ ഉണ്ട്. വ്യത്യാസം 13% ആണ്. സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥയും ഗൃഹാന്തരീക്ഷവുമാണിതിന് കാരണമായി കാണുന്നത്.

മറെറാരു പട്ടിക കാണുക.

പട്ടിക 5

ഗർഭിണികളുടെ എണ്ണം	പ്രത്യേക പരിചരണം ലഭിക്കേണ്ട ഗർഭിണികളുടെ എണ്ണം	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	കഴിഞ്ഞ വർഷത്തെ ജനനം	പോഷകാഹാരം വിതരണം ചെയ്യപ്പെടുന്ന കുട്ടികളുടെ എണ്ണം	3 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം	പോഷകാഹാരം ലഭിക്കുന്ന അമ്മമാരുടെ എണ്ണം	പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം
172	34	190	340	525	1643	51	41

അവലംഭം അംഗൻവാടി രേഖകളും

ഗർഭിണികളേയും 3 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളേയും പരിചരിക്കണം അഥവാ അവഗണന മനസ്സിലാക്കി പരിഹരിക്കാൻ നമുക്ക് വളരെ കുറച്ച് മാത്രമെ കഴിയുന്നുള്ളൂ എന്ന് പട്ടിക വെളിപ്പെടുത്തും. ശിശു മരണ നിരക്ക് കേരളത്തിൽ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ വർഷം ശിശു മരണം (നവ ജാത ശിശു) റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതൊക്കെ ആശ്വാസകരം

തന്നെ. എന്നാൽ ജീവിച്ചിരിക്കുന്ന കുഞ്ഞുങ്ങളൊക്കെ ആരോഗ്യത്തോടെ ഇരിക്കുന്നു എന്നു ഉറപ്പുവരുത്താനും കഴിയണം. ആയതും വനിതാ ക്ഷേമത്തിന്റെ ഭാഗമായി കാണണം.

രാഷ്ട്രീയ സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ട്രെഡ് യൂനിയൻ രംഗത്തും യുവജന രംഗത്തും സ്ത്രീകളുടെ മെമ്പർഷിപ്പ് ചെറുതല്ല. പക്ഷെ രംഗത്തേക്ക് വളരെ കുറച്ച് പേരെ എത്തുന്നുള്ളൂ. പത്തിൽ കുറയാത്ത മഹിളാ സംഘങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനത്തിൽ ഇവയും വളരെ വളരെ പുറകിലാണ്. ഭൂരി ഭാഗവും പ്രവർത്തിക്കുന്നില്ലെന്ന് തന്നെ പറയാം.

പഞ്ചായത്തിൽ ഒരു വനിതാ പ്രസ്സും, വനിതാ ടൈലറിങ്ങ് പരിശീലന യൂനിറ്റും പ്രവർത്തിക്കുന്നുണ്ട്. വനിതകളും പ്രത്യേകമായി നടത്തുന്ന മറ്റു സംരംഭങ്ങളും ഒന്നുതന്നെയില്ലെന്ന് പറയാം.

ആത്മഹത്യാ നിരക്ക് സ്ത്രീകളിൽ കുറവാണ്. സ്ത്രീ പീഠന കേസുകളൊന്നും റിപ്പോർട്ട് വർഷം രജിസ്റ്റർ ചെയ്തിട്ടില്ല. എന്നിരുന്നാലും സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്ന ഒരു അവസ്ഥ ഉണ്ട്. ജനിച്ച കുട്ടിപെണ്ണല്ല എന്ന് കേൾക്കാനും ആശ്വാസം കൊള്ളാനും രക്ഷിതാക്കളിൽ ഒരു ഭാഗം ആശിക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ സ്ത്രീധനവും ഉയർന്ന വിവാഹ ചെലവും ആണെന്നതാണ് വാസ്തവം.

മിശ്രവിവാഹങ്ങളും കുറഞ്ഞചിലവിൽ നടക്കുന്ന വിവാഹങ്ങളും പഞ്ചായത്തിൽ ഇന്നും വളരെ വളരെ കുറവാണ്. എന്നാലും കാലകാലങ്ങളായി നിലനിന്നിരുന്ന സംഘടിത എതിർപ്പ് കുറഞ്ഞുകുറഞ്ഞുവരുന്നുണ്ട്. ഒരുപക്ഷെ സ്യഘടിതമായ എതിർപ്പ് ഇല്ലാതായിട്ടുണ്ട് എന്നുപോലും പറയാം. ഇതൊക്കെ ആശ്വാസകരമാണ്.

അന്ധവിശ്വാസങ്ങളും അശാസ്ത്രീയമായ ആചാരങ്ങളും വേരുറയ്ക്കുന്നത് നമ്മുടെ സ്ത്രീസമൂഹത്തിലാണ് വേഗത്തിൽ എന്നത് കാണാൻ കഴിയുന്നു. അത് ഒരു പുരോഗമന ചിന്താഗതിയുള്ള സമൂഹസൃഷ്ടിക്ക് വിഘാദമായി നിൽക്കുന്നമുണ്ട്. അത്തരം ആചാരാനുഷ്ഠാനങ്ങളെ തുറന്നെതിർക്കേണ്ടതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

നേരത്തേ സൂചിപ്പിച്ചതുപോലെ സാമൂഹ്യാവബോധമുള്ള ഒരു സ്ത്രീ സമൂഹസൃഷ്ടി തന്നെയാണ്. അതിനായിരിക്കട്ടെ നമ്മുടെ സർവ്വശ്രമങ്ങളും.

പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥ
2 തൊഴിൽ മേഖലകളുടെ അഭാവം
3 മഹിളാ സംഘടനകളുടെ പോരായ്മ
4 അനാചാരങ്ങളും അന്ധവിശ്വാസങ്ങളും
5 സ്ത്രീധനം
6 ആരോഗ്യരംഗത്തെ വിവിധ പ്രശ്നങ്ങളും

പരിഹാര നിർദ്ദേശങ്ങൾ

1 വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ബോധവല്ക്കരണ പരിപാടി നടപ്പിലാക്കുക. സാക്ഷരതാ പരിപാടി സ്ത്രീകേന്ദ്രീകൃതമായി നടപ്പാക്കുക.

2 സ്ത്രീകേന്ദ്രീകൃത തൊഴിൽ മുൻഗണനയുള്ള സ്ഥാപനങ്ങളും മഹിളാ വ്യവസായ സഹകരണ സംഘങ്ങളും രൂപീകരിക്കുക.

3 സർക്കാർ സഹായങ്ങളിൽ സ്ത്രീകേന്ദ്രീകൃത മുൻഗണന ഏർപ്പെടുത്തുക

4 മഹിളാ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

5 മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6 പഴമ്പാലക്കോട് PHC യിൽ ഒരു സ്ഥിരം ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക. പ്രസവവാർഡ്, ഓപ്പറേഷൻ തിയ്യേറ്റർ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കുക.

7 അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സാമൂഹ്യാവബോധം വളർത്താൻ ബോധവൽക്കരണ നടപടികൾ ആരംഭിക്കുക.

8 സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താൻ ആസൂത്രിതമായ ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

പട്ടികജാതി പട്ടികവർഗ്ഗം

11

തരൂർ ഗ്രാമപഞ്ചായത്ത് ജന്മിത്വത്തിന്റേയും നാടുവാഴിത്വത്തിന്റേയും ശക്തികേന്ദ്രമായിരുന്നു, അതുകൊണ്ടുതന്നെ പട്ടികജാതിയിൽപ്പെട്ടവർക്ക് അക്കാലത്ത് മറ്റു സമുദായങ്ങളെക്കാളും കൂടുതൽ പീഡനങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ജന്മിത്വത്തിന്റെ ഇഷ്ടാനുസരണം തൊഴിലിന്റെ അടിസ്ഥാനത്തിൽ ജാതികൂടി തിരിച്ചുകൂടിയിരുത്തപ്പെട്ടവരാണ് എന്നാണ് പറയപ്പെടുന്നത്. സാമൂഹ്യ നവോത്ഥാന കാലഘട്ടത്തിൽ കേരളത്തിലുടനീളം അലയടിച്ചിരുന്ന അയിത്തത്തിനും, തീണ്ടികൂടായ്മക്കും ക്ഷേത്ര പ്രവേശനത്തിനും വഴി നടക്കാനും മറ്റുമുള്ള സമരങ്ങളിൽ ഈ പ്രദേശത്തെ പട്ടിക ജാതിയിൽ ചിലരെങ്കിലും പങ്കെടുത്തിരുന്നതായി അറിയപ്പെടുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ബഹുജന സംഘടന നേതൃത്വങ്ങളിൽ പട്ടികജാതിയിൽപെട്ടവർ മുന്നോട്ടുവരുന്നുണ്ട്. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഈ വിഭാഗത്തിൽപെട്ടവർക്ക് പുരോഗതിനേടാൻ ഇന്നും വേണ്ടത്ര കഴിഞ്ഞിട്ടില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 957 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവരുടെ ജനസംഖ്യ 5044 ആണ്. (21.8%) പുരുഷൻ 2427 ഉം, 2617 സ്ത്രീകളുമാണ്. പട്ടികജാതിയിൽ ഭൂരിഭാഗം കാർഷിക തൊഴിലാളികളാണ്. കാലാകാലങ്ങളായി അനുഷ്ടിച്ചുവരുന്ന പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട ജീവിച്ചു വരുന്ന കുറഞ്ഞ ഒരു വിഭാഗവും ഉണ്ട്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവരായി വളരെ വിരളമാണ്. വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പൊതു വിദ്യാഭ്യാസ രംഗത്ത് കൊഴിഞ്ഞുപോക്കിൽ പട്ടികജാതിക്കാരിലാണ് കൂടുതൽ കാണുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം 13.7% മാത്രമാണ്.

പട്ടിക കാണുക

പട്ടികജാതി വിദ്യാർത്ഥികൾ

നമ്പർ	സ്കൂളിന്റെ പേര്	പുരുഷൻ	സ്ത്രീ	ആകെ
1	S M M ഹൈസ്കൂൾ പഴമ്പാലക്കോട്	103	112	215
2	A U P സ്കൂൾ തരൂർ	62	48	110
3	A M A U P സ്കൂൾ നെച്ചൂർ	40	24	64
4	B J B സ്കൂൾ അരിയശ്ശേരി	16	15	31
5	K M M L P സ്കൂൾ അത്തിപ്പൊറ	33	36	69
6	G M L P സ്കൂൾ തോണിപ്പാടം	14	20	34
7	G L P സ്കൂൾ വാവുള്ള്യാപുരം	13	09	22
8	A L P സ്കൂൾ പഴമ്പാലക്കോട്	27	38	65
8		308	302	610

പട്ടികജാതിയിൽപ്പെട്ടവരുടെ സാക്ഷരതാ മറ്റു ജനവിഭാഗങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ താഴെയാണ്. ഉച്ചനീചത്വങ്ങളും അനാചാരങ്ങളും നിലനിന്നിരുന്ന സമൂഹത്തിൽനിന്നും ഈ വിഭാഗത്തിന് അനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങളിൽ കുറവ് ഉണ്ടായിട്ടുണ്ട് എന്നത് നേരാണ്. വിവാഹാദി ചടങ്ങുകൾക്ക് ഇതര സമൂഹങ്ങളുമായി സ്വതന്ത്രമായി ഇടപെടാവുന്ന ഒരു മാനസീക അവസ്ഥയിലേക്ക് ഈ വിഭാഗം ഇന്നും ഉയർന്നിട്ടില്ലെന്നതും അവരെ പങ്കെടുപ്പിക്കാനുള്ള വിശാല മനസ്ക്കത കാണിക്കാൻ മാത്രം പകുതി സമൂഹം ആർജ്ജിച്ചിട്ടില്ല എന്നതും സത്യമാണ്. പ്രീ-മെട്രിക്ക് ഹോസ്റ്റലുകളും ഈ പഞ്ചായത്തിലില്ല. പട്ടികജാതിക്കാരുടെ മേൽനോട്ടത്തിലുള്ള വ്യവസായ യൂണിറ്റോ ഇല്ല. തൊഴിൽ യൂനിറ്റോ ഇല്ല. ഒരു ഹരിജൻ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമല്ല.

പഞ്ചായത്തിൽ 3 IHDP കോളനികളും ഉൾപ്പെടെ 21-ഓളം കോളനികളും അഞ്ചും ആറും കുടുംബങ്ങളും വീതമുള്ള ഒറ്റപ്പെട്ട പട്ടികജാതി സങ്കേതങ്ങളും ഉണ്ട്. പട്ടിക വർഗ്ഗക്കാർ ഈ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങൾക്കും കക്കൂസ് സൗകര്യമില്ലാത്ത വരാണ്. സ്വന്തമായി വീടില്ലാത്തവരും ഓലമേഞ്ഞ് താമസിക്കുന്ന 750–ഓളം കുടുംബങ്ങളും ഉണ്ട്. 4 സെൻറ് ഭൂമി കിട്ടിയവർക്ക് കൈവശരേഖ കിട്ടാത്തതുകൊണ്ട് വീട് നിർമ്മിക്കാൻ പറ്റാത്ത സ്ഥിതി ഉണ്ട്. ഭൂരിപക്ഷം വീടുകളിലും വൈദ്യുതി ഇപ്പോഴും എത്തിയിട്ടില്ല. കോളനികളിൽ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. 50 സെൻറിൽ കൂടുതലുള്ള ഭൂമി ഉള്ളവർ വിരലിലെണ്ണാവുന്നവരെയുള്ളൂ. കോളനികൾക്കാവശ്യമായ ഗതാഗത സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

പട്ടികജാതിക്കാർക്ക് വേണ്ടി സർക്കാർ തലത്തിൽ നിരവധി സ്കീമുകൾ നടപ്പിലാക്കുമ്പോൾ സാമ്പത്തിക സഹായം വർദ്ധിക്കുന്നതോടൊപ്പം അവരെ സാമൂഹ്യമായ ബോധവാന്മാരാക്കാനുള്ള പ്രക്രിയ ആരംഭിക്കേണ്ടിയിരിക്കുന്നു. അവർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ യഥാർത്ഥത്തിൽ അവർക്കുതന്നെ പ്രയോജനപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

2 പഞ്ചായത്ത് തലത്തിൽ വികസന സ്റ്റാൻറിംഗ് കമ്മറ്റി രൂപീകരിക്കണം.

3 എല്ലാ കോളനികളിലും സൗജന്യമായി പത്രമാധ്യമങ്ങൾ എത്തിക്കുക.

4 കക്കൂസ് ഇല്ലാത്ത എല്ലാപട്ടികജാതി വീടുകളിലും സമയബന്ധിതമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

5 പട്ടികജാതി വികസന വകുപ്പിൻെറ പ്രവർത്തനങ്ങൾ പഞ്ചായത്തുമായി ബന്ധപ്പെടുത്തി കാര്യക്ഷമമാക്കുക.

6 കോളനികളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

7 ഭൂമിയില്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും 4 സെൻറ് വീതം ഭൂമി പതിച്ച് കൊടുക്കുകയും വീട് നിർമ്മിച്ചുകൊടുക്കുകയും ചെയ്യുക.

പട്ടികജാതി കോളനികൾക്ക് വേണ്ട പ്രാഥമിക ആവശ്യങ്ങൾ

വാർഡ്	കോളനിയുടെ പേരുകൾ	വീട്		കക്കൂസ്	വൈദ്യുതി	വെള്ളം	റോഡ്
		കിട്ടിയവർ	കിട്ടാത്തവർ				
1	മണ്ണഴി	18	4	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
	പടപ്പാടം						
	പ്പാക്കൽ				ഇല്ല		ഉണ്ട്
2	ഊട്ടുപുരപ്പടി	23	5	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
	മണ്ണാൻകോളനി				ഉണ്ട്	ഉണ്ട്	ഉണ്ട്
3	കുട്ടങ്കോട്	46	8	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
	ഇരുമ്പാലപറമ്പ്						
	മല്ലംപറമ്പ്						
4	പൂവ്വത്തിങ്കൽ	27	12	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
	കരടിക്കുന്ന്						
	ചേലക്കാട്ടുകുന്ന്				ഉണ്ട്		
5	കുളക്കാട്	15	3	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
	കോഴിക്കാട്				ഇല്ല	ഇല്ല	ഉണ്ട്
6	കുണ്ടുപറമ്പ്	66	19	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
	ചിറക്കോട്						
	പെരുപ്പെട്ടി						
	നൊച്ചൂർ						
7	ചക്കിണി	19	6	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
	പുളിയമ്പറ				ഇല്ല		ഇല്ല
	കിഴക്കേത്തറ				ഉണ്ട്	ഉണ്ട്	ഉണ്ട്
8	കരിംകളങ്ങര	44	9	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
	അരിക്കിൻചിറ					ഉണ്ട്	
	കൊളറോഡ്						
	നെല്ലിപ്പാടം						
9	കാവുങ്കൽപറമ്പ്	15	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	അയ്യപ്പൻകാട്	41	7	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
	ചെട്ടിയാർകുളമ്പ്						ഇല്ല
	ചേലമ്പരിയാരം						ഉണ്ട്
	ആലിക്കൽപറമ്പ്						
	ചാലുമ്പുള്ളി						
	മറ്റ് സ്ഥാപനങ്ങൾ വഴി കിട്ടിയത്	82	—				
	ആകെ	396	78				

പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും തരൂർ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് താഴെ പറയുന്ന ആവശ്യങ്ങൾക്ക് വായ്പ വിതരണം നടത്തിയതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

PARTICULARS	1990—91	1991—92	1992—93	1993—94	1994—95	1995—96
കൃഷി	0.20	0.58	1.26	2.65	2.54	3.16
കറവപ്പശുവും തൊഴുത്തും	0.33	0.51	1.14	0.95	0.86	0.54
കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും	—	0.21	0.47	0.97	0.71	—
സ്വർണ്ണപണ്ടപണയം വായ്പ	1.71	6.53	8.04	8.63	11.30	13.00
IRDP, NAMT തുടങ്ങിയവ	0.14	1.32	2.85	3.16	4.24	5.61
ആകെ	2.38	9.15	13.76	16.36	19.65	22.31

മാർക്കറ്റ്

പൊതുവിതരണം

12

ഉപഭോക്താവിന്റെ തെരഞ്ഞെടുക്കാനുള്ള അവകാശവും ഗുണ നിലവാരം താര തമ്യപ്പെടുത്തി അറിയാനുള്ള അവകാശവും ഉൾപ്പെടെ പല അവകാശങ്ങളും ലഭ്യ മാക്കുന്നതിനു് മാർക്കറ്റ് അത്യാവശ്യമാണു്. ആവശ്യാനുസരണം സാധന സാമഗ്രി കളും മിതമായ വിലയ്ക്കു് കിട്ടുന്നുണ്ടു് എന്നു് ഉറപ്പുവരുത്താനും മാർക്കറ്റ് ഒരു ഘടക മാണു്. സുസജ്ജവും പ്രത്യേകിയുള്ളതും ആയ മാർക്കറ്റ് പരിഷ്കൃത സമൂഹത്തിന്റെ മുഖമുദ്രയാണു്.

പൊതു വിതരണ സമ്പ്രദായം വിപുലമാക്കിയും മാർക്കറ്റും ആഴ്ച ചന്തകളും സുസജ്ജമാക്കിയും നിലനിർത്തിയാൽ വിലനിലവാരം ഒരു വലിയ പരിധിവരെ പിടിച്ചു നിർത്താൻ കഴിയുമെന്നത് അനുഭവമാണു്.

നമ്മുടെ പഞ്ചായത്തിൽ 11 പൊതു വിതരണ കേന്ദ്രങ്ങളും ഉണ്ടു്.

പഞ്ചായത്തിലെ മറ്റിതര വ്യാപാര സ്ഥാപനങ്ങൾ പട്ടിക

ക്രമനമ്പർ	ഇനം	സഹകരണം	സ്വകാര്യ	ആകെ എണ്ണം
1	പലചരക്ക്	01	56	57
2	സ്റ്റേഷനറി & ബേക്കറി	—	28	28
3	ചായക്കട	—	72	72
4	തുണിക്കട	01	07	08
5	ഹാർഡ്വേർ	—	04	04
6	സിമൻറ്	—	03	03
7	കോഴി	—	03	03
8	മട്ടൻ സ്റ്റാൾ	—	03	03
9	ബീഫ്	—	04	04
10	പാൽ	04	തിട്ടപ്പെടുത്തിയില്ല	04
11	മത്സ്യം	—	05	05
12	രാസവളം	05	08	13
13	ഇംഗ്ലീഷ് മരുന്ന് ഷാപ്പ്	—	02	02
14	ആയുർവ്വേദം	—	05	05
15	വിറക് കട	—	08	08
16	ഫർണീച്ചർ	—	05	05
17	പ്ലാസ്റ്റിക് ഫർണീച്ചർ	—	01	01
18	സോഫ ഫർണീച്ചർ	—	01	01
19	കീടനാശിനി സെൻറർ	04	04	04

★ ആളോപരി പാലുപയോഗം. 80 മില്ലി. ഉദ്ദേശം പഞ്ചായത്തിലെ 1 മാസത്തെ പാൽ ഉപയോഗം 96,000, ലിറ്റർ

★ മുട്ട ഉപയോഗം 40,000 എണ്ണം.

പ്രശ്നങ്ങൾ

★ പഞ്ചായത്തിൽ 5 രാസവള ഡിപ്പോ റേഷൻ ഷാപ്പ് മാവേലി സ്റ്റോർ, 1 തുണി വ്യാപാരം എന്നിവയൊഴിച്ച് ബാക്കിയെല്ലാം സഹകാര്യ മേഖലയിലാണ്.

★ പഞ്ചായത്തിലെ വ്യാപാര വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. പലപ്പോഴും ഇവിടത്തെ മാർക്കറ്റ് നിലവാരം നിശ്ചയിക്കുന്നത് അത്തരം അന്യ സ്ഥലങ്ങളാണ്.

★ തെരഞ്ഞെടുക്കാൻ മാത്രം വൈവിദ്ധ്യതയുള്ള മാർക്കറ്റ് പഞ്ചായത്തിൽ കുറവാണ്.

★ ഗുണനിലവാരം ക്ലിപ്തപ്പെടുത്തിയവയാണ് വിപണനം നടത്തുന്നതെന്ന് ഉറപ്പാക്കാൻ സൗകര്യമില്ല.

★ അത്യാവശ്യ വീട്ടുപകരണങ്ങളും ഉപയോഗ വസ്തുക്കളും വിപണനം നടത്തുന്ന കേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

ഉദാഹരണം: പായ, ചൂല്, കുട്ടകം, വട്ടികം, കയറുകം, ചവിട്ടികം, മൺപാത്രങ്ങൾ, സാനിട്ടറി ഉപകരണങ്ങൾ.

★ ആധുനിക ഗൃഹോപകരണ വില്പന ശാലകളും ഇല്ല.

പച്ചക്കറി മാർക്കറ്റ് — തരൂർഗ്രാമപഞ്ചായത്ത്

ആഴ്ച ചന്തകൾ		ദിവസവുമുള്ള വില്പനശാലകൾ	
പേരു്	ഏകദേശ വില്പന	പേരു്	ഏകദേശവില്പന
1 അത്തിപ്പൊറ	2500/–	1 അത്തിപ്പൊറ	1500/–
2 തരൂർ	3000/–	2 പഴമ്പാലക്കോട്	2000/–
3 പഴമ്പാലക്കോട്	2000/–	3 തോട്ടമ്പള്ള	500/–
4 തോട്ടമ്പള്ള	2000/–	4 പാറക്കൽപറമ്പ്	500/–
5 അമ്പലക്കാട്	1500/–	5 തരൂർ	400/–
6 പഴമ്പാലക്കോട് പഞ്ചാ		6 മണ്യത്ത് പറമ്പ്	200/–
യത്ത് മാർക്കറ്റ്	4500/–	7 കുട്ടൻകോട്	200/–
		8 നെച്ചൂർ	300/–
		9 ചിറക്കോട്	200/–
		10 കരിംകളങ്ങര	150/–
		11 അമ്പലക്കാട്	200/–
		12 അമ്പാട്ട്പറമ്പ്	200/–
		13 കണ്ടകാട്	150/–
		14 തോട്ടകാട്	150/–
ആകെ	15,500/–		4850/–

4 ആഴ്ചത്തെ വില്പന (1) 15500X 4 = 62000/–

(2) 4850X30 = 145500/–

207500/–

(രണ്ടുലക്ഷത്തി ഏഴായിരത്തി അഞ്ഞൂറു രൂപ)

പരിഹാര നിർദ്ദേശങ്ങൾ

1 മുഖ്യ നിത്യോപയോഗ വസ്തുക്കൾ വില്പന നടത്തുന്ന സഹകരണ മാർക്കറ്റുകളോ, പൊതു ഉടമയിലുള്ള മാർക്കറ്റുകളോ സ്ഥാപിക്കുക.

2 പഞ്ചായത്തിലെ ഉല്പന്നങ്ങൾ പഞ്ചായത്തിൽ ശേഖരിച്ച് വില്പന നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

3 പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പുതുതായി പക്ഷം തുടങ്ങുക.

4 ആസൂത്രിത സമഗ്ര വിപണനമേള സാധിപ്പിക്കുക.

മൃഗ സംരംക്ഷണം മൽസ്യബന്ധനം

ഇന്നത്തെതിൽനിന്നും വളരെ വ്യത്യസ്തമായിരുന്ന പഴയ കാലത്തെ കന്നുകാലി വളർത്തൽ. അന്നത്തെ കന്നുകാലി വളർത്തലിന്റെ പ്രാധാന ഉദ്ദേശങ്ങൾ പാൽ, വളം, ഗതാഗതം, ചരക്കുകടത്ത്, കാർഷികമേഖലയിലെ ഉഴവുപോലെയുള്ള ജോലികൾ മുതലായവയായിരുന്നു. അന്ന് ഓരോ കൃഷിക്കാരനും ഏറിയും കുറഞ്ഞും കന്നുകാലികളെ വളർത്തിയിരുന്നു. വംശവർദ്ധനവിന്റെ രീതിയും പ്രകൃത്യായുള്ളതായിരുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സമ്പത്തിൽ ഒരു മുഖ്യഘടകമായിരുന്ന കാലി സമ്പത്ത്. ആദ്യകാലത്ത് ജൈവവളത്തിന്റെ മുഖ്യസ്രോതസ്സുതന്നെ കന്നുകാലികളായിരുന്നു. മാത്രമല്ല ഇത് കൃഷിയുടെ ഒരു അനുബന്ധപ്രവർത്തനവുമായിരുന്നു. കന്നുകാലികളെ കൂട്ടമായി വളർത്തി മേയ്ക്കാൻ പ്രത്യേകം ആളുകളെ നിയോഗിക്കുന്ന സമ്പ്രദായമായിരുന്നു അന്ന്. അന്ന് തുറസ്സായ മേച്ചിൽ സ്ഥലങ്ങളും ധാരാളമായിരുന്നു.

അന്നത്തെ കന്നുകാലി പരിചരണം വളരെ വ്യത്യസ്തമായിരുന്നു. ഇന്നത്തേതുപോലെ ഇൻസ്റ്റന്റ് കാലിത്തീറ്റ ലഭ്യമായിരുന്നില്ല വൈക്കോൽ, പരുത്തിക്കുരു, പിണ്ണാക്ക്, തവിട് എന്നിവയായിരുന്നു അന്നത്തെ കാലിത്തീറ്റ. ഉഴവുകാളകൾക്കും, കന്നുതെളി മൽസരത്തിനുപയോഗിക്കുന്ന കാളകൾക്കും, പോത്തുകൾക്കും പച്ച മരുന്നു ചേർത്ത് ഇടിച്ച കോഴി കൊടുക്കുമായിരുന്നു.

കുളമ്പു രോഗം. അകിടു വീക്കം, കുരലടപ്പൻ തുടങ്ങിയ മാരക രോഗങ്ങൾ അന്നുണ്ടായിരുന്നെങ്കിലും ആധുനിക ചികിൽസാ രീതികളുണ്ടായിരുന്നില്ല. ഈ രോഗങ്ങൾക്കും മറ്റനേകം രോഗങ്ങൾക്കും നാടൻ ചികിൽസാ രീതികൾ നിലവിലുണ്ടായിരുന്നു.

പാലുൽപാദനശേഷി വളരെ കുറവായിരുന്നു. ഒരുനാടൻ പശുവിൽനിന്നു് പരമാവധി മൂന്നുലിറ്റർ പാൽ വരെയായിരുന്നു കിട്ടിയിരുന്നത്. ഇന്നത്തെപ്പോലെ വിപണന സൗകര്യങ്ങളില്ലാത്തതുകൊണ്ട് പാൽ അധികവും ഗാർഹികാവശ്യത്തിനായിരുന്നു ഉപയോഗിച്ചിരുന്നത്. ചുരുക്കമായി ചായക്കടകളിലും വിറ്റഴിച്ചിരുന്നു.

കാർഷികാവശ്യങ്ങൾക്കു പുറമെ എണ്ണയാട്ടാനും, ഗതാഗതത്തിനും, ചരക്കുകടത്താനും, കാളകളെയും പോത്തുകളേയും ഉപയോഗിച്ചിരുന്നു. ഒറ്റക്കാളവണ്ടികൾ (സവാരി വണ്ടികൾ) അന്നത്തെ സമ്പന്നന്റെ പ്രധാന യാത്രോപാധിയായിരുന്നു.

ഇന്നത്തെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ഇന്നു് കാർഷിക വൃത്തിക്കുവേണ്ടിയോ വംശവർദ്ധനവിനുവേണ്ടിയോ ഉപയോഗിക്കുന്ന കാളകളും, പോത്തുകളും വളരെ കുറഞ്ഞിരിക്കുന്നു. എങ്കിലും ചരക്ക് കടത്തിന് ഇവയെ ഉപയോഗിക്കുന്നുണ്ട്.

ഉൽപാദന ശേഷികൂടുതലുള്ള സങ്കരയിനം പശുക്കളാണ് ഇന്നു് കൂടുതലും തുറന്ന വിട്ട് മേയ്ക്കുന്ന സമ്പ്രദായം കുറവാണ്. കെട്ടിയിട്ട് വളർത്തുന്നതിനാൽ കാലിത്തീറ്റയെ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നു. പാൽ, ഇറച്ചി എന്നീ ആവശ്യങ്ങൾക്കാണ് ഇന്നു് പ്രധാനമായും ഇവയെ വളർത്തുന്നത്. ട്രാക്ടറും, ടില്ലറും വന്നതോടുകൂടി ഉഴവുമാടുകളുടെ ആവശ്യകത കുറഞ്ഞിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. അത്യുൽപാദന ശേഷിയുള്ളവയെ ഉൽപാദിപ്പിക്കാൻ മൃഗാശുത്രിയോടനുബന്ധിച്ച് ഒന്നും പഴമ്പാലക്കോട് ചാലുമ്പുള്ളി ക്ഷീരോല്പാദക സഹകരണ സംഘങ്ങളോടനുബന്ധിച്ച് ഓരോന്നും മൊത്തം മൂന്ന് ബീജാധാന കേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്.

ഇന്നത്തെ നമ്മുടെ കാലിസമ്പത്ത്

വാർഡ് നമ്പർ	കാളനാടൻ		കാളസംങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പട്ടി
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്			
1	1	10	—	15	7	17	38	116	1	2	11	107	44
2	1	8	—	14	29	59	26	152	1	3	10	44	41
3	—	5	—	24	19	54	88	137	7	11	37	155	—
4	—	14	1	6	56	123	95	176	3	17	2	166	—
5	—	11	5	45	2	2	82	152	2	1	20	87	—
6	5	23	—	49	45	85	99	122	4	4	10	233	—
7	—	40	—	12	33	68	51	98	8	19	22	35	—
8	1	14	—	6	38	136	70	75	5	21	23	70	—
9	1	8	—	42	12	20	99	126	8	3	17	38	73
10	2	48	—	81	49	38	138	166	10	23	70	283	109
ആകെ	11	186	6	294	290	602	786	1320	49	104	222	1218	267

അവലംബം–കൃഷിഭവൻ രേഖകൾ

ഇവയിൽ നാടൻ പശുക്കളിൽ 68%വും സങ്കരയിനം പശുക്കളിൽ 63% എരുമകളിൽ 67% കറവയുള്ളവയാണ്. പോത്തുകളേയും നാടൻ കാളകളെയും വണ്ടിവലിക്കാനും ഉഴവിനും ഉപയോഗിക്കുന്നുണ്ട്.

മാംസ ഉപഭോഗത്തിന്റെ ഒരു നല്ല ശതമാനം നിറവേറ്റുന്നത് ആടുകളാണ്.

കന്നുകാലികളെ പ്രധാനമായും ബാധിക്കുന്ന രോഗങ്ങളും നേരത്തെ സൂചിപ്പിച്ചതുപോലെ അകിടുവീക്കം, കുരലടപ്പൻ, കുളമ്പ്രോഗം എന്നിവയാണ്. ഇവക്ക് ഇപ്പോൾ ഫലപ്രദമായ ആധുനിക ചികിൽസ നിലവിലുണ്ട്. പക്ഷെ വേണ്ട സമയത്ത് വേണ്ട രീതിയിൽ ചികിത്സ ലഭിക്കാവുന്ന സാഹചര്യം സൃഷ്ടിക്കണം. കോഴികളെ ബാധിക്കുന്ന വസന്ത പോലെയുള്ള മാരകരോഗങ്ങളും ചികിത്സിച്ചു മാറ്റാൻ അളകും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

ഇന്നിപ്പോൾ പശുക്കളിൽ 60%വും കൃത്രിമ ബീജസങ്കലനം നടത്തുന്നവയാണ് ഈ നിരക്ക് വർദ്ധിപ്പിക്കണം.

(പട്ടിക പരിശോധിക്കുക)

വളർത്തു മൃഗങ്ങൾ	ആകെഎണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തേണ്ടിവന്നവ
പശു	1824	1020	268
കിടാരി	420	100	28
എരുമ	180	60	15

അവലംബം മൃഗാശുപത്രി രേഖകൾ

നമ്മുടെ പഞ്ചായത്തിൽ മൊത്തം നാല് ക്ഷീരസഹകരണ സംഘങ്ങളുണ്ട് പാലിന്റെ വിപണനം വലിയൊരളവ് നടത്തുന്നത് ഈ സംഘങ്ങളാണ്. ബാക്കി നൂറുകണക്കിനുള്ള ചായക്കടകളും.

പഞ്ചായത്തിൽ മൊത്തം നാല് ആട് മാട് അറവുശാലകളും ഉണ്ട്. ഇവയൊന്നും ശാസ്ത്രീയമായ രീതിയിൽ നടത്തുന്നവയല്ല. അറുക്കപ്പെടുന്ന ഉരുക്കൾ രോഗമുള്ളതാണോ ഇല്ലാത്തതാണോ എന്ന പരിശോധനപോലും നടത്താറില്ല. ഇവയുടെ അവശിഷ്ടം ശരിയായ രീതിയിൽ കുഴിച്ചു മൂടാറുമില്ല. അതിനാൽ ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന ഒരു അറവുശാല പഞ്ചായത്തിൽ ആവശ്യമാണ്.

നമ്മുടെ മാംസത്തിന്റെയും മുട്ടയുടെയും ഉപഭോഗം ഒരു പരിധിവരെ നിർവ്വഹിക്കുന്നത് കോഴികളാണ്. മുമ്പ് നാടൻ കോഴികൾ മാത്രമാണുണ്ടായിരുന്നത് ഉൽപടന ക്ഷമത വളരെ കുറവായിരുന്നു. ഇന്ന് അത്യൽപാദ ശേഷിയുള്ള വൈറ്റ്ലഗോൺ, റോസ്ഐലൻറ്റഡ്, ഗിരിരാജൻ തുടങ്ങിയവയെ ചിലരൊക്കെ വളർത്താൻ തുടങ്ങിയിട്ടുണ്ട് എന്നത് ശുഭോതർക്കമാണ്. കോഴിമുട്ടയുടേയും, മാംസത്തിന്റെയും വിപണനം ഒരു പ്രശ്നമല്ല. കാരണം ഉപഭോഗത്തിന്റെ ചെറിയൊരു ഭാഗം മാത്രമെ ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളൂ.

പട്ടിക പരിശോധിക്കുക.

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി മുട്ടയിടുന്നത്	പിടക്കോഴി മുട്ടയിടാത്തത്	താറാവ് ആൺ	താറാവ് പെൺ	മറ്റുള്ളവ
1	235	32	960	2	1	—
2	361	697	1097	—	—	—
3	339	186	360	—	—	17
4	669	193	846	3	—	—
5	274	194	428	5	3	5
6	338	447	816	2	1	2
7	253	292	611	3	1	5
8	312	348	707	1	—	2
9	511	482	864	5	2	13
10	647	630	844	—	—	—
ആകെ	3939	3501	7533	21	8	44

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1 പാലിന് ന്യായവില കിട്ടുന്നില്ല.
2 മുന്തിയതരം പശുക്കളെ വാങ്ങാനുള്ള സാമ്പത്തിക പ്രയാസം
3 കാലിത്തീറ്റയുടെ വില വർദ്ധനവ്
4 തീറ്റപ്പുല്ലിന്റെ ക്ഷാമം
5 കാലികളുടെ രോഗബാധ—പട്ടിക ശ്രദ്ധിക്കുക
6 പേപ്പട്ടിശല്യം ,,
7 പാലിൽനിന്നും ഉൽപ്പന്നങ്ങളും ഉണ്ടാക്കി വിപണനം നടത്താൻ സൗകര്യങ്ങളില്ല.

ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും പാലിന് ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുന്നതോടൊപ്പം പാലിൽനിന്നും പുതിയ ഉല്പന്നങ്ങളും ഉണ്ടാക്കി വിപണനം നടത്താൻ വേണ്ട സാഹചര്യം ഒരുക്കുകയുംവേണം. (പഴമ്പാല ക്കോട് ക്ഷീരസഹകരണ സംഘത്തിൽ ഈ ആവശ്യത്തിലേക്കായി നാലു വനിതകളെ പരിശീലിപ്പിച്ചെങ്കിലും സഹകരണ വകുപ്പും മിൽമയുമായുള്ള ശീതസമരംമൂലം ഇതു വരെ ഇതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.)

മുന്തിയ ഇനം പശുക്കളെയും ആടുകളെയും മറ്റും വാങ്ങാൻ ചുരുങ്ങിയ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കണം. വായ്പ കിട്ടാനുള്ള നൂലാമാലകളും ഒഴിവാക്കുകയും വേണം.

പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ച് കർഷകർക്ക് ചുരുങ്ങിയ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കണം. തീറ്റ പുൽകൃഷി വ്യാപകമാക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

മൃഗ ചികിത്സാ കേന്ദ്രത്തിലെ സൗകര്യങ്ങളും വർദ്ധിപ്പിക്കുകയും എല്ലാ കർഷകർക്കും പ്രയാസം കൂടാതെ കിട്ടാനുള്ള സംവിധാനം നടപ്പിലാക്കുകയുംചെയ്യുക. വീട്ടുതോറും കയറിയിറങ്ങി മൃഗങ്ങൾക്ക് വരുന്ന രോഗങ്ങളെ സംബന്ധിച്ച് പരാശോധന നടത്തുകയുംചെയ്യുക.

തെരുവു നായ്ക്കളെ നശിപ്പിച്ച് പേ വിഷബാധ നിയന്ത്രിക്കാം.

നടപ്പാക്കാവുന്ന ചില പദ്ധതികൾ

1. ഒരു വീട്ടിൽ ഒരു പശു

പശു വളർത്തലിൽ താല്പര്യമുള്ള ചെറുകിട നാമമാത്ര കർഷകരെ കണ്ടുപിടിച്ച് ഈ പദ്ധതിയിൽ കൊണ്ടുവരണം. വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങളും ചെയ്തുകൊടുക്കണം. ഈ പദ്ധതി നടപ്പായാൽ പാലുൽപാദനം ഗണ്യമായി വർദ്ധിക്കുകയും അതുവഴി കർഷകന്റെ വരുമാനം കൂടുകയുംചെയ്യും.

2. തീറപ്പുൽകൃഷി

തീരെ തരിശായി കിടക്കുന്നതും ഒരു വിളമാത്രം എടുക്കുന്നതുമായ സ്ഥലങ്ങളും ഈ ആവശ്യത്തിനുപയോഗിക്കാം, പുതിയ ഇനം പുൽവിത്തും സാങ്കേതികോപദേശവും കൃഷിഭവൻ വഴി നൽകാവുന്നതാണ്.

3. കോഴി—കാട—വളർത്തൽ

തീറ്റ പരിവർത്തനശേഷിയിൽ ഏറ്റവും മുന്നിൽ നില്ക്കുന്ന ജന്തുവർഗ്ഗങ്ങളിലൊന്നാണ് കോഴി. അതുകൊണ്ടുതന്നെ കോഴിവളർത്തൽ പ്രോത്സാഹനം അർഹിക്കുന്നുണ്ട്. മുട്ടക്കുവേണ്ടിയും മാംസത്തിനുവേണ്ടിയും രണ്ടുതരത്തിൽ ഇവയെ വളർത്താം. അതുപോലെ കാട വളർത്തലും പ്രോൽസാഹിപ്പിക്കേണ്ടതാണ്. കോഴിവസന്തപോലെയുള്ള രോഗങ്ങൾക്ക് അപ്പപ്പോൾ ചികിൽസ ലഭ്യമാക്കുകയും വേണം.

4. ആട്, പന്നി, മുയൽ എന്നിവ വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും നന്നായി നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. ഇവ വളർത്തുന്ന ഫാമുകൾ തുടങ്ങാൻ അല്പം മൂലധനം ആദ്യഘട്ടത്തിൽ ആവശ്യമായിവരും. അതും, വേണ്ടത്ര സാങ്കേതിക സൗകര്യങ്ങളും നിർദ്ദേശങ്ങളും കൊടുത്താൽ ഈ പദ്ധതി വിജയിക്കും. ചിറക്കോട് രണ്ട് ആട് ഫാം നടക്കുന്നുണ്ട്.

5. പേ വിഷ നിർമ്മാർജ്ജന പദ്ധതി

പിടിപെട്ട കഴിഞ്ഞാൽ യാതൊരു ചികിത്സയുമില്ലാത്ത ഒരു മാരകവൈറസ് രോഗമാണ് പേ വിഷബാധ. ഈ രോഗം പകരുന്നത് മുഖ്യമായും നായ്ക്കളിലൂടെയും ചുരുക്കമായി പൂച്ച പോലെയുള്ള ഉദര ജീവികളിലൂടെയുമാണ്. തെരുവു നായ്ക്കളെ നശിപ്പിക്കലാണ് ഈ രോഗബാധ തടയാനുള്ള ഏക പോംവഴി.

വളർത്തു നായകൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും വർഷത്തിലൊരിക്കൽ പ്രതിരോധ കുത്തിവെപ്പ് നിർബന്ധമാക്കുകയും ചെയ്യണം. ഒരു തുടർ പദ്ധതി എന്ന നിലയിൽ നിലവിലുള്ള സംവിധാനമുപയോഗിച്ചുതന്നെ ഇതു നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്ത് പേ വിഷ വിമുക്ത പഞ്ചായത്താക്കി മാറ്റാം.

മത്സ്യബന്ധനം

കടലോരത്തോ കായലോരത്തോ അല്ല നമ്മുടെ പഞ്ചായത്ത് എന്നതിനാൽ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചവർ നമ്മുടെ പഞ്ചായത്തിലില്ല. എന്നാൽ വേനൽകാലങ്ങളിലും വർഷകാലത്തിന്റെ ആരംഭത്തിലും മത്സ്യബന്ധനംമൂലം ഉപജീവനം കഴിക്കുന്ന കുറെയാളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ഥിരമായി മത്സ്യം പിടിക്കുന്ന 20–ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. നമ്മുടെ മത്സ്യതൊഴിലാളി ക്ഷേമനിധിയിലും മറ്റും ഇവർ ഉൾപ്പെട്ടിട്ടുണ്ട്.

നമ്മുടെ മത്സ്യ സമ്പത്തിന്റെ പ്രധാന സ്രോതസ്സ് ഗായത്രിപുഴയും ഉംനാടൻ തോട്ടകളും, ചില സ്വകാര്യകുളങ്ങളുമാണ്. സ്വാദിഷ്ടങ്ങളായിരുന്ന പഴയ ഇനം മത്സ്യങ്ങൾ (വരാൽ-മൊയ്ല -കൂരിപരൽ തുടങ്ങിയവ) കീടനാശിനി പ്രയോഗം കൊണ്ടും, മത്സ്യരോഗംകൊണ്ടും, ഏറെക്കൊണ്ട് നശിച്ചുപോയിരിക്കുന്നു. ആഫ്രിക്കൻ ഇനമായ തിലോപ്പിയ, കട്ല, റോഹ, മൃഗാല തുടങ്ങിയവയാണ് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന പ്രധാന ഇനം ശുദ്ധജല മത്സ്യങ്ങൾ.

ഗായത്രിപുഴയിലെ ചീരക്കുഴി റഗുലേറ്ററിന്റെ ജലസംഭരണിയാണ് പഞ്ചായത്തിലെ മുഖ്യ മത്സ്യ സ്രോതസ്സ്. ഇതുകൂടാതെ ചില കാലങ്ങളിൽ ഉംനാടൻ കുളങ്ങളിൽ നിന്നും തോട്ടകളിൽ നിന്നും മത്സ്യം കിട്ടാറുണ്ട്.

മത്സ്യ ഉപഭോഗം വളരെ കൂടുതലും ലഭ്യത കുറവുമായതിനാൽ ജനങ്ങൾ കടൽ മത്സ്യത്തെയാണാശ്രയിക്കുന്നത്. വിലക്കുറവും ഇതിനൊരു കാരണമാണ്. പ്രധാന മത്സ്യബന്ധനോപാധി വലയാണ്. അപൂർവ്വമായി ചൂണ്ടയും ഉപയോഗിക്കുന്നുണ്ട്.

നിലവിലുള്ള വലിയകുളങ്ങൾ ആഴവും വലിപ്പവും കൂട്ടുകയും തൂർന്നു കിടക്കുന്ന കുളങ്ങൾ പുനരുദ്ധരിക്കുകയുംചെയ്ത് മത്സ്യകൃഷിക്കനുയോജ്യമാക്കാൻ കഴിയും. ജലസംഭരണികളിൽ വെള്ളം വറ്റിപ്പോകാതെ സംരക്ഷിക്കുകയും ആധുനിക മത്സ്യകൃഷിയെക്കുറിച്ച് കൃഷിക്കാരന് അറിവു പകർന്നുകൊടുക്കുകയും ചെയ്യണം. കൂടാതെ മത്സ്യകുഞ്ഞുങ്ങളെ കിട്ടാനുള്ള സൗകര്യമുണ്ടാക്കുകയും മത്സ്യകുഞ്ഞുങ്ങൾക്കാവശ്യമായ തീറ്റ ലഭ്യമാക്കുകയും മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ആശാവഹമായ പുരോഗതി ഈ മേഖലയിലുണ്ടാക്കാം.

ക്ഷീര സഹകരണസംഘങ്ങളുടെ പട്ടിക

ക്രമ നമ്പർ	പേര്	പഞ്ചായത്തിൽ വില്ക്കുന്നത് (ലിറ്ററിൽ)	ശത മാനം	പുറത്തേയ്ക്ക് അയയ്ക്കുന്നത് (ലിറ്ററിൽ)	ശത മാനം	ആകെ
1	പഴമ്പാലക്കോട്	21666	14.72	125440	85.23	
2	ചാലുമ്പുള്ളി	1825	1.14	158175	98.86	
3	ചിറക്കോട്	35728	16 06	186697	83.94	
4	മുതുകുർശ്ശി	10377	9.55	98231	8.45	
5						
6						
7						

മൽസ്യം, മാംസം, പാൽ, എന്നിവയുടെ പ്രതിശീർഷ ഉപഭോഗ പട്ടിക

	ഇനം	അളവ് കപിൻറലിൽ
1	മത്സ്യം (പുഴ, കളം)	100 കപിൻറൽ
2	മത്സ്യം (കടൽ)	900 കപിൻറൽ
3	ഇറച്ചി (ആട്)	87.5 ,,
4	ഇറച്ചി (മാട്)	400 ,,
5	ഇറച്ചി (കോഴി)	വിവരം ലഭ്യമല്ല.
6	പാൽ	1152000 ലിറ്റർ
7	മുട്ട	4,80,000 എണ്ണം

രോഗവിവരങ്ങൾ

	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	ദഹന സംബന്ധമായവ	510	139	104	—	21	106	5	2	—	5
2											
3											
4											
5											
6											
7											
8											
9											
10											
11											

പേ വിഷബാധ

പ്രതിരോധവും ചികിൽസയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	—	—	—	60	—	—
കടിയേറ്റശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	12	—	—	5	—	—

ഊർജ്ജ പ്രശ്നങ്ങൾ 13

നമ്മുടെ രാജ്യം ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് ഊർജ്ജ പ്രതിസന്ധി നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയും ഇക്കാര്യത്തിൽ മോശമാണ്. അതുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും വിഭിന്നമല്ല. അതുകൊണ്ട് ഇതിന് പ്രാധാന്യം നൽകാതെ വികസനത്തെക്കുറിച്ച് ചിന്തിക്കാൻ സാദ്ധ്യമല്ല.

ആദ്യമായി നമ്മുടെ **ഊർജ്ജ ശ്രോതസുകൾ** എന്തൊക്കെയാണെന്ന് പരിശോധിക്കാം.

1 വൈദ്യുതി

2 വിറക്

3 എണ്ണ

4 സൗരോർജ്ജം

5 വരടി

ഏകദേശം അൻപതു വർഷം മുൻപുള്ള നമ്മുടെ ഊർജ്ജ ശ്രോതസുകളെക്കുറിച്ചും ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ സ്ഥിതിയെക്കുറിച്ചും മനസിലാക്കുന്നത് നന്നായിരിക്കും. അപ്പോൾ നമ്മുടെ നാട്ടിൽ വൈദ്യുതി എത്തിയിട്ടില്ല. വിറക് പലതരം എണ്ണകൾ വരടി മുതലായവ മാത്രമായിരുന്നു നമ്മുടെ ഊർജ്ജ ശ്രോതസുകൾ. അന്ന് വിറകിന് ഇത്രയധികം ക്ഷാമമില്ലായിരുന്നു. അക്കാലത്ത് വളരെയധികം ഭൂമി തരിശായി കിടന്നിരുന്നതു കൊണ്ട് പാഴ്മരങ്ങൾ ധാരാളമുണ്ടായിരുന്നു. കൂടാതെ ജന സംഖ്യ ഇന്നത്തേതിൽ നിന്നും വളരെ കുറവായിരുന്നതുകൊണ്ട് വിറകിന്റെ ഉപഭോഗവും കുറവായിരുന്നു. എല്ലാവരും പാചകാവശ്യത്തിന് വിറക് തന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്. വിളക്ക് കത്തിക്കുവാൻ മണ്ണെണ്ണ, സസ്യഎണ്ണകൾ (വെളിച്ചെണ്ണ, എള്ളെണ്ണ, കൊട്ടെണ്ണ മുതലായവയാണ് ഉപയോഗിച്ചിരുന്നത്, സ്റ്റൗ

മുതലായവയുടെ ഉപയോഗം വളരെ പരിമിതമായിരുന്നു. ചിലർ പാചകാവശ്യത്തിന് ചാണക വരടി ഉപയോഗിച്ചിരുന്നു. വിറകിന്റെ ആവശ്യത്തിന് തെങ്ങിന്റെ ഉപോൽപന്നങ്ങളായ പട്ട, ചകിരി, ചിരട്ട മുതലായവക്ക് നല്ല സ്ഥാനമുണ്ടായിരുന്നു.

1958–59 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. ആദ്യ കാലത്ത് സമ്പന്നന്മാർ മാത്രമേ വൈദ്യുതി ഉപയോഗിച്ചിരുന്നുള്ളൂ. അന്നാകട്ടെ, വിളക്ക് കത്തിക്കേണ്ട ആവശ്യത്തിനു മാത്രമേ വൈദ്യുതി ഉപയോഗിച്ചിരുന്നുള്ളൂ. പിന്നെ പടിപടിയായി വൈദ്യുതി സാധാരണക്കാരന്റെ വീട്ടിലും എത്തിത്തുടങ്ങി.

ഇന്നത്തെ അവസ്ഥ എന്താണ്.

നാം പണ്ട് വിളക്ക് കത്തിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്ന പല എണ്ണകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മറ്റ് ഇന്ധനങ്ങൾക്കും ക്ഷാമം അനുഭവപ്പെടുന്നു. വിറകിന് തൊട്ടാൽ പൊള്ളുന്ന വിലയായി. ജനസംഖ്യ വർദ്ധിച്ചതോടെ, നാട്ടിലെ മരങ്ങളും വെട്ടി വെട്ടി, വിറക് ഒരപൂർവ്വ വസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. മണ്ണെണ്ണ റേഷൻ കടകളിൽ കൂടി പരിമിതമായി വിതരണം ചെയ്യപ്പെടുന്നു. സ്വകാര്യ കമ്പനികളും ഇറക്കുമതി ചെയ്യുന്ന മണ്ണെണ്ണയുടെ വില സാധാരണക്കാർക്ക് താങ്ങാവുന്നതിനപ്പുറമാണ്. പിന്നെ ആശ്രയിക്കാനുള്ള ഊർജം വൈദ്യുതിയാണ്. ഒരു കാലത്ത് വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമെന്നഹങ്കരിച്ചിരുന്ന നാമിന്ന് രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിട്ടുകൊണ്ടിരിക്കയാണ്. 'ലോഡ് ഷെഡിംഗ്' നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. കഴിഞ്ഞ വർഷം പവ്വർകട്ടും അനുഭവിക്കേണ്ടി വന്നു. ഇടുക്കി പദ്ധതിക്കുശേഷം കാര്യമായി ഒരു വൈദ്യുത പദ്ധതിയും നമ്മൾക്കുണ്ടായില്ല. എന്നാൽ വൈദ്യുതിയുടെ ഉപയോഗം കുത്തനെ ഉയരുകയും ചെയ്തു. പണ്ട് വെളിച്ചത്തിനു മാത്രം വൈദ്യുതി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളിലും വൈദ്യുതി ഒഴിച്ചു കൂടാനാവാത്തതായി. മിക്ക വീടുകളിലും ഫാൻ, മിക്സി, ടെലിവിഷൻ, ഫ്രിഡ്ജ്, തേപ്പുപെട്ടി, ഗ്രൈൻഡർ, വാഷിംഗ് മെഷീൻ മുതലായവ ഉപയോഗിക്കുന്നു. നെല്ല് കുത്തുന്നതിനും അരിപൊടിക്കുന്നതിനും വൈദ്യുതി തന്നെ വേണം. നമ്മുടെ എല്ലാ വ്യവസായങ്ങളും വൈദ്യുതിയധിഷ്ഠിതമാണ് വൈദ്യുതിയില്ലാതെ മനുഷ്യർക്ക് ഒരു ദിവസംപോലും കഴിഞ്ഞു കൂടാൻ പറ്റാത്ത സ്ഥിതിയായി. എന്നാൽ നമുക്കാവശ്യമുള്ള വൈദ്യുതി ഇവിടെ ഉൽപാദിപ്പിക്കുന്നില്ല. അതുകൊണ്ട് നാം ഇക്കാര്യത്തിൽ അയൽ സംസ്ഥാനങ്ങളേയും കേന്ദ്ര ഗവണ്മെന്റിനേയും ആശ്രയിക്കുന്നു. എന്നിട്ടും ആവശ്യത്തിന് വൈദ്യുതി ലഭിക്കാത്ത സ്ഥിതിയാണ്.

പുതിയ വൈദ്യുത പദ്ധതികളും നടപ്പാക്കിയാൽ മാത്രമേ നമ്മുടെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

വൈദ്യുതി നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ താഴെപ്പറയും പ്രകാരം വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഗാർഹികം 2018, വ്യാപാരം 240 വ്യാവസായികം 71, കാർഷികം 212, കൂടാതെ 414 തെരുവുകളും ഉണ്ട്.

1 നമ്മുടെ പഞ്ചായത്തിൽ കടുത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു സബ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ഏകദേശം 20 കിലോ മീറ്ററോളം ദൂരത്തിൽ നെന്മാറയിലാണ്. ഇത്രയും അകലം സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതു കൊണ്ട് ഈ ദൂരത്തിനുള്ളിൽ എവിടെയെങ്കിലും തടസമോ, അറ്റകുറ്റപ്പണികളോ വന്നാൽ നമുക്കുള്ള വൈദ്യുതി വിതരണം തടസപ്പെടുന്നു.

2 ആവശ്യത്തിൻ തെരുവുവിളക്കുകൾ ഇല്ല. ഉള്ള വ ശരിയാ യ രീതിയിൽ കത്തുന്നില്ല.

3 പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. വളരെയധികം വീടുകൾ ഇനിയും വൈദ്യുതികരിക്കാനുണ്ട്.

4 പുതിയ കണക്ഷൻ അപേക്ഷിച്ചാൽ വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു.

5 വൈദ്യുതി തടസപ്പെട്ടാൽ പുനഃസ്ഥാപിക്കുവാൻ കാലതാമസം വരുന്നു.

6 വൈദ്യുതി ചാർജ് അടക്കണമെങ്കിൽ രണ്ടുബസുകൾ കയറി കല്ലേപ്പുള്ളിയിൽ പോകണം.

പരിഹാരങ്ങൾ

വോൾട്ടേജ് സബ് സ്റ്റേഷനിൽ നിന്നും വളരെ ദൂരത്തിലായതാണ് വോൾട്ടേജ് കുറവിന്റെ ഒരു പ്രധാന കാരണം. ഒറ്റപ്പാലത്തുള്ള സബ് സ്റ്റേഷനിൽ നിന്ന് സപ്ലൈ എടുത്തിരുന്നപ്പോൾ വോൾട്ടേജിന്റെ സ്ഥിതി കുറെ കുറെ മെച്ചമായിരുന്നു. ഇപ്പോൾ പഴയന്നൂരിൽ പണിതുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷനിൽ നിന്ന് നമ്മുടെ പഞ്ചായത്തിലേക്കുള്ള വൈദ്യുതി എടുക്കുവാൻ സാധിച്ചാൽ വോൾട്ടേജ് നില മെച്ചപ്പെടും. ഇതിന് വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ആവശ്യമുള്ള സ്ഥലങ്ങൾ നിർണയിച്ച് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനും സമ്മർദ്ദം ചെലുത്തണം.

തെരുവു വിളക്കുകൾ

കത്താത്തവയുടെ വിവരങ്ങൾ അപ്പപ്പോൾ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തി പരിഹാരം കാണേണ്ടതാണ്. പലപ്പോഴും ബൾബ് മുതലായ സാധന സാമഗ്രികളുടെ ദൗർലഭ്യമാണ് ലൈറ്റുകൾ കത്താത്തതിനു കാരണമെന്നു പറയപ്പെടുന്നു. ഇതിന് ബൾബു മുതലായവ പഞ്ചായത്തു തന്നെ വാങ്ങിച്ച് കൊടുത്ത്, ബന്ധപ്പെട്ട വൈദ്യുതി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി, പരിഹാരം കാണാവുന്നതാണ് കൂടാതെ ജനങ്ങൾക്ക് ഉപകാരപ്രദങ്ങളായ മറ്റു സ്ഥലങ്ങളിലും തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ വൈദ്യുതി എത്താത്തിടത്ത് അത് എത്തിക്കുവാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണ്. അത്തരം പ്രദേശത്തുള്ളവർക്ക് ആവശ്യമെങ്കിൽ മിനിമം ഗാരണ്ടി വയ്ക്കുക മുതലായ കാര്യങ്ങൾക്ക് വേണ്ട സഹായം ജന പ്രതിനിധികൾ ചെയ്തു കൊടുക്കേണ്ടതാണ്.

പുതിയ കണക്ഷനുകൾ

ഇത് പഞ്ചായത്ത് തലത്തിൽ പരിഹരിക്കാവുന്ന ഒരു പ്രശ്നമല്ല. സംസ്ഥാനത്തിന്റെ പൊതുവായ സ്ഥിതിയുടെ ഭാഗമാണ് നമ്മുടെ പഞ്ചായത്തിലും അനുഭവപ്പെടുന്നത്. ഇക്കാര്യത്തിൽ വൈദ്യുതി ബോർഡിന്റെ ഉന്നത തലങ്ങളിൽ ശ്രമം നടത്തേണ്ടതാണ്.

വൈദ്യുതി തടസപ്പെട്ടാൽ

പലപ്പോഴും പുനസ്ഥാപിക്കുവാൻ കാലതാമസം വരുന്നത് ജീവനക്കാരുടെ അഭാവം കൊണ്ടാണ്. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിയമിക്കപ്പെട്ടിരിക്കുന്ന ലൈൻമാൻമാർക്ക് വളരെ കൂടുതൽ ട്രാൻസ് ഫോമറുകളുടെ ചുമതലയാണ് ഏൽപ്പിച്ചു കൊടുത്തിരിക്കുന്നത്. നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ആവശ്യത്തിനു ജീവനക്കാരെ നിയമിച്ചും ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ചിറ്റൂരിലുള്ള KSEB എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടണം.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുവാൻ വൈദ്യുതി ബോർഡിന്റെ ഒരു സബ് എഞ്ചിനീയർ ഓഫീസ് എങ്കിലും ഇവിടെ ആരംഭിക്കുവാൻ വേണ്ട നടപടിയുണ്ടാകണം. ഇതോടൊപ്പം വൈദ്യുതി ചാർജ് അടക്കുവാൻ വേണ്ട സംവിധാനവും ഉണ്ടാകേണ്ടതുണ്ട്.

മറ്റ് ഊർജ്ജ സ്രോതസുകൾ

വിറകിനു ക്ഷാമമനുഭവപ്പെടുന്ന ഇക്കാലത്ത് പരിഷത് അടുപ്പുകൾ എന്നറിയപ്പെടുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത് രൂപ കൽപ്പന ചെയ്ത അടുപ്പുകൾ വളരെ പ്രയോജനകരമാണ്. കുറച്ച് വിറകുപയോഗിച്ച് കൂടുതൽ പാചകം ചെയ്യുന്ന ഈ അടുപ്പുകൾ സ്ഥാപിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്താൽ വളരെ അധികം പേർ ഇതിന്റെ ഗുണഭോക്താക്കളാകും.

വിറകിന്റെ ആവശ്യത്തിൻ പെട്ടെന്ന് വളരുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കണം. ഇതിന്റെ നടീൽവസ്തുക്കളും മറ്റും ലാഭമോർക്കി വ്യാപകമായ പ്രചരണം കൊടുത്താൽ വിറക് ക്ഷാമത്തിൻ ഭാവിയിൽ പരിഹാരമാകും.

സൗരോർജ്ജം

നമ്മുടെ രാജ്യത്ത് പലഭാഗത്തും സൗരോർജ വിളക്കുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. തെരുവുവിളക്കുകളും മറ്റും കത്തിക്കുവാൻ നമുക്കും ഇവ ഉപയോഗിക്കാം സൗരോർജവിളക്കുകൾ സ്ഥാപിക്കുവാൻ ANERT മുതലായവയുടെ സഹായം തേടാവുന്നതാണ്. ഗാർഹിക, കാർഷിക ആവശ്യങ്ങൾക്കും സൗരോർജം ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിവര പട്ടിക

ക്രമനമ്പർ	സ്ഥലം
1	വാവുള്ള്യാപുരം
2	പുഴയ്ക്കൽപള്ളി
3	അരിക്കൻചിറ
4	തോണിപ്പാടം
5	തോട്ടുകാട്ട്
6	മാങ്ങോട്ടുകാവ്
7	ചിറക്കോട്
8	നെച്ചൂർ
9	അത്തിപ്പൊറ
10	തരൂർ
11	കോഴിക്കാട്
12	നെല്ലുകുത്താൻകുളം
13	തരൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
14	കുട്ടൻകോട്
15	പഴമ്പാലക്കോട് I
16	പഴമ്പാലക്കോട് II
17	തോട്ടിൻപള്ള

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേരു്	വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യസ്കീമിൽ വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം	പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
1	അരിക്കൻചിറ	4	2	2
2	കൊളറോഡ്	8	4	4
3	കരിംകുളങ്ങര	12	4	8
4	ചിറക്കോട്	20	2	18
5	നെച്ചൂർ	9	2	7
6	കണ്ടപ്പറമ്പ്	16	4	12
7	ചേലക്കാട്ടുകുന്നു്	6	1	5
8	കരടിക്കുന്നു്	4	—	4
9	മന്നഴി	5	2	3
10	ഊട്ടുപുരപടി	7	2	5
11	കുട്ടൻകോട്	7	—	7

നിലവിൽ വൈദ്യുതി ഉപഭോക്താക്കളുടെ പട്ടിക

ഗാർഹികം	വ്യാപാരം	വ്യവസായം	കാർഷികം
2018	240	71	212

കാറ്റിൽ നിന്നും വൈദ്യുതി

ഉല്പാദിപ്പിക്കുവാൻ സാദ്ധ്യതകളും ഉള്ളതാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം. വിദഗ്ദരുടെ സഹായത്തോടെ പഠനം നടത്തിയ കേന്ദ്രങ്ങളും കണ്ടുപിടിച്ച് കാറ്റാടിയന്ത്രങ്ങളും സ്ഥാപിച്ചാൽ നമ്മുടെ വോൾട്ടേജ് പ്രശ്നത്തിൻ ഒരളവു വരെയെങ്കിലും പരിഹാരം കാണുവാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പാചക വാതകം ഉപയോഗിക്കുന്നവർ വളരെ പേരുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഗ്യാസ് വിതരണം കാര്യക്ഷമമായി നടത്തുവാൻ ബന്ധപ്പെട്ട ഏജൻസിയോട് ആവശ്യപ്പെടാം. അപ്പോൾ കൂടുതൽ ആളുകൾ ഇത് പ്രയോജനപ്പെടുത്തും. പ്രൈവറ്റ് ഗ്യാസ് ഏജൻസിയും ഈ രംഗത്ത് ഉണ്ട്.

മണ്ണെണ്ണ

വളരെ പരിമിതമായ തോതിലേ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നുള്ളൂ. ഇതിൽതന്നെ പലപ്പോഴും നമുക്കനുവദിക്കപ്പെട്ടിട്ടുള്ള അളവ് കിട്ടാറില്ല. നമ്മുടെ പഞ്ചായത്തിലെ റേഷൻ കടകളിലൂടെ നമുക്ക് അനുവദിച്ചിട്ടുള്ള അളവ് പൂർത്തിയായി വിതരണം ചെയ്യുന്നുണ്ട് എന്നറിപ്പു വരുത്തേണ്ടതുണ്ട്. മണ്ണെണ്ണ (മറ്റു റേഷൻ സാധനങ്ങളും) പൂർണ്ണമായും വിതരണം ചെയ്യുന്നുണ്ട് എന്നും സിവിൽ സപ്ലൈസ് അധികൃതരുടെ അറിയിപ്പുകളും ദിനപത്രത്തിൽ വരാറുണ്ടെങ്കിലും റേഷൻ കാർഡുടമകൾ കടയിൽ ചെല്ലുമ്പോൾ 50 ശതമാനമോ 60 ശതമാനമോ ഒക്കെയേ ലഭിക്കാറുള്ളൂ. ഇക്കാര്യത്തിൽ വരുന്ന പാകപ്പിഴകൾ പഞ്ചായത്ത് ലെവലിൽ അപേക്ഷിച്ച് തക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

നാം വികസന പരിപാടികളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവുമധികം പ്രാധാന്യം കൊടുക്കേണ്ട വിഷയമാണ് ഊർജം. ഇക്കാര്യത്തിൽ നാം പ്രായോഗികമായ സമീപനം സ്വീകരിച്ചാലേ നമുക്ക് പുരോഗതി കൈവരിക്കാനാവൂ.

ഗ്രാമസഭാനിർദേശങ്ങൾ

I പഞ്ചായത്തിലെ എല്ലാവാർഡുകളിലും സ്ട്രീറ്റ് ലൈറ്റില്ലാത്ത റോഡുകളുണ്ട്. കുടാതെ P W D റോഡും. ആയതിലൊക്കെ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത്.

II പഞ്ചായത്തിൽ ഒരു ഇലക്ട്രിസിറ്റി ചാർജ് കലക്ഷൻ സെൻറർ സ്ഥാപിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

III കാർഷികാവശ്യത്തിനുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട് അവർക്കും പുതുതായി അപേക്ഷിക്കുന്നവർക്കും ഉയർന്ന മുൻഗണന കൊടുത്ത് കണക്ഷൻ അനുവദിക്കുക.

VI പഞ്ചായത്തിലെ പുലിക്കുന്നിലും, കാപ്പിക്കുന്നിലും, ഊട്ടുപുരപ്പടിപാറയിലും കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക.

സഹകരണം

സഹകരണം എന്ന പദത്തിന് സാമാന്യമായി ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കുക, കൂട്ടായി പ്രവർത്തിക്കുക എന്നീ വിധത്തിലുള്ള അർത്ഥങ്ങളാണ് ഉള്ളത്. സഹകരണത്തിന്റെ ചരിത്രം മനുഷ്യ രാശിയുടെ ഉൽപ്പത്തി മുതൽ ആരംഭിക്കുന്നു. സാങ്കേതികമായി സഹകരണത്തെ നിർമ്മിപ്പിക്കുകയാണെങ്കിൽ ഒരു പ്രത്യേക രീതിയിൽ വ്യാപാരം ചെയ്യുന്ന സംഘടന അതായത് പൊതുവായ ലാഭനഷ്ടങ്ങൾക്കായി പരസ്പരമുള്ള മാനേജ് മെൻറിന്റെ കീഴിൽ തങ്ങളുടെ ശക്തിയും സമ്പത്തും അന്യോന്യം വിനിയോഗിക്കുന്നതിനുവേണ്ടി സ്വയം സംഘടിക്കുന്ന ഒരുകൂട്ടം ആളുകളുടെ പ്രവൃത്തിയാണ് സഹകരണം.

ഏതാണ്ട് 550000-ത്തിലധികം വരുന്ന ഗ്രാമങ്ങളിൽ ജീവിക്കുന്ന ഇന്ത്യൻ ജനത മുഖ്യമായി കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. ആകെ ജനസംഖ്യയുടെ 80 ശതമാനത്തോളം വരുന്ന ഇന്ത്യൻ ഗ്രാമീണ ജനതയിൽ 72 ശതമാനവും കർഷകരാണ്. എന്നാൽ ഭൂരിപക്ഷം വരുന്ന ഈ കർഷകരുടെ സ്ഥിതി പരിതാപകരമായിരുന്നു. കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഇന്ത്യയിലെ ഗ്രാമീണ കർഷകരെ സംബന്ധിച്ചിടത്തോളം ഭൂമി അതൊരു ശാപമായിരുന്നു. ഒരിക്കലും ലാഭകരമല്ലാത്ത കാർഷിക വൃത്തി കർഷകനെ പണമിടപാടുകാരുടെ പിടിയിലൊതുക്കി നിറുത്തി. കർഷകന്റെ കട ബാദ്ധ്യതകൾ വർദ്ധിക്കാൻ തുടങ്ങിയതോടെ അവന് തുണ്ടു തുണ്ടുകളായിട്ടാണെങ്കിലും സ്വന്തമായി ഉണ്ടായിരുന്ന ഭൂമി നഷ്ടപ്പെടുവാൻ തുടങ്ങി. മാരകമായ തകർച്ചയുടെ വക്കിൽ കർഷക ജീവിതം ചെന്നെത്തി. 19-10 നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലെ ഇന്ത്യൻ കർഷകരുടെ മേൽ വിവരിച്ച സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഗ്രാമീണ കർഷകരെ സഹായിക്കാനായി മറ്റു നാടുകളിൽ നിന്നും സ്വീകരിച്ച ഒരു പ്രവർത്തന സമ്പ്രദായമായിട്ടാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആവിർഭവിച്ചത്.

1904-ൽ ഒന്നാം ഇന്ത്യൻ സഹകരണ നിയമം നടപ്പിൽ വന്നതു മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിരുന്നില്ല. 1909-ൽ മലബാറിലെ പാലക്കാട്

ജില്ലയിൽ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര എന്ന സ്ഥലത്താണ് കേരളത്തിലെ ആദ്യത്തെ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്. മറ്റുചില സംഘങ്ങളും ഇതോടൊപ്പം മലബാറിൽ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടു.

ജാതിയുടേയും മതത്തിന്റേയും പേരിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവുമായ അസമത്വവും ചൂഷണവും സ്വകാര്യ പണമിടപാടുകാരുടേയും മധ്യവർത്തികളുടേയും നീരാളിപിടുത്തവും ദാരിദ്ര്യവും മൂലം സാധാരണക്കാർക്കിടയിൽ ആസ്വസ്ഥതയും നിസ്സഹായതയും നിരാശാ ബോധവും പ്രകടമായിരുന്നു. ഇവകൊണ്ട് വലഞ്ഞ സാധാരണ ജനങ്ങൾക്ക് ഒരു മോചനം എന്ന നിലക്കാണ് കേരളത്തിൽ സഹകരണ സംഘങ്ങൾ ഉടലെടുത്തത്.

സഹകരണ സംഘങ്ങൾ രൂപീകരിച്ചത് കേരളത്തിൽ എല്ലായിടത്തും വായ്പാ രംഗത്താണ്. വായ്പാ സഹകരണ സംഘങ്ങൾ പൊതുവെ ഐക്യനാണയ സംഘങ്ങൾ എന്ന നിലയിലാണ് അറിയപ്പെട്ടിരുന്നത്. പ്രാദേശിക തലത്തിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകരും നാട്ടുപ്രമാണിമാരും മുൻകൈയ്യെടുത്താണ് ഇത്തരം സംഘങ്ങൾ ആരംഭിച്ചിരുന്നത്. ബഹുഭൂരിപക്ഷം സംഘങ്ങളും തന്മൂലം ഈ നാട്ടു പ്രമാണിമാരുടേയും അവരുടെ പാർശ്വവർത്തികളുടേയും നിയന്ത്രണത്തിൽ പ്രവർത്തിക്കേണ്ടി വന്നു. ക്ലിപ്തരഹിത ബാദ്ധ്യതയായിരുന്നു അന്നത്തെ സംഘങ്ങളുടേത്.

പഞ്ചായത്തുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വായ്പാ സഹകരണ സംഘങ്ങളും വായ്പേതര സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു.

വായ്പാ മേഖല

1 പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ P. 492

വായ്പേതര മേഖല

2 പഴമ്പാലക്കോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം.
3 തരൂർ ഹരിജൻ സഹകരണ സംഘം.
4 പഴമ്പാലക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം.
5 ചിറക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം.
6 ചാലംപുള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം.
7 മരുതക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം.
8 പഴമ്പാലക്കോട് S. M. M, ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
9 തരൂർ U. P. സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
കൂടാതെ ആലത്തൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന

വായ്പാ മേഖല

1 ആലത്തൂർ റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സഹകരണ സംഘം.
2 ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3 പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ആലത്തൂർ ശാഖ

വായ്പേതര മേഖല

4 ആലത്തൂർ കോ-ഓപ്പറേറീവ് മാർക്കറ്റിംഗ് സൊസൈറ്റി. എന്നിവയുടെ പ്രവർത്തന പരിധി തരൂർ പഞ്ചായത്തും ഉൾപ്പെട്ടതാണ്.

ഇതിനുപുറമെ തരൂർ കോ-ഓപ്പറേറീവ് സൊസൈറ്റി, തരൂർ കൺസ്യൂമർ കോ-ഓപ്പറേറീവ് സൊസൈറ്റി എന്നീ രണ്ട് സഹകരണ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുകയും ഫലപ്രദമായ മാനേജ് മെൻറിന്റെ അനുഭാവത്താൽ ലിക്വിഡേറ്റ് ചെയ്തു പോവുകയും ഉണ്ടായിട്ടുണ്ട്.

തരൂർ കോ-ഓപ്പറേറീവ് സൊസൈറ്റി

നമ്മുടെ പഞ്ചായത്തിലെ ആദ്യസംഘം രൂപീകൃതമായത് 1956 വർഷത്തിലാണ് ക്ലിപ്തരഹിത വായ്പാ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ട ഈ സംഘത്തിന്റെ പേർ തരൂർ കോപ്പറേറീവ് സൊസൈറ്റി എന്നായിരുന്നു. [ശ്രീ കൃഷ്ണൻകുട്ടി അച്ച നായിരുന്ന പ്രഥമ പ്രസിഡണ്ട്". പ്രാരംഭത്തിൽ പ്രസിഡണ്ടിന്റെ വീട് കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയ സംഘത്തിന്റെ പ്രവർത്തന പരിധി തരൂർ, അത്തിപ്പൊറ്റ എന്നീ ദേശങ്ങളായിരുന്നു. അല്പകാലത്തിനുശേഷം സംഘം പ്രവർത്തനം മെച്ചപ്പെടുത്തുകയും അത്തിപ്പൊറ്റയിൽ സ്വന്തമായി കെട്ടിടം ഉണ്ടാവുകയും ചെയ്തു. മെച്ചപ്പെട്ട പ്രവർത്തനത്തിനു് ഷീൽഡും അംഗീകാരവും ലഭിച്ച മേൽ സംഘം ആക്കാലത്തു് കൃഷിക്കാരുടെ ആശാകേന്ദ്രമായിരുന്നു. ക്രമേണ ഭരണസമിതിയുടെ കെടുകാര്യസ്ഥത മൂലം ഈ സംഘം പൊളിഞ്ഞുപോയി. അംഗങ്ങളുടെ ഓഹരി സംഖ്യപോലും തിരിച്ചു കൊടുക്കുവാൻ പറ്റാത്ത പതനത്തിലാണ് കലാശിച്ചതു്.

പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 492

രണ്ടാമതായി പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച സംഘമാണ് പഴമ്പാലക്കോട് വിവിധോദ്ദേശ്യ ഐക്യനാണയ സഹകരണസംഘം. ഇതിന്റെ പ്രവർത്തനം ആരംഭിച്ചതു് 7-11-1960-ൽ ആയിരുന്നു. സംഘത്തിന്റെ പ്രവർത്തന പരിധി പഴമ്പാലക്കോട്, തരൂർ, അത്തിപ്പൊറ്റ ദേശങ്ങളായിരുന്നു. [ശ്രീ. കരീംസാഹിബ് ആയിരുന്നു ആദ്യത്തെ പ്രസിഡണ്ട്. [ശ്രീ. വാസുദേവമേനോൻ സെക്രട്ടറിയും. കാർഷിക മേഖലക്കു് കൂടുതൽ ഊന്നൽ നൽകി വടക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്ന മേൽ സംഘത്തിന്റെ പേരു് മാറ്റി പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ആയി 1962ൽ രജിസ്റ്റർ ചെയ്തു. ബാങ്കിന്റെ പ്രവർത്തനപരിധി തരൂർ ഗ്രാമപഞ്ചായത്തു് മുഴുവനായി വ്യാപിപ്പിക്കുകയും ചെയ്തു. കാർഷിക വായ്പാ വിതരണത്തിനു പുറമേ 4 റേഷൻ കടകളും 2 രാസവള ഡിപ്പോകളും നടത്തിവന്നിരുന്നു. തുടർന്നു് ബാങ്കിനു് സ്വന്തമായി സ്ഥലം വാങ്ങിക്കുകയും ബാങ്ക് പ്രവർത്തിക്കുന്നതിനു് ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തിരുന്നു. കാർഷിക ആവശ്യങ്ങൾക്കു് മാത്രം വായ്പ നൽകിവന്നിരുന്ന പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ 1978-82 കാലയളവിൽ നടന്ന ധനാപഹരണവും വായ്പ അനുവദിക്കുന്നതിൽ വന്ന ക്രമക്കേടും നിമിത്തം ബാങ്കിന്റെ പ്രവർത്തന പരിധി ഗ്രാമപഞ്ചായത്ത് മുഴുവനായി വ്യാപിപ്പിക്കുകയുംചെയ്ത ബാങ്കിന്റെ പ്രവർത്തനം പരിധിവരെ നിർജീവമാകുകയും അംഗങ്ങളുടെ വിശ്വാസം നഷ്ടപ്പെടുകയും ചെയ്തിരുന്നു.

സാമ്പത്തിക പരാധീനതകളും കാരണവും വളരെ കുറഞ്ഞ നിക്ഷേപവും അവധി ബാക്കി വായ്പാ ബാദ്ധ്യത കൂടുതലാവുകയും കാരണവും സംഘത്തിന്റെ പ്രവർത്തനം വളരെ മന്ദീഭവിച്ചിരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഏറ്റെടുത്തു നടപ്പാക്കി വന്ന "പുനരുദ്ധാരണ പദ്ധതി" യിൽ 1989-ൽ ബാങ്കിന്റെ ഉദ്ദേശനിർലോഭമായി ധനസഹായം നൽകി സഹായിച്ചതുമൂലം കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് പുതിയ വായ്പ അനുവദിച്ചു വിതരണം നടത്തുവാൻ ബാങ്കിനു കഴിഞ്ഞിരുന്നു.

സംയോജിത സഹകരണ വികസന പദ്ധതി (ICDP) പ്രകാരം പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുഖാന്തിരം നടപ്പാക്കി വന്നിരുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ബിൽഡിങ്ങ് നിർമ്മിക്കുന്നതിനും രാസവള വ്യാപാരം വർദ്ധിപ്പിക്കുന്നതിനും മറ്റുമായി 2.92 ലക്ഷം രൂപ ഓഹരി മൂലധനമായും 1.98 ലക്ഷം രൂപ വായ്പയായും അനുവദിച്ചു കിട്ടിയിരുന്നു.

N C D C വായ്പ പ്രകാരമാണ് നിലവിലുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

ബാങ്കിന്റെ Head office Godown-ൽ നടത്തുന്ന വളം, കീടനാശിനി വിൽപനക്കു പുറമെ 4 വളം സബ് ഡിപ്പോകളും നടത്തി വരുന്നു. കൂടാതെ അത്തിപ്പൊറ്റ കേന്ദ്രമാക്കി ഒരു സഹകരണ മാവേലി സ്റ്റോറും കൺസ്യൂമർ സ്റ്റോറും നടത്തി വന്നിരുന്നു. എന്നാൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് ആവശ്യാനുസരണം സാധനങ്ങൾ ലഭിക്കാത്തതു കൊണ്ട് സ്റ്റോറിന്റെ പ്രവർത്തനം നിർത്തേണ്ടിവന്നു. എല്ലാ വർഷവും ഓണക്കാലത്ത് പൊതു മാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിനുവേണ്ടി ബാങ്കിലും അത്തിപ്പൊറ്റയിലും ഓരോ ഓണച്ചന്തകളും നടത്തി വരുന്നുണ്ട്. ഭരണ സമിതിയുടേയും ജീവനക്കാരുടേയും ആത്മാർത്ഥമായ പ്രവർത്തനം കൊണ്ട് നഷ്ടപ്പെട്ട ജനവിശ്വാസം വീണ്ടെടുക്കുവാൻ സാധിക്കുകയും ബാങ്കിനെ പുരോഗതിയുടെ പാതയിലേക്ക് ഉയർത്തുവാനും കഴിഞ്ഞു. 14 ലക്ഷത്തോളം രൂപ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ബാങ്ക് പ്രസ്തുത നഷ്ടമെല്ലാം നികത്തി 30.6.1996-ലെ കടധനപ്പട്ടിക പ്രകാരം 326,973/- രൂപ അറ്റലാഭം ഉണ്ടായിരിക്കുന്നു.

ബാങ്കിൽ നിന്ന് കാർഷിക വായ്പ, കറവപ്പശു വാങ്ങിക്കുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനുള്ള വായ്പ, കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും ഉള്ള വായ്പ, കാർഷികേതര മദ്ധ്യകാല വായ്പ, Block Development officer-ടെ നിർദ്ദേശ പ്രകാരം എല്ലാ വർഷവും IRDP വായ്പ തുടങ്ങിയവ അനുവദിക്കുന്നതിനു പുറമെ എല്ലാ ദിവസവും സ്വർണ്ണ പണയവായ്പകളും കൊടുത്തു വരുന്നു.

വർഷാവർഷം സർക്കാർ നിക്ഷേപ സമാഹരണ സമയത്ത് നിശ്ചയിക്കുന്ന ടാർജറിന്റെ ഇരട്ടിയിലധികം സംഖ്യ നിക്ഷേപവും സ്വരൂപിച്ചു വരുന്നു. അവധി ബാക്കി വായ്പ പിരിച്ചെടുക്കുന്നതിന് ഭരണ സമിതി അംഗങ്ങളും ജീവനക്കാരും അംഗങ്ങളെ നേരിൽ പോയി കണ്ട് വായ്പാത്തുക അടപ്പിക്കുകയും പുതിയ വായ്പയുടെ ആവശ്യം മനസ്സിലാക്കി വായ്പ അനുവദിച്ചുകൊടുക്കുകയും ചെയ്തു വരുന്നു.

ബാങ്കിന്റെ പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ
(തുക ലക്ഷത്തിൽ)

Particulars	1990-91	1991-92	1992-93	1993-94	1994-95	1995-96
അംഗങ്ങളുടെ എണ്ണം						
A	2174	2416	2518	2756	3061	3247
C	1121	1507	2045	2470	2893	3258
ഓഹരി മൂലധനം	3.82	5.08	6.02	9.30	11.30	14.12
നിക്ഷേപം	5.79	9.36	27.70	53.33	79.15	104.19
ജില്ലാബാങ്ക് കടം	24,69	50.84	87.52	91.52	104.09	108.75
മെമ്പർ തലത്തിലുള്ള വായ്പ ബാക്കിനില്പ്	29.18	54.73	104.60	146.72	180.57	217.24
വായ്പാ വിതരണം ആകെ	42.82	78.17	146.19	190.94	223.63	257.48
കൃഷി	3 86	8 14	14.64	21.16	23.53	25.45
കാവപ്പുര വാങ്ങിക്കുന്നതിനും തൊഴുത്തിനും	2.74	3.90	7.64	5.38	4.25	3.75
കിണർ കുഴിക്കുന്നതിന്	1.05	3.69	5.53	7.25	4.16	1.15
പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനു്	0.88	1,13	1.79	1.65	0.88	0.29
സ്വർണ്ണപണയത്തിനു്	33.94	59.59	97.39	123.65	149.28	179.75
കാർഷികേതര വായ്പകൾ	——	——	14.90	21.50	25.30	29.18
മറ്റു വായ്പകൾ	0.35	1 72	4,30	10.35	16.23	17.91
പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക്	2.38	9 15	13.76	16.36	19.65	22.31
രാസവള, കീടനാശിനി വില്പന	7.68	13.34	14.44	15.25	13.29	21.13
ജീവനക്കാരുടെ എണ്ണം	3	4	5	5	5	7
പ്രവർത്തന മൂലധനം	35.20	66 71	124.26	159.61	198.16	230.52
ലാഭം/നഷ്ടം	6.86	5 26	3.62	1.10	0.49	3.27

ശ്രമിച്ചാൽ സഹകരണസംഘത്തെ ഉയർത്തിക്കൊണ്ടുവരാനാകും എന്നതാണ് മേൽപട്ടിക സൂചിപ്പിക്കുന്നത് വാസ്തവത്തിൽ സംഘങ്ങളെ പൊളിയുകയല്ല നിക്ഷിപ്ത താല്പര്യക്കാർ പൊളിക്കുകയാണ് ചെയ്യുന്നത്. എന്നു് വ്യക്തമാക്കാനും ഇത് ഉപകരിക്കും.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ നിലവിൽ ആനന്ദ് മാതൃകയിലുള്ള 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

പഴമ്പാലക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ P. 94 (D) APCOS.

1 തരൂർ പഞ്ചായത്തിലെ ആദ്യത്തെ ക്ഷീരോൽപ്പാദക സഹകരണ സംഘം രൂപീകൃതമായത് 1989-ൽ ആണ്. പഴമ്പാലക്കോട് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. P. .S മാത്യൂസ് ആകുന്നു. പഞ്ചായത്തിലെ 1, 2, 3 വാർഡുകളും 4-ാം വാർഡിലെ കുറച്ചു ഭാഗങ്ങളും സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നു. 209 അംഗങ്ങൾ ഉള്ള സംഘത്തിൽ ഒരു ദിവസം 410 ലിറ്റർ പാൽ മാത്രമാണ് ശേഖരിക്കുന്നത്.

2 ചിറക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം

രണ്ടാമത്തേതായി 1990-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രവർത്തന പരിധി തരൂർ പഞ്ചായത്തിലെ 6 ഉം 7 ഉം വാർഡുകളും 5-ാം വാർഡിലെ അത്തിപ്പൊറ പ്രദേശവും. ഉൾപ്പെടുന്നു. സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. V. പങ്കജാക്ഷൻ ആകുന്നു. 215 അംഗങ്ങൾ ഉള്ള ഈ സംഘത്തിൽ 700 ലിറ്റർ പാൽ ദിനംപ്രതി ശേഖരിക്കുകയും 186697.7 ലിറ്റർ വർഷത്തിൽ പുറമെ വിൽക്കുകയും ചെയ്യുന്നു.

3 ചാലംപുള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം. No. P. 124 (D) APCOS.

മൂന്നാമതായി 1992-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രവർത്തന പരിധി തരൂർ പഞ്ചായത്തിലെ 10-ാം വാർഡും തൊട്ടടുത്ത കാവശ്ശേരി പഞ്ചായത്തിലെ 1-ാം വാർഡിലെ കുറെ ഭാഗങ്ങളും ഉൾപ്പെടുന്നു. സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. ഭാസ്കരൻ ആകുന്നു. 148 അംഗങ്ങൾ ഉള്ള ഈ സംഘത്തിൽ ശരാശരി ഒരു ദിവസം 440 ലിറ്റർ പാൽ ശേഖരിച്ചു വരുന്നു.

4 മരുതക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം. No, P. 147 (D) APOCS.

നാലാമതായി 22—1—1995-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രവർത്തന പരിധി തരൂർ പഞ്ചായത്തിലെ 8, 9 വാർഡുകൾ ഉൾപ്പെടുന്നു. സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. വിജയൻ ആകുന്നു. 80 അംഗങ്ങൾ മാത്രം ഉള്ള ഈ സംഘം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നു.

ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ

വർഷത്തിൽ (ലിറ്ററിൽ)

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	വ്യാപാരഇടപാടുകൾ			ലാഭം	ജീവനക്കാർ
					ശേഖരിക്കുന്ന പാൽ	Local Sales	പുറത്തേക്കയക്കുന്ന പാൽ		
1	2	3	4	5	6			7	8
ക്ഷീരോൽപ്പാദക സഹകരണ സംഘം. കരുതക്കോട്, പാലംപുള്ളി, ചിറക്കോട്, പഴമ്പാലക്കോട്	1989	പഞ്ചായത്തിലെ 1,2,3ഉം 4-ാം വാർഡിലെ കുറെ ഭാഗങ്ങളും	204	4430	147108	21666 14.72%	125442 85.28%	%	2
	1990	പഞ്ചായത്തിലെ 6ഉം, 7ഉം വാർഡുകളും	215	2350	700lt 222426.4	35728,7lt 16.06%	186697.7 lt 83.94%	%	3
	1992	പഞ്ചായത്തിലെ 10-ാം വാർഡും കാവശ്ശേരി പഞ്ചായത്തിലെ 1-ാം വാർഡും	148	1810	160000	1815 1.14%	158175 98.86%	%	3
	1995	പഞ്ചായത്തിലെ 8ഉം, 9ഉം വാർഡുകളും	80	1810	108608	10377 lt 9.55%	98231 lt 90.45%	%	2

ലാഭത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ അംഗത്വം വർദ്ധിപ്പിച്ച് കൂടുതൽ കറവ മാടുകളെ സംഘം മുഖേന വിതരണം ചെയ്യുകയാണെങ്കിൽ വരുന്ന 3 വർഷത്തിനുള്ളിൽ ഉൽപ്പാദനം പ്രതിദിനം 1000 ലിറ്റർ ആയി ഉയർത്തുവാൻ സാധിക്കുന്നതാണ്. നാടൻ ക്ഷീരോൽപ്പന്ന യൂണിറ്റുകളും, കൃത്രിമ ബീജദാന കേന്ദ്രം എന്നിവ സ്ഥാപിച്ച് തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ സാധിക്കും. ക്ഷീരകർഷകരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന കർഷക സെമിനാർ, ഇൻഷൂറൻസിനെപ്പറ്റിയുള്ള ക്ലാസുകളും, വന്ധ്യത നിവാരണ ക്ലാസ്, ബീജദാന ക്ലാസ്, തുടങ്ങിയ ക്ലാസുകളും തുടർന്നും മിൽമയുടെ സഹകരണത്തോടെ നടത്തേണ്ടതുണ്ട്. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം. നല്ലയിനം കറവ മാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തു കൊടുക്കണം. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗ സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം. പഞ്ചായത്ത് തലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും ക്ഷീര സംഘങ്ങളും മുഖേന വിതരണം ചെയ്യണം.

ക്ഷീരവ്യവസായം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. കാലികളെ വളർത്തുന്ന ചിലവും ഉല്പന്നം വിറ്റുവരവും പൊരുത്തപ്പെട്ട പോകത്തക്ക രീതിയിലായിരിക്കണം. അല്ലാത്തപക്ഷം ഈ മേഖല പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കും.

പഴമ്പാലക്കോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം.

തരൂർ പഞ്ചായത്തിലെ പഴമ്പാലക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന പഴമ്പാലക്കോട് വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1951-ൽ ആണ് രൂപീകൃതമായത്. സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. വേലായുധൻ മുതലി ആയിരുന്നു. 474 അംഗങ്ങളുള്ള സംഘത്തിന്റെ പ്രവർത്തന പരിധി 1 ഉം 2 ഉം വാർഡുകളാണ്.

തോർത്ത്, ഡബ്ലിം, സെറ്റ് മുണ്ട്, കൈവേഷ്ടി തുടങ്ങിയ വസ്ത്രങ്ങളും 20, 40, 60, 80 സൈസ് നൂൽ ഉപയോഗിച്ച് നെയ്തു വരുന്നു. ഇവ Retail ആയിട്ടാണ് വിൽപ്പന നടത്തുന്നത്. സർക്കാർ ഉൽസവ കാലങ്ങളിൽ പ്രഖ്യാപിക്കുന്ന റിബേറ്റ് സംഖ്യ രണ്ടും മൂന്നും വർഷം കഴിഞ്ഞിട്ടാണ് സംഘത്തിന് ലഭിക്കുന്നത്. റിബേറ്റ് കുടിശ്ശിക ഇനത്തിൽ 35 ലക്ഷം രൂപയോളം ലഭിക്കുവാനുണ്ട്. 47 ലക്ഷം രൂപ വിറ്റു വരവുള്ള ഈ സംഘത്തിൽ റിബേറ്റ് തുക ലഭിക്കാത്തതിനാൽ അസംസ്കൃത സാധനങ്ങളായ നൂൽ, ചല പന്തൽ, കളർ തുടങ്ങിയവ വാങ്ങിക്കുന്നതിനും കൂലികൊടുക്കുന്നതിനും വിഷമത നേരിട്ടു വരുന്നതോടൊപ്പം സംഘ പ്രവർത്തനം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

60 വയസ്സ് കഴിഞ്ഞ അംഗങ്ങൾക്ക് കേരള കൈത്തറി നെയ്ത്ത് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ ലഭിച്ചു വരുന്നു. പെൻഷൻ അനുവദിക്കുന്നതിനു ഇരുപത് വർഷത്തെ മിനിമം സർവ്വീസ് ഉണ്ടാവണമെന്നു നിഷ്കർഷിക്കുകയാണെങ്കിൽ അനാരോഗ്യകരമായ കാരണങ്ങളാൽ തൊഴിൽ നിർത്തേണ്ടി വരുന്നവർക്കും പെൻഷന്റെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

നിലവിൽ കൈത്തറി നെയ്ത്ത് തൊഴിലാളികളുടെ വീടുകളിൽ തറികളുപയോഗിച്ച് നെയ്ത്ത് ജോലി നടത്തുന്നതിനുപകരമായി സംഘത്തിന് ധനസഹായം നൽകി സംഘത്തിനേറ്റതായി Work Shed കെട്ടി ഫാക്ടറിയിലേതെന്ന പോലെ തറികളും ഉപയോഗിച്ച് കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയെടുത്താൽ കൂടുതൽ കാര്യക്ഷമമായും ലാഭത്തിലും പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്.

ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

ആലത്തൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 1989-ൽ ആണ് രൂപീകൃതമായത്. തരൂർ പഞ്ചായത്തും ഉൾപ്പെട്ടതാണ് ബാങ്കിന്റെ പ്രവർത്തന പരിധി. കാർഷിക ആവശ്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി വായ്പകളും അനുവദിച്ചുകൊണ്ടിരിക്കുന്നതിനു പുറമെ വീട് നിർമ്മിക്കുന്നതിനും വായ്പകളും നൽകി വരുന്നു.

ക്ഷീരവികസനം, തെങ്ങ് കൃഷി വികസനം, കുരുമുളക് കൃഷി, ജലസേചനം, ട്രാക്ടർ, പട്ടയൂൽ പുഴ വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ വിവിധതരം പദ്ധതികൾക്ക് വായ്പ അനുവദിച്ചുവരുന്നുണ്ട്. പദ്ധതികളും ശാസ്ത്രീയമായി വിലയിരുത്തി പ്രായോഗിക തലത്തിൽ ഉല്പാദനക്ഷമമായവ വിപുലപ്പെടുത്തേണ്ടതാണ്. ബാങ്ക് പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്തിട്ടുള്ള വായ്പകളും മുവടെ ചേർക്കുന്നു.

	വിവിധതരം വായ്പകൾ	തുക
1	തെങ്ങ്	576235
2	മൈനർ ഇറിഗേഷൻ	105575
3	പെപ്പർ	189890
4	ക്ഷീരവികസനം	133840
5	ഭവന നിർമ്മാണം	634000
6	S. A. P.	73600
7	സാധാരണ വായ്പ	75000
	ആകെ	1787140

ആലത്തൂർ റൂറൽ കോ-ഓപ്പറേറീവ് ഹൗസിങ്ങ് സഹകരണസംഘം
Ltd. No. F. 1627

ആലത്തൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന ആലത്തൂർ റൂറൽ കോ-ഓപ്പറേറീവ് ഹൗസിന്റെ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി തരൂർ പഞ്ചായത്തും ഉൾപ്പെട്ടതാണ്. 18-8-1956-ൽ രൂപീകൃതമായ ഈ സംഘം ഭവന നിർമ്മാണത്തിനും പുതുക്കി പണിയുന്നതിനുമാണ് വായ്പ കൊടുത്തുവരുന്നത്. സംഘത്തിന്റെ വായ്പാ വിതരണത്തിലുള്ള പ്രത്യേക നിബന്ധനകൾ സാധാരണ ജന

ങ്ങൾക്ക് കൂടുതൽ വിഷമതകരം ഉണ്ടാക്കുന്നു. ലളിതമായ വ്യവസ്ഥകളോടെയുള്ള വായ്പാ വിതരണം ജനങ്ങളെ ബാങ്കുമായി കൂടുതൽ അടുപ്പിക്കുന്നതാണ്. വായ്പാ ക്കാരന് വായ്പയെടുക്കുന്ന തിയ്യതി മുതൽ ഇൻഷ്യൂറൻസ് പരിരക്ഷ നൽകിയാൽ ടിയാന് യാദൃച്ഛികമായി മരണം സംഭവിക്കുകയാണെങ്കിൽ ഇതുയും ഭീമമായ സംഖ്യ അടക്കുന്നതിൽ നിന്നും ടിയാന്റെ വീട്ടുകാരെ സഹായിക്കുവാൻ കഴിയും. സംഘ ത്തിൽ നിന്നും തരൂർ പഞ്ചായത്തിൽ കൊടുത്തിട്ടുള്ള വായ്പകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

എത്രപേർക്ക്	ഏതു ഇനം വായ്പ	നൽകിയ തുക
10	Economieally Weaker Section	130480
18	Low Income Group	556000
2	Meddle Income Group	135000
Nil	High Income Group	
	ആകെ	821480

സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ രണ്ടു സ്കൂൾ കോ-ഓപ്പറേറീവ് സൊസൈറ്റികൾ പ്രവർത്തി ച്ചു വരുന്നുണ്ട് അവ പഴമ്പാലക്കോട് SMM ഹൈസ്കൂൾ കോ-ഓപ്പറേറീവ് സൊസൈ റ്റിയും, തരൂർ UP സ്കൂൾ കോ-ഓപ്പറേറീവ് സൊസൈറ്റിയും വിദ്യാർത്ഥികൾക്ക് വേണ്ട Text Book, Note Book എന്നിവയും മറ്റു പഠന സാമഗ്രികളും മാത്രമാണ് വ്യാപാരം നടത്തുന്നത്. വിദ്യാർത്ഥികൾക്കും ടീച്ചേഴ്സിനും ആവശ്യമായ യൂണിഫോം വ്യാപാരവും ഏറ്റെടുത്തു നടത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

തരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക

ക്രമനമ്പർ	സംഘത്തിന്റെ പേരു്	സ്വഭാവം
1	പഴമ്പാലക്കോട് സർവ്വീസ് സഹകരണ സംഘം	വായ്പാ
2	തരൂർ പട്ടികജാതി സഹകരണ സംഘം	വായ്പാ
3	പഴമ്പാലക്കോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം	ഇൻഡസ്ട്രിയൽ
4	ചിറക്കോട് ക്ഷീരോല്പാദക സഹകരണ സംഘം	APCOS
5	ചാലുംപുള്ളി ക്ഷീരോല്പാദക സഹകരണ സംഘം	,,
6	മരുതക്കോട് ക്ഷീരോല്പാദക സഹകരണ സംഘം	,,
7	പഴമ്പാലക്കോട് ക്ഷീരോല്പാദക സഹകരണ സംഘം	,,
8	തരൂർ സ്കൂൾ കോപ്പറേറ്റീവ് സൊസൈറ്റി	,,
9	പഴമ്പാലക്കോട് SMMHS കോ-ഓപ്പറേറീവ് സൊസൈറ്റി	സ്കൂൾ സൊസൈറ്റി

നിർദ്ദേശങ്ങൾ

1 അർഹരായ എല്ലാവർക്കും സഹകരണ സംഘത്തിന്റെ സേവനം ഉറപ്പാക്കുക.

2 വനിതാ സംഘങ്ങൾ തുടങ്ങുക (മാർക്കറ്റിങ്ങ് ഇൻഡസ്ട്രി)

3 ലേബർ കോൺട്രാക്റ്റ് സഹകരണസംഘം തുടങ്ങുക

4 ഫാം മേനേജ്മെൻറ് സൊസൈറ്റി തുടങ്ങുക

5 സഹകരണ മേഖലയിൽ പഞ്ചായത്തിൽ ഒരാശുപത്രി

6 സർവ്വീസ് ബാങ്കിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക

7 വായ്പാനിക്ഷേപനിരക്കിന്റെ മാർജിൻ വർദ്ധിപ്പിക്കുക

8 സംഘങ്ങൾക്ക് പണയപ്പെടുത്തുന്ന പണയാധാരത്തിന്റെ റജിസ്ട്രേഷൻഫീസ് എടുത്തുകളയുക

9 വായ്പാ നടപടികൾ ലഘൂകരിക്കുക

10 കർഷകരുടെ ലാൻറ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക

11 പൊതുമരാമത്ത് ജോലികൾ സഹകരണ മേഖലയിലെ ബന്ധപ്പെട്ട സംഘങ്ങളെ ഏല്പിക്കുക ഇടത്തട്ട് ചൂഷണം ഒഴിവാക്കാം.

12 തൊഴിലില്ലായ്മ പരിഹരിക്കാൻ സഹകരണമേഖലയിൽ ഇൻഡസ്ട്രിയൽ യൂഫ് പണിത് ചെറുകിട കുടിൽ വ്യവസായങ്ങൾ തുടങ്ങുക.

13 സഹകരണ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ പ്രചരണവും നിലവിലുള്ളവരെ ബോധവൽക്കരിക്കാൻ ബോധവൽക്കരണ പരിപാടികളും നടത്തുക

14 അംഗങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടികൾ ഉണ്ടാവുക

കുടിവെള്ളവും പൊതുജനാരോഗ്യവും

15

നമ്മുടെ സംസ്കാരങ്ങളെല്ലാം ഉടലെടുത്തതു് നദീതീരങ്ങളിലാണു് എന്നാൽ ഋഷി വര്യന്മാരെ കാണുന്നതു് വനാന്തരങ്ങളിലും ഇതു് ഒരു വൈരുധ്യമാണു്. ഈ വൈരുധ്യത്തിന്റെ വേരുതേടുമ്പോഴാ അഴിമുഖത്തുനിന്നും ജലത്തിന്റെ പരിശുദ്ധി തേടി പുഴയൊഴുക്കിന്റെ വിപരീത ദിശയിൽ സഞ്ചരിച്ചു് കാട്ടുപൂഞ്ചോലകളെ പുണർന്നു വരാണു് ഋഷിവര്യന്മാർ എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അവർ ദീർഘായുഷ്മാക്കളായിരുന്നു; ആരോഗ്യവാന്മാരായിരുന്നു. കാരണം: ശുദ്ധവായു, ശുദ്ധജലം; പ്രകൃതി ജന്യവും വിഷവിമുക്തവുമായ ഭക്ഷണം. നാമെല്ലാം ഋഷിമാരായില്ലെങ്കിലും ശുദ്ധജലവും ശുദ്ധമായ പരിസരവും വിഷവിമുക്തമായ ഭക്ഷണവും നമ്മെ ആരോഗ്യവാന്മാരാക്കുന്നു എന്നബോധം വളർത്തിയെടുക്കേണ്ടതു് അത്യാവശ്യമാണു്.

തരൂർ പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ ജലജന്യ രോഗങ്ങളും പണ്ടുതൊട്ടേ ഇവിടെ നിലനിന്നിരുന്നു എന്നു കാണാം. വിഷൂചിക മൂലം മരണമടഞ്ഞവരെ അടക്കം ചെയ്ത 'നന്നങ്ങാടികളും' ഇവിടെ ധാരാളമായി കാണുന്നു. ഇതു് I–ാം വാർഡിലും II–ാം വാർഡിലുമാണു് കാണുന്നതു് പല രോഗങ്ങളും പിടിപെടുന്നതു് ദൈവകോപം കൊണ്ടാണു് കൂടാതെ ശത്രുക്കളുടെ 'ശെയ്വന' കൊണ്ടാണെന്നു വിശ്വസിക്കുന്നവരെ ഇന്നും ഇവിടെ ധാരാളം കാണാൻ കഴിയുന്നു. പണ്ടുതൊട്ടേ ശുദ്ധജല ദുർലഭ്യം അനുഭവപ്പെടുന്ന സ്ഥലമാണു് നമ്മുടെ പഞ്ചായത്തെന്നു് മനസ്സിലാക്കാം.

കിണറുകളെ അപേക്ഷിച്ചു് കുളങ്ങൾക്കു് വളരെ പ്രാമുഖ്യം കാണുന്നു. ഒരേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഏഴോളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ടു്. വലിയ കുളങ്ങൾ ഇല്ലാത്ത രണ്ടു വാർഡുകൾ (Iഉം Xഉം വാർഡുകൾ) മാത്രമേ പഞ്ചായത്തിലുള്ളൂ. 'ഗായത്രി' പുഴയുടെ സാമീപ്യമാവാം ഇതിനു കാരണം മുമ്പു് വേനൽക്കാലത്തു് വറ്റാറിയിരുന്ന പല കിണറുകളും മലമ്പുഴ കനാൽ വന്നതോടെ വറ്റാതായിട്ടുണ്ടു്. പുഴയോരപരിസരത്തു താമസിക്കുന്നവർ പുഴയിൽ കുഴികുത്തി ജലം ശേഖരിച്ചുവരുന്നു.

ഇത് ഇന്നും നടന്നുവരുന്നു. അശാസ്ത്രീയമായ മണലൂറ്റുവാരൽ ഇങ്ങനെ ലഭിക്കുന്ന ജലത്തിന്റെ ലഭ്യത കുറക്കുന്നുണ്ട്. കാഡ (CADA) പദ്ധതികളും ഉൾപ്പെടുത്തി മലമ്പുഴ കനാൽ കോൺക്രീറ്റു ചെയ്തപ്പോഴും പരിസരത്തുള്ള പലകിണറുകളിലേയും ജല ലഭ്യതയും കുറഞ്ഞിട്ടുണ്ട്.

കുടിവെള്ളം

സാധാരണ ജനങ്ങളും കൂടുതലായും ആശ്രയിക്കുന്നത് ഓപ്പൺ കിണറുകളെയാണ് തൊഴിലാളികളും തിങ്ങി പാർക്കുന്ന ഭാഗങ്ങളിൽ സ്വന്തമായി കിണറില്ലാത്തവരാണ് ഭൂരിഭാഗവും അവർ പൊതുകിണറുകളും KWA Tapകളും ഇവയെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ പത്തു വാർഡുകളിൽ അഞ്ചു വാർഡുകളിൽ മാത്രമേ പൈപ്പുവഴി ജലവിതരണം നടക്കുന്നുള്ളൂ 50% വാട്ടർ സപ്ലൈ ഇല്ലാത്ത വാർഡുകളാണ് ജലവിതരണം ഉള്ളതിൽ എല്ലാഭാഗത്തും കിട്ടത്തക്കവിധം പൈപ്പ് സംവിധാനമില്ല. ഉള്ള ലൈനുകളുടേയും ടാപ്പുകളുടേയും അറ്റകുറ്റ പണികളും യഥാകാലം നടത്താത്തതിനാൽ അനാവശ്യ ജലനഷ്ടവും ടെയിൽ എൻറിൽ ടാപ്പിൽക്കൂടി ജലം ലഭിക്കാത്ത സ്ഥിതിയും അനുഭവപ്പെടുന്നു. പമ്പിങ്ങ് സ്റ്റേഷനിൽ വോൾട്ടേജ് കമ്മിമൂലം പമ്പിങ്ങ് നടക്കാത്ത സ്ഥിതിയുമുണ്ട്.

പഞ്ചായത്തിൽ 79 പൊതു കിണറുകളും 74 കുളങ്ങളും 41 കുഴൽകിണറുകളുമുണ്ട്. ഭൂഗർജലം ഇനിയും വേണ്ടവിധത്തിൽ മുഴുവനായും ചൂഷണം ചെയ്യാൻ സാധിച്ചിട്ടില്ല

ശുദ്ധ ജലാശയങ്ങളും — പട്ടിക

പൊതുകിണറുകളും			കുളങ്ങളും			കുഴൽ കിണറുകളും
വെള്ളമുള്ളവ വേനൽക്കാല വാറാത്തവ	ത്തു വറ്റുന്നവ	മൊത്തം	വറാ ത്തവ	വറ്റു ന്നവ	മൊത്തം	
	79			74		41

ഇതുപോലെയധികം കുളങ്ങളും ഉള്ള പഞ്ചായത്തിൽ ജലത്തിന്റെ ലഭ്യതക്കുറവ് ഒരു വിരോധാഭാസമാവാം. 50 സെൻറിനു മുകളിൽ വിസ്തീർണ്ണമുള്ള കുളങ്ങളും തന്നെ 27 എണ്ണം ഉണ്ട്. ഈ കുളങ്ങളിൽ മിക്കതും ജലം സംഭരിക്കാൻ പറ്റാത്തവിധം ഇടിഞ്ഞും താർന്നും കിടപ്പാണ്. 41 കുഴൽകിണറുകളിൽ 2 കുഴൽകിണറുകളും മാത്രമാണ് ജല വിതരണത്തിന്നായി സജ്ജമാക്കിയിട്ടുള്ളത്. ബാക്കിയുള്ള മിക്ക കിണറുകളിലും Hand pump പിടിപ്പിച്ചിരിക്കുകയാണ്. Hand Pamp പിടിപ്പിച്ച ചില കുഴൽ കിണറുകളിലെ ജലം കുടിക്കാൻ കൊള്ളാത്തതുമാണ്.

കടിവെള്ള പ്രശ്നം രൂക്ഷമായനുഭവപ്പെടുന്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗ നിർദ്ദേശങ്ങളും

വാർഡും പ്രദേശങ്ങളും	പരിഹാര നിർദ്ദേശങ്ങളും
വാർഡ് 1 പടിഞ്ഞാറുമുറി തോട്ടിൻ പള്ള	വട്ടക്കല്ലിങ്കൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക, പടിഞ്ഞാറുമുറി ഭാഗത്തേക്ക് ഇപ്പോഴുള്ള KWA പൈപ്പ് ലൈൻ ഇടത്തോട്ടും വലത്തോട്ടും (തെക്കോട്ടും വടക്കോട്ടും) 200 മീ, 100 മീറ്റർ വീതം നീട്ടുകയും പൈപ്പിൽ കൂടി എല്ലാ സമയത്തും ജലം ലഭ്യമാക്കുകയും ചെയ്യുക
വാർഡ് 2 തോട്ടിൻപള്ള	മാന്നനൂർ പാറക്കുതാഴെയുള്ള ഉപയോഗശൂന്യമായകൊക്കർണി നന്നാക്കി ഒരു മിനി പമ്പിങ്ങ് സ്റ്റേഷനും ഒറവംചാലിൽ ഒരു കിണർ കുഴിച്ച് അതിൽ ഒരു മിനി പമ്പിങ്ങ് സ്റ്റേഷനും ഏർപ്പെടുത്തുക. പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നടത്തിപ്പിനും 'അയൽക്കൂട്ടങ്ങൾ' രൂപീകരിച്ച് അവരുടെ സേവനം ഉപയോഗപ്പെടുത്താം.
വാർഡ് 2 ഈഴവത്തറ, ഊട്ടുപുരപ്പടി, വടക്കെപൊവടി	പഴയ കിണറുകൾ (ഉദാ: തെലുങ്കത്തറ കിണർ, ഊട്ടുപുരപ്പടി കിണർ, ഈഴവത്തറകിണർ, കരിത്തൽപാടത്തു കിണർ)നന്നാക്കുക, ഊട്ടുപുരപ്പടിയിൽ തോടിൽ ബണ്ടുകെട്ടി ജലം തടഞ്ഞു നിർത്തുക. ഊട്ടുപുരപടി കിണർ നന്നാക്കുക, വടക്കേപൊവടി കിണർ നന്നാക്കുക.
വാർഡ് 3 മണ്ണിയത്തുപറമ്പ്	കുട്ടംകോട്ട്റോഡിനുതാഴെ കനാലരികിൽ open Well കുഴിച്ച് മണ്ണിയത്തുപറമ്പുവരെ പമ്പ്ചെയ്ത് കേറ്റി ഉയർന്ന ഭാഗത്ത് ടാങ്കിലെത്തിക്കുക. പൈപ്പ് വഴി ജലവിതരണം നടത്താം. വിതരണോത്തരവാദിത്വം അയൽ കൂട്ടങ്ങൾ നടത്തും.
വാർഡ് 4 കുറുപ്പത്തുകാട് പതിയിൽ പുലിക്കോട്ട് ഒട്ടങ്ങോട്ട്	നിലവിലുള്ള അരിയശ്ശേരി പമ്പിങ്ങ് സ്റ്റേഷനിൽനിന്നുള്ള പൈപ്പ് ലൈൻ നീട്ടുക, നെച്ചോട് തോട്ടുപുറം പതിയിൽ, വാളക്കര അംഗൺവാടി പൂവത്തിങ്കൽ പ്രദേശത്തേക്ക് മറ്റു ഭാഗങ്ങളിൽ ഓപ്പൺ കിണറുകൾ കുഴിക്കുക, 1 നെച്ചോട് തോട്ടിൻപുറം, 2 പതിയിൽ, 3 പുലിക്കോട് 4 വാളക്കര 5 പൂവത്തിങ്കൽ 6. കുറുപ്പത്ത്കാട് (എന്നീ കിണറുകൾ)

വാർഡും പ്രദേശങ്ങളും	പരിഹാര നിർദേശങ്ങൾ
Ward V അത്തിപ്പൊറ തരൂർ	പടിഞ്ഞാറെത്തറ പാടത്തെകുളം നന്നാക്കിജലം ഉപയോഗയോഗ്യമാക്കുക. വില്ലേജോഫീസിന്റെ സമീപമുള്ള കുളം തൂർന്നു കിടക്കുകയാണ്. അതു് നന്നാക്കുക. നിലവിലുള്ള പൈപ്പ് ലൈനുകളും നീട്ടിക്കൂട്ടൽ പൊതുടാപ്പുകളും സ്ഥാപിക്കുക. കിണറുകളും നന്നാക്കുക. ഗായത്രി റോഡിലുള്ള ടാപ്പിൽനിന്നു് പടിഞ്ഞാറും തെക്കും 200മീറ്റർ, കോഴിക്കാട് ടാപ്പിൽനിന്നു് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും– ടാങ്കിന്റെ താഴത്തെ ടാപ്പിൽനിന്നു് വടക്കോട്ടും, തരൂർ എടത്തിൻതറയിൽനിന്നു് കുവളമുക്കിൽനിന്നു് തെക്കോട്ടും പുളിക്കലിടം മൂലയിൽനിന്നു് പടിഞ്ഞാറു് ഭാഗത്തേക്കു്– കുളക്കാടുനിന്നു് പടിഞ്ഞാറേയ്ക്കും തെക്കോട്ടും– കുമ്മാന്തറ ടാപ്പുനീട്ടണം.
Ward VI ചെറുകോടു് ലക്ഷംവീടു് കോളനി, വടക്കുമുറി കുണ്ടുപറമ്പു്, പെരുപ്പട്ടി ചൂവട്ടപാടം, കടവത്ത് കുളമ്പു്, വടക്കേകുളമ്പു്, കുളത്തുപ്പടി നെച്ചൂർ	ഓപ്പൺ കിണറുകൾ സ്ഥാപിക്കുക. 8എണ്ണം 1 ലക്ഷംവീടു് കോളനി 2 വടക്കുമുറി 3 കുണ്ടുപറമ്പു് 4 പെരുപ്പടി 5 ചൂവട്ടുപാടം 6 കടവത്തുകുളമ്പു് 7 വടക്കേകുളമ്പു് 8 കുളത്തുപടി രാമകൃഷ്ണൻ കിടങ്ങു് നന്നാക്കി മിനിപമ്പിങ്ങു് സ്റ്റേറേഷൻ സ്ഥാപിക്കുക.
Ward VII ചമ്മിണി മാങ്ങോട്ടുപാടം അത്തിപ്പൊറ	ചമ്മിണികിണർ, മാങ്ങോട്ടുപാടം കിണർ, 3 എണ്ണം എന്നിവ നിലവിൽ വറ്റാത്ത കിണറുകളണ്ടു് അവ നന്നാക്കി മിനി പമ്പിങ്ങു് സ്റ്റേറേഷൻ സ്ഥാപിക്കുക.
Ward VIII	കരിംകുളം നേരെയാക്കി അതിനെ കേന്ദ്രീകരിച്ചു് ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിക്കുക പ്രവർത്തനം അയൽക്കൂട്ടങ്ങളെ ഏല്പിക്കുക.
Ward VIIIൽ ബാക്കി ഭാഗം Ward IX Ward X	മണൽ വാരൽ (അശാസ്ത്രീയമായ പുഴയോരത്തെ അനിയന്ത്രിതമായ ഇഷ്ടിക നിർമ്മാണം ഇവ കർശനമായി നിരോധിക്കുക. പാലത്തിനു മുകളിൽ പുഴക്കൽപള്ളി ചെക്കു് ഡാം നിർമ്മിച്ചു് പമ്പിങ്ങു് സ്റ്റേഷൻ നിർമ്മിച്ചാൽ VIII–ാം വാർഡിൽ ബാക്കിഭാഗം, IX, X വാർഡുകളും ഇവിടെ ജലവിതരണം സാധ്യമാക്കാം. കാലതാമസം ഒഴിവാക്കാൻ ഒരു ഭൂതകർമ്മസേന രൂപീകരിച്ചു് പ്രവർത്തനം വളരെവേഗം മുഴമിപ്പിക്കാം. മാട്ടമല ചാലംപരിയാരം ഇവിടങ്ങളിൽ കിണർ നിർമ്മിച്ചു് വാട്ടർ സപ്ലൈ പദ്ധതിയും ആവിഷ്കരിക്കാം.

പൊതു നിർദ്ദേശങ്ങൾ

1 ഇപ്പോഴും ജല സംഭരണത്തിനു ഉപകരിക്കാത്ത തൂർന്നുപോയ വലിയ കുളങ്ങൾ നന്നാക്കുക. ഇതിൽ വറ്റാത്ത ജലസ്രോതസ്സുള്ളവയിൽ ചെറുകിട ശുദ്ധജല പദ്ധതി തുടങ്ങുക. ഇതിനു് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു് അവരുടെ സേവനം ഉപയോഗിക്കുക.

2 കുട്ടംകോടു് മലമ്പുഴ കനാൽ പരിസരം ശുദ്ധജല സ്രോതസ്സിന്റെ ഉറവിടമാണു്. ഇവിടെ നീരുറവ ഉയർന്ന വിതാനത്തിലുമാണു്. ഇവിടെ സർവ്വെ നടത്തി അനുയോജ്യമായ സ്ഥലത്തു് കിണർ കുഴിച്ചു് ഉയർന്ന സ്ഥലത്തു് Tank കെട്ടി ജലവിതരണം സാധ്യമാക്കാം.

3 അത്തിപ്പൊറ്റ പാലത്തിനു് മുകളിൽ ചെക്കു് ഡാം നിർമ്മിച്ചു് ഒരു പഞ്ചായത്തുതല ജലവിതരണ പദ്ധതിക്കു് രൂപം കൊടുക്കാം. ഇതു് 7, 8, 9, 10 വാർഡിലെ ജലക്ഷാമം ഗണ്യമായി കുറക്കും. കൂടാതെ കല്ലേപ്പുള്ളി ഭാഗത്തു നിന്നും പുഴകടന്നെത്തുവാൻ വാഹനങ്ങൾക്കും കൂടി സഹായകമായ വീതിയിൽ ബണ്ടുകെട്ടുകയാണെങ്കിൽ കാളവണ്ടി ഇരുചക്ര വാഹനങ്ങൾ ഇക്കരക്കു് കല്ലേപ്പുള്ളി അത്തിപ്പൊറ്റ ദൂരം ഗണ്യമായി കുറക്കാൻ സാധിക്കും.

4 പുഴയിൽ നിന്നും അശാസ്ത്രീയമായ മണൽവാരൽ നിർത്തൽ ചെയ്യുക. പുഴയോരത്തെ ഇഷ്ടിക നിർമ്മാണത്തിനു് നിയന്ത്രണം ഏർപ്പെടുത്തുക. WARD VII

5 ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ളത്തിന്റെ കുത്തൊഴുക്കു് നിയന്ത്രിച്ചു് മഴവെള്ളം സംഭരിക്കുക. മലയോരങ്ങളിൽ രാമച്ചം വച്ചുപിടിപ്പിക്കുക നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളിട്ടു് ജലം സംഭരിക്കുക.

6 പൈപ്പു് ലൈൻ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തുകയും ജലച്ചോർച്ച തടയുകയും ചെയ്യുക. ഇതിനു് അയൽ കൂട്ടങ്ങളിലെ വ്യക്തികൾക്കു് ട്രെയിനിങ്ങു് കൊടുക്കുക. ഇപ്പോഴും ഇതിനു് നിലവിലുള്ള കോൺട്രാക്ടിങ്ങു് സമ്പ്രദായം നിർത്തലാക്കുക.

7 ഓരോ പ്രദേശത്തേയും പൊതു ടാപ്പുകളുടെ ചുമതല പ്രദേശത്തുള്ള അയൽ കൂട്ടങ്ങൾക്കു കൊടുക്കുക.

8 കാഡ (CADA) കനാലിൽ ഓരോ 100 മീ. ഇടവിട്ടും അടിവശം കോൺക്രീറ്റു് നീക്കി ഒരു മീറ്റർ സമചതുരത്തിൽ drip Points നിർമ്മിക്കുക. ഇതു് വേനൽ കാലത്തു് വറ്റുന്ന പല കിണറുകളും വറ്റാതിരിക്കാൻ സഹായിക്കും.

9 വിതരണം ചെയ്യുന്ന പൈപ്പു ജലം ഉപയോഗ യോഗ്യമെന്നുറപ്പിക്കാൻ അതിന്റെ ഗുണമേന്മ (Quality) ഉറപ്പു വരുത്തുക. ഇതു് പൊതു ജനാരോഗ്യത്തിനു് സഹായകരമാകും.

10 വാർഡ് III-ൽ സീതക്കുട്ടി അമ്മ വക കൊക്കർണി (ഒരിക്കലും വറ്റാത്ത) വലുതാക്കി പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുക.

11 6 പുതിയ കിണറുകളും (പൊതു) സ്ഥാപിക്കുക.

12 നെല്ലിപ്പാടത്ത് പൊതു കിണർ പുതുതായി കുഴിക്കുക.

13 കോഴിപ്പാലത്ത് കിണർ കുഴിക്കുന്നതിന് വിട്ടുതന്ന സ്ഥലത്ത് കിണർ എത്രയും വേഗം കുഴിക്കാൻ ഏർപ്പാട് ഉണ്ടാവണം.

പൊതുജനാരോഗ്യം

പഞ്ചായത്തിലെ ആരോഗ്യരംഗം തൃപ്തികരമാണെന്നു പറയാൻ കഴിയില്ല. കാരണങ്ങളും പലതാണ്. അജ്ഞതയും അന്ധവിശ്വാസവും വിടാതെ വേട്ടയാടുന്ന സമൂഹം. ഇവ ചികിൽസാ രീതികളിലും മറ്റു വളരെയധികം സ്വാധീനം ചെലുത്തുന്നു. പാരമ്പര്യമായി ശീലിച്ചുവന്ന ചില പ്രവർത്തനങ്ങളും പൊതുജനാരോഗ്യത്തെ ബാധിക്കുന്നു. ഉദാഹരണം. തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം; തുറസ്സായ സ്ഥലങ്ങളിൽവെച്ച് ആടുമാടുകളെകൊന്ന് മാംസം എടുക്കൽ.

1962-ലാണ് ആധുനിക ചികിൽസാ സൗകര്യങ്ങൾക്കു വേണ്ടി ഒരു PH centre ഇവിടെ ആരംഭിച്ചത്. അതുവരെ ആധുനിക ചികിൽസാ സൗകര്യങ്ങൾ ഇവിടെ ലഭ്യമായിരുന്നില്ല. രോഗശമനത്തിന്നുവേണ്ടി പാരമ്പര്യ വൈദ്യന്മാരെയാണ് സമീപിച്ചിരുന്നത്. അടിച്ചു ഭ്രാന്ത് മാറൽ, പാമ്പുകടിച്ചാൽ ഭസ്മം ജപിച്ച് പ്രാർത്ഥിച്ചു കൊടുക്കൽ മുതലായവ ഇന്നും അപൂർവ്വമായിട്ടെങ്കിലും കാണുന്നു.

PH centre 1962-ൽ സ്ഥാപിച്ചു എങ്കിലും അതിന്നും ഒരു മുരടിച്ച മുല്ല വള്ളിപോലെ പരിമിതികളുമായി വളർച്ച മുട്ടി നിൽക്കുന്നു. ആവശ്യത്തിന്ന് പലപ്പോഴും ഡോക്ടർമാരോ Para Medical Staffs ഓ ഇല്ലാത്ത പരിതസ്ഥിതിയാണ്. ഇതിനു കീഴിൽ IPP സെൻററുകളും അടുത്തകാലത്ത് നിലവിൽ വന്നു. ഇവിടെ ആവശ്യത്തിനു സ്റ്റാഫോ മരുന്നോ ഇല്ല. വർഷങ്ങളായി പണി തീർന്നു കിടക്കുന്ന വാർഡ് ഓപ്പറേഷൻ തിയേറ്റർ ഇവ തുരുമ്പിച്ച് ഉപയോഗ ശൂന്യമാവുകയാണ്. PH centre-ലെ ഡോക്ടർമാർക്കുപുറമെ ഏതാനും സ്വകാര്യ ഡോക്ടർമാരുടെ സേവനവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ആയൂർവ്വേദ ഡിസ്പൻസറി നിലവിലുണ്ട്. ഹോമിയോ ചികിൽസക്ക് സർക്കാർ സംവിധാനമില്ലെങ്കിലും സ്വകാര്യ ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്നുണ്ട്. 2 അലോപ്പതി മെഡിക്കൽ ഷോപ്പുകളും നാല് ആയൂർവ്വേദ മെഡിക്കൽ ഷോപ്പുകളും നിലവിലുണ്ട്. ഇവക്ക് പക്ഷെ, കേന്ദ്രീകൃത സ്വഭാവമാണുള്ളത്. PH സെൻറർ പഞ്ചായത്തിൻെറ ഒരറ്റത്തായതുകൊണ്ട് മറെറ അറ്റത്തുള്ളവർക്ക് ഇതിൻെറ സേവനം ലഭിക്കുന്നില്ല. ഫീൽഡ് സ്റ്റാഫിൻെറ പ്രവർത്തനം കുറവാണ് അതുകൊണ്ട് ബോധവൽക്കരണവും മറ്റും ഉദ്ദേശിച്ച അളവിൽ നടക്കുന്നില്ല.

സാധാരണ കണ്ടുവരുന്ന രോഗങ്ങൾ പനി, ചെങ്കണ്ണ്, ടൈഫോയ്ഡ്, മഞ്ഞപിത്തം, ചിക്കൻ പോക്സ്, മീസൽസ്, ക്ഷയം, കുഷ്ഠം, വയറുകടി, ചൊറി, ചിരങ്ങ് ഇവയാണ്. ആസ്തമയും ഇപ്പോൾ ധാരാളമായി കണ്ടു വരുന്നു. AIDS രോഗവും പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. താഴ്ന്ന വരുമാനക്കാരിൽ ക്ഷയം മുതലായവ കാണുമ്പോൾ ഇടത്തരം വരുമാനക്കാരിലും ഹൃദയസ്തംഭനം കൂടുതലായി കാണാൻ തുടങ്ങിയിട്ടുണ്ട്. രോഗങ്ങളുടെ സ്വഭാവംവച്ചു നോക്കുമ്പോൾ ശുദ്ധജലത്തിന്റെ അഭാവവും പോഷകാഹാര ക്കുറവും വൃത്തി ഹീനമായ ചുറ്റുപാടുമാണ് കാരണമെന്നു കണ്ടെത്താം. വേനൽ ക്കാലത്ത് ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഈച്ചകൾ പെറ്റുപെരുകുന്നു. ഈ കാലത്ത് എല്ലാ കൊല്ലവും കോളറ രോഗം റിപ്പോർട്ടു ചെയ്യപ്പെടാറുണ്ട്.

തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം ഇവിടത്തുകാരുടെ ഒരു ശീലമാണ്. വർ ഷക്കാലത്ത് ഈ മാലിന്യങ്ങളും ജലാശയങ്ങളിൽ എത്തുന്നു. ഇങ്ങനെ പല കിണറു കളിലെ പോലും ജലം മലിനമാകുന്നു. വയറുകടി, വിരശല്യം മുതലായവ കുട്ടികളിലെ ഈ കാലത്ത് സർവ്വസാധാരണമാണ്. മഞ്ഞപ്പിത്തവും ഈ കാലത്താണ് വന്നുകാണുന്നത്. മുമ്പ് കുറഞ്ഞ വേനൽക്കാലത്ത് മാത്രംകണ്ടിരുന്ന മീസൽസ് ചിക്കൻപോക്സ് ഇവ ഇപ്പോൾ എല്ലാ സീസണിലും കാണുന്നുണ്ട്. കുടുംബാസൂത്രണ പ്രവർത്തനങ്ങൾ പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ വ്യക്തമായ സ്വാധീനം ചെലുത്തിയിട്ടില്ല. ഉദാ: IX, X വാർഡുകൾ

ഗർഭസ്ഥശിശുമരണവും പ്രസവസമയത്ത് മാതാവു മരിക്കലും വളരെ വിരള മായേ റിപ്പോർട്ടു ചെയ്യപ്പെടുന്നുള്ളൂ, ആത്മഹത്യ വർദ്ധിക്കുന്നതായി കാണുന്നു.
Sexually Transmitted Desease നെ (STDയെ) കുറിച്ച് വ്യക്തമായ ഒരു സർവ്വെ നടത്തുകയോ വ്യാപിക്കാതിരിക്കാൻ പ്രതിരോധ നടപടികൾ എടുക്കുകയോ ചെയ്തതായി കാണുന്നില്ല.
ആരോഗ്യരംഗത്ത് വളരെയേറെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും മറ്റു പല പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാം വളരെ പുറകിലാണ്.

നിർദ്ദേശങ്ങൾ

1 ശുദ്ധജലം എല്ലാവർക്കും ലഭ്യമാക്കണം. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തണം.

2 ആരോഗ്യത്തെക്കുറിച്ചും അന്ധവിശ്വാസങ്ങൾ ദൂരീകരിക്കേണ്ട ആവശ്യത്തെ കുറിച്ചും സാമാന്യ ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കണം. ഇതിന് PH centre Staff നേതൃത്വം കൊടുക്കണം. അയൽ ക്ലബ്ബുക ളുടെ സഹായം തേടാം

3 പൊതു കുളങ്ങളിലും പൊതുടാപ്പിന്റെ പരിസരത്തും കന്നുകാലികളെയും വാഹ നങ്ങളും കഴുകുന്നത് നിർത്തൽ ചെയ്യണം.

4 പൊതുസ്ഥലത്തും പൊതുനിരത്തിലും തുറസ്സായ സ്ഥലത്തും മലമൂത്രവിസർ ജ്ജനം കർശനമായി നിരോധിക്കണം കക്കൂസില്ലാത്ത വീടുകളെക്കുറിച്ച് സർവ്വെ നടത്തി സാമ്പത്തിക സ്ഥിതിനോക്കി സൌജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കാൻ സംവിധാനം കണ്ടെത്തണം. കക്കൂസ് നിർമ്മിക്കാൻ സ്വന്തമായി

സ്ഥലമില്ലാത്തവർക്കുവേണ്ടി തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ Comfort Stations നിർമ്മിക്കണം.

5 സാംക്രമിക രോഗങ്ങൾക്കെതിരെ കുത്തിവെപ്പ് നിർബന്ധമാക്കണം. ഇതിനെകുറിച്ച് പൊതു ജനങ്ങളെ ബോധവാന്മാരാക്കണം. മറ്റു സ്ഥലങ്ങളിൽനിന്ന് സാംക്രമിക രോഗം ബാധിച്ച് നമ്മുടെ പഞ്ചായത്തിൽ എത്തുന്നവരെ കുറിച്ച് ഉടൻ വിവരം ലഭിക്കാൻ അയൽകൂട്ടങ്ങളുടെ സേവനം ലഭ്യമാക്കുകയും ഇങ്ങനെയുള്ളവരെ പ്രത്യേകം വേർതിരിച്ച് രോഗം പടരാതിരിക്കാൻ നടപടി എടുക്കുകയും വേണം.

6 കീടനാശിനികളുടെ അമിതമായ ഉപയോഗം നിരുൽസാഹപ്പെടുത്തണം. ജൈവരോഗ നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കണം. കീടനാശിനികൾ ലയിച്ചു ചേർന്ന ജലം ജലസംഭരണികളിലെത്താതിരിക്കാൻ അതീവ ജാഗ്രത പുലർത്തണം.

7 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കാൻ സ്ഥിരം സംവിധാനം വേണം. അല്ലാത്തവക്ക് ലൈസൻസ് നിർബന്ധമാക്കണം. ലൈസൻസുള്ള നായ്ക്കൾക്ക് ആൻറിറാബി വാക്സിൻ കുത്തിവെപ്പ് നിർബന്ധമാക്കണം. അങ്ങനെയുള്ള നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നതുകണ്ടാൽ ഉടമസ്ഥന്റെ പേരിൽ നിയമ നടപടി സ്വീകരിക്കാൻ സംവിധാനം വേണം.

8 നിലവിലുള്ള PH Centre ന്റെ സ്ഥിതി മെച്ചപ്പെടുത്തണം. അവിടെ രോഗികളെ കിടത്തി ചികിൽസിക്കാനാവശ്യമായ ഡോക്ടർമാർ നേഴ്സ്, കുക്ക്, മെഡിക്കൽ സ്റ്റാഫ് ഇവരെ നിയമിക്കണം

9 PH Centre ൽ ഓപ്പറേഷൻ തിയേറ്റർ, എക്സ്റെ പ്ലാന്റ് ഇവ തുറന്നു പ്രവർത്തിക്കണം. സെൻറിലേക്ക് സ്ഥിരം വൈദ്യുതി ലഭിക്കാൻ ജനറേറ്റർ സംവിധാനം വേണം.

10 തോണിപ്പാടം മേഖലയിൽ ഒരു സബ് സെൻറർ തുറക്കണം ഇവിടെ സ്ഥിരം ഡോക്ടർ വേണം. പ്രാഥമിക ചികിൽസക്കുള്ള സൗകര്യവും ഉണ്ടായിരിക്കണം.

11 നിലവിലുള്ള ഡോക്ടർമാരുടെ സേവനം പൂർണ്ണമാക്കാനാവശ്യമായ പാരമെഡിക്കൽ സ്റ്റാഫ് ഇല്ലാത്ത അവസ്ഥയാണ്. ഈ കുറവ് പരിഹരിക്കാൻ പാരമെഡിക്കൽ കോഴ്സ് ആരംഭിക്കണം. ഇതിനുള്ള Institute Health Centre പരിസരത്ത് ആരംഭിക്കണം.

12 ഇപ്പോൾ PH Centreന് കീഴിലുള്ള ഫീൽഡ് സ്റ്റാഫ് വേണ്ടത്ര പ്രവർത്തിക്കുന്നില്ല. ഇവരെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കണം. ഇവരെ ഉപയോഗിച്ച് നിരന്തരം ആരോഗ്യ ക്ലാസ്സുകൾ വിവിധ ലവലിലുള്ള ജനങ്ങൾക്കുവേണ്ടി സംഘടിപ്പിക്കണം.

നിർദ്ദേശങ്ങളിൽ കൂട്ടിച്ചേർക്കേണ്ടവ

1 വാർഡ് IX-ലെ ഗവ: സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.

2 തരൂരിൽ പ്രവർത്തിക്കുന്ന ഗവ : ആയുർവേദ ഡിസ്പെൻസറിക്ക് സ്ഥിരം കെട്ടിടവും ഫർണീച്ചർ സൗകര്യങ്ങളും അനുവദിക്കുക.

3 നിലവിൽ പ്രവർത്തിക്കുന്ന PHC യിൽ മുഴുവൻ സമയ ഗൈനക്കോളജിസ്റ്റിനെയും സർജ്ജനേയും ശിശുരോഗ വിദഗ്ദനെയും നിയമിക്കുക.

4 55 വയസ്സിനുമേൽ പ്രായമുള്ളവരെ ചികിത്സിക്കാൻ പ്രത്യേക യൂണിറ്റ് സ്ഥാപിക്കുക.

5 ആയുർവേദ ഡിസ്പെൻസറി വാർഡ് III-ൽ

6 വാർഡ് VI IPP സെൻറർ വേണം (പെരക്കോട്)

7 വാർഡ് VII- ആയുർവേദ ആശുപത്രി

8 അത്തിപ്പൊറ സെൻറിൽ കംഫർട്ട് സ്റ്റേഷൻ.

9 നിരത്തുവക്കിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകളം നീക്കംചെയ്യാൻ സംവിധാനമുണ്ടാക്കണം.

ഉപസംഹാരം

നാളിതുവരെയുള്ള നമ്മുടെ വികസന പ്രവർത്തനരീതി ഒട്ടേറെ അശാസ്ത്രീയമായിരുന്നു. ജനങ്ങളുടെ അഭിലാഷങ്ങളും കൃത്യമായി പഠിക്കാതെ വികസന പദ്ധതികൾക്ക് രൂപം നൽകിയതായിരുന്നു ഏറ്റവും വലിയ പാളിച്ച. റോഡുകളും, പാലങ്ങളും എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുകവഴി സമ്പത്തുമുഴുവൻ ആ മേഖലയിൽ ചിലവഴിക്കേണ്ടി വന്നതു് മറ്റു മേഖലകളിലെ വികസന പ്രവർത്തനം ശക്തമാക്കാൻ കഴിയാതെപോയി. കാർഷിക, വ്യാവസായിക മേഖലകളിലെ ഉത്പാദനം വർദ്ധിപ്പിച്ച് സേവനമേഖലയിലെ വികസനം കൂടുതൽ ശക്തമാക്കാൻ ഒരു പുത്തൻ രീതി ആവശ്യമായിരിക്കുന്നു.

വികസനരംഗത്തെ ഡിപ്പാർട്ടുമെൻറലിസം ഒഴിവാക്കി കാര്യക്ഷമതവർദ്ധിപ്പിച്ച് ജനകീയ സ്വഭാവമുള്ളതായിരിക്കണം നമ്മുടെ വികസന തന്ത്രം. ജന പങ്കാളിത്തവും ശ്രദ്ധയും ശക്തമാക്കി പദ്ധതികളുടെ നിർവ്വഹണ പ്രക്രിയ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതായിരിക്കും ഈ പുത്തൻ സമീപനത്തിൻെറ ഗുണം.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും സ്കീമുകളാക്കി മാറ്റാൻ വിദഗ്ദ്ധ സമിതികൾക്ക് കഴിയണം. വിവിധ വിഷയങ്ങളിൽ സ്ഥിരമായി പ്രവർത്തിക്കുന്ന വിദഗ്ധ സംഘം പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായി മനുഷ്യനൊന്നും, വികസനം മനുഷ്യൻെറ സർവ്വതോന്മുഖമായ വളർച്ചക്ക് എന്ന വികസന രാഷ്ട്രീയം വളർത്തുന്നതുവഴി നമ്മുടെ പഞ്ചായത്തിന് വികസനരംഗത്ത് പുതിയ മാനങ്ങൾ കണ്ടെത്താൻ നമുക്ക് കഴിയട്ടെ !

നിറയെ പൂത്തുനില്ക്കുന്ന നമ്മുടെ ആശാപുഷ്പങ്ങൾ നിറവും മധുരവുമുള്ള ഫലങ്ങളായി വിളയുമെന്ന പ്രത്യാശയോടെ 9-ാം പദ്ധതിയുടെ വികസന രേഖ തരൂർ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനു മുൻപാകെ ചർച്ചകൾക്കും വിശകലനങ്ങൾക്കുമായി സമർപ്പിക്കുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങളുടെ കൂട്ടിച്ചേർക്കലുകൾ ആഗ്രഹിച്ചുകൊണ്ട്,

എസ്. അനിത
പ്രസിഡൻറ്, തരൂർ ഗ്രാമപഞ്ചായത്ത്

തിരുത്തലുകൾ

		തിരുത്ത്
4-ാം പേജ് 2-ാം പാരഗ്രാഫ് 5-ാം വരി പ്രസ്ഥാനത്തിനോടുള്ള തരുരിന്റെ	—	പ്രസ്ഥാനത്തിന് തരുരിലുള്ള
അവസാനത്തെ പാരഗ്രാഫിൽ അവസാനത്തെ വരിയിൽ കർഷകരുടെ	—	കർഷക തൊഴിലാളികളുടെ
7-ാം പേജിൽ 3-ാം പാരഗ്രാഫിൽ അവസാന വരിയിൽ അല്പാത്ത തൊഴിൽ	—	അല്പാത്ത ദിവസങ്ങൾ
54-ാം പേജിൽ ഒന്നാമത്തെ പാരഗ്രാഫിൽ 4-ാമത്തെ വരി നടത്തുന്ന	—	നടത്തേണ്ട
55-ാം പേജിൽ ഒന്നാമത്തെ പാരഗ്രാഫിൽ രണ്ടാമത്തെ വരിയിൽ വൈദ്യുതിയുമായി താഴെ പറയുന്ന	—	വൈദ്യുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന
56-ാം പേജിൽ രണ്ടാമത്തെ പാരഗ്രാഫിൽ 3-ാമത്തെ വരിയിൽ ഇല്ലന്ന ധ്വനി	—	ഇല്ലന്നല്ല ധ്വനി
56-ാം പേജിൽ 3-ാമത്തെ പാരഗ്രാഫിൽ ആദ്യത്തെ വരി സാമൂഹചര്യം	—	സാഹചര്യം
59-ാം പേജിൽ ഒന്നാമത്തെ പാരഗ്രാഫിൽ മൂന്നാമത്തെ വരി പദ്ധതികൾക്കു് ഒന്നുംതന്നെ	—	പദ്ധതികൾക്കു് എല്ലാംകൂടി
61-ാം പേജിൽ 3-ാം ഇനത്തിൽ ലാഭേച്ഛരകളായ	—	ലാഭേച്ഛുക്കളായ
61-ാം പേജ് 6-ാം ഇനത്തിൽ പ്രദേശമായി	—	പ്രാദേശികമായി
72-ാം പേജ് 6-ാമത്തെ വരിയിൽ അഴിക്കോട്	—	അരിക്കോട്
77-ാം പേജ് 1-ാം പാരഗ്രാഫിൽ അവസാനത്തെ വരി കേരള കലോൽസവം	—	കേരളോത്സവം

35-ാം പേജ് 2-ാം പാരഗ്രാഫ് 2-ാം വരി
നിലവിലുള്ള 3766 — നിലവിലുള്ള ടാക്സ്

84-ാം പേജ് ഒന്നാമത്തെ പാരഗ്രാഫിൽ
3-ാമത്തെ വരി
രോഗം ഇതര — രോഗാ തുരതാ

85-ാം പേജിൽ 7-ാം പാരഗ്രാഫിൽ
സാമൂഹ്യാവബോധമുള്ള ഒരു സ്ത്രീ — സാമൂഹ്യാവബോധമുള്ള ഒരു സ്ത്രീ
സമൂഹ സൃഷ്ടിതന്നെയാണ് സമൂഹസൃഷ്ടി സാമൂഹ്യാവബോധമുള്ള
ഒരു സമൂഹ സൃഷ്ടിതന്നെയാണ്

104-ാം പേജിൽ ഹെഡിങ്ങിൽ
പ്രതിശീർഷ — പ്രതിവർഷ

107-ാം പേജിൽ മൂന്നാമത്തെ പാരഗ്രാഫിൽ
പത്താമത്തെ വരിയിൽ
കഴിഞ്ഞ വർഷം — കഴിഞ്ഞ കുറെ വർഷം

109-ാം പേജിൽ 5-ാം പാരഗ്രാഫിൽ
മൂന്നാം വരിയിൽ
ലാഭമാക്കി — ലഭ്യമാക്കി

111-ാം പേജിൽ മൂന്നാമത്ത പാരഗ്രാഫിൽ
മൂന്നാമത്തെ വരിയിൽ
പൂർത്തിയായി — പൂർണ്ണമായി

114-ാം പേജിൽ വായ്പേതര മേഖല
2-ാം ഇനത്തിൽ
കൈതറി — കൈത്തറി

9-ാം ഇനത്തിൽ
തരൂർ UP സ്റ്റേം കോ-ഓപ്പറേറീവ് — സ്റ്റേം കോപ്പക്കു കോ-ഓപ്പറേറീവ്
സൈസൈറി സൊസൈറി തരൂർ.